LOKA MAHAYUDHAM. PT. I

JANARDHANA MENON

32E7.1

V1:1:N1
32E7.1

MURUGAN BINDING WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE. MADRAS-1.

...1 32E7.1
...NA MENON.
...dham.

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number V1:1:N1. 32E7.1.

Accession Number 61906

Available for loan from ______

This book should be returned on or before the date last marked below.

O. 61

# ലോകമഹായുദ്ധം.

ഒന്നാം ഭാഗം.

കുന്നത്ത് ജനാർദ്ദനമേനോൻ അവർകൾ

"ചക്രവർത്തി" പത്രാധിപർ

1000—പ്രതികൾ) (വില—ഉറുപ്പിക. 1

1092

ഭാരതമിത്രം അച്ചുകൂടംവക ചിലവിന്മേൽ

അച്ചടിക്കപ്പെട്ടത്.

കൊച്ചി.

MADRAS UNIVERSITY
24 MAR 1931
RESEARCH INSTITUTE

90619
NV: 1 ÷ NL
32 E7·1

UNIVERSITY LIBRARY FEB 1931 MADRAS

# മുഖവുര.

യുദ്ധംതുടങ്ങി, രണ്ടുനാലു മാസം കഴിഞ്ഞപ്പോൾ മുതൽ ഇങ്ങിനെയൊരു പുസ്തകം പ്രസിദ്ധീകരിക്കേണ്ടതിനായി ഞാൻ ശ്രമിച്ചുതുടങ്ങീട്ടുണ്ടു. അക്കാലത്തു യുദ്ധസംബന്ധമായി അന്യ ഭാഷകളിൽ തുടരെത്തുടരെ പുറപ്പെട്ടുകൊണ്ടിരുന്ന പല പുസ്തകങ്ങളും ഞാൻ നോക്കിയതിൽ, മലയാളഭാഷയിൽ അത്തരത്തിൽ ഒരു പുസ്തകം നിൎമ്മിക്കുകയെന്നതു ഏററ ക്ലേശകരമായിട്ടാണു തോന്നിയതു. വിസ്തരിച്ചെഴുതുകയെന്നതു ഒന്നുകൊണ്ടും വയ്യ. പരപ്പിൽകിടക്കുന്ന വിഷയങ്ങളെ ചുരുക്കിയെടുക്കുകയെന്നതോ, അത്യധികം കുഴപ്പമായുമിരിക്കുന്നു. നാമാരും പോൎക്കളത്തിൽ ചെന്നിട്ടുള്ളവരോ, യുദ്ധക്രമത്തെയും യുദ്ധസാമഗ്രികളെയും കണ്ടിട്ടുള്ളവരോ അല്ലല്ലൊ. മററുള്ളവർ പറയുന്നതു കേട്ടിട്ടാണു ഏതാണ്ടൊരുജ്ഞാനം അവയെപ്പററി ഈയുള്ളവൎക്കുണ്ടാകുന്നതു. ആ ജ്ഞാനഛായയിൽനിന്നുകൊണ്ടു ദുൎഗ്രഹവും വിദൂരവുമായ ഈവക വിഷയങ്ങളെ ഗ്രഹിക്കയെന്നതു പ്രയാസംതന്നെ. ഇങ്ങിനെ ആലോചിച്ചുകൊണ്ടാണു ഇക്കഴിഞ്ഞ രണ്ടുകൊല്ലവും ഞാൻ അടങ്ങിയിരുന്നതു. ഈ ഉദ്യമത്തിൽ കാലെടുത്തു വെച്ചിട്ടും, പിന്നെ കാൽ പിൻവലിക്കുവാൻ തുടങ്ങിയപ്പോൾ എന്റെ സ്നേഹിതന്മാർ അതിനു സമ്മതിച്ചില്ല. യുദ്ധസംബന്ധമായി ഈ നാട്ടുകാൎക്കു ചുരുങ്ങിയൊരു ബോധമുണ്ടാവാൻ തക്കവണ്ണമെങ്കിലും ഒരു പുസ്തകം എഴുതിയേ കഴിയൂ എന്നു അവർ ചുററം വന്നു ബുദ്ധിമുട്ടിച്ചുതുടങ്ങി. എന്തോ ആവട്ടേ എന്നുവെച്ചുകൊണ്ടു ഞാൻ ഇങ്ങിനെയൊന്നു എഴുതുവാനുംതുടങ്ങി. ഇതിൽ ഒന്നാംഭാഗം ഇതാ ബഹുജനസമക്ഷം വെച്ചുകൊള്ളുന്നു.

യുദ്ധസംബന്ധമായ പുസ്തകം ചമയ്ക്കുന്നതിനു മലയാളത്തിൽ അങ്ങുമിങ്ങുമായി ചില ഒരുങ്ങൾക്കെ കണ്ടപ്പോൾ, എന്റെ ഭാരം

അങ്ങിനെ ഒഴിഞ്ഞുപോകുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു. എന്നാൽ, ഇന്നും, ആവക ആലോചനങ്ങളും ശ്രമങ്ങളും ഗർഭത്തിൽതന്നെ കിടക്കുന്നതെയുള്ളുവെന്നാണു കാണുന്നതു. യുദ്ധത്തെപ്പററിയുള്ള ശരിയായ വിവരങ്ങൾ അറിവാൻ ഉൽകണ്ഠയില്ലാത്തവർ ആരുമില്ല. അവരുടെ ആ ദാഹം വർത്തമാനപത്രങ്ങൾവഴിക്കു ശമിക്കുന്നതുമില്ല. അവരുടെ സമാധാനത്തിനും സന്തോഷത്തിനുംവേണ്ടി "അണ്ണാരക്കൊററൻ തന്നാലായതു" ചെയ്കതന്നെയെന്നാണു ഞാൻ ഒടുക്കം തീർച്ചപ്പെടുത്തിയതു.

ഇതു എന്റെ സ്വന്തം സമ്പാദ്യമല്ല. മററുള്ളവർ കഷ്ടപ്പെട്ടു സമ്പാദിച്ചിട്ടുള്ളതിനെ, വാസ്തവത്തിൽ അപഹരിക്കയാണു ഞാൻ ചെയ്തിട്ടുള്ളതു, എന്റെ നാട്ടുകാരുടെ രസത്തിനുവേണ്ടിയാണു ഞാൻ ഈ അപരാധം ചെയ്തിട്ടുള്ളതു എന്നതുകൊണ്ടു എന്റെ മനസ്സു ശുദ്ധമായിത്തന്നെയാണിരിക്കുന്നതു.

ഇതിൽ ചിത്രങ്ങൾ ചേർക്കുന്നതിനു ആദ്യം ശ്രമിച്ചുനോക്കി. കടലാസ്സിന്റെ വിലയോ, ഏററവും വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തു ചിത്രങ്ങൾകൂടി ചേർക്കുന്നതായാൽ പുസ്തകത്തിനു വലിയ വില വെക്കേണ്ടിവരും. ഈ ക്ഷാമകാലത്തു അതു വയ്യ. ഈ പുസ്തകത്തിനു എത്രത്തോളം പ്രചാരമുണ്ടെന്നറിയുംമുമ്പേ വിലചുരുക്കുവാൻ ധൈര്യവുമില്ല. ഈ ഒന്നാംഭാഗത്തിന്റെ ഗതി നോക്കട്ടെ. സന്തോഷകരമാണെങ്കിൽ, രണ്ടാംഭാഗത്തിൽ ധാരാളം ചിത്രങ്ങൾ ചേർത്തു ഒന്നാംഭാഗത്തിന്റെ കുറവും അതിൽ തീർത്തുകൊള്ളാം.

ഈ പുസ്തകം ഈ രീതിയിൽ കഴിയുന്നതും മനസ്സിരുത്തി നന്നാക്കി അച്ചടിച്ചതിൽ ഭാരതമിത്രം പ്രസ്സ് മാനേജർ മിസ്റ്റർ ഷി. സുന്ദരയ്യരുടെ പേരിൽ എനിക്കുള്ള കൃതജ്ഞതയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

നല്ലേപ്പിള്ളി<br>
1092-തുലാം 14-ാംനു } കന്നത്ത് ജനാർദ്ദനമേനോൻ.

MADRAS

# വിഷയാനുക്രമണിക.

## ഒന്നാംഖണ്ഡം

### ആഗമം.


| | |
|---|---|
| ഫ്രാൻസിലെ മഹാവിപ്ലവം | 1 |
| നെപ്പോളിയൻ | 2 |
| ജർമ്മനിയുടെ പുറപ്പാട് | 3 |
| ഫ്രാൻസ് യുദ്ധം | 7 |
| ഇററലി | 11 |
| ഇററലിയിലെ ത്രിമൂർത്തികൾ | 13 |
| ആസ്ത്രിയാ | 17 |
| യൂറോപ്പിലെ ചാണക്യൻ | 20 |
| വില്യം ചക്രവർത്തി | 28 |
| ഗ്രേററുബ്രിട്ടൻ | 32 |
| തുർക്കിയും ബാൾക്കൻ ദേശങ്ങളും | 36 |
| യുദ്ധചിന്ത | 41 |
| അരുണോദയം | 44 |
| അന്ത്യലേഖനം | 45 |
| സർവ്വിയയുടെ മറുപടി | 50 |
| യുദ്ധഗർജ്ജനം | 54 |
| യുദ്ധാരംഭം | 59 |

## രണ്ടാംഖണ്ഡം

### യുദ്ധഗതി


| | |
|---|---|
| ബൽജിയം യുദ്ധം | 65 |
| ഫ്രഞ്ച് യുദ്ധാരംഭം | 87 |
| ബ്രിട്ടീഷാക്രമണം | 91 |
| മാർണിനദീയുദ്ധം | 101 |
| എയിനിനദീയുദ്ധം | 109 |
| ആന്റ്വെർപ്പധഃപതനം | 120 |
| ആസ്ത്രിയാ രഷ്യാ യുദ്ധസന്നാഹം | 128 |
| പ്രഷ്യായുദ്ധം | 132 |
| ഗലീഷ്യായുദ്ധം | 138 |


## മൂന്നാംഖണ്ഡം


| | |
|---|---|
| ചാരവൃത്തി | 145 |
| വിമാനം | 161 |
| കമ്പിയില്ലാകമ്പി | 178 |

# ലോക മഹായുദ്ധം.

## ഒന്നാം ഖണ്ഡം: ആഗമം.

### ഫ്രാൻസിലെ മഹാ വിപ്ലവം.

ഇന്ന് സർവ്വോത്തമ പദത്തിൽ സ്ഥിതിചെയ്യുന്നുവെന്നു ഗണിച്ചുവരുന്ന യൂറോപ്പിന്റെ ഒരുനൂറു കൊല്ലങ്ങൾക്കുമുമ്പുള്ള നില ഒട്ടും ശ്രേഷ്ഠമായിരുന്നില്ല. ഇന്നുള്ള രാജ്യങ്ങളെല്ലാം അന്നുമുണ്ടായിരുന്നുവെന്നിരിക്കിലും, ഓരോ രാജ്യവും കലങ്ങി മറിഞ്ഞുകൊണ്ടാണിരുന്നതു. 'മഹാശക്തി' എന്ന പേരെടുക്കുവാൻ തക്ക ഐക്യഭാവം അന്ന് ഒരു രാജ്യത്തിനുമുണ്ടായിരുന്നില്ല. രാജാക്കന്മാരിൽ പലരും പ്രജാഹിതത്തെ ലക്ഷ്യമാക്കാത്ത താന്തോന്നികളായിരുന്നു. രാജ്യങ്ങളിൽ ചിലതു പല ഖണ്ഡങ്ങളായി പിരിഞ്ഞു കിടന്നിരുന്നു. ഈ ഓരോ ഖണ്ഡദേശവും സ്വാതന്ത്ര്യാധിപത്യത്തോടും പരസ്പരം മത്സരിച്ചുകൊണ്ടുമാണിരുന്നിരുന്നതു. പരസ്പരദ്വേഷവും യുദ്ധവും അല്ലാതെ, ഐക്യം, സമാധാനം എന്നിവ രണ്ടും പേർ പറവാൻപോലും അന്നുണ്ടായിരുന്നില്ല. പ്രജകൾ അജ്ഞന്മാരും അസ്വതന്ത്രന്മാരുമായിരിക്കയും, എന്നാൽ, രാജാവു സർവ്വതന്ത്രസ്വതന്ത്രനും, സ്വേച്ഛാനുവർത്തിയുമായിരിക്കയും ചെയ്യുതാണു ഈ നിലക്കെല്ലാം കാരണം. ക്രമേണ ജനങ്ങളുടെ നില മാറിത്തുടങ്ങി. സ്വന്തം രാജ്യത്തിൽ തങ്ങൾക്കും അവകാശമുണ്ടെന്നും, തങ്ങൾ ഒട്ടും അസ്വതന്ത്രന്മാരല്ലെന്നും ജനങ്ങൾ അറിഞ്ഞുതുടങ്ങി. ഇതിന്റെ ഫലമായി ഫ്രാൻസ്‌രാജ്യത്തു 1786-ൽ ഒരു മഹാ വിപ്ലവം നേരിട്ടു. പ്രജകൾ യോജിച്ചുനിന്നുകൊണ്ടുണ്ടായ ഈ വൻകലക്കം ലോക ചരിത്രത്തിലെ ഒരു മുഖ്യ അദ്ധ്യായമാണു. ഈ കലക്കത്തിന്റെ ഫലമായി സ്വാതന്ത്ര്യം, സമത്വം, സഹോദരത്വം എന്നീമൂന്നു വിജയദ്ധ്വജങ്ങൾ ആ രാജ്യത്തു ഉയർന്നു കാണുമാറായി. ഈ സംഭവം മറ്റെല്ലാരാജ്യങ്ങളെയും ഒട്ടൊന്നു ഇളക്കിവിടുകയും ചെയ്തു.

## നെപ്പോളിയൻ.

ഇങ്ങിനെയുള്ള കാലഘട്ടത്തിലാണ നെപ്പോളിയൻെറ പുറപ്പാട്. ആ യുദ്ധവീരൻ യൂറോപ്പിലെ സൎവ്വരാജ്യങ്ങളേയും കലക്കിമറിച്ചു കളഞ്ഞു. 1795 മുതൽ 20 കൊല്ലംവരെ തുടരെത്തുടരെ യുദ്ധംചെയ്തു യൂറോപ്പിലെ മുക്കാലുംഭാഗം ഫ്രാൻസിനോടു കൂട്ടിച്ചേൎത്തു. ഇപ്പോഴാണ യൂറോപ്പു നല്ലവണ്ണം ഉണൎന്നതു. നെപ്പോളിയൻെറ വിജയത്തിനെല്ലാം കാരണം സൈന്യബലമാണെന്നു മററു രാജ്യങ്ങൾ കണ്ടറിഞ്ഞു. നെപ്പോളിയൻ ജാതിമതഭേദം കൂടാതെ തൻെറ രാജ്യത്തിലെ എല്ലാ പ്രജകളിൽനിന്നും ഭടന്മാരെ ശേഖരിച്ചു സൈന്യത്തെ പുഷ്ടിപ്പെടുത്തിയിരുന്നു. ക്രമവും നിലയുമില്ലാതെ കിടന്നിരുന്ന രാജ്യങ്ങളെ അതിൎത്തി തിരിച്ചു അതാതിൻെറ അവകാശത്തെ സ്ഥിരപ്പെടുത്തിവെച്ചു. അന്യരാജ്യത്തെ ആക്രമിക്കാൻ ആഗ്രഹിച്ചുകൊണ്ടു സ്വന്തം പ്രജകളിൽ വിദ്വേഷത്തെ വളൎത്തുന്ന രാജാക്കന്മാരെ സ്ഥാനഭ്രഷ്ടരാക്കിവിട്ടു. പഴയ വിശ്വാസങ്ങളേയും പഴയ രാജ്യതന്ത്രനയത്തേയും മാററിക്കളഞ്ഞു പുതിയ നിയമങ്ങളും പുതിയ വ്യവസ്ഥകളും ഏൎപ്പെടുത്തി. ഇങ്ങിനെ നെപ്പോളിയൻ നിമിത്തം യൂറോപ്പിലെ രാജ്യങ്ങളും ജനങ്ങളുമെല്ലാം മുൻനിലയിൽനിന്നു തീരെ വേൎപെട്ടു മറെറാരു പുതിയഭാവത്തിൽ ഉണൎന്നുതുടങ്ങി. നെപ്പോളിയൻെറ പേരിൽ എല്ലാവൎക്കും ഒരുപോലെ ദ്വേഷം വൎദ്ധിക്കയാൽ ജനങ്ങളുടെ മനോഭാവം ഒരേനിലയിലായിവന്നു അവൎക്കു തമ്മിൽ അധികമധികം ഐക്യതയുണ്ടായിവന്നു. നെപ്പോളിയനോടെതിൎക്കുവാൻ ജനങ്ങളെപ്പോലെതന്നെ രാജ്യങ്ങളും യോജിച്ചുതുടങ്ങി. നെപ്പോളിയൻ യൂറോപ്പിനെ മുഴുവൻ ആക്രമിച്ചു കീഴടക്കുവാനാണ ശ്രമിച്ചതെങ്കിലും, അതിൽനിന്നു മറെറാരുവഴിക്കു എത്രയും വലിയ ഗുണമാണ യൂറോപ്പിനുണ്ടായതു. സ്വന്തം ദേഹത്തിനും സ്വത്തിനും രക്ഷവേണമെന്ന ആഗ്രഹത്താൽ യൂറോപ്പിലെ ഏതൊരു മനുഷ്യനും നെപ്പോളിയനെ ശത്രുവായികരുതി. ആ ശത്രുത്വത്തിൽനിന്നു യോജിപ്പുണ്ടായി. അപ്പോൾ

ദേശാഭിമാനം വളൎന്നു. ഓരോരാജ്യവും, ഇങ്ങിനെ, കൂടിയിണങ്ങിയ ഒരേശക്തിയായിതീൎന്നു. അതു മററുരാജ്യങ്ങളുമായി യോജിക്കുന്നതിന്നു വഴിയായി. ഈ ക്രമത്തിൽ യൂറോപ്പിലെ മറെറല്ലാരാജ്യവും ഒന്നിച്ചുചേൎന്നു നെപ്പോളിയനോടെതിൎത്തു. ആ യുദ്ധത്തിൽ ഇംഗ്ലീഷുകാർ മുൻനിന്നു പ്രവൎത്തിച്ചു. ബെൽജിയത്തിലെ വാട്ടർലൂ എന്ന സ്ഥലത്തുവെച്ചു 1815-ൽ അതി ഘോരമായി യുദ്ധം നടക്കയും നെപ്പോളിയൻ തോററു കീഴടങ്ങുകയും ചെയ്തു. ഇതിന്റെ ഫലമായി എല്ലാരാജ്യവും ഐകമത്യത്തിന്റെയും ദേശാഭിമാനത്തിന്റെയും ശക്തിയും ഗുണവുമെന്തെന്നു നന്നായി ഗ്രഹിച്ചു. നെപ്പോളിയൻ മറഞ്ഞുപോയതോടുകൂടി വേറെ പല രാജ്യങ്ങളും ഒന്നൊന്നായി മുന്നോട്ടു വരുവാൻ തുടങ്ങി.

## ജൎമ്മനിയുടെ പുറപ്പാടു.

അക്കാലത്ത് ജൎമ്മനി 39 ഖണ്ഡദേശങ്ങളുടങ്ങിയ ഒരു രാജ്യമായിരുന്നു. ഈ ദേശങ്ങളോരോന്നും സ്വാതന്ത്ര്യാധിപത്യത്തോടുകൂടിയാണു നടന്നിരുന്നതു. ഇന്നത്തെ ആസ്ത്രിയയും ഇതിൽപെട്ട ഒരു ദേശമായിരുന്നു. ആസ്ത്രിയാരാജാവിന്റെ ആദ്ധ്യക്ഷതയിൽ രാജ്യത്തെ ആകെ സംബന്ധിക്കുന്ന ഒരു മഹാ സഭ സ്ഥാപിച്ചു നടത്തിവന്നിരുന്നു. എല്ലാ ദേശങ്ങളേയും പൊതുവേ സംബന്ധിക്കുന്ന കാൎയ്യങ്ങൾ നടത്തുന്നതിനും ദേശങ്ങൾ തമ്മിൽതമ്മിൽ ഉണ്ടാകുന്ന കലഹങ്ങൾ അടക്കുന്നതിനുമല്ലാതെ മററു യാതൊരധികാരവും ഈ മഹാസഭക്കില്ല. ഫ്രാൻസിൽ നടന്ന ആ മഹാ വിപ്ലവം കണ്ടിട്ടു ജൎമ്മനിയുടെ ഖണ്ഡദേശങ്ങളിലെ ജനങ്ങൾ സ്വാതന്ത്ര്യത്തിനായി ഇളകിത്തുടങ്ങി. എന്നാൽ ദേശരാജാക്കന്മാർ പരസ്പരം മത്സരിച്ചുകൊണ്ടു സ്വന്തം ഗുണത്തെമാത്രം നോക്കിയിരുന്നവരാകയാൽ, ജനങ്ങളുടെ ഉദ്ദേശ്യത്തെ അടക്കിക്കളഞ്ഞു. പ്രഷ്യയും ആസ്ത്രിയയുമാണു ഈ ഖണ്ഡദേശങ്ങളിൽ വെച്ചു വലിയവ. ഇതു രണ്ടും തമ്മിലുള്ള മത്സരം ഏററം കടുപ്പമായിരുന്നു. ജൎമ്മനിയുടെ സ

ർവ്വാധിപത്യം എനിക്കെനിക്കെന്നു ആഗ്രഹിച്ചിട്ടാണു ഇവർ പിണങ്ങിക്കൊണ്ടിരുന്നതു. ജർമ്മനിയിലെ ഓരോ ദേശത്തിലും കച്ചവടനികുതി പലപ്രകാരത്തിലായിരുന്നിരുന്നു. ഇത് രാജ്യക്ഷേമത്തിനു അനുഗുണമല്ലെന്നുകണ്ടു എല്ലാ ദേശത്തിലും കച്ചവടനികുതി ഒരേ തരത്തിലാവണമെന്നു പ്രഷ്യ മററ ദേശങ്ങളുമായി ആലോചിച്ചു വ്യവസ്ഥപ്പെടുത്തുവാൻ ശ്രമിച്ചു. ഇതിൽ ആസ്റ്റ്രിയമാത്രം അനുകൂലിച്ചില്ല. എല്ലാവരും കൂടി ശ്രമിക്കുന്ന ഒരു കാര്യത്തിൽ ആസ്റ്റ്രിയ പ്രതികൂലിച്ചു നിന്നതുകണ്ടു മററു ദേശങ്ങൾക്കെല്ലാം ദേഷ്യംവന്നു. ഇതുനിമിത്തം അവർതമ്മിൽ ഇണക്കമുണ്ടായി വന്നു. ഈ അവസരം വെറുതെ കളയരുതെന്നു കണ്ടു പ്രഷ്യ ആസ്റ്റ്രിയയെപ്പററി ദുഷിച്ചു മററദേശങ്ങൾക്കെല്ലാം അതിന്മേൽ പിണക്കവും ഉണ്ടാക്കിവിട്ടു. എന്നുതന്നെയല്ല, ജനഹിതത്തെ എല്ലാവിധത്തിലും അനുസരിച്ചു ജനങ്ങളെ തൃപ്തിപ്പെടുത്തിവരികയാൽ ജനങ്ങൾക്കും ദേശാധിപതികൾക്കും പ്രഷ്യയിന്മേൽ ബഹുമാനം വർദ്ധിച്ചു. കച്ചവടനികുതികാര്യത്തിൽ ആലോചന നടന്ന 1835-ാമതു കൊല്ലംമുതൽ ഒരിരുപത്തഞ്ചുകൊല്ലത്തെ ശ്രമംകൊണ്ടു പ്രഷ്യ ജർമ്മനിയിൽ പ്രഥമസ്ഥാനത്തേക്കു ഉയൎന്നുവന്നു. 1862-ൽ ബിസ്മാർക്ക എന്ന രാജ്യതന്ത്രനിപുണൻ പ്രഷ്യയിലെ മന്ത്രിപദത്തെ അലങ്കരിച്ചു. അന്നു രാജാവായിരുന്നതു വില്യം (ഒന്നാമൻ) ആണു. ജർമ്മൻ ദേശങ്ങളെ യോജിപ്പിച്ചു ഒരു സാമ്രാജ്യമാക്കിത്തീർക്കയും, അതിൽ പ്രഷ്യയെ ഉയൎത്തിവെക്കയും ചെയ്യേണമെന്ന ഉദ്ദേശ്യത്തോടുകൂടി ബിസ്മാർക്ക ശ്രമംതുടങ്ങി. ജനങ്ങളിൽ ദേശാഭിമാനവും ഐകമത്യവും വളൎന്നുവരേണമെങ്കിൽ യുദ്ധംതന്നെ വേണമെന്നു അദ്ദേഹം അറിഞ്ഞു. അതിനു നല്ലൊരു തരംകിട്ടി. പ്രഷ്യയുടെ വടക്കെ അതിരിനോടു തൊട്ടുകൊണ്ടു ഡെൻമാർക്ക രാജ്യത്തിൽപെട്ടതായി ഷ്ലസ്വിക്ക, ഹാൾസ്റ്റീൻ എന്നീ രണ്ടുദേശങ്ങൾ കിടക്കുന്നുണ്ടു. ഇവിടെ പാൎത്തുവരുന്ന ജർമ്മൻകാരും ഡെൻമാർക്കുകാരും തമ്മിൽ പലപ്പോഴും ലഹള നടന്നുകൊണ്ടിരുന്നു. 1863-ൽ ഡെന്മാർക്ക്‌രാജാവു മരിച്ചപ്പോൾ, അദ്ദേഹത്തിനു സന്തതിയില്ലാതിരുന്നതുകൊണ്ടു രാജവംശത്തിൽപ്പെട്ട ഒരാളെ രാജാവാക്കാൻ ആ നാട്ടു

കാർ ശ്രമിച്ചു. ഇതിന്നു പ്രഷ്യ അനുകൂലിച്ചില്ല. ആയാളെ രാജാവാക്കുന്നതായാൽ, വേറൊരാളെ ഷ്ലസ്വിക്, ഹാൾസ്റ്റിൻ എന്നീ ദേശങ്ങളുടെ അധിപതിയായി നിയമിക്കുന്നതാണെന്നു പ്രഷ്യ വാദിച്ചു. അന്യദേശത്തിലിരിക്കുന്ന തങ്ങളുടെ സഹോദരന്മാർക്കുവേണ്ടിയാണു പ്രഷ്യാരാജാവിന്റെ ഈ ശ്രമമെന്നു കണ്ടപ്പോൾ ജർമ്മൻ പ്രജകൾക്കെല്ലാം ദേശാഭിമാനവും ജർമ്മനി രാജ്യം ഒരേ രാജ്യഭരണത്തിൻകീഴിലായിരിക്കണമെന്ന ആഗ്രഹവും ഒന്നുകൂടി വർദ്ധിച്ചു. 1864-ൽ പ്രഷ്യയും ഡെന്മാർക്കും തമ്മിൽ യുദ്ധം നടന്നു. ബിസ്മാർക്കിന്റെ കൌശലത്താൽ ആസ്ത്രിയായേയും പ്രഷ്യയുടെ ഭാഗത്തു ചേർത്തു. ഈ രണ്ടു ദേശങ്ങളോടും എതിർക്കുന്നതിന്നു ഡെന്മാർക്കിന്നു കഴിഞ്ഞില്ല. ഒടുക്കം ഷ്ലസ്വിക്, ഹാൾസ്റ്റിൻ എന്ന രണ്ടു ദേശങ്ങളെയും ജർമ്മനിക്കു വിട്ടുകൊടുക്കേണ്ടിവന്നു. ജർമ്മനിയിൽ 39 ഖണ്ഡദേശങ്ങളുണ്ടല്ലോ. ഇതിൽ ഏതു ദേശമാണു പുതുതായി കിട്ടിയ ദേശങ്ങളുടെ ആധിപത്യം വഹിക്കേണ്ടതു എന്നു വാദമായി. ആസ്ത്രിയ അന്നു കുറെ ക്ഷീണിച്ചിരിക്കയായിരുന്നു. ഇററലിക്കാരും ഹംഗറിക്കാരും സ്ലാവ് ജാതിക്കാരും കൂടി ആ ദേശത്തെ കലക്കിക്കൊണ്ടിരുന്നു. 1848-ൽ ഫ്രാൻസിസ് ജോസഫ് ആസ്ത്രിയയിലെ രാജാവായി. അന്നു അദ്ദേഹത്തിന്നു 18-വയസ്സു പ്രായമേ ഉണ്ടായിരുന്നുള്ളൂ. ഇന്നും അദ്ദേഹം തന്നെയാണു ആസ്ത്രിയയും ഹംഗറിയുംകൂടിയ രാജ്യത്തിലെ ചക്രവർത്തിയായിരിക്കുന്നതു. അന്തഃഛിദ്രംകൊണ്ടു ആസ്ത്രിയ ക്ഷീണിച്ചുവന്നപ്പോൾ പ്രഷ്യ ശക്തിയോടുകൂടി ഉയരുവാൻതുടങ്ങി. മററു ദേശങ്ങളെയെല്ലാം യോജിപ്പിച്ചു അന്യരാജ്യങ്ങളുമായി കച്ചവടകാൎയ്യത്തിൽ ഉടമ്പടിചെയ്യിപ്പിച്ചതുകൊണ്ടും, ഡെന്മാർക്കു യുദ്ധത്തിൽ നേടിയ വിജയംകൊണ്ടും ജർമ്മനിയിൽ പ്രഷ്യക്കു ഒട്ടല്ലാത്ത ബഹുമതി കിട്ടിക്കഴിഞ്ഞിരിക്കുന്നു. പുതുതായി കിട്ടിയ ദേശങ്ങൾ ആർക്കാണു അടങ്ങുക എന്നു തീർച്ചപ്പെടേണമെങ്കിൽ പ്രഥമസ്ഥാനം പ്രഷ്യക്കോ ആസ്ത്രിയക്കോ എന്നതു മുമ്പിൽ തീർച്ചപ്പെടേണമെന്നു കണ്ടു, ആ രണ്ടു ദേശങ്ങളും തമ്മിൽ യുദ്ധത്തിന്നു കോപ്പുകൂട്ടി. ഇററലിയിലെ വടക്കെയുള്ള ചില ദേശങ്ങളും ആസ്ത്രിയ വശപ്പെടുത്തി വെച്ചിരിക്കയാ

ൽ ഇററലി ക്ഷോഭിച്ചിരിക്കയാണു. ആദേശങ്ങളെ വീണ്ടെടുത്തു തരാമെന്നു വാഗ്ദത്തം ചെയ്തിട്ടു ഇററലിയെ പ്രഷ്യ സഹായത്തിൻ ചേൎത്തു 1866-ൽ യുദ്ധം തുടങ്ങി. വേറേ ജ.- ദേശങ്ങളുള്ളതിൽ അധികവും ആസ്ത്രിയയുടെ ഭാഗത്താണു ചേൎന്നതു. സാദോവാ എന്ന സ്ഥലത്തു ഇരുഭാഗക്കാരും തമ്മിൽ കൂട്ടിമുട്ടി. ആസ്ത്രിയൎക്കു രണ്ടുലക്ഷത്തി ഇരുപതിനായിരവും പ്രഷ്യൎക്കു രണ്ടുലക്ഷത്തി നാല്പതിനായിരവും ഭടന്മാരുണ്ടായിരുന്നു. യുദ്ധം ഘോരമായി നടന്നു. ഒടുവിൽ ആസ്ത്രിയാ സൈന്യവ്യൂഹം തകൎന്നു പിന്മാറിപ്പോയി. ആ യുദ്ധത്തിൽ 44,200- ആസ്ത്രിയാഭടന്മാർ നഷ്ടപ്പെട്ടു. 19,800 പേരെ തടവുകാരായി പിടിക്കയും ചെയ്തു. പ്രഷ്യൎക്കു ആകെ നഷ്ടം 9153- പേർ മാത്രമാണു. യുദ്ധത്തിൽ എല്ലാസ്ഥലത്തും ആസ്ത്രിയൎക്കുതന്നെയാണു അപജയമുണ്ടായതു. ഇററലിമാത്രം ആദ്യംതന്നെ, ആസ്ത്രിയയോടെതിൎത്തു തോററുപോയ്ക്കളഞ്ഞു. ഏഴ് ആഴ്ചവട്ടങ്ങൾകൊണ്ടു ആ യുദ്ധം അവസാനിക്കയും ആസ്ത്രിയാ സൈന്യം നിശ്ശേഷം കീഴടങ്ങുകയും ചെയ്തു. അന്നുണ്ടായിരുന്ന ഉടമ്പടികൾ പ്രകാരം ആസ്ത്രിയയെ ജൎമ്മനിയോടുള്ള സംബന്ധത്തിൽ നിന്നു പിരിച്ചുവിട്ടു. പ്രഷ്യ ജൎമ്മൻരാജ്യത്തിൽ പ്രാഥമ്യത്തെ വഹിച്ചു. ആസ്ത്രിയയോടു നാലരക്കോടി ഉറുപ്പിക നഷ്ടം വെച്ചുവാങ്ങി. ആസ്ത്രിയയോടു ചേൎന്നു യുദ്ധംചെയ്ത ജൎമ്മൻ ദേശങ്ങളിൽ ചിലതിനെ പ്രഷ്യയോടു കൂട്ടിച്ചേൎക്കയും ചെയ്തു. ഇററലിക്കു കരാറു പ്രകാരമുള്ള ദേശങ്ങൾ വീണ്ടെടുത്തുകൊടുത്തു. ഇങ്ങിനെയെല്ലാം കൊണ്ടും പ്രഷ്യയുടെ രാജ്യവലിപ്പവും സമ്പൽ പ്രഭാവവും വൎദ്ധിച്ചപ്പോൾ ജൎമ്മൻദേശങ്ങളെസംബന്ധിച്ച ചില പുതിയ വ്യവസ്ഥകൾ ചെയ്തുവെച്ചു. ആ ദേശങ്ങളെയെല്ലാം വടക്കും തെക്കും രണ്ടുകൂട്ടുകെട്ടുകളായി പിരിച്ചു. വടക്കേ കൂട്ടുകെട്ടിലെ ദേശങ്ങൾക്കെല്ലാം നാഥൻ പ്രഷ്യാരാജാവായി. തെക്കേ കൂട്ടുകെട്ടിനെ സ്വതന്ത്രമായി വിടുകയും, എന്നാൽ യുദ്ധകാലത്തു സൈന്യംകൊണ്ടും പണംകൊണ്ടും പ്രഷ്യയെ സഹായിച്ചുകൊള്ളാമെന്നു രഹസ്യമായി ഉടമ്പടിചെയ്യിപ്പിക്കയും ചെയ്തു. ഈ ക്രമത്തിൽ ജൎമ്മനിരാജ്യം വടക്കേക്കൂട്ടുകെട്ടു, തെക്കേക്കൂട്ടുകെട്ടു, ആസ്ത്രിയാ എന്നിങ്ങിനെ മൂന്നായി പിരിഞ്ഞു. ഏ

ന്നാൽ ആസ്ത്രിയയൊഴികെ, മററ രണ്ടു കൂട്ടുകെട്ടിൽപ്പെട്ട എല്ലാ ദേശങ്ങളും കച്ചവടനിബന്ധനകളിൽ പരസ്പര സംബന്ധത്തോടുകൂടിയാണിരുന്നിരുന്നതു.

## ഫ്രാൻസ് യുദ്ധം.

ഫ്രാൻസിലുണ്ടായ മഹാ വിപ്ലവത്തിന്നുശേഷം രാജ്യാവകാശം ജനങ്ങൾക്കായിതീൎന്നു. അന്നു അവൎക്കു ആ അവകാശം പൂൎണ്ണമായി അനുഭവിക്കുന്നതിന്നു തരപ്പെട്ടില്ല. നെപ്പോളിയന്റെ കാലത്തിനു ശേഷം 1830-ൽ അന്നത്തെ രാജാവിന്റെ അനീതികൾ സഹിക്കവെയ്യാതാകയാൽ ജനങ്ങൾ ഒന്നിച്ചുചേൎന്നു ആ രാജാവിനെ സ്ഥാനഭ്രഷ്ടനാക്കി അയക്കയും വേറൊരാളെ രാജാവാക്കുകയും ചെയ്തു. 1848-ൽ വീണ്ടും വലിയ ക്ഷോഭമുണ്ടായി, അപ്പോഴും രാജാവിനെ ബഹിഷ്കരിച്ചു. രാജാവിന്നു സ്വേച്ഛാധികാരം കൊടുക്കുന്നതു ക്ഷേമകരമല്ലെന്നുകണ്ടു ഫ്രാൻസിൽ ജനാധിപത്യഭരണം സ്ഥാപിച്ചു. ജനങ്ങൾ തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ അടങ്ങിയ ഒരു സഭയും അതിലേക്കു ഒരു പ്രസിഡണ്ടും കൂടി രാജ്യഭരണം നിൎവ്വഹിക്കുവാൻ വ്യവസ്ഥചെയ്തു. പ്രസിഡണ്ടായി അന്നു നിയമിച്ചതു നെപ്പോളിയന്റെ പൌത്രനായ ലൂയി നെപ്പോളിയനേയാണു. അദ്ദേഹം തന്റെ ശക്തിയാലും സാമൎത്ഥ്യത്താലും 1851-ൽ പ്രതിനിധി സഭയെ ഉടച്ചുകളയുകയും താനാണു ഫ്രാൻസുരാജ്യത്തിലെ സ്വതന്ത്രാധിപത്യമുള്ള ചക്രവൎത്തിയെന്നു വിളംബരപ്പെടുത്തുകയും ചെയ്തു. നെപ്പോളിയനെപ്പോലെതന്നെ താനും യുദ്ധംചെയ്തു വിജയം നേടി ലോകപ്രഖ്യാതനാവണമെന്നു ലൂയി ആഗ്രഹിച്ചു. 1870-ൽ സ്പെയിൻരാജാവു മരിച്ചുപോയപ്പോൾ പ്രഷ്യാരാജവംശത്തിലെ ഒരാൾ സ്പെയിനിലെ രാജത്വത്തിന്നു അവകാശപ്പെട്ടു പുറപ്പെട്ടു. ജൎമ്മനിയും സ്പെയിനും തമ്മിൽ ചേരുന്നതു ഫ്രാൻസിന്നു ആപത്തായി വരുമെന്നുകരുതി ലൂയി ആ ശ്രമത്തിന്നു പ്രതികൂലമായി നിന്നു. അപ്പോൾ പ്രഷ്യാരാജവംശജൻ പിന്മാറിയെങ്കിലും അതുകൊണ്ടും

തൃപ്തിപ്പെടാതെ പ്രഷ്യയോടു യുദ്ധത്തിന്നുതന്നെ പുറപ്പെട്ടു. ഈ വർത്തമാനം ജർമ്മൻകാരിൽ ഒട്ടല്ലാത്ത ക്രോധംവളർത്തി. ഇററലിയും ആസ്ത്രിയയുംതന്നെ സഹായിക്കുമെന്നു ലൂയി നെപ്പോളിയൻ കരുതി. ഇതിന്നുമുമ്പു ഇററലിയും ആസ്ത്രിയയും തമ്മിൽ മത്സരം നടന്നിരുന്നപ്പോൾ ഫ്രാൻസ് ഇററലിയെ സഹായിക്കയുണ്ടായിട്ടുണ്ടു. അതിന്നുപകരം ഈ യുദ്ധത്തിൽ ഫ്രാൻസു ഇററലിയുടെ സഹായത്തെ ആവശ്യപ്പെട്ടു. മുമ്പേതന്നെ ആസ്ത്രിയക്കു പ്രഷ്യയോടു വിരോധമാണല്ലോ. അതുകൊണ്ടു ആസ്ത്രിയയേയും ഫ്രാൻസിന്റെഭാഗത്തേക്കു വിളിച്ചു. ജർമ്മനിയിലെ തെക്കേ കൂട്ടുകെട്ടിൽപെട്ട ദേശങ്ങൾ പ്രഷ്യയുടെ അഭിവൃദ്ധിയിൽ അസൂയപ്പെട്ടിരിക്കുന്നുണ്ടാവാം എന്നു വിശ്വസിച്ചു ആ ദേശങ്ങളുടെ ആനുകൂല്യത്തേയും ഫ്രാൻസു പ്രതീക്ഷിച്ചു. യുദ്ധം എന്ന ശബ്ദം കേട്ട ഉടനെ പ്രഷ്യ സൈന്യശേഖരം ചെയ്തു പെട്ടെന്നു ചെന്നു ഫ്രാൻസിനെ ആക്രമിച്ചു. പ്രഷ്യാസൈന്യം ഫ്രാൻസിൽ അതിവേഗത്തിൽ മുന്നോട്ടുകയറുവാനും തുടങ്ങി. ഇതു കണ്ടപ്പോൾ ആസ്ത്രിയയും ഇററലിയും ഭയപ്പെട്ടു അടങ്ങിയിരുന്നുപോയി. ജർമ്മനിയിലെ തെക്കേക്കൂട്ടുകെട്ടിൽ പെട്ടവർ പ്രഷ്യയെ യുദ്ധകാലത്തു സഹായിക്കാമെന്നു മുമ്പു രഹസ്യമായി ചെയ്തിരുന്ന ഉടമ്പടിയെ ശരിയായി നിറവേററുകയുംചെയ്തു. കഴിഞ്ഞുപോയ നെപ്പോളിയൻ ജർമ്മൻ ദേശങ്ങളെ തുടരെത്തുടരെ ആക്രമിക്കയാൽ അന്നുമുതൽ അവക്കെല്ലാം ഫ്രാൻസിനോടുണ്ടായ ദ്വേഷം മാഞ്ഞുപോയിട്ടില്ലെന്നു ഈ നെപ്പോളിയൻ മൂന്നാമന്നു മനസ്സിലാക്കാൻ കഴിഞ്ഞില്ല. ജർമ്മനിയിലെ എല്ലാദേശങ്ങളും യോജിച്ചു ഒന്നായിചെന്നു ഫ്രാൻസിനെ ആക്രമിച്ചു. കടന്നൽക്കൂട്ടിൽ കല്ലിടുകയാണു ഫ്രാൻസു ചക്രവർത്തി ചെയ്തതു. ഫ്രാൻസു യുദ്ധവിളംബരം ചെയ്തതു 1870 - ജൂലായി 19-ാംനു യാണു. എന്നാൽ, അന്നു ഫ്രാൻസിൽ സൈന്യം തെയ്യാറായിരുന്നില്ല. അന്നു ജർമ്മനിയുടെ സർവ്വസൈന്യാധിപതി മോട്കിപ്രഭുവായിരുന്നു. അദ്ദേഹം സൈനികവിദ്യയിൽ അതിസമർത്ഥനെന്നു സുപ്രസിദ്ധനാണു. ഫ്രാൻസു പുറപ്പെടും മുമ്പുതന്നെ അതിവേഗത്തിൽ സൈന്യത്തെ ഒരുക്കി ഫ്രാൻസിനുള്ളിൽകടന്നു. പ്രഷ്യാസൈന്യത്തെ തടുത്തു

നിൎത്തുന്നതിന്നു ഫ്രഞ്ചുസൈന്യത്തിനു കഴിയാതായി. പ്രഷ്യയുടെ ഒരു സൈന്യവിഭാഗം മെററ്സ് എന്ന കോട്ടയെ നിരോധിച്ചു ഒരു വലിയ ഫ്രഞ്ചുസൈന്യത്തെ മുഴുവനും അതിനുള്ളിൽ കുടുക്കിക്കളഞ്ഞു. മറെറാരു ഫ്രഞ്ചുസൈന്യത്തെ പിന്തുടൎന്നു ചെന്ന് സിഡാൻ എന്ന സ്ഥലത്തുവെച്ച് വളഞ്ഞു. പ്രഷ്യാസൈന്യം ൫൦൦- പീരങ്കികളെ ഒന്നായി പ്രയോഗിച്ചുതുടങ്ങി. വേറെവഴിയില്ലെന്നു കണ്ടപ്പോൾ ഫ്രാൻസു ചക്രവൎത്തി കീഴടങ്ങുകതന്നെചെയ്തു. ൨൭൦൦- ഉദ്യോഗസ്ഥന്മാരും, ൮൩൦൦൦- ഭടന്മാരും, ൪൧൯- പീരങ്കികളും, ൬൦൦൦- കുതിരകളും ജൎമ്മനിക്കു അടിമപ്പെട്ടു. യുദ്ധംനിമിത്തം ഫ്രാൻസിന്റെ ൨൧൦൦൦- പേരെ തടവുകാരായി പിടിക്കയും ൧൭൦൦൦ പേരെ കൊന്നു വീഴ്ത്തുകയും, പിന്നെ അസംഖ്യംപേർ ബെൽജിയത്തിലേക്കു ഓടിപ്പോകയാൽ അവിടെ തടവിൽ കുടുങ്ങുകയുംകൂടി ഉണ്ടായിട്ടുണ്ടു. ഈ യുദ്ധത്തിൽ ഫ്രാൻസിന്നു ആകെ ഒരുലക്ഷത്തി ൨൪- ആയിരം ഭടന്മാർ നഷ്ടപ്പെട്ടു. ഫ്രഞ്ചുചക്രവൎത്തി തടവുകാരനുമായി. ഈ വൎത്തമാനം പാരീസ്സ നഗരത്തിൽ എത്തിയപ്പോൾ ജനങ്ങൾ അത്യധികം ക്രോധിച്ചിളകി. ചക്രവൎത്തിക്കു ഫ്രാൻസിൽ യാതൊരധികാരവുമില്ലെന്നു പറഞ്ഞു നാട്ടുകാർ അദ്ദേഹത്തെ തള്ളിക്കളയുകയും, ജനപ്രതിനിധിഭരണത്തെത്തന്നെ ഉദ്ധരിക്കയും, പുതിയസൈന്യം ചേൎത്തു ജൎമ്മനിയോടു, യുദ്ധത്തിനു ആരംഭിക്കയുംചെയ്തു. ഇതിനകം പ്രഷ്യാസൈന്യം പാരീസ്സ് പട്ടണത്തെ വളഞ്ഞുകളഞ്ഞു. ജൂലായി ൧൯-ാംനു-യാണു ഫ്രാൻസു യുദ്ധവിളംബരംചെയ്തതു. ആഗസ്റ്റ് ൨-ാംനു- പ്രഷ്യ ഫ്രാൻസിനെ ആക്രമിച്ചു. ൪-ം, ൬-ം, ൧൪-മുതൽ ൧൮- വരെയും തീയ്യതികളിൽ ഘോരമായി യുദ്ധംചെയ്തു വിജയം നേടി. സെപ്തമ്പർ ൧-ം, ൨-ം നു-കളിൽ സിഡാനിൽ യുദ്ധംനടന്നു. ൧൯-ാംനു- പാരീസ്സിനെ നിരോധിക്കയുംചെയ്തു. ഇത്രവേഗത്തിൽ വിജയംതുടൎന്നു വരുമെന്നു പ്രഷ്യപോലും കരുതിയിരുന്നില്ല. നാലരമാസം മുഴുവൻ പാരീസ്സുകോട്ടയെ വളഞ്ഞുനിന്നു പൊരുതു, കാമ്പറാഎന്ന ഫ്രഞ്ചു ഉദ്യോഗസ്ഥൻ ഒരു ചെറുതരം വിമാനത്തിൽകയറി കോട്ടയ്ക്കുള്ളിൽ നിന്നു പുറമേവന്നു നാട്ടുകാരെ ശത്രുക്കളോടെതിൎക്കുവാൻ ഉത്സാഹിപ്പിച്ചു.

അങ്ങിനെ, പുറമെ പല ചില്ലറ യുദ്ധങ്ങളും നടന്നുവെങ്കിലും അതിലൊന്നിലും ഫ്രാൻസിന്നു ജയംകിട്ടിയില്ല. എന്നുതന്നെയല്ലാ, അസംഖ്യം ജീവനാശം നേരിടുകയുംചെയ്തു. അക്ടോബർ ൨൭-ാംനു- മെററസ്കോട്ട പ്രഷ്യക്കു കീഴടങ്ങി. അതിൽ ൩— സേനാപതികളും ൬൦൦൦- ഉദ്യോഗസ്ഥന്മാരും, ഒരുലക്ഷത്തി ൭൩- ആയിരം ഭടന്മാരും, ൧൫൪൦- പീരങ്കികളും ഉണ്ടായിരുന്നതു മുഴുവനും പ്രഷ്യക്കു കീഴെപ്പെട്ടു. പുതിയസൈന്യം ശേഖരിച്ചു ഫ്രാൻസു വീണ്ടുംവീണ്ടും ജർമ്മൻസൈന്യത്തോടു പൊരുതുനോക്കി. അപ്പോഴൊക്കയും അപജയപ്പെടുകതന്നെ ചെയ്തു. ജനവരി ൨൮-ാംനു· പാരീസ്സുപട്ടണവും പ്രഷ്യക്കു അധീനമായി. അന്നുനടന്ന കരാറപ്രകാരം, ജർമ്മനിയുടെ അതിൎത്തിയിൽ തൊട്ടുകിടക്കുന്ന ആൽസൈസു ലോറൈൻ എന്നീപ്രത്യുദേശങ്ങളേയും, യുദ്ധനഷ്ടത്തിന്നായി ൫൦൦-കോടി ഉറുപ്പികയും ഫ്രാൻസു ജർമ്മനിക്കു കൊടുക്കേണ്ടിവന്നു. ഈ ദുഃഖകരമായ സംഭവം ഫ്രാൻസു ഉള്ളകാലംവരെ മറക്കുന്നതാണൊ! ഈ യുദ്ധം നിമിത്തം ജർമ്മനിയ്ക്കു മറെറാരു ഗുണംകൂടി ഉണ്ടായിട്ടുണ്ടു. അവിടത്തെ ദേശങ്ങൾക്കു തമ്മിൽത്തമ്മിലുണ്ടായിരുന്ന മത്സരങ്ങളെല്ലാം തീരെ മറന്നുപോയി. എല്ലാദേശത്തിലും എല്ലാപ്രജയിലും ജർമ്മനിയാണു തന്റെ മാതൃഭൂമിഎന്ന അഭിമാനം ഉറച്ചു. പാരീസ്സിനെവളഞ്ഞുകൊണ്ടിരുന്നപ്പോൾ, അതായതു, ൧൮൭൧- ജനവരി ൧൮-ാംനു- ഫ്രാൻസിലെ വേർസെൽസു എന്ന പട്ടണത്തിൽ ജർമ്മനിയിലെ ദേശപതികളെല്ലാംചേൎന്നു പ്രഷ്യാരാജാവിന്റെ അധ്യക്ഷതയിൽ ഒരു മഹായോഗംകൂടി. അവിടെവെച്ചു പ്രഷ്യാരാജാവിനെ ജർമ്മൻസാമ്രാജ്യത്തിലെ ചക്രവൎത്തിയെന്നു സൎവ്വസമ്മതമായി അംഗീകരിച്ചു. അന്നുമുതൽ തെക്കേകൂട്ടുകെട്ടും വടക്കേക്കൂട്ടുകെട്ടും ഒന്നായിതീൎന്നു. നയകോവിദനായ ബിസ്മാക്കിന്റെ പ്രയത്നം സഫലമായി. ജർമ്മൻസാമ്രാജ്യത്തിൽ ഇന്നു ൨൬_ഉപദേശങ്ങളുണ്ടു. അതിൽ ൨൨-ദേശങ്ങൾ പ്രത്യേകം രാജാക്കന്മാരും, ൩- ദേശങ്ങൾ ജനപ്രതിനിധികളും ആൽസൈസ് ലോറൈൻ സംസ്ഥാനങ്ങൾ സാമ്രാജ്യഗവർമ്മേണ്ടും ഭരിച്ചുവരുന്നു. 'എല്ലാദേശങ്ങളേയും സാമ്രാജ്യത്തോടു ദൃഢമായി ബന്ധിച്ചിരിക്കുന്നു. ഇങ്ങിനെ മന്ത്രിപ്ര

വരനായ ബിസ്മാക്കിൻെറ ബുദ്ധിസാമൎത്ഥ്യത്താൽ ജൎമ്മൻസാമ്രാ
ജ്യം സ്ഥാപിതമായി. അതു യൂറോപ്പിലെ മഹാശക്തികളിൽ ഒന്നാ
യി ശോഭിക്കുവാനും തുടങ്ങി.

## ഇ ററ ലി

വാട്ടർലൂയുദ്ധത്തിൽ നെപ്പോളിയൻ ചക്രവൎത്തിയെ അപ
ജയപ്പെടുത്തി നാടുകടത്തി വിട്ടതിൽപിന്നെ, അദ്ദേഹം പിടി
ച്ചടക്കിയിരുന്ന ദേശങ്ങളുടെ നില വലിയ കുഴപ്പത്തിലായിത്തീ
ൎന്നു. ഇററലിയിലെ പല ദേശങ്ങളേയും സ്വന്തപ്പെടുത്തി ഭരിച്ചുവ
ന്നിരുന്ന ആസ്ത്രിയാ രാജവംശജന്മാർ നെപ്പോളിയൻെറ ആക്രമ
ണങ്ങൾകൊണ്ടു നാടുംവീടുംവിട്ടു ഓടിപ്പോയിരിക്കയായിരുന്നു.
൧൮൧൫-ൽ ആസ്ത്രിയായുടെ തലസ്ഥാനമായ വിയന്നാ പട്ടണത്തി
ൽ ഒരു മഹായോഗം കൂടി. അതിൽചെയ്ത നിശ്ചയങ്ങളനുസരിച്ചു
ഇറാലിയിലെ വടക്കുകിഴക്കായുള്ള വേനീസ്, മിലാൻ എന്നീദേ
ശങ്ങൾ ആസ്ത്രിയയ്ക്കുകിട്ടി. ഇററലിയിലെ ദേശഭൂപന്മാരിൽ ഒരാ
ളായ സർഡീനിയാരാജാവിനു വടക്കു പടിഞ്ഞാറെഭാഗത്തുള്ള രാ
ജ്യങ്ങൾ കൊടുത്തു. ശേഷമുള്ള ഭാഗങ്ങളെ പല ഖണ്ഡങ്ങളായി
പിരിച്ചു ഓരോന്നും ഓരോ സ്വതന്ത്രരാജാവിൻെറ കീഴിലാക്കി. മ
ദ്ധ്യഭാഗം മിക്കവാറും ക്രിസ്തുമതാധിപതിയായ പോപ്പിൻെറ ആ
ധിപത്യത്തിൽ വന്നു. സിസിലിദ്വീപുൾപ്പെടെ തെക്കുഭാഗം മുഴുവ
നും ഒരേദേശമാക്കിവെച്ചു. ദേശഭൂപന്മാരിൽ അധികംപേരും ആ
സ്ത്രിയാ രാജവംശജന്മാരായിട്ടാണിരുന്നതു. പ്രജകൾ അന്യവൎഗ്ഗക്കാ
രാകയാൽ അവരെ കഴിയുന്നേടത്തോളം അശക്തന്മാരും അജ്ഞ
ന്മാരുമാക്കിതീൎക്കുവാൻ ശ്രമിച്ചു. ജനങ്ങളിൽ വളരുന്ന ദേശാഭിമാ
നത്തെ തടുത്തു. വിദ്യാഭ്യാസം കുറച്ചു. ദേശക്ഷേമതല്പരന്മാരായ വി
ദ്യാഭ്യാസാധികാരികളെ ജോലിയിൽനിന്നു പിരിച്ചയച്ചു. വൎത്തമാ
നപത്രങ്ങളുടെ സ്വാതന്ത്ര്യത്തെ കെടുത്തു. ദേശാഭിമാനികളായുള്ള

വരെ കഠിനമായി ദണ്ഡിപ്പിച്ചു. ദേശഭ്രപന്മാരുടെ ഈ ക്രൂരമായ ഭരണത്തിൽ ആസ്ത്രിയാ ചക്രവൎത്തി അനുകൂലിച്ചുതന്നെയിരുന്നു. ഫ്രാൻസിലും ജൎമ്മനിയിലും പ്രജാശക്തി വളൎന്നുവരുന്നതു കണ്ടുകൊണ്ടിരുന്ന ഇററലിക്കു ഈ ഭരണക്രൗൎയ്യം സഹിക്കവയ്യാതായിത്തീൎന്നു. മുമ്പേതന്നെ അവരിൽ ഒട്ടൊട്ടായി ഇളകിക്കൊണ്ടിരുന്ന ദേശാഭിമാനത്തെ ഈ ദുൎഭരണം ഒന്നുകൂടി വൎദ്ധിപ്പിച്ചുവരികയാണു ചെയ്തതു. മുമ്പു, നെപ്പോളിയൻ ചക്രവൎത്തിയോടു മററുരാജ്യങ്ങളൊന്നിച്ചു യുദ്ധംചെയ്യാൻ ഇററലിയെ ക്ഷണിച്ചുകൂട്ടുകയും അന്നു ഇംഗ്ലണ്ടും ആസ്ത്രിയയും ഇററലിക്കു സ്വാതന്ത്ര്യം കൊടുക്കാമെന്നു സന്തോഷിപ്പിക്കയും ചെയ്കയുണ്ടായിട്ടുണ്ടു. ഇപ്പോൾ ആ മഹാശക്തികൾ കാരണംതന്നെ ദുഷ്ടരാജാക്കന്മാരുടെ കീഴിൽ അസ്വതന്ത്രരായി കുടുങ്ങിപ്പോയിയെന്നു വന്നപ്പോൾ ഇററലിക്കാൎക്കു അത്യധികം മനോവേദന ഉണ്ടായിവന്നു. ക്രമേണ, ദേശരാജാക്കന്മാരെ നശിപ്പിക്കുന്നതിന്നു പ്രജകളുടെ വക പല ഗൂഢസംഘങ്ങളും അവിടവിടെ ഉണ്ടായിത്തുടങ്ങി. ആ സംഘങ്ങൾ ജനങ്ങളിൽ കോപാവേശം ജ്വലിപ്പിച്ചു. 1820-ൽ തെക്കേ ഖണ്ഡത്തിലെ ജനങ്ങൾ ഒന്നിച്ചു ചേൎന്നു എതിൎത്തു രാജാവിനെ സ്ഥാനഭ്രഷ്ടനാക്കി ആസ്ത്രിയായിലേക്കു ഓടിച്ചു. എന്നാൽ, ഇംഗ്ലണ്ടും ഫ്രാൻസുംകൂടി കടൽവഴിക്കും ആസ്ത്രിയ കരവഴിക്കും പോർചെയ്തു ജനങ്ങളെ നിശ്ശേഷം കീഴടക്കിക്കളഞ്ഞു. ലഹളയുടെ ഫലമായി ആ നാട്ടുകാർ അത്യുഗ്രമായ ദണ്ഡനങ്ങൾ അനുഭവിക്കേണ്ടിയും വന്നു. 1830-ൽ ഫ്രഞ്ചു ജനങ്ങൾ അവിടത്തെ രാജാവിനെ സിംഹാസനത്തിൽനിന്നു നീക്കിയതു കേട്ടപ്പോൾ ഇററലിയിൽ വീണ്ടും ലഹള തുടങ്ങി. സൈന്യബലമില്ലാത്ത നാട്ടുകാരെ ഒതുക്കുന്നതിന്നു ദേശരാജാക്കന്മാൎക്കു അധികം പ്രയാസമുണ്ടായില്ല. അന്നുമുതൽ 16 കൊല്ലം ഒരുപോലെ ആ നാട്ടുകാരുടെ മനസ്സു പുകഞ്ഞുകൊണ്ടിരുന്നു.

# ഇററലിയിലെ ത്രിമൂർത്തികൾ.

1880-ൽ മെസ്സിനി എന്ന മഹാൻ സർഡീനിയാദേശത്തു ജനിച്ചു. ഇദ്ദേഹം യൌവനത്തിൽ പ്രവേശിക്കുന്ന കാലത്തു തന്റെ നാട്ടുകാർ ദുസ്സഹമായ ദുഃഖം അനുഭവിച്ചുവരുകയായിരുന്നു. സ്വന്തം രാജ്യത്തെ സ്വാതന്ത്ര്യാവസ്ഥയിൽ കൊണ്ടുവരേണമെന്നു ആഗ്രഹിച്ചു മെസ്സിനി "യുവ ഇററലി" എന്നൊരു സംഘം ഏർപ്പെടുത്തി, ദേശാഭിമാനികളായ ഇററലിക്കാരെയെല്ലാം ഈ സംഘത്തിലേക്കു ആകർഷിച്ചു കൊണ്ടുവന്നു. ഇററലിയിൽ ആദ്യമായി ദേശാഭിമാനം ഉദ്ദീപിപ്പിച്ച മഹാൻ ഇദ്ദേഹമാണു. പ്രസംഗങ്ങളാലും ലേഖനങ്ങളാലും നാട്ടുകാരിൽ നവീനാശയത്വം വളർത്തിക്കൊണ്ടു ഇദ്ദേഹം രാപ്പകൽ അദ്ധ്വാനിച്ചുവന്നു. ക്ഷമാശീലന്മാരായ രാജ്യതന്ത്രജ്ഞന്മാക്കു ഇദ്ദേഹത്തിന്റെ ചില അഭിപ്രായങ്ങൾ അത്ര രുചിക്കയുണ്ടായില്ല. സ്വാതന്ത്ര്യലാഭത്തിന്നു വേണ്ടി ഗൂഢസംഘങ്ങൾ ഏർപ്പെടുത്തുകയും ലഹള കൂട്ടുകയും കൊല നടത്തുകയുമെല്ലാം ആവാമെന്നാണു മെസ്സിനി അഭിപ്രായപ്പെട്ടതു. ഇതാണു ചിലക്കു രസിക്കാതായതു. ഇവർ മസ്സിനിയുടെ മറെറാരഭിപ്രായംകൂടി കയ്ക്കൊണ്ടില്ല. ഇററലിക്കു സ്വാതന്ത്ര്യം കിട്ടിയാൽ രാജ്യഭരണത്തിന്നു രാജാവു വേണ്ടെന്നും ജനപ്രതിനിധി ഭരണമാണു വേണ്ടതെന്നും മസ്സിനി പറയുന്നു. ഇതിലും ആ ചിലർ യോജിച്ചില്ല. എന്തുകൊണ്ടെങ്കിൽ, സൈന്യബലം കൂടാതെ ആസ്ത്രിയയോടു എതിർത്തു ജയിക്കുവാൻ സാധിക്കയില്ലെന്നും, സൈന്യസഹായം ചെയ്യുന്നതിന്നു ഏതെങ്കിലുമൊരു രാജാവിന്റെ സഹായം വേണ്ടിവരുമെന്നും; സ്വാതന്ത്ര്യലാഭത്തിന്നു ശേഷം രാജ്യഭരണാധികാരം ആ രാജാവിന്നുവിട്ടു കൊടുക്കേണ്ടതായി വരുമെന്നും ഇവർ വാദിച്ചു. ഇക്കാലത്തു സർഡീനിയാ രാജാവു ജനക്ഷേമതല്പരനാണെന്നു ജനങ്ങളും കണ്ടു. അദ്ദേഹത്തിന്റെ സഹായത്തോടുകൂടി കാര്യം നേടാമെന്നു പലരും കരുതി. അതുകൊണ്ടു പലരും മസ്സിനിയുടെ സംഘത്തിൽ നിന്നു പിന്മാറി. എന്നാലും, മസ്സിനി

തീവ്രമായി പ്രയത്നിച്ചുകൊണ്ടിരുന്നു. ജനങ്ങളിൽ ദേശാഭിമാനത്തെയും നവീന വിചാരങ്ങളെയും മനോ ദാർഢ്യത്തെയും ഉണ്ടാക്കിക്കൊണ്ടിരുന്നതു മസ്സിനി തന്നെ. പിന്നീടു ചിലർ അവരുടെ മനോഭാവപ്രകാരം വേറെ വഴികളിലേക്കു തിരിഞ്ഞുവെന്നേയുള്ളു. സർഡീനിയാ രാജാവു നാട്ടുകാരുടെ ദേശാഭിമാന ശക്തിയെ ക്ഷയിപ്പിക്കയാണെന്നു കരുതി, 1833-ൽ മസ്സിനി ഒരു ചെറിയ സൈന്യം ചേർത്തു ആ രാജ്യത്തെ ആക്രമിച്ചു. അതിൽ ഒരു ഫലവും കിട്ടാതെ വരികയാൽ ആ രാജാവിനെ കൊലചെയ്യാൻ ശ്രമിച്ചു, അതും ഫലിച്ചില്ല. ഇതു നിമിത്തം നാട്ടുകാരിൽ പലരും മസ്സിനിയുടെ കക്ഷിയിൽനിന്നു സർഡീനിയാ രാജകക്ഷിയിൽ ചേരുകയാണുണ്ടായതു. ഈ വിഷമ ഘട്ടത്തിൽ കവൂർ എന്ന മറെറാരു മഹാൻ പുറപ്പെട്ടു. അദ്ദേഹം മസ്സിനിയുടെ അഭിപ്രായങ്ങളെയെല്ലാം എതിർത്തു. അടുത്തു കണ്ടവഴിയിൽ കൂടി ആപത്തുകൂടാതെ പതുക്കെ പ്പതുക്കെ ചെന്നാൽ മതിയെന്നാണ അദ്ദേഹത്തിന്റെ സിദ്ധാന്തം. അദ്ദേഹം സർഡീനിയാ രാജ്യത്തെ മന്ത്രിയായി വരികയും ആ നിലയിൽ, ഇററലിയുടെ സ്വാതന്ത്ര്യത്തിനായി പ്രവർത്തിക്കേണ്ട കാര്യം ആ രാജാവിന്റെ മനസ്സിൽ നല്ലവണ്ണം ഉറപ്പിച്ചുകൊണ്ടിരിക്കയും ചെയ്തു. ഇക്കാലത്തുതന്നെ ഗരിബാൾഡ എന്ന മറെറാരു മഹാശയനും മുൻവന്നു. ഇദ്ദേഹം സാധാരണക്കാരായ ജനങ്ങളുടെ ഇടയിലാണ പ്രവർത്തിച്ചുകൊണ്ടിരുന്നതു. അവരിൽ അദ്ദേഹം ദേശാഭിമാനത്തെ ജ്വലിപ്പിക്കയും ചെയ്തു. ഈ ത്രിമൂർത്തികൾ വെവ്വേറെ വഴികളിലാണ പ്രവർത്തിച്ചുകൊണ്ടിരുന്നതെങ്കിലും, ഉദ്ദേശ്യം ഒന്നായിരുന്നതിനാൽ ആ ഉദ്ദേശ്യപ്രകാരം ബഹു ജനങ്ങൾ രാജ്യക്ഷേമത്തിനായി ആത്മത്യാഗം ചെയ്യുന്നതിന്നു സന്നദ്ധരായിക്കഴിഞ്ഞു. 1848-ൽ ഫ്രഞ്ചു ജനങ്ങൾ അവിടത്തെ ചക്രവർത്തിയെ സ്ഥാനഭ്രഷ്ടനാക്കി പ്രതിനിധിഭരണം ഏർപ്പെടുത്തിയതു കേട്ടപ്പോൾ ഇററലിയിലെ കലക്കം അടക്കുവാൻ വയ്യാത്ത വിധത്തിൽ വർദ്ധിച്ചു. അവിടെ പലേടത്തും തെരുതെരെ കലഹം തുടങ്ങി. ഇററലിയുടെ വടക്കു കിഴക്കായി, ആസ്ത്രിയയുടെ അധീനതയിൽ കിടന്നിരുന്ന രാജ്യങ്ങളിലാണ കലഹം അതി ശക്തിയോടെ നടന്നതു. നാട്ടുകാർ അവിടത്തെ ആസ്ത്രിയാഗവർണ്ണ

രെ പിടികൂടി നാടുകടത്തിവിട്ടു. ഇററലി രാജ്യം ഒട്ടാകെ ക്ഷോഭിക്ക
യും, സർഡീനിയാ രാജാവിനെ അധിപതിയാക്കി ആസ്ത്രിയയോ
ടെതിർക്കുന്നതിന്നു നാട്ടുകാർ ഒരുങ്ങുകയും ചെയ്തു. നാട്ടുകാരുടെ ഈ
സ്ഥിതിയിൽ സർഡീനിയാ രാജാവിന്നു അടങ്ങിയിരിപ്പാൻ കഴി
ഞ്ഞില്ല. അദ്ദേഹം സൈന്യശേഖരം ചെയ്തു യുദ്ധത്തിന്നു പുറപ്പെ
ട്ടു. റോം ദേശത്തിലെ അധിപതിയും ക്രിസ്തുമതാദ്ധ്യക്ഷനുമായ പോ
പ്പു സർഡീനിയാരാജാവിനെ സഹായിച്ചു. എന്നാൽ, ഈ ശ്രമ
മൊന്നും ഫലപ്പെടുകയുണ്ടായില്ല. തള്ളിപ്പരന്നുവരുന്ന ആസ്ത്രിയാ
സൈന്യത്തിന്റെ മുമ്പിൽ ഇററലിക്കാർക്കു നില കിട്ടിയില്ല. പോപ്പി
ന്റെ സൈന്യം ക്ഷണത്തിൽ കീഴ്പെട്ടുപോയി. സർഡീനിയാസൈ
ന്യം പലേടത്തും തോററോടുകയും ചെയ്തു. ഇററലിദേശങ്ങളെ ഭരിക്കു
ന്ന ആസ്ത്രിയാരാജവംശജന്മാർ അതാതു ദേശത്തെ ജനങ്ങളെ ക്രൂര
മായി ദണ്ഡിച്ചു. റോംദേശത്തിലെ കലഹം ശമിപ്പിക്കുവാൻ പോ
പ്പിന്നു കഴിയാതായി. ഇററലിക്കാർ ആസ്ത്രിയയോടു യുദ്ധത്തിന്നി
റങ്ങിയതു ന്യായമല്ലെന്നു പോപ്പു ആക്ഷേപിച്ചു പ്രസംഗിച്ചു. അതു
കേട്ടപ്പോൾ അദ്ദേഹത്തിന്റെ പേരിലും ജനങ്ങൾക്കു ദ്വേഷമായി;
ഒടുക്കം അദ്ദേഹത്തിനു നാടുവിട്ടു ഓടിപ്പോകേണ്ടിവന്നു. പോപ്പിനു
ഈ ദുർഗ്ഗതിക്കു ഇടയാക്കിയതു ഗരിബാൾഡിയാണു. 1849-ൽ സർ
ഡീനിയാ രാജാവു വീണ്ടും ആസ്ത്രിയയോടെതിർത്തു. അപ്പോഴും തോ
ല്ക്കുകതന്നെയാണുണ്ടായതു. തുടരെത്തുടരെയുണ്ടായ ഈ തോൽവിക
ളാൽ ദുസ്സഹമായ മനോവേദനകൊണ്ടു സർഡീനിയാരാജാവു രാജ്യ
ത്തെ തന്റെ മകനെ ഏല്പിച്ചു. ഈഘട്ടത്തിൽ ദേശസ്വാതന്ത്ര്യത്തിനാ
യി മൃതിപ്പെട്ടവരേയും, ദുഷ്ടരാജാക്കന്മാരെ കൊലചെയ്തവരേയും ഇററ
ലിക്കാർ പലവിധത്തിലും കൊണ്ടാടിവന്നതിനാൽ ആവകകർമ്മങ്ങളി
ൽ മററുള്ളവർക്കു അധികമധികം ഉത്സാഹം വർദ്ധിച്ചു. അതിലിടക്കു് പ്രാ
ൻസിന്റെ സഹായത്തോടുകൂടി പോപ്പു തന്റെ ദേശത്തെ വീണ്ടെടു
ക്കയുണ്ടായി. ജനങ്ങളെ രാജാക്കന്മാർ ക്രൂരനിയമങ്ങളെക്കൊണ്ടു കഠി
നമായി ബന്ധിച്ചുതുടങ്ങിയെങ്കിലും അവരുടെ മനസ്സു ദേശാഭിമാ
നത്താൽ തിളച്ചുകൊണ്ടുതന്നെയിരുന്നു. സർഡീനിയയിലെ പുതിയ
രാജാവിന്റെ ഭാര്യയും അമ്മയും ആസ്ത്രിയക്കാരാണു. എന്നാലും അ

ദ്രോഹത്തിനു ആസ്ത്രിയ പരമശത്രുവായിത്തന്നെയിരുന്നു. സർഡീനിയാമന്ത്രിയായ കവൂർ സമർത്ഥനായൊരു നയജ്ഞനാണു. അദ്ദേഹം തന്റെ ബുദ്ധിഗുണത്താൽ ഇതരരാജ്യങ്ങളുടെ സ്നേഹത്തെ സമ്പാദിച്ചുകൊണ്ടുവന്നു. ഇംഗ്ലണ്ടിനും ഫ്രാൻസിനും ഇററലിയുടെപേരിൽ അനുതാപമുണ്ടായി. പ്രത്യേക സഹായമൊന്നും ചെയ്യാൻ തരമില്ലെങ്കിലും മിത്രഭാവം വിടാതെ നിന്നുകൊള്ളുമെന്നാണു ഇംഗ്ലണ്ടിന്റെ നില. സൈന്യബലംകൊണ്ടു സഹായിക്കാമെന്നു ഫ്രാൻസു വാഗ്ദത്തം ചെയ്തു. 1859-ൽ ഫ്രഞ്ചുസൈന്യത്തോടുകൂടി സർഡീനിയാരാജാവു ആസ്ത്രിയയോടെതിർത്തു. ഇററലിയിലെ മദ്ധ്യഭാഗത്തുള്ള രാജാക്കന്മാരെല്ലാം ഓടിപ്പോയ്ക്കളഞ്ഞു. അപ്പോഴെക്കും യുദ്ധം നിർത്തേണമെന്നു ഫ്രാൻസു പെട്ടെന്നു ആവശ്യപ്പെട്ടു. അന്നത്തെ സന്ധിനിബന്ധനപ്രകാരം, ഇററലിയുടെ വെനീസു, മിലാൻ എന്നീ രണ്ടുദേശങ്ങൾ ആസ്ത്രിയയുടെ കൈവശമുള്ളതിൽ മിലാൻമാത്രമെ ഇററലിക്കു വിട്ടുകൊടുത്തുള്ളു. ഇററലിക്കു പൂർണ്ണസ്വാതന്ത്ര്യം കിട്ടുമാറാക്കാം എന്നു വാഗ്ദത്തംചെയ്തു ഫ്രാൻസു പെട്ടെന്നു ഇങ്ങിനെ വഞ്ചിച്ചതിൽ ഇററലിയിലെ ദേശാഭിമാനികൾ വല്ലാത്ത വിഷണ്ണരായിപ്പോയി. ഇററലിക്കു സ്വാതന്ത്ര്യവും ശക്തിയുമുണ്ടായാൽ ആസ്ത്രിയയെ തലകീഴ മറിക്കുമെന്നും, അപ്പോൾ പ്രഷ്യ ഫ്രാൻസിനോടു എതിക്കുമെന്നും തോന്നീട്ടാണു ഫ്രാൻസു ഇടയ്ക്കുവെച്ചു മനസ്സുമാറിയതു. ഇതുകൊണ്ടൊന്നും ഇററലിക്കാർ നൈരാശ്യപ്പെട്ടില്ല. 1860-ൽ ഗരിബാൾഡി തന്റെ ചെറിയ സൈന്യത്തെക്കൊണ്ടു ഇററലിയിലെ തെക്കുഭാഗത്തെ ആക്രമിച്ചു ആരാജ്യത്തെ കീഴ്പ്പെടുത്തി സർഡീനിയാരാജ്യത്തിന്റെ ആധിപത്യത്തിലാക്കി. മദ്ധ്യഭാഗത്തുള്ള ദേശങ്ങളും സർഡീനിയയിൽ ഉൾപ്പെട്ടു. റോം, വെനീസു എന്നീ രണ്ടു ദേശങ്ങളൊഴികെ, മററതെല്ലാം ഇററലിയുടെ സ്വന്തമായി. റോമിൽ പോപ്പിനുള്ള അധികാരത്തെ നീക്കി അവിടെ ജനാധിപത്യം സ്ഥാപിക്കേണമെന്നു ഗരിബാൾഡി നിശ്ചയിച്ചു. അങ്ങിനെ ചെയ്യുന്നതായാൽ ഫ്രാൻസു, ഇററലിയുടെ ശത്രുവായിത്തീരുമെന്നു കവൂർ അഭിപ്രായപ്പെട്ടു. ഗരിബാൾഡി അതനുസരിക്കാതെ യുദ്ധത്തിനുതന്നെ കോപ്പുകൂട്ടി. അതിനുമുമ്പായി, ഫ്രാൻസി

ന്റെ അനുമതിയോടുകൂടി കാവൂർ ഒരു സൈന്യത്തെ അയച്ചു റോംപട്ടണത്തെ രക്ഷിക്കയും പോപ്പിന്റെ അധീനതയിലുള്ള മററു ദേശങ്ങളെ സർഡീനിയയിലേക്കു കൂട്ടിച്ചേർക്കയും ചെയ്തു. ഇതുകണ്ടു ഗരിബാൾഡിക്കു പിന്തിരിയുകതന്നെ വേണ്ടിവന്നു. 1861-ൽ, സർഡീനിയാരാജാവായ വിക്ടർ ഇമാനുവേലിനെ ഇററലിയിലെ ചക്രവർത്തിയായി ട്യൂറിൻ എന്ന പട്ടണത്തിൽവെച്ചു അഭിഷേകം ചെയ്തു. അക്കൊല്ലംതന്നെ കാവൂർ മരിച്ചുപോയി. 1866-ൽ പ്രഷ്യയും ആസ്ത്രിയയും തമ്മിൽ നടന്ന യുദ്ധത്തിൽ ഇററലി പ്രഷ്യയെ സഹായിച്ചതിന്റെ ഫലമായി വെനീസുദേശവും തിരിയെ കിട്ടി. റോംദേശംകൂടി പിടിച്ചടക്കാതെ കഴികയില്ലെന്നാണ് ഗരിബാൾഡിയുടെ ശാഠ്യം. 1862-ൽ അദ്ദേഹം വീണ്ടും യുദ്ധത്തിനാരംഭിച്ചു. അപ്പോൾ ഫ്രാൻസു ഒരു സൈന്യത്തെ റോമിലേക്കു അയച്ചുകൊടുത്തു. ഫ്രാൻസും ഇററലിയും തമ്മിൽ വൈരികളാകുന്നതു തൽകാലസ്ഥിതിക്കു ദോഷകരമാണെന്നുകണ്ടു ഇററലിചക്രവർത്തി ഗരിബാൾഡിയെ തടുത്തുനിർത്തി. ഒന്നുകിൽ മരിക്കണം, അല്ലെങ്കിൽ റോം പിടിക്കണം എന്നു ഗരിബാൾഡി ശപഥംചെയ്തു. ഇതു കേട്ടപ്പോൾ, ദേശരക്ഷയെ ഓർത്തു ഗരിബാൾഡിയെ ബന്ധിക്കേണ്ടിവന്നു. ഫ്രഞ്ചു ചക്രവർത്തി 1870-ൽ പ്രഷ്യയോടു തോററു കീഴടങ്ങിയപ്പോൾ, വേറെ സഹായമൊന്നും ഇല്ലെന്നുകണ്ടു പോപ്പു റോംദേശത്തെ ഇററലിക്കു വിട്ടുകൊടുത്തു. ഇങ്ങിനെ, ഇററലിദേശം മുഴുവനും നാട്ടുകാരുടേതായി. ഗരിബാൾഡിയെത്തന്നെ റോംദേശത്തിലെ അധിപതിയായി ജനങ്ങൾ തെരഞ്ഞെടുത്തു. ഇപ്പോൾ ഇററലി യൂറോപ്പിലെ മഹാശക്തികളിൽ ഒന്നായിവന്നു.

## ആസ്ത്രിയാ

ഇനി നാം ആസ്ത്രിയയുടെ ഗതി നോക്കുക. 1815-ൽ നെപ്പോളിയൻ അസ്തമിച്ചപ്പോൾ വിയന്നാപട്ടണത്തിൽവെച്ചു നട

ന്ന കരാറുകൾ പ്രകാരം ആസ്ത്രിയക്കു അതിന്റെ വടക്കുപടിഞ്ഞാറായുള്ള രണ്ടു ജൎമ്മൻദേശങ്ങളും തെക്കുകിഴക്കായുള്ള രണ്ടു ഇററലിദേശങ്ങളും കിട്ടി. ജർമ്മൻരാജ്യത്തിലെ ഒരു ഖണ്ഡമായിട്ടാണു ആസ്ത്രിയയുടെ കിടപ്പു. ഫ്രഞ്ചുകാർ സ്വാതന്ത്ര്യത്തിന്നായി ചെയ്യുന്ന പോരാട്ടങ്ങളെപ്പററി കേൾക്കുമ്പോഴെല്ലാം ആസ്ത്രിയക്കാരും അതിന്നു ശ്രമിച്ചുവന്നു. ആസ്ത്രിയയിൽ ഹംഗറിക്കാർ, സ്ലാവുകാർ, ഇററലിക്കാർ, ജൎമ്മൻകാർ എന്നീ നാലുവംശങ്ങൾ നിവസിച്ചുവരുന്നുണ്ടു. രാജ്യഭരണകാൎയ്യത്തിൽ അധിക സ്വാതന്ത്ര്യം തങ്ങൾക്കു തങ്ങൾക്കെന്നു ആ ഓരോവൎഗ്ഗവും പ്രത്യേകം വാദിക്കയും കലഹിക്കയും ചെയ്തുതുടങ്ങി. രാജാവിന്നു പൂൎണ്ണ സ്വാതന്ത്ര്യം അരുതെന്നും, രാജ്യം നാട്ടുകാൎക്കാണു അവകാശപ്പെട്ടിരിക്കുന്നതെന്നും, വേണമെങ്കിൽ, നാട്ടുകാരുടെ അഭിപ്രായത്തിന്നനുസരിച്ചു രാജാവിന്നു ഭരണകൃത്യം നിൎവ്വഹിക്കാമെന്നുമുള്ള അഭിപ്രായം നാടെങ്ങും പ്രബലപ്പെട്ടു. 1848 മാൎച്ച് 13-ാംനു- വിയന്നാപട്ടണത്തിൽവെച്ചു ഒരു വലിയ കലഹം നടന്നു. രാജാവിനെ സ്ഥാനഭ്രഷ്ടനാക്കി ഓടിച്ചു നാട്ടുകാർ ആ രാജ്യത്തെ വശപ്പെടുത്തി. ഇററലിയിലെ കലഹക്കാരും ആ അവസരത്തിൽ യുദ്ധം നടത്തുന്നുണ്ടായിരുന്നു. വടക്കുപടിഞ്ഞാറായുള്ള ബോഹീമിയാസംസ്ഥാനത്തിലെ സ്ലാവുവൎഗ്ഗക്കാരും ഇളകിപ്പുറപ്പെട്ടു. ആസ്ത്രിയാരാജാവു ഒരു വലിയ സൈന്യംശേഖരിച്ചു ആദ്യം സ്ലാവു വൎഗ്ഗത്തെ അടക്കി. ഉടൻതന്നെ വിയന്നാപട്ടണത്തെ ആക്രമിച്ചു രാജദ്വേഷികളെയെല്ലാം പിടിച്ചു ബന്ധിച്ചു. ഇററലിക്കാർചെയ്ത കലഹവും ഒതുക്കിവിട്ടു. ആസമയത്തുതന്നെ ഹംഗറിയിലെ ജനപ്രമാണികൾ യോജിച്ചു ഒരു മഹാസഭ സ്ഥാപിച്ചു തങ്ങൾക്കു പൂൎണ്ണ സ്വാതന്ത്ര്യം കിട്ടേണമെന്നു രാജാവിനോടാവശ്യപ്പെട്ടു. സഭയുടെ ശക്തികണ്ടപ്പോൾ രാജാവു ഭയപ്പെട്ടു, അവരുടെ ആഗ്രഹപ്രകാരം ചെയ്യാമെന്നു സമ്മതിച്ചു. ഹംഗറിക്കു സ്വാതന്ത്ര്യം കിട്ടുമെന്നു കണ്ടപ്പോൾ, ആസ്ത്രിയയുടെ തെക്കുകിഴക്കായുള്ള സ്ലാവുവംശക്കാർ അസൂയാഭരിതരായി. ഹംഗറിക്കാർ രാജദ്വേഷികളാണെന്നു പറഞ്ഞുകൊണ്ടു സ്ലാവുകാർ യുദ്ധത്തിന്നു പുറപ്പെട്ടു. അവരെ ആസ്ത്രിയാരാജാവു സൈന്യത്തെ അയച്ചു സഹായിക്കയും, ഹം

ഗറിയോടു ചെയ്ത വാഗ്ദത്തത്തെ ലംഘിക്കയും ചെയ്തു. ആയുദ്ധത്തിൽ ഹംഗറിതന്നെയാണു തോററതു. ഈ പരാജയവൎത്തമാനം, മുമ്പേതന്നെ സ്വാതന്ത്ര്യത്തിനായി ശ്രമിച്ചുകൊണ്ടിരിക്കുന്ന ആസ്ത്രിയാജനങ്ങൾക്കു ദുഃഖകരമായിരുന്നു. അവർ വീണ്ടും വിയന്നാപട്ടണത്തെ എതിൎത്തു പിടിച്ചു. രാജാവു അപ്പോഴും ഓടിപ്പോയി. രാജസൈന്യവും സ്ലാവുസൈന്യവുംകൂടി രാജദ്വേഷികളെ വളഞ്ഞു. ഹംഗറിസൈന്യം ഇവരോടെതിൎത്തു തോററുപോയി. ഒടുക്കം വിയന്നാപട്ടണം വീണ്ടെടുക്കുകതന്നെ ചെയ്തു. അന്നത്തെ രാജാവു സിംഹാസനത്തിൽനിന്നു ഇറങ്ങിപ്പോകയും ഫ്രാൻസിസുജോസഫ് സിംഹാസനസ്ഥനാകയും അന്നു നടന്ന സംഭവമാണു. എന്നാൽ ഇദ്ദേഹത്തെ രാജാവെന്ന നിലയിൽ ഹങ്കറിക്കാർ കൈക്കൊണ്ടില്ല. 1844ൽ വീണ്ടും യുദ്ധം തുടങ്ങി. യുദ്ധം ഘോരമായി നടന്നു. രാജസൈന്യം തോററുതോറോടിതുടങ്ങി. അപ്പോൾ ആസ്ത്രിയാരാജാവു റഷ്യയെ സഹായത്തിന്നു വിളിച്ചു. റഷ്യസൈന്യവും ഓസ്ത്രിയാരാജസൈന്യവും കൂടി ഹംഗറിക്കാരെ അടക്കിക്കളഞ്ഞു. എന്നുതന്നെയല്ല, അവരെ ക്രൂരമായി ദണ്ഡിക്കയും ചെയ്തു. ഹംഗറിയിലെ ദേശാഭിമാനികളെയെല്ലാം റഷ്യാസൈന്യം വെടിവെച്ചു കൊന്നുവീഴ്ത്തി. പിന്നീടു ഒരു പന്ത്രണ്ടുകൊല്ലത്തേക്കു വലിയ കലഹമൊന്നും നടക്കുകയുണ്ടായില്ലെങ്കിലും അന്തഃഛിദ്രത്തിന്നു കുറവൊട്ടുമുണ്ടായില്ല. അവിടത്തെ നാലു വൎഗ്ഗക്കാരും പരസ്പരം കലഹിച്ചുകൊണ്ടിരിക്കയാൽ രാജാധികാരവും ജനസ്വാതന്ത്ര്യവും തമ്മിലുള്ള മത്സരത്തിന്നു അത്ര ശക്തിയില്ലാതായിപ്പോയി. ഓരോവൎഗ്ഗത്തിൽനിന്നും പ്രത്യേകം പ്രതിനിധികളെ രാജസഭയിലേക്കയച്ചു ആ നിലയിൽ രാജ്യഭരണം നടത്തുന്നതിന്നു 1861-ൽ ആസ്ത്രിയാരാജാവു സമ്മതിച്ചു. എന്നാൽ ഹംഗറി ഇതിന്നു വഴിപ്പെട്ടില്ല. പ്രത്യേകം സ്വാതന്ത്ര്യം വേണമെന്നുതന്നെയാണു അവർ പിന്നെയും വാദിച്ചതു. അവർ ചെയ്യുന്ന ഉപദ്രവങ്ങൾ സഹിക്കവയ്യാതായതിനാൽ 1865-ൽ ഹംഗറിക്കു പ്രത്യേകം ഭരണസ്വാതന്ത്ര്യം കൊടുപ്പാൻ നിശ്ചയിച്ചു. 1867-ൽ ഫ്രാൻസിസു ജോസഫിനെ ഹംഗറിയിലെ തലസ്ഥാനമായ ബുഡാപെസ്റ്റ് പട്ടണത്തിൽവെച്ചു ഹംഗറിരാജാവായി അഭിഷേകം ചെ

ട്ടു: ആസ്ത്രിയാസാമ്രാജ്യം "ആസ്ത്രിയാ-ഹംഗറി" എന്ന പേരോടു കൂടിയാണിരിക്കുന്നതു. ചക്രവൎത്തി ആസ്ത്രിയയിലെ രാജാവായും ഹംഗറിയിലെ രാജാവായും വെവ്വേറെ നിലയിലാണു ഭരണം നടത്തിവരുന്നതു. സാമ്രാജ്യത്തെ പൊതുവെ സംബന്ധിക്കുന്ന കാൎയ്യങ്ങൾ നടത്തുന്നതിന്നു ചക്രവൎത്തിക്കു പ്രത്യേകമൊരു സഭയുണ്ടു. ഇങ്ങിനെ ആസ്ത്രിയാരാജാവു, ഹംഗറിരാജാവു, ആസ്ത്രിയാസാമ്രാജ്യചക്രവൎത്തി എന്നീ മൂന്നു പദങ്ങൾ അവിടത്തെ ഭരണാധിപതിക്കുണ്ടു. ആസ്ത്രിയാദേശത്തെക്കാൾ ഹംഗറിദേശത്തിന്നാണു അധികം പ്രാധാന്യമുള്ളതു. ഹംഗറിദേശത്തിലെ സൈന്യങ്ങൾക്കു അധികം ഐകമത്യമുള്ളതാണു ഇതിന്നു കാരണം. ആസ്ത്രിയയിൽ ആസ്ത്രിയാജനങ്ങൾ നൂറ്റിന്നു 37 വീതമെയുള്ളു. 59 വീതം സ്ലാവു ജനങ്ങളാണു. അവർ തമ്മിൽ എപ്പോഴും യോജിക്കാറില്ലാത്തതിനാൽ അവിടത്തെ ഭരണസഭയുടെ സ്ഥിതി അത്ര തൃപ്തികരമല്ല. ഹംഗറിയിൽ ഹംഗറിക്കാർ നൂറ്റിന്നു 48-വീതം ഉണ്ടു. സ്ലാവുകാർ 19-വീതമെയുള്ളു. അതുകൊണ്ടു ഹംഗറിക്കാർ സ്വാതന്ത്ര്യത്തോടും സമാധാനത്തോടുംകൂടി രാജ്യാവകാശം അനുഭവിച്ചുവരുന്നു. ഈ സ്ലാവുവംശമാണു സേൎവ്യയിലെയും റഷ്യയിലെയും നിവാസികളെന്നും സ്വന്താ വംശത്തിന്നു ആസ്ത്രിയാസാമ്രാജ്യത്തിൽ സ്വാതന്ത്ര്യം ഉണ്ടാവേണമെന്ന ആഗ്രഹവും അതിന്നൊത്ത പ്രവൃത്തിയുമാണു ഇന്നത്തെ മഹായുദ്ധത്തിന്നു കാരണമെന്നും വായനക്കാർ അറിഞ്ഞിട്ടുള്ളതാണല്ലൊ. ആസ്ത്രിയാസാമ്രാജ്യത്തിൽ ആസ്ത്രിയക്കാരും ഹംഗറിക്കാരും പ്രാമാണികളായിരിക്കയും തങ്ങളുടെ വംശക്കാർ അവരെ കീഴ്പ്പെട്ടിരിക്കയും ചെയ്യുന്നതു കാണുമ്പോൾ സേൎവ്യക്കും റഷ്യക്കും വെറുപ്പു തോന്നിപ്പോകുന്നു. ആ വെറുപ്പു മൂത്തുമൂത്തു ഈ മഹായുദ്ധത്തിൽ വന്നു കലാശിച്ചു.

## യൂറോപ്പിലെ ചാണക്യൻ

ചന്ദ്രഗുപ്തന്റെ ഭാഗത്തു ചേൎന്നു നാനാവിധ തന്ത്രങ്ങൾ പ്രയോഗിച്ചു ഇന്ത്യയിൽ മൌൎയ്യസാമ്രാജ്യം സ്ഥാപിച്ച ചാണക്യനോ

ട എല്ലാവിധത്തിലും സാദൃശ്യമുള്ള ഒരു മഹാശയനാണു ബിസ്മാർക്ക്. അദ്ദേഹം ജർമ്മനിയെ ഒരു മഹാശക്തിയാക്കിത്തീർത്തതിൽ പിന്നെ, അതിനെ എന്നെന്നും നിലനിർത്തേണ്ട കാര്യത്തെപ്പററി ആലോചനതുടങ്ങി. ഫ്രാൻസിനെ നിശ്ശേഷം പരാജയപ്പെടുത്തിയതും, അതിന്റെ രണ്ടു ദേശങ്ങളെ കൈവശപ്പെടുത്തിയതും ആ രാജ്യം എന്നും ദുഃഖപൂർവ്വം സ്മരിക്കുന്നതാണെന്നും, പകവീട്ടുന്നതിനായി എപ്പോഴും തരംനോക്കിയിരിക്കുന്നതാണെന്നും ബിസ്മാർക്കിന്നറിയാം. ഫ്രാൻസിനെ മറെറാരു രാജ്യവും സഹായിക്കാതിരിക്കത്തക്കവണ്ണം അതിനെ പിരിച്ചുനിർത്തേണമെന്നും, അതു മാത്രമല്ല, ഇപ്പോൾ ജർമ്മനിയിൽ നിന്നു പിരിഞ്ഞുപോയ ആസ്റ്റ്രിയയെ ജർമ്മനിയുടെ ഉററ ചങ്ങാതിയാക്കണമെന്നും കരുതി ബിസ്മാർക്ക് ശ്രമംതുടങ്ങി. ഈ ആലോചന നടന്നുകൊണ്ടിരിക്കുമ്പോൾ റഷ്യയുടെ വക പോലണ്ടുദേശത്തിൽ അവിടത്തെ ജനങ്ങൾ സ്വാതന്ത്ര്യത്തിനായി ലഹളകൂട്ടിവരികയായിരുന്നു. അവരെ അടക്കുന്നതിന്നു റഷ്യാ ശ്രമിച്ചപ്പോൾ, തീർച്ചയായും പോലണ്ടുകാർക്കു സ്വാതന്ത്ര്യം കൊടുക്കേണമെന്നു വാദിച്ചുകൊണ്ടു ഫ്രാൻസും ഇംഗ്ലണ്ടും റഷ്യക്കു വിരോധമായി ജനങ്ങളുടെ ഭാഗത്തു ചേർന്നു. അപ്പോൾ ജർമ്മനി റഷ്യയെ സഹായിക്കുകയും അന്നുമുതൽ റഷ്യയും ജർമ്മനിയും ബന്ധുത്വത്തിലായി വരികയും ചെയ്തു. ജർമ്മനി ഡന്മാർക്കിലെ ഒരു ഭാഗത്തെ അപഹരിച്ചതും ആസ്റ്റ്രിയയെ വിലക്കിവിട്ടതും ഫ്രാൻസിനെ തകർത്തതും കണ്ടപ്പോഴെല്ലാം റഷ്യക്കു അസ്വാസ്ഥ്യമുണ്ടാകാതിരുന്നിട്ടില്ല. എന്നാലും ബിസ്മാർക്കിന്റെ ബുദ്ധിശക്തിയാൽ റഷ്യയെ ബന്ധുത്വത്തിൽ തന്നെ നിർത്തി. പിന്നീട് ആസ്റ്റ്രിയയുടെ കാര്യത്തിലായി ആലോചന. 1866-ൽ ആസ്റ്റ്രിയയോടു യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ, മേലിൽ ആസ്റ്റ്രിയയെ ജർമ്മനിയുടെ ബന്ധുവാക്കിത്തീർക്കണമെന്നു ബിസ്മാർക്കു കരുതീട്ടുള്ളതാണു. ആസ്റ്റ്രിയ ശത്രുഭാവത്തിലിരിക്കയാണെങ്കിൽ ഫ്രാൻസിനോടുചേർന്നു ജർമ്മനിയെ ആക്രമിക്കും. അഥവാ, ആസ്റ്റ്രിയയെ തീരെ നശിപ്പിച്ചുകളക എന്നായാൽ, അവിടത്തെ സ്ലാവുജനങ്ങൾ റഷ്യയോടു ചേരുകയും ആ വഴിക്കു ആസ്റ്റ്രിയയിൽ റഷ്യാ പ്രവേശിക്കയും ചെയ്യും; അപ്പോഴും ജർമ്മനിക്കു നിലയില്ല. അതുകൊണ്ടു

ആസ്ത്രിയ ഒരു മഹാശക്തിയായിത്തീരുവാൻവേണ്ടി അതിനെ എല്ലാവിധത്തിലും സഹായിക്കേണമെന്നും, ഒടുക്കം അതിനെ ജർമ്മനിയുടെ ബന്ധുവാക്കേണമെന്നുമാണു ബിസ്മാർക്കിന്റെ ആലോചന. ആസ്ത്രിയായും നല്ലൊരു ബന്ധുവിനെ കിട്ടുവാൻ തരംനോക്കിയിരിക്കയാണു. രാജ്യത്തിൽ പലവംശക്കാരുമുള്ളതുകൊണ്ടു അവർ ഇടക്കിടെ കലഹിക്കുമെന്നതിനാൽ, മറ്റൊരു രാജ്യത്തിന്റെ സഹായമുണ്ടെങ്കിൽ മാത്രമെ ആസ്ത്രിയക്കു സമാധാനത്തോടിരിപ്പാൻ വഴികണ്ടുള്ളു. തുർക്കിരാജ്യത്തു പാർക്കുന്ന ക്രിസ്ത്യാനികളെ തുർക്കിഗവർമ്മെണ്ടു കഷ്ടപ്പെടുത്തുന്നു എന്നു ആക്ഷേപിച്ചുകൊണ്ടു 1853-ൽ റഷ്യ തുർക്കിയോടു യുദ്ധം ചെയ്യുകയുണ്ടായി. അന്നു ഇംഗ്ലണ്ടും ഫ്രാൻസും തുർക്കിയോടു ചേർന്നു ക്രിമിയാ എന്ന റഷ്യാദേശത്തെ ആക്രമിച്ചു. ആസ്ത്രിയ വേറെവഴിക്കു ചെന്നു റഷ്യയുടെ വക മറ്റൊരു ദേശത്തെ പൊരുതുപിടിച്ചു. യുദ്ധത്തിനുശേഷം ആ ദേശം റഷ്യക്കു കൈവിടേണ്ടതായി വന്നുപോയി. ആ പക റഷ്യയുടെ മനസ്സിൽ നിന്നു ഇന്നും നീങ്ങിപ്പോയിട്ടില്ലെന്നു ആസ്ത്രിയക്കറിയാം. ആ നിലക്കും, തന്നെ സഹായിക്കുവാൻ ഒരു ബന്ധു കൂടിയേ കഴിയൂ എന്നിരിക്കുന്നു. ഈ രഹസ്യം ബിസ്മാർക്കു കണ്ടിട്ടുണ്ടു. ജർമ്മനിയുടെ തലസ്ഥാനമായ ബർല്ലിൻപട്ടണത്തിൽവച്ചു 1872 ആഗസ്റ്റിൽ റഷ്യയുടേയും ജർമ്മനിയുടെയും ആസ്ത്രിയയുടേയും ചക്രവർത്തിമാർ കൂടിച്ചേർന്നു ഒരു വിരുന്നു നടത്തി. മൂവരും ഏതു കാര്യത്തിലും ഒരുമിച്ചു നില്ക്കേണ്ടതാണെന്നു അന്നു തീർച്ചപ്പെടുത്തി. ബാൾക്കൻദേശങ്ങളിൽ ആസ്ത്രിയക്കു സ്വാധീനശക്തി വർദ്ധിപ്പിക്കാമെന്നു ആസ്ത്രിയാ ചക്രവർത്തിയെ ബിസ്മാർക്കു രഹസ്യമായി പറഞ്ഞു ആശപ്പെടുത്തുകയും ചെയ്തു. വാസ്തവത്തിൽ റഷ്യയെപ്പറ്റി ബിസ്മാർക്കിനു നല്ല വിശ്വാസമില്ല. തരം കിട്ടിയാൽ റഷ്യ ഫ്രാൻസിന്റെ ഭാഗത്തു ചേരുകയേയുള്ളുവെന്നു അദ്ദേഹം കരുതീട്ടുണ്ടു. 1875-ൽ നടന്ന സംഭവം ഈ വിശ്വാസത്തെ ദൃഢപ്പെടുത്തി. ഫ്രാൻസ് സൈന്യശക്തിയും ധനശക്തിയും വർദ്ധിപ്പിച്ചു ഉയരുന്നതു കണ്ടപ്പോൾ ജർമ്മൻകാർക്കു അസൂയയായി. അവർ ഫ്രാൻസിനെ ഒന്നുകൂടി അമർക്കണമെന്നുവെച്ചു ഒരുക്കം തുടങ്ങി. ഫ്രാൻസും ജർമ്മനിയും തമ്മിൽ മറ്റൊരു യുദ്ധം നടക്കുമെന്ന നിലയിലാ

യി. അങ്ങിനെ യുദ്ധം തുടങ്ങിയാൽ റഷ്യയുടെ നില എന്തായിരിക്കുമെന്നു അന്വേഷിച്ചു. ജർമ്മനിക്കു ഇനിയും ശക്തിവർദ്ധിക്കുയെന്നതു റഷ്യക്കു സമ്മതമല്ല. ജർമ്മനിയോടു പ്രത്യേകിച്ചൊന്നും പറയാതിരിക്കയും യൂറോപ്പിലെ സമാധാനസ്ഥിതിക്കു കോട്ടം തട്ടാതിരിക്കത്തക്കവണ്ണം തങ്ങൾ പ്രവർത്തിക്കുന്നതാണെന്നു ഫ്രാൻസിനെ ധൈര്യപ്പെടുത്തുകയുമാണു റഷ്യ അപ്പോൾ ചെയ്തതു. റഷ്യയുടെ ഗതി പ്രതികൂലമായിട്ടാണെന്നു കണ്ടപ്പോൾ ജർമ്മനിയുടെ യുദ്ധാവേശം അടങ്ങിപ്പോയി. റഷ്യക്കു ജർമ്മനിയുടെ പേരിൽ ദ്വേഷം വർദ്ധിക്കുന്നതിനു മറ്റൊരു സംഭവംകൂടി അടുത്തുതന്നെയുണ്ടായി. ബാൾക്കാൻ ദേശങ്ങൾ മുഴുവനും ഒരു കാലത്തു തുർക്കിയുടെ ഭരണത്തിങ്കീഴിലായിരുന്നു. ആ ദേശത്തിലെ മുഖ്യനിവാസികൾ സ്ലാവു ജനങ്ങളാണല്ലോ. രുമേനിയാ, ബൾഗേറിയാ, ഗ്രീസ്, സേർവ്യ എന്നിങ്ങിനെ പലദേശങ്ങളും. അതിൽ ഉള്ളതിൽ ബൾഗേറിയക്കു കുറെ ഉയർച്ചയുണ്ടായി. അവിടത്തെ ജനങ്ങൾ സ്വയംഭരണസ്വാതന്ത്ര്യത്തിനായി തുർക്കി ഗവർമ്മെണ്ടുമായി കലഹം തുടങ്ങി. ആ കലഹത്തെ തുർക്കി ദണ്ഡോപായം പ്രയോഗിച്ചു ക്ഷണത്തിൽ അടക്കിക്കളഞ്ഞു. ജാത്യാഭിമാനത്താൽ റഷ്യക്കു ഈ കൃത്യം ഒട്ടും രസമായില്ല. സ്ലാവു ജനങ്ങളെ തുർക്കി കഠിനമായി കഷ്ടപ്പെടുത്തുന്നുവെന്നു ആക്ഷേപിച്ചു കൊണ്ടു റഷ്യ തുർക്കിയെ പോരിനു വിളിച്ചു. യുദ്ധം തുടങ്ങുന്നതിനു മുമ്പായി ഈ വിഷയത്തിൽ മഹാശക്തികളുടെ അഭിപ്രായം എന്താണെന്നു ചോദിച്ചു. റഷ്യയും തുർക്കിയും തമ്മിൽ യുദ്ധം ചെയ്തു ക്ഷീണിക്കുന്നതും, ബാൾക്കാൻ ദേശങ്ങളിൽ ആശവെച്ചു കൊണ്ടിരിക്കുന്ന ആസ്ത്രിയക്കു റഷ്യയുടെ പേരിൽ ദ്വേഷമുണ്ടായി വരുന്നതും, ഈ യുദ്ധംകൊണ്ടു സംഭവിക്കാവുന്നതുകളാകയാൽ, ഇങ്ങിനെ വരുന്നതു ജർമ്മനിയുടെ നിർബാധമായ ഉയർച്ചക്കു ഹേതുവാകുമെന്നു കണ്ടു ഈ യുദ്ധകാര്യത്തെപ്പറ്റി ബിസ്മാർക്കു ഒന്നും മിണ്ടാതെയിരുന്നതേയുള്ളൂ. ബാൾക്കാൻ ദേശങ്ങളിൽ പെട്ട ബോസ്നിയാ, ഹെഴ്സിഗോവിനാ എന്നീ രണ്ടു ദേശങ്ങൾ ആസ്ത്രിയയോടു തൊട്ടുകിടക്കുന്നതുകളാകയാൽ അതു രണ്ടും ആസ്ത്രിയക്കു സമ്പാദിച്ചു തരാമെന്നു റഷ്യ വാഗ്ദത്തം ചെയ്തുകൊണ്ടു ഈ യുദ്ധത്തിൽ ആസ്ത്രിയയും പ്രതികൂ

ലിച്ചില്ല. 1877 ഏപ്രിൽ 24-ാംനു റഷ്യയും തുൎക്കിയും കൂടി യുദ്ധം തുടങ്ങി. പെരുവെള്ളംപോലെ തള്ളിപ്പരന്നുവന്ന റഷ്യാസൈന്യത്തെ ബൾഗേറിയയിലെ പ്ലിവ്നാ എന്ന സ്ഥലത്തുവെച്ചു തുൎക്കിസൈന്യം തടഞ്ഞുനിൎത്തി. ഡിസമ്പർ 10-ാംനു വരേയും തുൎക്കിസൈന്യം ഊസ്മൻപാഷാവിന്റെ നേതൃത്വത്തിൽ പൊരുതുനിന്നു. അവിടെവെച്ചു റഷ്യക്കു കയ്യുംകണക്കുമില്ലാതെ നഷ്ടപ്പെട്ടുപോയി. എങ്കിലും പുതിയസൈന്യങ്ങൾ ചേൎത്തു ഘോരമായി പോരാടി തുൎക്കിസൈന്യത്തെ റഷ്യ പിന്തിരിപ്പിച്ചുകളഞ്ഞു. തുൎക്കിതലസ്ഥാനമായ കൺസ്റ്റാന്റിനോപ്പിളിനു സമീപം സാൻസ്റ്റിഫാനോ എന്ന ദേശംവരെ റഷ്യാസൈന്യം ചെന്നെത്തി. റഷ്യയുടെ ഇഷ്ടപ്രകാരം നടന്നുകൊള്ളാമെന്നു തുൎക്കി സമ്മതിക്കയാൽ അവിടെവെച്ചു യുദ്ധം നിൎത്തി. അന്നത്തെ ഉടമ്പടിപ്രകാരം ബാൾക്കൻദേശങ്ങളിൽ അധികഭാഗവും തുൎക്കിയുടെ ഭരണത്തിൽനിന്നു വിട്ടുപോയി. ബാൾക്കൻദേശങ്ങൾക്കു പൂൎണ്ണ സ്വാതന്ത്ര്യം കൊടുത്തു അതിനെ റഷ്യയോടുകൂടി ചേൎക്കണമെന്നാണു റഷ്യയുടെ ഉദ്ദേശ്യം. അതു ആസ്ത്രിയ സമ്മതിച്ചില്ല. അവർതമ്മിൽ വഴക്കായപ്പോൾ 1878 ജൂലായി 13-ാംനു മഹാശക്തികളെല്ലാംചേൎന്നു ബർല്ലിൻ പട്ടണത്തിൽ ഒരു മഹായോഗംകൂടി. അന്നു നടന്ന ഉടമ്പടികൾപ്രകാരം ബൾഗേറിയക്കു സ്വാതന്ത്ര്യംകിട്ടി. എന്നാൽ, ബൾഗേറിയ തുൎക്കിയുടെ ഒരു സാമന്തരാജ്യമെന്ന നിലയിൽ ഇരിക്കണമെന്നും തുൎക്കിസുൽത്താനു കപ്പം കൊടുക്കണമെന്നും നിശ്ചയിച്ചു. ബൾഗേറിയക്കു തെക്കെയുള്ള ബാൾക്കൻദേശങ്ങൾ തുൎക്കിയുടെ സമ്മതപ്രകാരം എപ്പോഴും ക്രിസ്തുമതസ്ഥനായ ഒരു ഭരണാധികാരിയുടെ കീഴിലായിരിക്കണമെന്നു വ്യവസ്ഥപ്പെടുത്തി. റുമേനിയ, സേർവ്യ, മോണ്ടിനീഗ്രൊ എന്നീദേശങ്ങൾക്കു സ്വയംഭരണ സ്വാതന്ത്ര്യം കൊടുത്തു പിരിച്ചുവിട്ടു. സ്ലാവുദേശമല്ലാത്ത ഗ്രീസിനു, പക്ഷപാതമരുതെന്നുകരുതി ചില പുതിയ സ്ഥലങ്ങൾ ഭാഗിച്ചുകൊടുത്തു. ബാൾക്കൻദേശങ്ങളിലെ മററുഭാഗമെല്ലാം തുൎക്കിക്കുതന്നെയായി. ബോസ്നിയയും ഹേഴ്സിഗോവിനയും ആസ്ത്രിയയുടെ അധികാരത്തിൻകീഴിൽവന്നു. സേർവ്യയുടെയും മോണ്ടിനിഗ്രോവിന്റെയും നടുവിലാ

യുള്ള നോവിബസാർ എന്ന സ്ഥലത്തു ആസ്ത്രിയയുടെ സൈന്യങ്ങൾ നിൎത്തുന്നതിനു സമ്മതംകൊടുത്തു. ഇങ്ങിനെയെല്ലാമാണു അ യോഗത്തിൽവെച്ചു നടന്ന തീൎമാനങ്ങൾ. റഷ്യ ഇത്രയെല്ലാം പാടുപെട്ടിട്ടു പ്രത്യേകിച്ചു ഫലമൊന്നും കിട്ടാതാകയും, എന്നാൽ ആസ്ത്രിയക്കു നല്ല ഗുണമുണ്ടാകയുംചെയ്തതിനാൽ ബിസ്മാൎക്കിന്റെ തന്ത്രമാണു ഇതെല്ലാമെന്നറിഞ്ഞു റഷ്യ ജൎമ്മനിയെ അധിക്ഷേപിക്കാൻതുടങ്ങി. റഷ്യാ എപ്പോഴെങ്കിലും ശത്രുവായിത്തീൎന്നേക്കാമെന്നു കരുതി യുദ്ധത്തിൽ പരസ്പരം സഹായിക്കാമെന്ന വ്യവസ്ഥയിന്മേൽ ബിസ്മാൎക്ക 1879-ൽ ആസ്ത്രിയയെയും ജൎമ്മനിയെയും തമ്മിൽ സഖ്യംചെയ്യിപ്പിച്ചു. എന്നാൽ, റഷ്യ ഫ്രാൻസിനോടു ചേൎന്നുകൂടെന്നു കരുതി, റഷ്യയെ പിന്നെയും ജൎമ്മനിയുടെഭാഗത്തു നിൎത്തുവാൻ തന്നെയാണു ബിസ്മാൎക്ക ശ്രമിച്ചുകൊണ്ടിരുന്നതു. റഷ്യാചക്രവൎത്തിയും ജൎമ്മൻചക്രവൎത്തിയും നേരിൽകണ്ടു അവർതമ്മിലുള്ള മൈത്രിയെ പുതുക്കുന്നതിനു ബിസ്മാൎക്ക തരമുണ്ടാക്കികൊടുത്തു. പിന്നീടു, ബിസ്മാൎക്കിന്റെ ആലോചനചെന്നതു ഇററലിയെക്കൂടി ജൎമ്മനിയുടെ പക്ഷത്തിൽ ചേൎക്കണമെന്നാണു. ഇററലിരാജ്യത്തിന്റെ മൂന്നു ഭാഗവും കടൽചുററിക്കിടക്കുന്നു. കിഴക്കുഭാഗത്തുള്ള അഡ്രിയാററിൿ കടലിന്റെ അക്കരെയിലുള്ള ദേശങ്ങൾ മുഴുവൻ ആസ്ത്രിയയുടെവകയാണു. ഇതുനിമിത്തം ആകടലിൽ ഇററലിക്കു പൂൎണ്ണ സ്വാതന്ത്ര്യം അനുഭവിക്കുന്നതിനു കഴിയുന്നില്ല. ഇതിലധികം വലിയസങ്കടം മറെറാന്നുണ്ടു. ക്രമേണ ബാൾക്കാൻ ദേശങ്ങളിൽ റഷ്യ പ്രവേശിച്ചേക്കാം. റഷ്യക്കു അവിടെ അധികാരം വൎദ്ധിച്ചാൽ അഡ്രിയാററിൿ കടൽ റഷ്യ വശപ്പെടുത്തും. അതിനുപുറമേ, ഇററലിയുടെ തെക്കുപടിഞ്ഞാറു ചുററിക്കിടക്കുന്ന മെഡിറററേനിയൻ കടലിൽ ഫ്രാൻസിന്റെ അധികാരം വൎദ്ധിച്ചുവരുന്നു. ഈ ആപത്തുകളെ തടുക്കേണമെങ്കിൽ ആസ്ത്രിയയുമായി ബന്ധുത്വത്തിൽ കഴികതന്നെ വേണം. തൽകാലത്തെ ആപത്തിനെ തടുക്കുവാൻവേണ്ടി ആസ്ത്രിയയോടു പിണങ്ങുകയൊ, മേലിലുണ്ടാവാനിരിക്കുന്ന ആപത്തിനെയോൎത്തു ആസ്ത്രിയയോടു ഇണങ്ങുകയോ, ഏതാണു വേണ്ടതെന്നതിനെപ്പററി ഇററലിയിൽ രണ്ടുപക്ഷക്കാർ തമ്മിൽ വ

ദംതുടങ്ങി. ഇററലിക്കു അന്യരാജ്യങ്ങളിൽ സാമന്തദേശങ്ങൾ ഉണ്ടായിരിക്കേണമെന്ന കാൎയ്യത്തിൽ ഇരുപക്ഷക്കാൎക്കും ഒരേ അഭിപ്രായമാണുള്ളതു. ഈ അവസരത്തിൽ ഫ്രാൻസിൻെറ നടപടി ഇററലിയിൽ കലശലായ ക്ഷോഭമുണ്ടാക്കി. മെഡിറററേനിയൻ കടലിൻെറ വടക്കേകര യൂറോപ്പും തെക്കേകര ആഫ്രിക്കയുമാണു. ആഫ്രിക്കയിൽ കടലോരത്തായി മൊറോക്കോ, അൽജീരിയാ, ട്യൂണിസ്, ട്രിപ്പോളി, ഈജിപ്ത് എന്നീ ദേശങ്ങൾ പടിഞ്ഞാറുനിന്നു കിഴക്കോട്ടു ക്രമത്തിൽ ഒന്നൊന്നായി തൊട്ടുതൊട്ടു കിടക്കുന്നു. ട്യൂണിസും, ട്രിപ്പോളിയും ഇററലിക്കുനേരെ തെക്കാണു. തരം വരുമ്പോൾ ട്യൂണിസു പിടിച്ചടക്കണമെന്നു ഇററലി കരുതിയിരിക്കയായിരുന്നു. അപ്പോഴേക്കും ഫ്രാൻസു ആ ദേശത്തെ സ്വാധീനപ്പെടുത്തി. ഈ സംഭവമാണു ഇററലിയിൽ വലിയ ക്ഷോഭത്തിനു കാരണമായിത്തീൎന്നതു. ഫ്രാൻസു ഇങ്ങിനെ ഇററലിയുടെ സമീപത്തേക്കു നീങ്ങിവരികയും മെഡിറററേനിയൻ കടലിൽ അധികാരം വൎദ്ധിപ്പിക്കയും ചെയ്യുന്നതായാൽ ഇററലിക്കു രക്ഷയില്ലെന്നുകണ്ടു സൎവ്വസമ്മതപ്രകാരം ഇററലി ആസ്ത്രിയയോടും ജൎമ്മനിയോടും യുദ്ധത്തിൽ പരസ്പരം സഹായിക്കണമെന്നു ഒരു ഉടമ്പടിചെയ്തു. അന്നുമുതൽ ജൎമ്മനിയും ആസ്ത്രിയയും ഇററലിയും ത്രിസഖ്യം എന്ന ബന്ധത്തിൽ പെട്ടു. ഇത്രയുംകൊണ്ടു ബിസ്മാൎക്കിൻെറ സൂത്രങ്ങൾ അവസാനിച്ചില്ല. റഷ്യയുടെ ഗതി സംശയാസ്പദമായിട്ടിരിക്കുന്നു. റഷ്യയേയും കൂടി തൻെറ കുടുക്കിൽ പെടുത്തിയെങ്കിലേ ബിസ്മാൎക്കിനു സമാധാനമുണ്ടാകയുള്ളു. അക്കാലത്തു റഷ്യയിൽ രാജദ്രോഹികൾ ഇളകിപ്പുറപ്പെട്ടു വലിയ വലിയ കലഹങ്ങൾ ചെയ്തുകൊണ്ടിരുന്നു. ബാൾക്കാൻപ്രദേശങ്ങളിൽ തകരാറൊന്നും ഉണ്ടാവാതിരിക്കുന്നതിനു റഷ്യാചക്രവൎത്തി മനസ്സിരുത്തിവന്നു. രാജ്യമെങ്ങും കലങ്ങിയിരിക്കുന്ന ഈ അവസരത്തിൽ ആസ്ത്രിയ ബാൾക്കാനിൽ പ്രവേശിക്കയാണെങ്കിൽ അതിനെ തടുക്കുന്നതിനു റഷ്യക്കു പ്രയാസമായിത്തീരുമെന്നുകണ്ടു ബിസ്മാൎക്കിൻെറ അഭിപ്രായത്തോടു യോജിക്കയാണു ഉത്തമമെന്നു റഷ്യ തീൎച്ചയാക്കി. 1884-ൽ ജൎമ്മനിയും ആസ്ത്രിയയും റഷ്യയും തമ്മിൽ പരസ്പരം ബന്ധുത്വത്തിൽ വൎത്തിക്കണമെന്നു ഉ

ടമ്പടിയെഴുതിവെക്കയും ചെയ്തു. ഇപ്പോൾ ഫ്രാൻസ് ഒരു സഹായവുംകൂടാതെ തനിയേ ആയി. ബിസ്മാർക്കിന്റെ ശ്രമങ്ങൾ പൂർണ്ണമായി ഫലിച്ചു. എങ്കിലും റഷ്യയുടെ ബന്ധുത്വം വീണ്ടും ഇളകിക്കൊണ്ടുതന്നെയാണിരുന്നിരുന്നതു. ബാൾക്കൻ പ്രദേശങ്ങളിൽ തങ്ങളുടെ അധികാരശക്തി പരത്തേണമെന്നാണല്ലോ റഷ്യയുടെ ഉദ്ദേശ്യം. ബൾഗേറിയക്കു സ്വാതന്ത്ര്യം കിട്ടിയകാലം മുതൽ അവിടത്തെ രാജ്യകാര്യങ്ങളിൽ റഷ്യ കൈകടന്നു പ്രവർത്തിച്ചുതുടങ്ങി. ഇതു ആ നാട്ടുകാർക്കു രസമായില്ല. ബൾഗേറിയക്കു തെക്കായുള്ള ദേശങ്ങൾ തുർക്കിയാൽ നിയമിക്കപ്പെടുന്ന ക്രിസ്തുമതസ്ഥനായ ഒരു ഭരണാധികാരിയുടെ കീഴിലായിരിക്കണമെന്നാണല്ലോ മുമ്പു ചെയ്ത നിശ്ചയം. ആ നിശ്ചയവും ആക്ഷേപകരമായിട്ടാണിരിക്കുന്നതു. അവർ തുർക്കിയുമായുള്ള സർവ്വബന്ധങ്ങളിൽനിന്നും അകന്നു ബൾഗേറിയയോടു ചേർന്നു സ്വാതന്ത്ര്യം അനുഭവിക്കണമെന്നു ആശിച്ചുകൊണ്ടു ലഹളകൂട്ടിത്തുടങ്ങി. അവർ അവിടത്തെ ഗവർണ്ണരെ എതിർത്തു ഓടിക്കയും ചെയ്തു. അവരെ അടക്കുവാൻ തുർക്കി പുറപ്പെട്ടപ്പോൾ മഹാശക്തികൾ, അതു ചെയ്യരുതെന്നു തടയുകയും ആ ദേശത്തെ ബൾഗേറിയയോടു ചേർത്തുവിടുകയും ചെയ്തു. ബൾഗേറിയയുടെ രാജ്യം വലുതായപ്പോൾ സേർവ്യക്കു അസൂയതുടങ്ങി. അവർ ചില പുതിയ ദേശങ്ങൾ പിടിച്ചെടുക്കുന്നതിനായി സൈന്യത്തെ അയച്ചു. ബൾഗേറിയ ആ സൈന്യത്തെ എതിർത്തു തോല്പിക്കയും സേർവ്യയുടെ തലസ്ഥാനപട്ടണത്തെക്കൂടിയും ആക്രമിക്കുന്നതിനു ബൾഗേറിയാസൈന്യം പാഞ്ഞുവരികയും ചെയ്തു. ഇതു കണ്ടപ്പോൾ ആസ്ത്രിയ പ്രവേശിച്ചു യുദ്ധം അവസാനിപ്പിച്ചു. ഇതൊന്നും റഷ്യക്കു രസമായിട്ടില്ല. ബാൾക്കൻദേശങ്ങൾ റഷ്യയോടു യാതൊരാലോചനയും ചെയ്യാതെ കാര്യങ്ങൾ നടത്തിവരുന്നതും, അവരുടെ കാര്യത്തിൽ ആസ്ത്രിയ അധികാരം ചെലുത്തുന്നതും കണ്ടു. റഷ്യ നന്നെ മുഷിഞ്ഞുകഴിഞ്ഞു. ആ അവസരത്തിൽതന്നെ ബൾഗേറിയാരാജാവു സ്ഥാനത്തിൽനിന്നൊഴിഞ്ഞു. റഷ്യാചക്രവർത്തിയുടെ ഒരു ബന്ധുവിനെ ആ സ്ഥാനത്തു നിയമിക്കാനായി റഷ്യ പുറപ്പെട്ടു. ആസ്ത്രിയ അതിനെ ആക്ഷേപിച്ചു തടുത്തു. ഇതും റഷ്യക്കു കഠിനമായ മ

നോടുവേദനയ്ക്കു കാരണമായി. ഫ്രാൻസിനോടാണു ചേൎന്നിരുന്നതെന്നിരിക്കിൽ ഈവക കാൎയ്യങ്ങളിൽ നല്ല ഗുണമുണ്ടാകുമെന്നു റഷ്യ വിചാരിച്ചു. എന്നാൽ, ബിസ്മാൎക്ക തന്റെ വലയിൽ റഷ്യയെ കുടുക്കിയിരിക്കുന്നു. 1890-ൽ ഇവർതമ്മിലുള്ള ഉടമ്പടി കാലഹരണപ്പെട്ടു. അതിനെ റഷ്യ പൊളിച്ചെഴുതുകയുണ്ടായില്ല. അതോടുകൂടി റഷ്യ ആസ്ത്രിയയുടെയും ജൎമ്മനിയുടെയും ബന്ധുത്വത്തിൽനിന്നു വേർവിട്ടുപോയി.

## വില്യം ചക്രവൎത്തി.

1888-ൽ വില്യം (രണ്ടാമൻ) ജൎമ്മൻ ചക്രവൎത്തിയായി കിരീടം ധരിച്ചു. ഇദ്ദേഹം വിക്ടോറിയാ മഹാരാജ്ഞിയുടെ മൂത്തമകളുടെ മകനാണു. ചെറുപ്പത്തിൽതന്നെ സൈനികവിദ്യയിൽ വിദഗ്ദ്ധനായിത്തീൎന്നു. തന്റെ വംശത്തേയും തന്റെ രാജ്യത്തേയും ദൈവം പ്രത്യേകം കടാക്ഷിച്ചുവരുന്നുണ്ടെന്ന ദൃഢവിശ്വാസവും ആത്മാഭിമാനവും മനോദാൎഢ്യവും ഇദ്ദേഹത്തിന്റെ കൂടെപ്പിറന്ന സ്വഭാവങ്ങളാണു. "മലകളിളകിലും" ഇദ്ദേഹത്തിന്റെ "മനമിളകുകയില്ല". "തിരുവായക്കെതിർവായില്ലാ" എന്നതു വില്യംചക്രവൎത്തിയുടെ പ്രജകൾക്കു എപ്പോഴും അനുഭവപ്പെടുന്ന ഒരു പഴമൊഴിയാണു. സിംഹാസനസ്ഥനായ ഉടനെതന്നെ മന്ത്രിപ്രവരനായ ബിസ്മാൎക്കുമായി വഴക്കു തുടങ്ങി. ബിസ്മാൎക്കിനു ഒരു ചക്രവൎത്തിയെപ്പോലെതന്നെ അധികാരശക്തിയുണ്ടായിരുന്നു. മററുള്ള മന്ത്രിമാരുമായി കാൎയ്യാലോചന ചെയ്യുന്നതു ബിസ്മാൎക്ക വഴിക്കല്ലാതെ, ചക്രവൎത്തിക്കു നേരിട്ടു അരുതെന്നതു ഒരു വഴക്കമായിത്തീൎന്നിരിക്കുന്നു. ഈ വഴക്കത്തെ വില്യംചക്രവൎത്തി മാററിക്കളഞ്ഞു. തന്റെ സ്വാതന്ത്ര്യത്തിനു ഭംഗംവന്നപ്പോൾ ബിസ്മാൎക്ക മുഷിയുകയും ജോലി രാജിവെച്ചൊഴിയുകയും ചെയ്തു. ജൎമ്മനി രാജ്യത്തെ യൂറോപ്പിൽ

അത്യുൽകൃഷ്ടമായ സ്ഥിതിയിലേക്കുയൎത്തിയ ആ പാശ്ചാത്യചാണക്യൻ ജൎമ്മൻ സാമ്രാജ്യചരിത്രത്തിൽനിന്നു മറഞ്ഞുപോയി. യൂറോപ്പുഖണ്ഡം ലോകത്തിൽ ഉള്ളകാലംവരെക്കും ബിസ്മാൎക്കിന്റെ പേർ ശോഭിച്ചുകൊണ്ടുതന്നെയിരിക്കും. സ്വാതന്ത്ര്യകാൎയ്യത്തിൽ വില്യം ചക്രവൎത്തി അതിർകവിഞ്ഞു പ്രവൎത്തിച്ചുപോയിയെങ്കിലും അദ്ദേഹവും ബിസ്മാൎക്കിനെ ബഹുമാനിക്കതന്നെയാണു ചെയ്തിരുന്നതു. ബിസ്മാൎക്കിന്റെ ശ്രമം യൂറോപ്പിൽ ജൎമ്മനിയുടെനില ഉറപ്പിക്കുന്നതിനായിരുന്നു. വില്യംചക്രവൎത്തി അതുകൊണ്ടുമാത്രം തൃപ്തിപ്പെട്ടില്ല. ലോകംമുഴുവനും ജൎമ്മനിയുടെ അധികാരശക്തി പരക്കണമെന്നു അദ്ദേഹം ആഗ്രഹിക്കുന്നു. ബിസ്മാൎക്കു അന്യരാജ്യങ്ങളെ ജൎമ്മനിയോടു ഇണക്കിച്ചേൎക്കുവാനാണു യത്നിച്ചിരുന്നതു. വില്യംചക്രവൎത്തിയുടെ ശ്രമം ജൎമ്മനിക്കു ശത്രുക്കളെ വൎദ്ധിപ്പിക്കുന്നതായി തീൎന്നു. 1891-ൽ റഷ്യ ഫ്രാൻസിനോടു ചേൎന്നതു ഇതിനുമുമ്പു പറഞ്ഞുവല്ലോ. സ്നേഹഭാവം നടിച്ചുചെന്നുകൊണ്ടു റഷ്യയെ ആപത്തിൽകുടുക്കുവാൻ ജൎമ്മൻചക്രവൎത്തി തുനിഞ്ഞു. റഷ്യയുടെ ശ്രദ്ധമുഴുവനും ഏഷ്യഖണ്ഡത്തിലേക്കു തിരിച്ചുവിടുന്നതായാൽ, റഷ്യ അവിടെ ചൈനയോടും ജപ്പാനോടും മല്ലടിച്ചു കിടന്നുകൊള്ളുമെന്നും, അപ്പോൾ യൂറോപ്പിൽ ജൎമ്മനിക്കു സമാധാനത്തോടുകൂടി കാൎയ്യം നടത്താമെന്നും ജൎമ്മൻചക്രവൎത്തിക്കുതോന്നി. 1895-ൽ ചൈനയും ജപ്പാനും തമ്മിൽ പിണങ്ങുകയും ഘോരമായി പോരാടുകയും ചെയ്തയുണ്ടായി. ആ അവസരത്തിൽ റഷ്യയും ജൎമ്മനിയും കൂടി ജപ്പാനെ ഭയപ്പെടുത്തി മുഖംതിരിപ്പിച്ചയച്ചു. എന്നുതന്നെയല്ലാ, ചൈനയിലെ ഒരു സംസ്ഥാനമായ മഞ്ചൂരിയയിൽ റഷ്യ കൈകടത്തുകയും 1897-ൽ ചൈനയിലെ കയാച്ചോ തുറമുഖത്തെ ജൎമ്മനി വൈകശപ്പെടുത്തുകയും ചെയ്തു. റഷ്യയുടെ ശ്രദ്ധയും ശ്രമവും ഏഷ്യഖണ്ഡത്തിലേക്കു തിരിഞ്ഞുവെന്നു കണ്ടപ്പോൾ ജൎമ്മൻ ചക്രവൎത്തി ബാൾക്കൻ ദേശങ്ങളിൽ പതുക്കെ കൈകടത്തിത്തുടങ്ങി. അദ്ദേഹം സിംഹാസനസ്ഥനായ ഉടനെതന്നെ, അതായതു 1889-ൽ തുൎക്കിസുൽത്താനെ ചെന്നുകാണുകയുണ്ടായിട്ടുണ്ടു. ഒരു ക്രൈസ്തവ രാജാവു തുൎക്കിസുൽത്താനെ ചെന്നുകാണുകയെ

ന്നതു അതിനുമുമ്പു നടന്നിട്ടില്ല. 1898-ൽ വീണ്ടും ജർമ്മൻചക്രവർത്തി തുർക്കി സുൽത്താന്റെ അതിഥിയായിചെന്നു. അക്കാലത്തു തുർക്കിയിലെ ഒരു സംസ്ഥാനമായ അർമീനിയയിൽവെച്ചു ഏതാനും ക്രിസ്ത്യാനികളെ കൊലചെയ്തുവെന്നു പറഞ്ഞു യൂറോപ്പു മുഴുവൻ ക്ഷോഭിച്ചിരിക്കയായിരുന്നു. ഈ അവസരത്തിൽ തുർക്കി സുൽത്താനുമായുള്ള സഖ്യത്തെ ജർമ്മൻ ചക്രവർത്തി ബലപ്പെടുത്തിയതുകണ്ടു മററു രാജാക്കന്മാർക്കു വെറുപ്പുതോന്നി. എന്നാൽ, ജർമ്മനിക്കു ഈ സന്ദർശനംകൊണ്ടു ഗുണംതന്നെയാണുണ്ടായതു. തുർക്കിയിൽ ജർമ്മനിക്കു സ്വാധീനശക്തി വർദ്ധിക്കുന്നതിനും അവിടെ ചില തീവണ്ടിപ്പാതകൾ നീട്ടുന്നതിനും ഏഷ്യയിൽ ജർമ്മനിയുടെ കച്ചവടം വർദ്ധിക്കുന്നതിനും ഇടയായി. ഈ ശ്രമമെല്ലാം കണ്ടു റഷ്യക്കു രോഷംവളർന്നു. അടുത്ത കാലത്തുതന്നെ, ജപ്പാനുമായുള്ള യുദ്ധത്തിൽ ഏഷ്യയിൽ റഷ്യക്കു പുറംകാണിക്കേണ്ടതായിവന്നപ്പോൾ റഷ്യയുടെ ഭാവം തീരെമാറുകയുംചെയ്തു. ജപ്പാൻ ചൈനയോടു യുദ്ധംചെയ്തപ്പോൾ അതിന്റെഫലം അനുഭവിക്കാൻ സമ്മതിക്കാതെ, റഷ്യയും ജർമ്മനിയുംകൂടി തടഞ്ഞതും, എന്നുതന്നെയല്ല, ആ രണ്ടു രാജ്യങ്ങളും ചൈനയിൽ സ്ഥലം പിടിച്ചതും ജപ്പാനെ സംഭ്രമിപ്പിച്ചു. തങ്ങൾക്കു നല്ലൊരു സഹായമില്ലെന്നിരിക്കിൽ ഈ രണ്ടുരാജ്യങ്ങളുംകൂടി തങ്ങളെ നശിപ്പിച്ചുകളഞ്ഞേക്കാമെന്നു ജപ്പാൻ ഭയപ്പെട്ടു. ഇംഗ്ലണ്ടിനെ വല്ലവിധത്തിലും തങ്ങളുടെ പക്ഷത്തിലേക്കു തിരിക്കേണമെന്നു അവർ കരുതിക്കൊണ്ടിരുന്നു. 1900-ത്തിൽ ബ്രിട്ടീഷുകാരും ബോവർമാരും തമ്മിൽ തെക്കെ ആഫ്രിക്കയിൽ യുദ്ധംനടന്നുകൊണ്ടിരിക്കുമ്പോൾ ജർമ്മനിയുടെ ഗതി ബോവർമാർക്കു അനുകൂലമായിട്ടാണിരുന്നതു. ശക്തിതികഞ്ഞ നാവികസൈന്യം അന്നുണ്ടെങ്കിൽ ബ്രിട്ടീഷിനോടെതിർക്കുവാൻ ജർമ്മനി പുറപ്പെടുമായിരുന്നു. അന്നുമുതല്ക്കാണു ജർമ്മനി കപ്പലുകളും കടൽസൈന്യവും വർദ്ധിപ്പിക്കാൻ തുടങ്ങിയതു. ജർമ്മനിയുടെ ഈ ഒരുക്കം കണ്ടപ്പോൾ ഗ്രേറ്റുബ്രിട്ടനും ഒന്നിളകി. മററു സാമന്തരാജ്യങ്ങളെ രക്ഷിക്കുന്നതിന്നു നാവികബലത്തെ പിരിച്ചയക്കുന്നതായാൽ ഇംഗ്ലണ്ടിന്റെ രക്ഷക്കു ഹാനിതട്ടും. ഏഷ്യയിൽ ബ്രിട്ടനുള്ള

ദേശങ്ങളുടെ രക്ഷക്കായി ജപ്പാനുമായി യോജിക്കുന്നതാണു ഉത്തമമെന്നുകണ്ടു. ബോവർയുദ്ധം നടന്നുകൊണ്ടിരുന്ന 1902-ൽ ജപ്പാനും ഗ്രേറബ്രിട്ടനും തമ്മിൽ, പരസ്പരം സഹായിച്ചുകൊള്ളാമെന്നു ഉടമ്പടി നടന്നു. ഈ പിൻബലത്തോടു കൂടി ജപ്പാൻ റഷ്യയെ ആക്രമിച്ചു. 1904-ൽ റഷ്യാ ജപ്പാനോടു തോററു പിന്മാറിപ്പോയി. ജൎമ്മനി ഒരുകൈ നോക്കാൻ ആഗ്രഹിച്ചുവെങ്കിലും അപ്പുറത്തു ഗ്രേററബ്രിട്ടൻ നില്ക്കുന്നതു കണ്ടപ്പോൾ ധൈൎയ്യം വന്നില്ല. ഏഷ്യയിൽ അധികാരശക്തി വൎദ്ധിക്കേണമെങ്കിൽ ജൎമ്മനിയുടെ സഹായംകൊണ്ടു ഒന്നും നടക്കുന്നതല്ലെന്നും, ഗ്രേറബ്രിട്ടനോടു യോജിക്കതന്നെ വേണമെന്നും റഷ്യാ മനസ്സിലാക്കി. ജൎമ്മനിയുടെ ഉദ്ദേശ്യം തങ്ങളെ ആപത്തിൽ കുടുക്കുന്നതിനാണെന്നും റഷ്യക്കു തോന്നി. ജപ്പാനുമായുള്ള യുദ്ധത്തിൽ അപജയപ്പെട്ടതിൽ പിന്നെയാണു റഷ്യ എല്ലാവിഷയത്തിലും ഗണ്യമായ ഉണൎച്ച തുടങ്ങിയതു. സൈന്യശക്തിയെ ക്രമപ്പെടുത്തുകയും ബലപ്പെടുത്തുകയും ചെയ്തു. കപ്പൽപ്പടയെ പരിഷ്കരിച്ചഭിവൃദ്ധിപ്പെടുത്തി. ജൎമ്മനിയുടെയും ആസ്ത്രിയയുടെയും അതിൎത്തിയോടു തൊട്ടുള്ള സ്ഥലങ്ങൾ കോട്ടകൾ കെട്ടി ഉറപ്പിച്ചു. 1907ൽ- റഷ്യയും ഗ്രേറ്ബ്രിട്ടനും തമ്മിൽ പരസ്പരസഹായത്തെ സംബന്ധിച്ച കരാറു നടക്കുകയും ചെയ്തു. ജപ്പാന്റെ മിത്രമായ ഗ്രേറ്ബ്രിട്ടനോടു റഷ്യ യോജിച്ചതുകൊണ്ടു ജപ്പാനുമായുള്ള ശത്രുത്വം മറന്നതുപോലായി. ജപ്പാനോടു യുദ്ധത്തിനു പുറപ്പെടുന്ന കാലത്തുതന്നെ അതു അരുതെന്ന അഭിപ്രായം റഷ്യയിൽ പ്രബലമായി ഉണ്ടായിരുന്നു. "യുദ്ധാവസാനത്തിൽ, ആ ശ്രമം വലിയ തെററായിപ്പോയിയെന്നു എല്ലാവൎക്കും മനസ്സിലായി. റഷ്യയെപ്പോലെതന്നെ ജപ്പാനും ഏഷ്യയിൽ അധികംസ്ഥലം നേടുവാൻ ആഗ്രഹിച്ചിരിക്കയാണു. ചൈനാരാജ്യത്തിന്നു അഭിവൃദ്ധി ഉണ്ടായാൽ റഷ്യക്കും ജപ്പാനും ഒരുപോലെ ആപത്തുണ്ടാവും. ചൈനയെ അടക്കിനിറുത്തുന്നതിനു ജപ്പാനൊടുചേൎന്നു ശ്രമിക്കയാണു ഉത്തമമെന്നു റഷ്യ അറിഞ്ഞു. ജപ്പാന്റെ ബന്ധു റഷ്യയുടെ ബന്ധുവായാൽ ജപ്പാനും റഷ്യയും തമ്മിൽ ഇണക്കമുണ്ടാകുമല്ലോ. ഇതെല്ലാം കരുതിയാണു റഷ്യ ഇംഗ്ലണ്ടുമായി ഉടമ്പടിചെയ്തതു. അന്നുമുതൽ റഷ്യയുടെ ശ്രദ്ധ യു

റോപ്പിലേക്കുതന്നെ തിരിഞ്ഞു. ബാൾക്കാൻ ഖണ്ഡത്തിൽപെട്ട ബോസ്നിയാ, ഹേഴ്സിഗോവിനാ എന്നീ രണ്ടുദേശങ്ങൾ ആസ്ത്രിയയുടെ മേൽനോട്ടത്തിൽ വെച്ചിരിക്കയാണല്ലോ. 1908-ൽ ആ ദേശങ്ങളെ ആസ്ത്രിയ സ്വന്തമാക്കിത്തീൎത്തു. സേർവ്യയും റഷ്യയും ഇതിനെ ആക്ഷേപിച്ചപ്പോൾ അവരുടെനേരേ ജൎമ്മനി കണ്ണുരുട്ടി. തന്മൂലം ആ രണ്ടു രാജ്യങ്ങൾക്കും ജൎമ്മനിയുടെനേരേ അമൎഷം തിങ്ങി.

## ഗ്രേറബ്രിട്ടൻ.

1066-ാമാണ്ടിനിപ്പുറം, അതായതു 849 കൊല്ലങ്ങളായി ഇംഗ്ലണ്ടിൽ ഏതൊരു ശത്രുവിനും കാൽവെക്കാൻ കഴിഞ്ഞിട്ടില്ല. അന്യരാജ്യക്കാർ രണ്ടുതവണ ആക്രമിക്കാൻ പുറപ്പെട്ടുവെങ്കിലും, ഗ്രേറ്റ്ബ്രിട്ടന്റെ ശക്തിതികഞ്ഞ കപ്പൽപ്പടയാൽ ശത്രുക്കൾ പിന്തിരിഞ്ഞുപോയി. നാലുഭാഗവും കടൽ ചൂഴ്ന്നിരിക്കുന്ന ദേശമാണു ഗ്രേറ്റ്ബ്രിട്ടൻ. രാജാധികാരത്തെ സംബന്ധിച്ചും, പ്രജാസ്വാതന്ത്ര്യത്തെസംബന്ധിച്ചും അവിടെ രാജാവും ജനങ്ങളും തമ്മിലും, ചില വൎഗ്ഗങ്ങൾ തമ്മിലും ഇടയ്ക്കിടെ കലഹം നേരിട്ടുകൊണ്ടിരുന്നുവെങ്കിലും, അതും ഗ്രേറബ്രിട്ടന്റെ അഭിവൃദ്ധിക്കു ഹേതുവായിട്ടാണു തീൎന്നതു. അന്യരാജ്യക്കാൎക്കും അവിടെ കൈകടത്തുവാൻ കഴിയാതിരുന്നതിനാൽ, ഗ്രേറബ്രിട്ടൻ നിൎബ്ബാധം ഉയൎന്നുയൎന്നുകൊണ്ടുവന്നു. കടൽക്കച്ചവടം വഴിക്കു രാജ്യസമ്പത്തു അളവുകടന്നു വൎദ്ധിച്ചു. ചുററും കടൽതന്നെയെന്നാലും, യൂറോപ്പിൻ കരയിൽനിന്നു മുപ്പതുനാഴികയിലധികം ദൂരയല്ലാ, ഗ്രേറബ്രിട്ടന്റെ കിടപ്പു. അടുത്തുള്ള വല്ല രാജ്യവും ശക്തിവൎദ്ധിച്ചു ശത്രുവായിത്തീരുവാൻ വഴിയുണ്ടു. ഇതറിഞ്ഞു, ഗ്രേറബ്രിട്ടൻ തന്റെ നാവികശക്തിയെ മറെറല്ലാരാജ്യത്തെക്കാളും വൎദ്ധിപ്പിച്ചുവെച്ചു. സ്പെയിൻ രാജ്യക്കാർ ഒന്നാംതരം കപ്പലുകൾ ധാരാളമായി ഉണ്ടാക്കിച്ചേൎത്തു 1588-ൽ ഇംഗ്ലണ്ടിന്റെനേരേ വന്നു. അവയെയെല്ലാം ബ്രിട്ടീഷു കപ്പൽപ്പ

ട നിശ്ശേഷം നശിപ്പിച്ചുകളഞ്ഞു. 18-ാം നൂററാണ്ടിൽ നെപ്പോളിയൻ ചക്രവൎത്തി പല തവണ എതിൎത്തുനോക്കീട്ടും ഫലമൊന്നുമുണ്ടായില്ല. 1805-ൽ സ്പെയിൻകാരുടെ സഹായത്തോടുകൂടി നെപ്പോളിയൻ അതി ശക്തിയോടെ ചെന്നെതിൎത്തു. ബ്രിട്ടീഷിന്റെ കപ്പൽപ്പടത്തലവനായ നെൽസൻ ആ യുദ്ധത്തിൽ മരിച്ചുപോയിയെങ്കിലും, തോറോടിയതു നെപ്പോളിയൻ തന്നെയാണു. "ഇംഗ്ലീഷു കടലിൽ ഒരു പാലം നിൎമ്മിച്ചുതന്നാൽ ആ ക്ഷണത്തിൽ ഞാൻ ഇംഗ്ലണ്ടിനെ കീഴ്പ്പെടുത്താം" എന്നുപറഞ്ഞു അടങ്ങിയിരിക്കയല്ലാതെ, നെപ്പോളിയന്നു മറെറാരു കഴിവും ഉണ്ടായില്ല. ഇംഗ്ലീഷു കടലിൽ പാലം കെട്ടുന്നതിനു 1910-ൽ ചിലർ ശ്രമിക്കയുണ്ടായി. ജൎമ്മനിയെ സംശയിച്ചു ബ്രിട്ടീഷുകാർ ആ ശ്രമത്തെ വിരോധിച്ചു. കടലിലുള്ള ശക്തിയാണു ഗ്രേററ്ബ്രിട്ടന്റെ ജീവൻ. മൈസൂർ രാജാവായിരുന്ന ഹൈദർ ആലി ഇംഗ്ലീഷു സൈന്യത്തെ പലതവണ അപജയപ്പെടുത്തിയെങ്കിലും, "ഇംഗ്ലീഷിന്റെ ശക്തിയെ ഭൂമിയിൽ നിന്നു മാച്ചുകളയാമെന്നിരുന്നാലും, കടലിനെ വററിക്കുന്നതിനു എനിക്കു കഴുകയില്ലല്ലോ" എന്നു ഒടുക്കം അദ്ദേഹം നൈരാശപ്പെടുകയാണുണ്ടായതു. കടലിലാണു ബ്രിട്ടന്റെ ശക്തി മുഴുവൻ കിടക്കുന്നതു. നാവിക ബലമാണു ബ്രിട്ടന്റെ സൎവ്വാഭിവൃദ്ധിക്കും ആധാരം. മററു രണ്ടു രാജ്യങ്ങൾക്കുള്ളതിലധികം നാവികബലം ബ്രിട്ടന്നുണ്ടായിരിക്കണമെന്നാണു നിശ്ചയം. രണ്ടു രാജ്യങ്ങൾ ചേൎന്നു എതിൎക്കുന്നതായാലും തോൽമ പററാതിരിക്കണമെന്നു കരുതിയാണു അങ്ങിനെ നിശ്ചയിക്കുരിക്കുന്നതു. ഈ ഊക്കേറിയ കപ്പൽപ്പടയെക്കൊണ്ടു ഗ്രേറബ്രിട്ടൻ ഭൂഗോളത്തിലെ നാനാഭാഗങ്ങളിലും സ്ഥലംപിടിച്ചു നിലയുറപ്പിച്ചു ലോകമെങ്ങും കച്ചവടം പരത്തുകയുംചെയ്തു. ഇതെല്ലാം കണ്ടു ബ്രിട്ടനോടു മത്സരിക്കാൻ ജൎമ്മനി പുറപ്പെട്ടു. ബ്രിട്ടനോടൊപ്പം കപ്പൽപ്പട വൎദ്ധിപ്പിക്കാനാണു ജൎമ്മനി തുടങ്ങിയതു. ഒട്ടും പിന്മാറാതെതന്നെ ബ്രിട്ടൻ ജൎമ്മനിയോടും മത്സരിച്ചുകൊണ്ടുവന്നു. ജൎമ്മനിക്കു ഒരുഭാഗത്തുമാത്രമേകടലുള്ളു. അതുകൊണ്ടു എല്ലാകപ്പലുകളെയും ഒരേ ഭാഗത്തു ചേൎത്തു നിൎത്തുന്നതിനു കഴിയും. ബ്രിട്ടന്നു നാലുഭാഗവും കപ്പലുകൾ നിരത്തണം. പുറമേ, നാ

നാഭാഗങ്ങളിലും ചിതറിക്കിടക്കുന്ന സാമന്തരാജ്യങ്ങളെയെല്ലാം രക്ഷിക്കയുംവേണം. ജപ്പാനുമായുള്ള ബന്ധംകൊണ്ടു ഏഷ്യയുടെ രക്ഷയിൽ ബ്രിട്ടന്നു സമാധാനമുണ്ടു. ഫ്രാൻസിനോടും യോജിക്കുന്നതായാൽ, യൂറോപ്പിലെ നിലയും നല്ലവണ്ണം ഉറപ്പിക്കാമെന്നുകണ്ടു. ഫ്രാൻസു 1370-ൽ ജർമ്മനിയോടു തോററ മാറിയതിൽപ്പിന്നെ, പലവഴികളും അഭിവൃദ്ധിക്കായി ശ്രമിച്ചു തുടങ്ങിയിരിക്കയാണു. ആഫ്രിക്ക മുതലായ അന്യരാജ്യങ്ങളിൽ വലിയ ദേശങ്ങൾ സ്വാധീനപ്പെടുത്തിക്കൊണ്ടു ഫ്രാൻസു തൻെറ ശക്തിയെ വദ്ധിപ്പിച്ചുവന്നു. അതേ ശ്രമംതന്നെ ജർമ്മനിയും ചെയ്തുതുടങ്ങി. ജർമ്മനിയും ചിലദേശങ്ങൾ അന്യരാജ്യങ്ങളിൽ സമ്പാദിച്ചു. തൻെറ ദേശങ്ങളെ ജർമ്മനി ആക്രമിച്ചേക്കാമെന്നു ഫ്രാൻസിനു തോന്നിത്തുടങ്ങി. ആവക ദേശങ്ങളിലേക്കു തൻെറ കപ്പൽപ്പടയെ പിരിച്ചയയ്ക്കാമെന്നുവെച്ചാൽ, ഫ്രാൻസിൻെറ സ്വന്തം രക്ഷയ്ക്കു ഹാനിനേരിടും. അതുകൊണ്ടു, ഗ്രേറബ്രിട്ടനോടു യോജിക്കുവാൻ കഴിഞ്ഞാൽ ഉത്തമമായിരിയെന്നു ഫ്രാൻസും മനസ്സിലാക്കി. ഇങ്ങിനെ രണ്ടുരാജ്യങ്ങളുടെയും മനോഭാവം ഒരേ നിലയിൽ വരികയാൽ, 1904-ൽ ഗ്രേറബ്രിട്ടനും ഫ്രാൻസും തമ്മിൽ ചില കരാറുകൾപ്രകാരം ബന്ധുക്കളായിത്തീൎന്നു. ഈ രണ്ടു രാജ്യങ്ങളുടെയും ഇടയിലായിട്ടാണു ഇംഗ്ലീഷുകടലിൻെറ കിടപ്പു. ആ കടലിനെയും, കടലോരമായുള്ള ഫ്രഞ്ചുഭൂമിയെയും സൂക്ഷിച്ചു രക്ഷിക്കുന്നതിനു ബ്രിട്ടൻ കയ്യേററു. ഫ്രാൻസിൻെറ തെക്കായുള്ള മെഡിററേനിയൻ കടലിനെ രക്ഷിക്കേണ്ടഭാരം ഫ്രാൻസും വഹിച്ചു. ഈ കടൽ യൂറോപ്പിൽനിന്നു ഏഷ്യയിലേക്കുള്ള വഴിയാണു. കടലിൻെറ തെക്കു ആഫ്രിക്കയും, കിഴക്കു ഏഷ്യയും, വടക്കു യൂറോപ്പും കിടക്കുന്നു. ഇവിടെ അധികം അധികാരശക്തി ബ്രിട്ടന്നാണു. ശത്രുക്കൾ പ്രവേശിക്കാതെ ആ കടലിനെ രക്ഷിച്ചുകൊണ്ടിരിക്കേണ്ടതു ബ്രിട്ടൻെറ ക്ഷേമത്തിനു ഒഴിച്ചുകൂടാത്തതാണു. ഈ ഭാരം ഫ്രാൻസു വഹിച്ചപ്പോൾ ബ്രിട്ടന്നു നല്ല സമാധാനമായി. ആഫ്രിക്കയിൽ മെഡിററേനിയൻ കടൽക്കരയിലായി, പടിഞ്ഞാറ മൊറോക്കോദേശവും, കിഴക്കു ഈജിപ്തുദേശവും കിടക്കുന്നു. ഇതുരണ്ടും ആ കടലിനു കിഴക്കും പടിഞ്ഞാറുമുള്ള രണ്ടു വാ

തിൽ പോലെയാണ. മൊറോക്കോ പ്രാൻസിന്റെയും, ഈജിപ്പ് ബ്രിട്ടന്റെയും വകയായിത്തീന്നതിനാൽ, ഇവരുടെ അനുമതികൂടാതെ വേറെയാക്കും ആവഴിക്കു കടക്കുവാൻ കഴികയില്ല. മൊറോക്കോവിന്റെ ഭാഗത്തു ജിബ്രാൾട്ടർതോട്ടും, ഈജിപ്പിന്റെ ഭാഗത്തു സൂവെസ്സുതോട്ടമാണ ഈ കടലിലേക്കു, അപ്പുറത്തുള്ള സമുദ്രത്തിൽനിന്നു കടന്നുവരുവാനുള്ള ഇടുക്കുവഴികൾ. പ്രാൻസുമായുള്ള ബന്ധംകൊണ്ടു യൂറോപ്പിൽ ഉറച്ച നില കിട്ടിഎന്നു കണ്ടതിൽപ്പിന്നെ, ബ്രിട്ടൻ ഏഷ്യയെ സംബന്ധിച്ച ഗുണകരമായ ചില ഏപ്പാടുകൾ ചെയ്തു. ഇന്ത്യയുടെ വടക്കുപടിഞ്ഞാറായി പേർഷ്യാ, അഫ്ഘാനിസ്ഥാൻ എന്നീദേശങ്ങൾ കിടക്കുന്നു. ശത്രുക്കൾക്കു ശക്തി വദ്ധിക്കുന്നതായാൽ, ഇന്ത്യക്കു ആപത്തായിത്തീരും. റഷ്യയും ബ്രിട്ടനുംതമ്മിൽ ആ രാജ്യങ്ങളെ സംബന്ധിച്ച ചില കരാറുകൾ ചെയ്തു ഇന്ത്യയുടെ നിലയും ഉറപ്പിച്ചു. അതിൻമുമ്പു പേർഷ്യാരാജ്യത്തെ വശപ്പെടുത്തുവാൻ റഷ്യ ശ്രമിച്ചിരുന്നു. ഈ കരാറിനുശേഷം ബ്രിട്ടന്റെ അനുമതിയോടുകൂടിയല്ലാതെ, പേർസ്യയിൽ റഷ്യക്കു കൈകടത്തുവാൻ പാടില്ലെന്നായി. റഷ്യാ, പ്രാൻസു, ബ്രിട്ടൻ എന്നീമൂന്നുരാജ്യങ്ങൾ തമ്മിൽ ത്രിബന്ധുത എന്ന ബന്ധംകൊണ്ടു കൂടിച്ചേന്നു നിന്നപ്പോൾ അതു മഹത്തായൊരു ശക്തിയായിത്തീന്നു. എന്നാൽ, ത്രിബന്ധുതയ്ക്കും ആസ്ത്രിയയും ഇററലിയും ജമ്മനിയും തമ്മിലുള്ള ത്രിസഖ്യത്തിനും തമ്മിൽ വലിയൊരു വ്യത്യാസമുണ്ടു. ത്രിസഖ്യംകൊണ്ടു, യുദ്ധം നേരിടുമ്പോൾ പരസ്പരം സൈന്യസഹായം ചെയ്യണമെന്നു നിശ്ചയിച്ചിരിക്കുന്നു. ത്രിബന്ധുതകൊണ്ടു വേണമെങ്കിൽ സൈന്യസഹായം ചെയ്യാമെന്നല്ലാതെ നിർബ്ബന്ധമില്ല; അവർ പരസ്പരം ശത്രുക്കളാവരുതെന്നേയുള്ളു. പ്രാൻസിന്റെ സഹായബലവും അഭിവൃദ്ധിയും കണ്ടു ജമ്മനിക്കു അസൂയ വളന്നു. ആഫ്രിക്കയിൽ മെഡിറററേനിയൻ കടലോരമായുള്ള പ്രഞ്ചുദേശത്തെ ആക്രമിക്കുന്നതിനായി 1911-ൽ ജമ്മനി പുറപ്പെടുകയുണ്ടായി. അപ്പോൾ, ബ്രിട്ടൻ പ്രാൻസിനു തുണനിന്നതിനാൽ ജമ്മനി പിന്മാറിപ്പോയി. 1912-ൽ ചൈനയിൽ രാജാവും ജനങ്ങളും തമ്മിൽ കലഹം നേരിടുകയും, ജനങ്ങൾ ജയിച്ചു അവിടെ ജനാ

ധിപത്യം സ്ഥാപിക്കയും ചെയ്തപ്പോൾ, ചൈനയുടെവക മംഗോളിയയിൽ റഷ്യക്കും, തിബത്തിൽ ബ്രിട്ടനും ചില അവകാശങ്ങൾ കിട്ടി. ജൎമ്മനി ഇതെല്ലാംകണ്ടു മുകറു വീൎപ്പിച്ചതല്ലാതെ, മറെറാന്നിനും കഴിഞ്ഞില്ല.

## തുൎക്കിയും ബാൾക്കാൻദേശങ്ങളും

ഫ്രാൻസിൽ പാൎത്തുവന്നിരുന്ന ചില ചെറുപ്പക്കാരായ തുൎക്കികൾചേൎന്നു 1908-ൽ പാരീസ്സു പട്ടണത്തിൽ ഒരു സംഘം സ്ഥാപിച്ചു. തുൎക്കിരാജ്യത്തിലെ ഭരണതന്ത്രത്തെപ്പററി വിചിന്തനംചെയ്യുക, രാജ്യമെങ്ങും നവീനാശയംപരത്തി സ്വാതന്ത്ര്യബോധം വളൎത്തുക എന്നിതുകളാണു ആ സംഘത്തിന്റെ ഉദ്ദേശ്യങ്ങൾ. ഈ വിഷമഘട്ടത്തിൽ ഇവരുടെ ഉദ്ദേശ്യമൊന്നും നിവൃത്തിയാകുവാൻ തരമുള്ളതല്ലെന്നു പലരും ആക്ഷേപിച്ചു. ഏഷ്യയിൽ ജപ്പാന്നു നവീനഭാവങ്ങളാൽ ഇത്രവളരെ അഭിവൃദ്ധിയുണ്ടാകാമെങ്കിൽ, ആ അഭിവൃദ്ധി തുൎക്കിക്കു ഉണ്ടായിക്കൂടെന്നുണ്ടോ എന്നാണു ഈ സംഘത്തിന്റെ ചോദ്യം. ഇററലിയിൽ മെസ്സിനി എന്നപോലെ ഇവർ "യുവതുൎക്കി" എന്ന സംഘംവഴിക്കു തുൎക്കിരാജ്യമെങ്ങും നവീനാശയങ്ങൾ പരത്തിക്കൊണ്ടുവന്നു. രാജ്യത്തിൽ ക്ഷോഭമുണ്ടാക്കിവിടുന്നതിനു സൈന്യസഹായംകൂടാതെ കഴികയില്ലെന്നു യുവതുൎക്കികൾ അറിഞ്ഞു. കാൎയ്യസാദ്ധ്യത്തിനു കൊലചെയ്യുന്നതായാലും ദോഷമില്ല എന്നുള്ള മെസ്സിനിയുടെ അഭിപ്രായത്തെ ഇവർ അംഗീകരിച്ചില്ല. ദുഷ്കൃത്യങ്ങൾകൊണ്ടു, തങ്ങളുടെ ഉദ്ദേശ്യങ്ങളിലും ശ്രമങ്ങളിലും അന്യരാജ്യക്കാൎക്കു അനുകമ്പയില്ലാതെ വന്നേക്കാമെന്നു ഇവർ മനസ്സിലാക്കി. 1908-ൽ തുൎക്കിയുടെ നില ഏറെ കുഴപ്പത്തിലായിരുന്നു. അന്നു തുൎക്കിയുടേതായിരുന്ന ബാൾക്കാൻ ദേശങ്ങളിൽ ജാസ്തിയായി നികുതി ചുമത്തിയും കഠിനനിയമങ്ങൾകൊണ്ടു ജനസ്വാതന്ത്ര്യത്തെ ഹനിച്ചും വലിയ കലഹമുണ്ടാക്കിത്തീൎത്തു. ഈസ്ഥിതികണ്ടു

യുവതുൎക്കികൾ പാരീസ്സിൽനിന്നു മാറി, ബാൾക്കാൻ ദേശത്തിൽപ്പെട്ട സലോണിക്കാപട്ടണത്തിൽവന്നു ചേൎന്നു. അവിടെവെച്ചു അവരുടെ സംഘത്തിൽ പല സേനാപതികളും അംഗങ്ങളായിക്കൂടി. മറ്റു രാജ്യങ്ങളെപ്പോലെ ജനപ്രതിനിധികളടങ്ങിയ പാൎല്യമെണ്ടുനാൽ രാജ്യഭരണം നടത്തപ്പെടുന്നതുപോലെയാവണം തുൎക്കിയിലുമെന്നും, അപ്പോഴേ ജനക്ഷേമവും ജനസ്വാതന്ത്ര്യവും വൎദ്ധിക്കയുള്ളുവെന്നും ഈ സംഘം ബഹുജനങ്ങളെ ഗ്രഹിപ്പിച്ചു. മേജർ അൻവർബെ, മേജർന്യാസിബെ എന്നിരുവർ സംഘത്തിലെ നേതാക്കന്മാരായി. 1908 ജൂലായി 23-ാംനു സലോണിക്കയിൽ പരസ്യമായി പാൎല്യമെണ്ടു സ്ഥാപിക്കുന്നതാണെന്നു പ്രസ്തുതസംഘം വിളംബരപ്പെടുത്തി. ബഹുജനങ്ങളധികവും ഈ ശ്രമത്തോടു യോജിച്ചു. ഇതെല്ലാം കണ്ടപ്പോൾ തുൎക്കിസുൽത്താനായ അബ്ദുൾഹമീദ് യുവതുൎക്കികളുടെ അഭിപ്രായത്തെ ആദരിക്കുവാൻ തയാറായി. ഉടൻതന്നെ രാജ്യഭരണത്തിൽ പല പരിഷ്കാരങ്ങളും നടപ്പിലാക്കുകയും ചെയ്തു. 1909-ൽ അബ്ദുൽ ഹമീദിന്റെ അഭിപ്രായം ഒട്ടൊട്ടു മാറിത്തുടങ്ങി. വീണ്ടും, സ്വേച്ഛാധികാരം പ്രയോഗിച്ചു ജനസ്വാതന്ത്ര്യത്തെ ഹനിച്ചുകൊണ്ടുള്ള പഴയ രാജ്യഭരണതന്ത്രത്തെ അദ്ദേഹം പിന്തുടൎന്നു. യുവതുൎക്കികൾ ഇതുകണ്ടു ക്രോധിക്കയും, അവർ തുൎക്കിതലസ്ഥാനമായ കൺസ്റ്റാണ്ടിനോപ്പിൾ പട്ടണത്തെ ആക്രമിച്ചു സ്വാധീനപ്പെടുത്തി അബ്ദുൽ ഹമീദിനെ സ്ഥാനഭ്രഷ്ടനാക്കി അയയ്ക്കയും ചെയ്തു. അദ്ദേഹത്തിന്റെ സഹോദരനായ അഹമ്മദ് അഞ്ചാമനെ സിംഹാസനസ്ഥനാക്കി അന്നുമുതൽ യുവതുൎക്കികൾ ഒളിവിലിരുന്നു പ്രവൎത്തിക്കുന്നതു വിട്ടു വെളിവിൽവന്നു രാജ്യഭരണകാൎയ്യത്തിൽ നിൎബ്ബാധം പ്രവൎത്തിച്ചുതുടങ്ങി. തുൎക്കിജനങ്ങളെ ഉറക്കത്തിൽനിന്നു ഉണൎത്തിവിട്ടതു ഈ സംഘംതന്നെയാണു. തുൎക്കിരാജ്യത്തു സ്വാതന്ത്ര്യബോധം പരത്തിയതും ഈ സംഘംതന്നെ. എന്നാൽ, രാജ്യഭരണത്തെ ക്രമപ്പെടുത്തുകയും പരിഷ്കരിക്കയും ചെയ്യുന്ന കാൎയ്യത്തിൽ ഇവരുടെശ്രമം തൃപ്തികരമായിവന്നില്ല. ജൎമ്മനിയുടെ സഹായത്തോടുകൂടി സൈന്യബലത്തെ വൎദ്ധിപ്പിക്കുന്നതിനു യുവതുൎക്കികൾ ഉത്സാഹിച്ചുകൊണ്ടി

രുന്നു. ഇതിനകം ബാൾക്കാൻദേശങ്ങളുടെ സ്ഥിതി ഏററം വിഷമമായിത്തീൎന്നു. തുൎക്കിഗവൎമ്മെണ്ടിന്റെ ഭരണത്തിൽ അവിടത്തെ ജനങ്ങൾക്കു അതൃപ്തിയും വെറുപ്പും മുഴുത്തു. ആസ്ത്രിയയും റഷ്യയും ബാൾക്കാൻദേശങ്ങളിൽ ആഗ്രഹം വെച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. അന്യരാജ്യങ്ങളെ സന്തോഷിപ്പിച്ചും ബാൾക്കാൻ ജനങ്ങളെ സമാധാനിപ്പിച്ചുംകൊണ്ടു അവിടത്തെ ഭരണം നിൎവ്വഹിക്കുകയെന്നതു എത്രയും കഷ്ടസാദ്ധ്യമായി. സ്വന്തംദേശം ഇനിയും നിലപ്പെട്ടിട്ടില്ലതാനും. ഇതെല്ലാംകണ്ടു യുവതുൎക്കികളുടെ ഗതി സമാധാനകരമായിരിക്കുന്നില്ലെന്നു ആക്ഷേപിക്കയും, യുവതുൎക്കിസംഘത്തിൽ നിന്നു ചിലരും വേറെപലരുംചേൎന്നു ഉൽപതിഷ്ണുസംഘം എന്നൊന്നു പുതുതായി സ്ഥാപിക്കയുംചെയ്തു. ജപ്പാന്നു യുറോപ്പിൽ കരംഗുലമെങ്കിലും സ്ഥലമില്ലെന്നിരുന്നിട്ടും ഏഷ്യയിൽ നിന്നുകൊണ്ടു തന്നെ ആ രാജ്യം ഇത്രവളരെ അഭിവൃദ്ധിപ്പെട്ടിരിക്കുന്നതിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു ഉൽപതിഷ്ണുസംഘം തുൎക്കിജനങ്ങളിൽ മറെറാരു പുതിയ അഭിപ്രായത്തെ ഇളക്കിവിട്ടു. യൂറോപ്പിലേക്കു നീണ്ടുകിടക്കുന്ന ബാൾക്കാൻദേശങ്ങളെ തുൎക്കിഗവൎമ്മെണ്ടു വിട്ടുകളയണമെന്നും, ആ ദേശങ്ങൾ കൈവശം വെച്ചുകൊണ്ടിരിക്കുന്നിടത്തോളം കാലം തുൎക്കിക്കു സ്വൈൎയ്യമുണ്ടാകയില്ലെന്നും ഈ പുതിയസംഘം വാദിച്ചു. തുൎക്കിക്കു ഏഷ്യാഖണ്ഡത്തിൽ തന്നെ പല ദേശങ്ങളും നീണ്ടു പരന്നുകിടക്കുന്നുണ്ടു. ഇവിടെയെല്ലാം കൃഷിയും കൈത്തൊഴിലും വൎദ്ധിപ്പിച്ചു രാജ്യത്തെ സമ്പൽസമൃദ്ധമാക്കുകയാണു വേണ്ടതു. വിദ്യാഭ്യാസം പരത്തുക, വച്ചവടം വളൎത്തുക, തീവണ്ടിപ്പാതകൾ നീട്ടുകഎന്നിങ്ങനെ പല വഴിക്കും രാജ്യത്തെ അഭിവൃദ്ധിപ്പെടുത്തേണ്ടതായുണ്ടു. ഇതിലൊന്നിലും ശ്രദ്ധയില്ലാതെ, ബാൾക്കാൻദേശങ്ങൾക്കുവേണ്ടി മല്ലിടുവാൻ ശ്രമിക്കുകയാണെങ്കിൽ, ഒടുക്കം ആ ദേശങ്ങൾ കൈവിട്ടുപോകുന്നതിന്നു പുറമെ, സ്വന്തംദേശം ക്ഷീണിച്ചധഃപതിക്കയും ചെയ്യും. ഉള്ളതുകൊണ്ടു തൃപ്തിപ്പെട്ടു അതിനെ സൎവ്വോത്തമമാക്കിത്തീൎക്കുന്നതായാൽ, അതുതന്നെയാണു തുൎക്കിക്കു ഭാവിയിൽ ക്ഷേമകരമായിവരിക. ഉൽപതിഷ്ണുസംഘത്തിന്റെ ഈവക അഭിപ്രായങ്ങളെ യുവതുൎക്കികൾ ആദരിച്ചില്ല. ബാൾക്കാൻദേശങ്ങളെ ഒരിക്കലും വിട്ടുകൊടുക്ക

യില്ലെന്നു അവർ ശഠിച്ചു. അതുകൊണ്ടു, ഇവർതന്നെയാണു തുക്കിയെ പലയുദ്ധങ്ങളിലും വലിച്ചിട്ടു കഷ്ടപ്പെടുത്തിയതു. ആഫ്രിക്കയിൽ മെഡിറ്ററേണിയൻ കടലോരത്തു ട്രിപ്പോളി എന്നൊരു ദേശം തുക്കിയുടെ വകയായുണ്ടു- അതിനെ 1912-ൽ ഇററലി ആക്രമിച്ചു. ഇററലിയും തുക്കിയും ഒരുപോലെ ജമ്മനിക്കു ചങ്ങാതികളാകയാൽ ഇവർ തമ്മിലുള്ള യുദ്ധത്തിൽ എന്തുവേണമെന്നറിയാതെ ജമ്മനി അടങ്ങിയിരുന്നു. യുദ്ധത്തിൽ തുക്കി തോററുപോയി. ട്രിപ്പോളി ഇററലിക്കു അധീനമാകയും ചെയ്തു. അക്കൊല്ലംതന്നെ, ബാൾക്കാൻ ദേശങ്ങൾ യോജിച്ചു തുക്കിഗവമ്മേണ്ടിനെ എതൃത്തു. ഇററലിയോടു യുദ്ധംചെയ്തു ക്ഷീണിച്ചിരിക്കുന്ന തുക്കിക്കു ബാൾക്കാൻദേശങ്ങളെ തടുത്തു നിത്തുവാൻ കഴിഞ്ഞില്ല. അതുകൊണ്ടു അവിടേയും അവക്കു തോൽമയാണു പററിയതു. ബാൾക്കാൻദേശക്കാർ സ്വാതന്ത്ര്യരായപ്പോൾ അവർ തമ്മിൽ വഴക്കായി. 1913-ൽ സെർവ്യാ, മൊണ്ടിനിഗ്രൊ, ഗ്രീസ്, രുമേനിയാ എന്നീ ദേശങ്ങളും ബൾഗേറിയയുംതമ്മിൽ യുദ്ധം തുടങ്ങി. ഒടുക്കം അവർ തമ്മിൽതമ്മിൽതന്നെ സമാധാനപ്പെടുകയും ചെയ്തു. ആ അവസരത്തിൽ ജമ്മനിയും റഷ്യയും തമ്മിൽ ഒന്നു മുരണ്ടുനോക്കി- എന്നാൽ, ഇററലിയും ഇംഗ്ലാണ്ടും അശ്രദ്ധരായിരിക്കുന്നതു കണ്ടിട്ടു ജമ്മനിക്കാവട്ടെ, റഷ്യക്കാവട്ടെ, മുന്നോട്ടു കുതിക്കുവാൻ ധൈര്യമുണ്ടായില്ല. ആ യുദ്ധം കഴിഞ്ഞ ഉടനെ, അതിന്റെ ഫലമായി കിട്ടിയ ദേശങ്ങളെ പങ്കിട്ടകൂട്ടത്തിൽ, അൽബേനിയാദേശം എന്നൊന്നു പുതുതായി സൃഷ്ടിക്കയും, അതിൽ ആസ്റ്റ്രിയയ്ക്കു അധികാരം കിട്ടുകയും ചെയ്തു. അൽബേനിയയുടെ കിടപ്പു് അഡ്രിയാററിക്കു കടലിന്റെ കിഴക്കെക്കരയിലാണു. പടിഞ്ഞാറെ കരയിലാണല്ലൊ ഇററാലി. ഈ ഏപ്പാടു ഇററലിക്കു രസമായില്ല. അഡ്രിയാററിക്കു കടൽ ഇററലിക്കു സ്വന്തമായിരിക്കേണമെന്നു വിചാരിച്ചിരിക്കെ, അതിലെ ഒരുഭാഗം മറെറാരു രാജ്യത്തിനു വശപ്പെടുന്നതു ഇററലിക്കു സമ്മതമായില്ല. തന്റെ കൂട്ടുകാർ തമ്മിൽ കലഹിക്കുന്നതു കണ്ടു, ജമ്മനി മദ്ധ്യത്തിൽ പ്രവേശിച്ചു, ഇരുകൂട്ടക്കും അൽബേനിയയിൽ അധികാരമുണ്ടെന്നു വ്യവസ്ഥപ്പെടുത്തി അവരെ സമാധാനിപ്പിച്ചു. ഇംഗ്ലാണ്ടും ഫ്രാൻസും ഇതെല്ലാം കണ്ടു

കൊണ്ടിരുന്നു ഒടുവിൽ കാര്യത്തിൽ കയ്യിട്ടു. ഇററലി, ആസ്രിയാ, റഷ്യ, തുക്കി എന്നീ നാലു രാജ്യങ്ങളും ബാംക്കാൻദേശങ്ങളിൽ കൈവെച്ചുകൊണ്ടിരിക്കുന്നുണ്ടു. ഇവരിലാക്കും പ്രത്യേകം അധികാരശക്തി ഉണ്ടായിക്കൂടാ. ഇപ്പോഴത്തെ നിലയിൽ വിട്ടുവിടുന്നതായാൽ റഷ്യക്കു അവിടെ ശക്തിവദ്ധിച്ചേക്കാം. മെഡിററേണിയൻ കടലോരത്താണു ബാംക്കാൻ ദേശങ്ങൾ. അവിടെ ഏതെങ്കിലുമൊരു രാജ്യം പൂണ്ണശക്തിയോടു കൂടിയിരുന്നാൽ, മെഡിററേണിയൻ കടലിൽ ബ്രിട്ടനുള്ള അവകാശത്തിനു ഹാനിവന്നേക്കാം. ബാംക്കാൻ ദേശങ്ങളെ ആഗ്രഹിക്കുന്ന നാലു രാജ്യങ്ങൾക്കും അവിടെ സമാവകാശമുണ്ടാക്കിത്തീത്താൽ അവക്കാക്കും അധിക ശക്തി ഉണ്ടായി വരികയില്ല. ഇങ്ങിനെയാണു ബ്രിട്ടന്റെ വരവു. ഫ്രാൻസിന്റെ ആനുകൂല്യത്തോടുകൂടി ഗ്രേറബ്രിട്ടൻ ബാംക്കാൻ ദേശങ്ങളെ സംബന്ധിച്ചു, ചില പുതിയ വ്യവസ്ഥകൾചെയ്തു. യൂറോപ്പിലെ അഡ്രിയാനോപ്പിൾ എന്ന പട്ടണംവരെയുള്ള സ്ഥലങ്ങൾ തുക്കിക്കു വിട്ടുകൊടുത്തു. സ്ലാവുജാതിയല്ലാത്ത ഗ്രീസുരാജ്യക്കാക്കു സലോനിക്കാ തുറമുഖവും വേറേ ചില ദ്വീപുകളും പകുത്തുവെച്ചു. മററുദേശങ്ങളെ സംബന്ധിച്ചു ഗ്രേറുബ്രിട്ടൻ ചെയ്തതിൽ തുക്കിക്കു ആക്ഷേപമൊന്നുമില്ല. ഏജിയൻ കടലിലെ മുഖ്യ തുറമുഖമാണു സലോനിക്ക. തുക്കിക്കു യൂറോപ്പിലേക്കുള്ള പടിവാതിൽ ഇതാണു. ആ കടലിലെ പല ദ്വീപുകളും ഗ്രീസിനു കൊടുക്കയും കൂടി ചെയ്തപ്പോൾ തുക്കിക്കു യൂറോപ്പിലുള്ള സ്ഥാനത്തിനു വിലയും നിലയുമില്ലാതായിപ്പോയി. ഇതോത്തു തുക്കിക്കു അത്യധികം സങ്കടം നേരിട്ടു. ശക്തിയിരുന്ന കപ്പൽപ്പടയൊന്നു ഉണ്ടായാൽ മേലിലെങ്കിലും തങ്ങളുടെ നിലയ്ക്കു ഉയച്ചകിട്ടുമെന്നു തുക്കികൾ അറികയും അതിനായി അവർ ശ്രമം തുടങ്ങുകയും ചെയ്തു. ഇക്കാര്യത്തിൽ മാത്രം ആ രാജ്യത്തിലെ രണ്ടു കക്ഷികളും ഒരേ അഭിപ്രായക്കാരാണു. ബാംക്കാൻ യുദ്ധംകൊണ്ടു തുക്കിക്കു യൂറോപ്പിലെ അവകാശം ക്ഷയിച്ചുപോയതിനു പുറമേ, സേർവ്യയും ആസ്രിയയും തമ്മിൽ ദ്വേഷം വദ്ധിക്കയും ചെയ്തു. അൽബേനിയയെ സേർവ്യയും മോണ്ടിനിഗ്രോയും കൂടി പങ്കിട്ടെടുക്കാമെന്നാണു കരുതിയിരുന്ന

ത്തു. ആസ്ത്രിയാ ജ്യത്തിൽ പ്രവേശിക്കാൻ അവർക്കു അതിനു കഴിയാതായി. ബൾഗേറിയയോടു മററു ബാൾക്കാൻ ദേശങ്ങൾക്കു യുദ്ധം ചെയ്യേണ്ടിവന്നതു, ആസ്ത്രിയ ബൾഗേറിയയെ പ്രേരിപ്പിക്കയാലാണെന്നു മററൊരു കുററംകൂടി ഇവർ ആസ്ത്രിയയുടെ പേരിൽ ചുമത്തി. സ്ലാവുജനങ്ങൾക്കു ഒരു ഇടുങ്ങിയ ഭാഗത്തു തിക്കിക്കൂടി കഴിയേണ്ടതായി വന്നിരിക്കുന്നു. ആ ജനങ്ങൾ നിവസിക്കുന്ന ദേശങ്ങൾ അധികവും ആസ്ത്രിയയുടെ അധീനതയിലാണു. ആസ്ത്രിയാസാമ്രാജ്യത്തിൽ തെക്കുകിഴക്കു സേർവ്യയുടെ സമീപം രണ്ടുകോടിയിലധികം സ്ലാവുകാരുണ്ടു. ഇവർക്കിടയിലിടയിൽ മററുജാതിക്കാർ വന്നുകൂടിയിരിക്കുന്നതിനാൽ, സ്ലാവുജനങ്ങൾക്കു ഒരുമിച്ചു നില്ക്കുവാൻ സാധിക്കുന്നില്ല. തങ്ങളുടെ ജാതിക്കാർ ആസ്ത്രിയയിൽ കിടന്നു ഇങ്ങിനെ ക്ഷീണിച്ചുപോകുന്നതു കണ്ടു അവരെയെല്ലാം ഒരുമിപ്പിച്ചു ഒരേ ശക്തിയാക്കിത്തീർപ്പാൻ ശ്രമിക്കുമ്പോഴൊക്കെയും തങ്ങളെ ആസ്ത്രിയ വിരോധിക്കുന്നതുകൊണ്ടും സേർവ്യക്കു ആസ്ത്രിയയോടു എന്നും മാഞ്ഞുപോകാത്ത വൈരം വളർന്നു.

## യുദ്ധചിന്ത.

സേർവ്യയോടു സമീപിച്ചുകിടക്കുന്ന ബോസ്നിയയെയും ഹേഴ്സിഗോവിനയെയും, അതിൽപ്പിന്നെ നോവിബസാറിനെയും ആസ്ത്രിയ സ്വാധീനപ്പെടുത്തിക്കഴിഞ്ഞു, അൽബേനിയയിൽ അവകാശം ഉറപ്പിക്കയുംചെയ്തു. ഇങ്ങിനെ ഒന്നൊന്നായി വശപ്പെടുത്തിക്കൊണ്ടു ബാൾക്കാൻ ദേശത്തെ മുഴുവൻ തന്റെ വകയാക്കിത്തീർക്കണമെന്നാണു ആസ്ത്രിയയുടെ ഉദ്ദേശ്യം. സലോണിക്കാതുറമുഖംവരെയുള്ള എല്ലാദേശങ്ങളും പിടിച്ചടക്കി, ആ വഴിക്കു കച്ചവടത്തിനു അഭിവൃദ്ധിയുണ്ടാകണമെന്നു ആസ്ത്രിയ ആഗ്രഹിക്കുന്നു. എന്നാൽ, ബാൾക്കാൻയുദ്ധത്തിന്റെ ഫലമായി ബാൾക്കാൻദേശങ്ങൾ ഒന്നൊന്നും സ്വാതന്ത്ര്യം പ്രാപിച്ചിരിക്കുന്നു. മുമ്പു ആസ്ത്രിയയുടെ ഹ

താനുവൎത്തികളായിരുന്ന സെർവ്യയും മോണ്ടിനിഗ്രോവും ആസ്ത്രിയയുടെ ശത്രുക്കളായിത്തീരുകയും ചെയ്തിരിക്കുന്നു. അതുകൊണ്ടു, ഇനി തന്റെ ആഗ്രഹം സാധിക്കണമെങ്കിൽ ഒരു വലിയ യുദ്ധംതന്നെ വേണമെന്നു ആസ്ത്രിയ അറിഞ്ഞു. ഇതിനുപുറമേ, ആസ്ത്രിയയിൽ സ്ലാവുജനങ്ങളുടെ ശല്യം സഹിക്കവയ്യാതായി. തങ്ങളെ ഭരിക്കുന്നതു നീതീകരിക്കത്തക്കവണ്ണമല്ലെന്നു അവർ ആക്ഷേപിച്ചുതുടങ്ങി. സെർവ്യ രഹസ്യമായി ഇവരെ ഇളക്കിവിട്ടുകൊണ്ടിരിക്കുന്നു. ഇവരിൽ ദേശാഭിമാനികളായുള്ളവരെ ആസ്ത്രിയ ഹിംസിക്കുന്നുവെന്നും, ക്രൂരനിയമങ്ങളെക്കൊണ്ടു തങ്ങളെ ബന്ധിക്കുന്നുവെന്നും ഈ ജാതിക്കാർ ആവലാധിപ്പെടുന്നു. മുമ്പു സ്ലാവു ജനങ്ങളുടെ നില തീരെ മോശമായിരുന്നുവെന്നും, ഇപ്പോൾ വളരെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്നുമുള്ളതു ശരിതന്നെയെങ്കിലും, അതു കാലഗതിക്കനുസരിച്ചുണ്ടായ മാററമല്ലാതെ, ആസ്ത്രിയയുടെ ഭരണംകൊണ്ടുണ്ടായ നന്മയല്ലെന്നും, തീവണ്ടി, കമ്പിത്തപാൽ, റോഡുകൾ എന്നിങ്ങനെ പല ഏർപ്പാടുകളും ജനസൌകൎയ്യത്തിനു ഉതകുന്നതായിത്തീൎന്നിട്ടുണ്ടെങ്കിലും, അതെല്ലാം ആസ്ത്രിയാഗവർമെണ്ടിനു ജനങ്ങളുടെ ഊട്ടും ചോട്ടും എളുപ്പത്തിൽ സഞ്ചരിച്ചു കണ്ടറിയുന്നതിനും, ശത്രുക്കൾ ആക്രമിച്ചാൽ പട്ടാളങ്ങളുടെ ഗതാഗതസൌകൎയ്യത്തിനും, സ്വന്തം ആളുകളെക്കൊണ്ടു കച്ചവടം നടത്തിച്ചു ഈ ജനങ്ങളുടെ പണമെല്ലാം തട്ടിക്കൊണ്ടുപോകുന്നതിനും ഉതകുന്നതിനായിട്ടാണു ഏർപ്പെടുത്തിയിരിക്കുന്നതെന്നും സ്ലാവു ജനങ്ങൾ വ്യാഖ്യാനിക്കുന്നു. ഇങ്ങിനെ അവരുടെയിടയിൽ അസമാധാനം കലശലായിത്തീൎന്നു. അവരെല്ലാം സെർവ്യയെ ചെന്നാശ്രയിച്ചു, സെർവ്യയുടെ നേതൃത്വത്തിൽ ആസ്ത്രിയയെ ആക്രമിക്കണമെന്നും സ്ലാവു ജനങ്ങൾക്കു സ്വയംഭരണാധികാരം കിട്ടത്തക്കവണ്ണം പ്രവൎത്തിക്കണമെന്നും രഹസ്യമായി ആലോചിച്ചുറച്ചിട്ടുണ്ടെന്നും അറിവുകിട്ടി. ഇതെല്ലാം കണ്ടപ്പോൾ ഒരു യുദ്ധംകൂടാതെ കഴികയില്ലെന്നു ആസ്ത്രിയ നിശ്ചയിച്ചു. അതിന്നുവേണ്ടി സൈന്യബലത്തെ വൎദ്ധിപ്പിക്കുവാൻ തുടങ്ങി. റഷ്യ ഇതെല്ലാം കാണുന്നുണ്ടു. ആസ്ത്രിയ ഓരോ തരുടിയായി പാളുകയെപ്പുത്തുക്കെ ബാൾക്കാൻദേശങ്ങളിലേക്കു കടക്കുമ്പോഴൊക്കെയും റഷ്യ

ക്രോധത്താൽ മതിമറന്നുപോകുന്നു. ആസ്ത്രിയ 1913-ൽ അൽബേനിയയിൽ കൈവെച്ചപ്പോൾ റഷ്യക്കു ക്ഷമ തീരെ ഇല്ലാതായിക്കഴിഞ്ഞു. സ്ലാവു രാജ്യമായ റഷ്യയ്ക്കു സ്ലാവുകാർ അധികമായി അടങ്ങിയ ബാൾക്കാൻദേശത്തു പ്രത്യേകം അവകാശമുണ്ടെന്നാണു അഭിമാനം. സ്ലാവുവർഗ്ഗത്തെയെല്ലാം കൂട്ടിച്ചേർത്തു അതിന്റെയെല്ലാം അധികൎത്തൃത്വം റഷ്യക്കു വേണമെന്നാണു ആഗ്രഹം. ഇങ്ങിനെയിരിക്കെ, ആസ്ത്രിയയുടെ ഈ ഗതി റഷ്യ എങ്ങിനെ കണ്ടുകൊണ്ടിരിക്കും! ഈകാൎയ്യം തീൎച്ചയാക്കുന്നതിനു, അതായതു സ്ലാവുകാരെയെല്ലാം സ്വതന്ത്രരാക്കി റഷ്യയുടെ കീഴിൽ കൊണ്ടുവരുന്നതിനു ആസ്ത്രിയയുമായി ഒന്നു എതിരാതെ കഴികയില്ലെന്നു നിശ്ചയിച്ചു സൈന്യബലം വൎദ്ധിപ്പിക്കുവാൻ റഷ്യയും ഒരുങ്ങി. ഇതു ജൎമ്മനി കണ്ടു. ബാൾക്കാൻദേശങ്ങൾ തുൎക്കിയുടെ വകയായിരുന്നപ്പോൾ ആ വഴിക്കു തുൎക്കിതലസ്ഥാനംവരെയും ഗതാഗതംചെയ്യുന്നതിനു ജൎമ്മനിക്കു സൌകൎയ്യമുണ്ടായിരുന്നു. തുൎക്കിയുടെ അവകാശം അററുപോകയും, ബാൾക്കാൻദേശങ്ങൾ സ്വതന്ത്രങ്ങളാകയും ചെയ്തപ്പോൾ ജൎമ്മനിയുടെ വഴി ബന്ധിച്ചുപോയി. ബാൾക്കാൻദേശങ്ങളിൽകൂടിയോ, മെഡിററേനിയൻ കടലിൽകൂടിയോ റഷ്യയിൽകൂടിയോവേണം ജൎമ്മനിക്കു തുൎക്കിയിലേക്കു പോകുവാൻ. ആ വഴികളെല്ലാം പരസ്യമായിത്തീൎന്നതിനാൽ, ജൎമ്മനിക്കു തന്റെ മിത്രമായ തുൎക്കിയോടു കൂട്ടുകിട്ടുന്നതിനു പ്രയാസമായിവന്നു. ഇതിനുപുറമേ, റഷ്യയും ബാൾക്കാൻ ദേശങ്ങളും യോജിച്ചു ആസ്ത്രിയയെ ആക്രമിച്ചു തകൎക്കുകയും ആരാജ്യത്തെ പങ്കിട്ടെടുക്കുകയും ചെയ്യുന്നതിനു തരംനോക്കിയിരുപ്പാണെന്നു ജൎമ്മനി ധരിക്കയുംചെയ്തു. ഇങ്ങിനെയൊരു യുദ്ധം നേരിട്ടാൽ, അവിടെ തന്റെ ശക്തി പ്രബലപ്പെട്ടിരുന്നില്ലെങ്കിൽ, ആപത്തായിവരുമെന്നുകരുതി ജൎമ്മനിയും ഒരു മഹായുദ്ധത്തിന്നായി ഒരുക്കംചെയ്തുതുടങ്ങി. ജൎമ്മനിയുടെ ഈ ഒരുക്കം ഫ്രാൻസിനെ സംശയിപ്പിച്ചു. 1870-മുതല്ക്കുതന്നെ ഫ്രാൻസു സൈന്യശക്തി വൎദ്ധിപ്പിച്ചുകൊണ്ടു വരികയാണു. ആശ്രമം ഒന്നുകൂടി മുറുകി. തന്നെ ഇതിനുമുമ്പു കഠിനമായി അവമാനിച്ച ജൎമ്മനിയെ നല്ലൊരു പാഠം പഠിപ്പിക്കുന്നമെന്നും, ബാൾക്കാൻദേശകാൎയ്യത്തിൽ റഷ്യയെ സഹാ

യിക്കണമെന്നും ഫ്രാൻസു ഉറച്ചു. യൂറോപ്പിലെ ഈ സന്നാഹമെല്ലാം കണ്ടുകൊണ്ടു ഗ്രേറബ്രിട്ടൻ വെറുതേയിരുന്നില്ല. അവിടെയും ഒരുക്കങ്ങൾ മുറക്കു നടന്നു. ഇങ്ങിനെ, 1913-ൽ യൂറോപ്പെങ്ങും യുദ്ധചിന്തയിൽ മുങ്ങിയിരിക്കയായിരുന്നു. എങ്ങാനും യുദ്ധകിരണം ഒന്നിളകിയാൽ ആ നിമിഷത്തിൽ യൂറോപ്പു ഭൂഖണ്ഡം കീഴ്മേൽ മറിയും എന്ന നിലയിലാണിരുന്നിരുന്നതു.

---

## അരുണോദയം.

---

ആസ്ത്രിയയിലെ യുവരാജാവും സർവ്വസൈന്യാധിപതിയുമായ ഫ്രാൻസിസു ഫർഡിനൻറ 1914 ജൂൻ 23-ാംനു ബോസ്നിയാദേശത്തിൽ തൻെറ സൈന്യങ്ങളെ സന്ദർശിപ്പാനായിച്ചെന്നു. ആമാസം 28-ാംനു ബോസ്നിയയിലെ തലസ്ഥാനമായ സരാജിവോപട്ടണത്തിൽ തൻെറ ഭാൎയ്യയോടുകൂടി സുഖസഞ്ചാരം ചെയ്തുകൊണ്ടിരിക്കുമ്പോൾ അവരിരുവരെയും പെട്ടെന്നു ആരോ കൊലചെയ്തുകളഞ്ഞു. ഈ പ്രക്ഷോഭകരമായ സംഭവം യൂറോപ്പെങ്ങും എരമ്പിത്തുടങ്ങി. സ്ലാവുജനങ്ങൾ ഗൂഢസംഘങ്ങൾ ഏർപ്പെടുത്തി സേർവ്യയുടെ സഹായത്തോടുകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നു ആസ്ത്രിയയിലെ പത്രങ്ങളും ബഹുജനങ്ങളും ആക്ഷേപിച്ചു. ആസ്ത്രിയാഗവർമെണ്ടു അതിനെ ശരിവെക്കയും ചെയ്തു. ബാൾക്കാൻദേശങ്ങളിലെ സ്ലാവുജനങ്ങളും തുർക്കിഗവർമെണ്ടും തമ്മിൽ മത്സരിക്കയാൽ അതിനെ കാരണമാക്കി റഷ്യ തുർക്കിയോടു ചെയ്ത യുദ്ധത്തിൻെറ ഫലമായി 1878-ൽ തുർക്കിയുടെവക ബോസ്നിയയേയും ഹേഴ്സിഗോവിനയേയും ആസ്ത്രിയാഭരണത്തിൻകീഴിലാക്കിയിരിക്കയാണല്ലോ. അന്നത്തെ നിശ്ചയം തുർക്കിക്കു ആദേശങ്ങളിലുള്ള അവകാശം പോയിപ്പോകുകയില്ലെന്നായിരുന്നു. എന്നാൽ, 1908-ൽ ആദേശങ്ങളിൽ ആസ്ത്രിയക്കു സർവ്വാവകാശവുമുണ്ടെന്നു സ്ഥാപിച്ചു. അക്കൊല്ലം, ആഗസ്റ്റു 8-ാംനു ആദേശങ്ങൾ ആസ്ത്രിയാസാമ്രാജ്യത്തോടു

ച്ചെന്നു എന്നു പരസ്യമാക്കുവാൻ അവിടെ ഒരു മഹോത്സവം കൊണ്ടാടി. ആസ്ത്രിയയുടെ ഈ കൃത്യത്തെ റഷ്യയും സേർവ്യയും ആക്ഷേപിച്ചു. ബോസ്നിയയിലും ഹെഴ്സിഗോവിനയിലും സ്ലാവുജനങ്ങളാണധികം. അവിടെ മഹോത്സവം ഭരണാധികാരികൾ കേമമായി ആഘോഷിക്കുമ്പോൾ സേർവ്യയുടെ പ്രേരണയാൽ ബഹുജനങ്ങൾ മൌനമായിരിക്കയാണു ചെയ്തതു. സേർവ്യയുടെ ഉണർച്ചയ്ക്കും ഉയർച്ചയ്ക്കും ഉടമയ്ക്കും ആസ്ത്രിയാ ദോഷം ചെയ്തിരിക്കുന്നുവെന്നു സേർവ്യ വിളിച്ചുപറഞ്ഞു. റഷ്യ സേർവ്യയുടെ ഭാഗത്തുനിന്നു ആസ്ത്രിയയെ പോരിനു വിളിച്ചു. ജർമ്മനി ഇതുകണ്ടു വാൾ ഊരുവാൻ കയ്യുയർത്തി. ഇത്രയുമായപ്പോഴെക്കും മഹാശക്തികൾ പ്രവേശിച്ചു അവരെ സമാധാനപ്പെടുത്തി. 1909 മാർച്ച്മാസം 31-ാംനു സേർവ്യ ആസ്ത്രിയയോടു, മേലിൽ ആ ദേശങ്ങളിൽ തനിക്കു അവകാശമൊന്നുമില്ലെന്നും, ആസ്ത്രിയയോടു തനിക്കു വിദ്വേഷമുണ്ടാകുന്നതല്ലെന്നും, വാഗ്ദത്തംചെയ്തു. എന്നിരുന്നാലും, 1912-ൽ ബാൾക്കാൻ ദേശങ്ങൾക്കുണ്ടായ വിജയം നിമിത്തം സ്ലാവുജനങ്ങൾക്കു അടങ്ങാത്ത അഹംകാരം വർദ്ധിക്കയും ആസ്ത്രിയയ്ക്കു സേർവ്യയെപ്പററി സംശയം വളരുകയും ചെയ്തുവന്നു. ആ ഘട്ടത്തിലാണു ഈ ഭയംകരസംഭവം നടന്നതു. ആസ്ത്രിയയ്ക്കു ഒരു നിമിഷം പോലും ഇനി ക്ഷമിക്കുവാൻ വയ്യെന്നായി. 1914 ജൂലായി 23-ാംനു ആസ്ത്രിയാ സേർവ്യക്കു സ്നേഹസ്ഥിതിയിലുള്ള അന്ത്യലേഖനം അയച്ചു; അതിൽ പറഞ്ഞപ്രകാരമെല്ലാം പ്രവർത്തിക്കാതിരുന്നാൽ സേർവ്യയെ ആസ്ത്രിയയുടെ ശത്രുവായി ഗണിക്കുന്നതാണെന്നു അറിയിക്കയും ചെയ്തു.

## അന്ത്യ ലേഖനം

“വിയന്നായിലുള്ള സേർവ്യരാജ്യദൂതൻ 1909 മാർച്ച് 31ാംനു തന്നെ സേർവ്യഗവമെണ്ടു അറിയിച്ചപ്രകാരം ആസ്ത്രിയാ ഗവർ

മെണ്ടിനെ അറിയിച്ചതെന്തെന്നാൽ:— "ബോസ്നിയയെപ്പററിയ അന്ത്യമവ്യവസ്ഥ തന്റെ അവകാശങ്ങളെ ബാധിച്ചിട്ടില്ലെന്നു സെർവ്യ സമ്മതിക്കുന്നു. ബോസ്നിയയെപ്പററി സെർവ്യക്കുണ്ടായിരുന്ന ആക്ഷേപം മഹാശക്തികളുടെ അഭിപ്രായപ്രകാരം ഇപ്പോൾ നിൎത്തിക്കളഞ്ഞിരിക്കുന്നു. ആസ്ത്രിയാ ഗവർമെണ്ടിനെ സംബന്ധിച്ച ഇതുവരെയുള്ള തന്റെ നടപടിയെ ശരിപ്പെടുത്തി മേലിൽ ആസ്ത്രിയയോടു ഇണക്കമായിരിക്കുന്നതാണെന്നു സെർവ്യ സമ്മതിക്കുന്നു." ഇങ്ങിനെ കരാറു ചെയ്കയുണ്ടായെങ്കിലും ഇക്കഴിഞ്ഞ ചില കൊല്ലങ്ങളിലെ നടപടികളേയും, പ്രത്യേകിച്ച ജൂൺ 28-ാംനു- നടന്ന സംഭവത്തേയും ഓൎത്താൽ ആസ്ത്രിയയുടെവക ചില ദേശങ്ങളെ അപഹരിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി രാജദ്രോഹസംഘമൊന്നു പ്രവൎത്തിച്ചുവരുന്നുണ്ടെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. സെർവ്യാ ഗവർമെണ്ടിന്റെ അറിവോടുകൂടി നടക്കുന്ന ആ കൂട്ടുകെട്ടു സെർവ്യയുടെ അതിൎത്തിസ്ഥലങ്ങളിൽ ഭയങ്കരങ്ങളായ കൊലകളും കൊടുമകളും നടത്തിവരുവാൻ തക്കവണ്ണം പ്രബലപ്പെട്ടിരിക്കുന്നു. സെർവ്യാ ഗവർമെണ്ടു 1909 മാൎച്ച 31-ാംനു- സമ്മതിച്ചറിയിച്ച കാൎയ്യങ്ങൾ നിൎവ്വഹിച്ചിട്ടില്ലെന്നു തന്നെയല്ലാ, ദുഷ്കൃത്യങ്ങളെ തടയുന്നതിനായി ഒന്നും ചെയ്തിട്ടുമില്ല. ആസ്ത്രിയാ സാമ്രാജ്യത്തിനു വിരോധമായി നടത്തിവരുന്ന സംഘങ്ങളെ സെർവ്യാ ഗവർമെണ്ടു ബന്ധിക്കാതെ വിട്ടിരിക്കുന്നു. പത്രങ്ങൾ തോന്നിയപോലെ ആക്ഷേപിക്കുന്നതും, ദ്രോഹം ചെയ്യുന്നവരെ പുകഴ്ത്തുന്നതും തടയാതെ വിട്ടിരിക്കുന്നു. ജനങ്ങളെ ക്ഷോഭിപ്പിക്കുന്നതിനായുള്ള കൂട്ടുകെട്ടിൽ ഭരണാധികാരികൾ ചേൎന്നു പ്രവൎത്തിക്കുന്നതിനെ വിരോധിക്കുന്നില്ല. ബഹുജന വിദ്യാഭ്യാസത്തിൽ നിന്ദ്യസമ്പ്രദായങ്ങൾ അനുഷ്ഠിച്ചുവരുമാറാക്കിയിരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ, ആസ്ത്രിയാ സാമ്രാജ്യത്തിന്മേൽ ദ്വേഷവും സാമ്രാജ്യസ്ഥാപനങ്ങളിൽ നിന്ദയും സെർവ്യാ ജനങ്ങൾക്കു ഉണ്ടാകുമാറുള്ള യാതൊരേൎപ്പാടിനെയും സെർവ്യാഗവർമെണ്ടു തടഞ്ഞിട്ടില്ല. ഇത്തരം അധൎമ്മകൃത്യങ്ങളാൽ ജീവാപായം കൂടിയും സംഭവിച്ചിരിക്കുന്നുവെന്നു ഇക്കഴിഞ്ഞ സംഭവത്താൽ ലോകം മുഴുവൻ വെളിവായിയെന്നറിഞ്ഞിട്ടും സെർവ്യാ ഗ

വർമെണ്ടു ദുഷ്കൃത്യങ്ങളിൽ നിന്നു വിരമിച്ചിട്ടില്ല. ജൂൺ 28-ാംനു- നടന്ന കൊലയിൽ സംബന്ധിച്ചിട്ടുള്ള കുററക്കാരുടെ മൊഴിയിൽ നിന്നു ചില പ്രത്യേക സംഗതികൾ വെളിപ്പെട്ടിരിക്കുന്നു. സറാജി വോവിൽ നടന്ന സംഭവം സേർവ്യാ തലസ്ഥാനമായ ബൽഗ്രേഡിൽ നടന്ന ആലോചനയുടെ ഫലമാണു. കുററക്കാർ ഉപയോഗിച്ച ആയുധങ്ങളും തീയുണ്ടയും സേർവ്യയിലെ ഒരു രാജ്യദ്രോഹസംഘത്തിൽ ചേൎന്ന സേർവ്യാ ഗവർമെണ്ടുദ്യോഗസ്ഥന്മാർ കൊടുത്തിട്ടുള്ളവയാണു. സേർവ്യയുടെ അതിൎത്തിയിൽ ജോലിചെയ്യുന്ന നേതാക്കന്മാർ ചെയ്ത പ്രോത്സാഹനംകൊണ്ടാണു കുററക്കാർ ആയുധങ്ങളോടുകൂടി ബോസ്നിയയിലേക്കു കടന്നതു. ഇക്കാൎയ്യമെല്ലാം മജിസ്ത്രേട്ടു ചെയ്ത വിചാരണയിൽനിന്നു വെളിവായിരിക്കുന്നു. ഈ ദ്രോഹാലോചനകൾ ബൽഗ്രേഡിൽ ആരംഭിച്ചു ആസ്ത്രിയാ സാമ്രാജ്യത്തിലേക്കു പരന്നുവരുന്നതുകണ്ടു ക്ഷമിച്ചിരിപ്പാൻ വയ്യ. സാമ്രാജ്യത്തിന്റെ സമാധാനസ്ഥിതിക്കു ഇളക്കംവരുത്തുന്ന ഈ ദുരാലോചനകളെ നിശ്ശേഷം നശിപ്പിക്കേണ്ട കടമ ആസ്ത്രിയാ ഗവർമെണ്ടിനുണ്ടു. ആ കടമയെ നിൎവ്വഹിക്കുന്നതിനായി, സാമ്രാജ്യത്തിനു വിരോധമായുള്ള എല്ലാ ദുരാലോചനകളെയും ദുഷ്കൃത്യങ്ങളെയും നിൎത്തിക്കളയാമെന്നു സേർവ്യാ ഗവർമെണ്ടു വാഗ്ദത്തം ചെയ്യേണ്ടതാണെന്നു ആവശ്യപ്പെടുവാൻ ആസ്ത്രിയാ ഗവർമെണ്ടു നിർബ്ബന്ധിതരായിരിക്കുന്നു. സാമ്രാജ്യത്തിലടങ്ങിയ ദേശങ്ങളെ അതിൽ നിന്നു പിരിച്ചുവിടണമെന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള ശ്രമത്തെയെല്ലാം വിരോധിക്കുന്നതാണെന്നു സേർവ്യാ ഗവർമെണ്ടു വാഗ്ദത്തം ചെയ്യണം. ഭയങ്കരങ്ങളായ ദുഷ്കൃത്യങ്ങളെ തടഞ്ഞുകൊള്ളാമെന്നും സമ്മതിക്കണം. അങ്ങിനെ സമ്മതിക്കുന്ന കാൎയ്യത്തിൽ ശരിയായി നടക്കേണ്ടതിനായി ഗവർമെണ്ടു ഗസററിൽ താഴെ പറയുംവിധം സേർവ്യാ ഗവൎമ്മെണ്ടു പ്രസിദ്ധപ്പെടുത്തണം:- 'ആസ്ത്രിയക്കു വിരോധമായുള്ള നടപടികളെ സേർവ്യാ ഗവൎമ്മെണ്ടു ആക്ഷേപിക്കുന്നു. ആസ്ത്രിയാ സാമ്രാജ്യത്തിലേക്കു ചേൎന്ന ദേശങ്ങളെ അതിൽനിന്നും സ്വതന്ത്രമാക്കേണമെന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള അഭിമാനജ്വരത്തെ സെർവിയാ ഗവൎമ്മെണ്ടു ആക്ഷേപിക്കുന്നു. ഇത്തരം കൃത്യങ്ങ

ളാൽ മരണം നേരിട്ടതിനെപ്പററി സെർവിയാ ഗവൎമ്മേണ്ടു പശ്ചാത്തപിക്കുന്നു. സെർവിയാ ഗവമ്മേണ്ടുദ്യോഗസ്ഥന്മാർ ആ ദുഷ്കൃത്യങ്ങളിൽ സംബന്ധിച്ചു, സെർവിയാ മുമ്പു ചെയ്തു വാഗ്ദാനത്തിനു വിരോധമായി പ്രവൎത്തിച്ചതോൎത്തു സെർവിയാ ഗവൎമ്മേണ്ടു വിഷാദിക്കുന്നു. ആസ്ത്രിയയുടെ ഏതു ഭാഗത്തുള്ള ജനങ്ങളുടേയും സ്ഥിതിയെ ബാധിക്കത്തക്കവണ്ണം പ്രവേശിക്കുന്നതിനേയും പ്രവേശിക്കാൻ ശ്രമിക്കുന്നതിനേയും സെർവിയാഗവൎമ്മേണ്ടു ആക്ഷേപിക്കുന്നു. അങ്ങിനെയുള്ള ദുഷ്കൎമ്മം ആർ ചെയ്താലും അവരെ മേലിൽ കഠിനമായി ദണ്ഡിക്കുന്നതാണ്. ആ ശ്രമങ്ങളെ കണ്ടുപിടിക്കുന്നതിനും അടക്കുന്നതിനും കഴിയുന്നപോലെയെല്ലാം സെർവ്യാ ഗവൎമ്മേണ്ടു പ്രയത്നിക്കുന്നതാണ്. ഭരണാധികാരികളെയും മററുദ്യോഗസ്ഥന്മാരെയും എല്ലാ പ്രജകളേയും ഈ വിധം താക്കീതു ചെയ്യുന്നതു സെർവിയാ ഗവൎമ്മേണ്ടിൻെറ കടമയാണു.' ഈ കാൎയ്യങ്ങൾ സെർവിയാ ഗവൎമ്മേണ്ടു പ്രജകളെ മാത്രമല്ലാ, സൈന്യത്തെയും അറിയിക്കയും സൈന്യസംബന്ധമായ ഗസററിൽ പ്രത്യേകം പ്രസിദ്ധപ്പെടുത്തുകയും വേണം. ഇതിനെല്ലാം പുറമേ, താഴെ പറയുന്ന സംഗതികൾ കൂടിയും സെർവിയാ ഗവൎമ്മേണ്ടു അനുസരിക്കേണ്ടതാണ്. (1) ആസ്ത്രിയാ സാമ്രാജ്യത്തിന്മേൽ ദ്വേഷവും നിന്ദയും ജനിക്കത്തക്ക ഉദ്ദേശ്യത്തോടുകൂടിയ ഏതൊരു പ്രസിദ്ധീകരണത്തെയും തടയേണ്ടതാണ്. (2) ആസ്ത്രിയാ ഗവൎമ്മേണ്ടിനു വിരോധമായി പ്രവൎത്തിച്ചുവരുന്ന എല്ലാ സംഘങ്ങളേയും പിരിച്ചുവിടുകയും അവരുടെ സ്വത്തുകൾ പിടിച്ചടക്കുകയും ചെയ്യേണ്ടതാണു. ആ സംഘങ്ങളിൽ ഏതെങ്കിലും ഊരും പേരും മാറി പുറപ്പെടുന്നുണ്ടോ എന്നു നോക്കി അതിനെ തടുക്കുവാൻ വേണ്ട ഏൎപ്പാടുകളും ചെയ്യേണ്ടതാണു. (3) സെർവിയാ രാജ്യത്തിലെ ബഹുജന വിദ്യാഭ്യാസത്തിൽ ആസ്ത്രിയാ ഗവമ്മേണ്ടിനു ഹിതമല്ലാത്ത വിഷയങ്ങളുള്ളതെല്ലാം ഉടനടി നീക്കിക്കളയേണ്ടതാണു. (4) ആസ്ത്രിയാ സാമ്രാജ്യത്തിനു വിരോധമായി പ്രവൎത്തിച്ച ഉദ്യോഗസ്ഥന്മാരെയെല്ലാം ജോലിയിൽനിന്നു പിരിച്ചുവിടണം. ആ കുററക്കാരുടെ പേരും പ്രവൃത്തിയും വഴിയേ അറിയിച്ചു തരുവാൻ ആസ്ത്രി

യാ ഗവർമ്മേണ്ടിന്നു സ്വാതന്ത്ര്യമുണ്ടു. (5) ആസ്ത്രിയാ സാമ്രാജ്യത്തിന്റെ വലിപ്പത്തെ കുറയ്ക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ജനക്ഷോഭത്തെ അടക്കുന്നതിന്നു ആസ്ത്രിയാ രാജ്യപ്രതിനിധികളുടെ സഹകരണത്തോടുകൂടി പ്രവർത്തിച്ചുകൊള്ളാമെന്നു സെർവിയാ ഗവർമ്മെണ്ടു സമ്മതിക്കണം. (6) ജൂൻ 28-ാംനു- നടന്ന കൊലയ്ക്കു ഉത്സാഹികളായിരുന്നു ഇപ്പോൾ സേർവ്യയിൽ ചെന്നു കൂടിയിരിക്കുന്നവരുടെ പേരിൽ ശരിയായ നടപടി നടത്തേണ്ടതാണു. ആ നടപടികളിൽ ആസ്ത്രിയാ ഗവർമ്മെണ്ടിന്റെ പ്രതിനിധികൾ സംബന്ധിക്കുന്നതാണു. (7) സരാജിവോവിൽ നടന്ന വിചാരണയിൽ കുററക്കാരാണെന്നു തെളിഞ്ഞ ആ രണ്ടു ഉദ്യോഗസ്ഥന്മാരെ ഉടനെ ബന്ധിക്കേണ്ടതാണു. (8) അതിർത്തിസ്ഥലത്തെ കടന്നു വന്നു അതിർത്തിക്കിപ്പുറത്തേക്കു ആയുധങ്ങളും വെടിയുണ്ടകളും നിയമവിരോധമായി അയച്ചുവരുന്നതിനെ സേർവ്യാഭരണാധികാരികൾ അനുകൂലിക്കാതിരിക്കേണ്ടതാണു. സരാജിവോവിൽ നടന്ന കൊലയിൽ കുററക്കാരായുള്ളവരെ അതിർത്തികടന്നു സേർവ്യയിലേക്കു ഓടിപ്പോകുന്നതിന്നു സഹായിച്ച അതിർത്തിസ്ഥലത്തെ ഉദ്യോഗസ്ഥന്മാരെ ജോലിയിൽനിന്നു പിരിച്ചുവിടുകയും അവരെ ദണ്ഡിക്കയും ചെയ്യേണ്ടതാണു. (9) സേർവ്യയിലും മററുരാജ്യങ്ങളിലുള്ള സേർവ്യാഭരണാധികാരികൾ ന്യായഹീനമായ വാക്കുകൾ പുറപ്പെടുവിച്ചതിന്നു സേർവ്യ സമാധാനം പറയേണ്ടതാണു. അവർ ഗവർമെണ്ടുദ്യോഗസ്ഥന്മാരാണെന്നു ഓർക്കാതെ, ജൂൻ 28-ാംനു- നടന്ന കൊലയ്ക്കുശേഷം, അവരെ കാണുവാൻ ചെന്നവരോടു ആസ്ത്രിയാ ഗവർമെണ്ടിനെ ദുഷിച്ചു പ്രസ്താവിപ്പാൻ മടിച്ചിട്ടില്ല. (10) മേല്പറഞ്ഞ എല്ലാകാര്യങ്ങളെയും ശരിയായി നിർവ്വഹിച്ചു ഒട്ടും താമസിക്കാതെ ആസ്ത്രിയാഗവർമെണ്ടിനെ അറിയിക്കേണ്ടതാണു. ജൂലായി 25-ാംനു- ശനിയാഴ്ച വൈകുന്നേരം 6- മണിക്കു മുമ്പായി സേർവ്യാഗവർമെണ്ടിന്റെ മറുവടി ആസ്ത്രിയാഗവർമെണ്ടിനു കിട്ടണം.'

# സർവ്യയുടെ മറുപടി.

---

ആസ്ത്രിയയുടെ ഈ അന്ത്യലേഖനത്തിനു ജൂലായി 25-ാംനു-താന്ന സേർവ്യാഗവർമെണ്ടു മറുവടി കൊടുത്തതാവിതു:- 'ആസ്ത്രിയാഗവർമെണ്ടിന്റെ 23-ാംനു- യിലെകത്തു സേർവ്യാഗവർമെണ്ടിനു കിട്ടിയിരിക്കുന്നു. ആസ്ത്രിയയ്ക്കും സേർവ്യക്കും തമ്മിലുള്ള ബന്ധത്തെ ദുഷിപ്പിക്കുന്നതായ ദുർബോധങ്ങൾ ഈ മറുവടിയാൽ നീങ്ങിപ്പോകുമെന്നു സേർവ്യാഗവർമെണ്ടു വിശ്വസിക്കുന്നു. ബോസ്നിയയെ ആസ്ത്രിയയോടു ചേർത്തതിനെപ്പറ്റി സേർവ്യാരാജ്യ പ്രതിനിധികളും സേർവ്യാ പാർല്യമെണ്ടു മെമ്പർമാരും തങ്ങളുടെ വാക്കുകൾകൊണ്ടും പ്രവൃത്തികൾകൊണ്ടും ആക്ഷേപിക്കയുണ്ടായിയെങ്കിലും, 1909- മാർച്ച് 31-ാംനു- ആസ്ത്രിയാഗവർമെണ്ടിനോടു സേർവ്യാഗവർമെണ്ടു ചെയ്ത വാഗ്ദത്തത്തിനുശേഷം ആ ആക്ഷേപങ്ങളെല്ലാം നിർത്തികളഞ്ഞിരിക്കുന്നു. അതിൽപ്പിന്നെ ബോസ്നിയയേയോ, ഹേഴ്സിഗോവിനയേയോ സംബന്ധിച്ച രാജ്യഭരണ പരിവർത്തനത്തിനായി സേർവ്യാഗവർമെണ്ടോ സേർവ്യയെ സംബന്ധിച്ചുള്ള സ്ഥാപനങ്ങളോ യാതൊരു ശ്രമവും ചെയ്തിട്ടില്ല. മുമ്പുണ്ടായ ആ ബഹളമൊഴികെ പിന്നീടു ഒന്നുംതന്നെ നടന്നിട്ടില്ലെന്നു സേർവ്യാഗവർമെണ്ടു ഉറപ്പുപറയുന്നു. മുമ്പു ഒരു പാഠപുസ്തകത്തെ സംബന്ധിച്ച് ആസ്ത്രിയാഗവർമെണ്ടു ആക്ഷേപിച്ചപ്പോൾ അതിനു തക്ക സമാധാനം അന്നു പറഞ്ഞിട്ടുണ്ടു. ബാൾക്കാൻദേശങ്ങൾക്കു നേരിട്ട ആ ആപൽകാലത്തു സേർവ്യാഗവർമെണ്ടു സമാധാനത്തെ ആഗ്രഹിച്ചുകൊണ്ടു ക്രമംതെറ്റാതെയാണു പ്രവർത്തിച്ചിട്ടുള്ളതെന്നതിനു പല തെളിവുകളുമുണ്ടു. യൂറോപ്പിൽ സമാധാനം നിലനില്ക്കണമെന്നു ഉദ്ദേശിച്ചു സേർവ്യ തന്റെ സ്വന്തം ക്ഷേമത്തെക്കൂടിയും പരിത്യജിച്ചിരിക്കുന്നു. സംഘങ്ങൾ സമാധാനത്തോടേ പ്രവർത്തിക്കുന്നതും പത്രങ്ങളും ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതും സേർവ്യാഗവർമെണ്ടിനെ സംബന്ധിക്കുന്നവയല്ല. അക്കാര്യത്തിൽ സേർവ്യാഗവർമെ

ണ്ടിനു ഭാരംവഹിപ്പാൻ കഴികയില്ല. ആവിധം ഏതുരാജ്യത്തിലും നടന്നുവരുന്നുണ്ടു. സാധാരണമായി ആവക വിഷയങ്ങൾ ഗവർമ്മെണ്ടിൻെറ അറിവിൽപെടുന്നില്ല. സേർവ്യാഗവർമ്മെണ്ടിൻെറ ഭാരം ഇപ്പൊഴും ഏററ ലഘുവായിട്ടുള്ളതാണു- എന്തുകൊണ്ടെന്നാൽ, സേർവ്യക്കും ആസ്ത്രിയക്കും തമ്മിൽ കശപിശകൾ നേരിട്ടപ്പൊൾ ആസ്ത്രിയയെ കഴിയുന്നതും തൃപ്തിപ്പെടുത്തേണമെന്നു ആഗ്രഹിച്ചു സേർവ്യ പ്രവൎത്തിക്കയും, അങ്ങിനെതന്നെ തൃപ്തികരമായി കാൎയ്യങ്ങൾ നിൎവ്വഹിക്കയുംചെയ്തിട്ടുണ്ടു. ഈവക കാരണങ്ങളാൽ, സരാജിവോവിൽ നടന്ന കൊലേക്കു മുമ്പായി ചെയ്തിട്ടുള്ള ഗൂഢാലോചനകളിൽ സേർവ്യാ പ്രജകൾ സംബന്ധിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ടെന്നു കണ്ടിട്ടു സേർവ്യാഗവർമ്മെണ്ടു അത്ഭുതപ്പെടുകയും വ്യസനിക്കയും ചെയ്യുന്നു. ആ കൊലയെ സംബന്ധിച്ചു ആസ്ത്രിയാഗവർമ്മെണ്ടും സേർവ്യാഗവർമ്മെണ്ടും യോജിച്ചിരുന്നു വിചാരണചെയ്യേണ്ടതാണെന്നു ആസ്ത്രിയ സേർവ്യയോടു ആവശ്യപ്പെടുമെന്നു പ്രതീക്ഷിച്ചിരുന്നിട്ടുണ്ടു. സേർവ്യാഗവർമ്മെണ്ടു തങ്ങളുടെ വാസ്തവമായ മനോഭാവത്തെ വെളിപ്പെടുത്തുന്നതിനായി, ആസ്ത്രിയാഗവർമ്മെണ്ടു കുററക്കാരെന്നു ചൂണ്ടിക്കാണിക്കുന്നവരുടെ പേരിൽ കുററം ചുമത്തി കേസ്സുനടത്തുവാൻ തീൎച്ചപ്പെടുത്തീട്ടുമുണ്ടു. അതുകൊണ്ടു, ആസ്ത്രിയാഗവർമ്മെണ്ടിൻെറ ആഗ്രഹപ്രകാരം, കൊലയിൽ സംബന്ധപ്പെട്ടവരെന്നു തെളിയുന്നവരെ, ഏതുനിലയിലുള്ളവരായാലും, ഏതുദ്യോഗസ്ഥന്മാരായിരുന്നാലും ആസ്ത്രിയാഗവർമ്മെണ്ടിലേക്കു പിടിച്ചുകൊടുക്കുവാൻ സേർവ്യാഗവർമ്മെണ്ടു തയ്യാറായിരിക്കുന്നു. അതിനുപുറമേ, ജൂലായി 26-ാംനു- പ്രസിദ്ധപ്പെടുത്തുന്ന ഗവർമ്മെണ്ടുഗസററിൽ താഴെ പറയുംപ്രകാരം പ്രസിദ്ധപ്പെടുത്തുവാൻ സമ്മതിക്കയും ചെയ്യുന്നു:- 'ആസ്ത്രിയക്കു വിരോധമായുള്ള പ്രവൃത്തികളെ സേർവ്യാഗവർമ്മെണ്ടു ആക്ഷേപിക്കുന്നു. ആസ്ത്രിയാസാമ്രാജ്യത്തിലേക്കു ചേൎന്ന ദേശങ്ങളെ അതിൽനിന്നും സ്വാതന്ത്ര്യമാക്കേണമെന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള അഭിമാനജ്വരത്തെ സേർവ്യഗവർമ്മെണ്ടു ആക്ഷേപിക്കുന്നു. ഇത്തരം കൃത്യങ്ങളാൽ ആപത്തു നേരിട്ടതിനെപ്പററി സേർവ്യാഗവർമ്മെണ്ടു പശ്ചാത്തപിക്കുന്നു. സേർവ്യാഗവർമ്മെണ്ടുദ്യോഗ

സ്ഥന്മാരിൽ ചിലർ ആ ദുഷ്കൃത്യങ്ങളിൽ സംബന്ധിച്ചു, സേർവ്യ മുമ്പുചെയ്ത വാഗ്ദത്തത്തിനു വിരോധമായി പ്രവർത്തിച്ചതോർത്തു സേർവ്യാഗവർമ്മെണ്ടു വിഷാദിക്കുന്നു. ആസ്ത്രിയയുടെ ഏതുഭാഗത്തുള്ള ജനങ്ങളുടെയും സ്ഥിതിയെ ബാധിക്കത്തക്കവണ്ണം പ്രവേശിക്കുന്നതിനെയും പ്രവേശിക്കുവാൻ ശ്രമിക്കുന്നതിനെയും സേർവ്യാഗവർമ്മെണ്ടു മുമ്പുചെയ്ത വാഗ്ദത്തത്തിൽ വിരോധിച്ചു പ്രസ്താവിച്ചിട്ടുണ്ടു. അങ്ങിനെയുള്ള കുററം ചെയ്യുന്നവരെ സേർവ്യാഗവർമ്മെണ്ടു മേലിൽ കഠിനമായി ദണ്ഡിക്കയും ആ കുററങ്ങളെ തടുക്കുന്നതിനു കഴിയുന്നപോലെ ശ്രമിക്കയും ചെയ്യുന്നതാണു. ഉദ്യോഗസ്ഥന്മാരെയും ഭരണാധികാരികളെയും എല്ലാ പ്രജകളെയും ഈവിധം അറിയിക്കുന്നതു തങ്ങളുടെ കടമയാണെന്നു സേർവ്യാഗവർമ്മെണ്ടു വിചാരിക്കുന്നു.' മേൽപറഞ്ഞ കാര്യങ്ങൾ സേർവ്യാസൈന്യത്തെയും അറിയിക്കുന്നതാണു. സൈന്യസംബന്ധമായ ഗസററിലും പ്രസിദ്ധപ്പെടുത്തുന്നതാണു. ഇതിനുപുറമേ, കീഴെപറയുന്നവിധം പ്രവർത്തിക്കുന്നതിനു സേർവ്യാഗവർമ്മെണ്ടു സമ്മതിച്ചിരിക്കുന്നു:- 'സേർവ്യാപാർല്യമെണ്ടു യോഗം കൂടിയ ഉടനെ പത്രങ്ങളെ ബന്ധിക്കുന്നതിന്നു ഒരു പുതിയ നിയമം ഉണ്ടാക്കുന്നതാണു. ആസ്ത്രിയാസാമ്രാജ്യത്തിന്മേൽ ദ്വേഷവും നിന്ദയും ജനിക്കുമാറുള്ള പ്രേരണകളെ നിർദ്ദയം തടയുന്നതിനും, ആസ്ത്രിയാസാമ്രാജ്യ വിസ്തീർണ്ണത്തെ കുറയ്ക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയ പ്രസിദ്ധീകരണങ്ങളിന്മേൽ വേണ്ടതക്ക നടപടികൾ നടത്തുന്നതിനും ഉതകുന്ന ഏർപ്പാടുകൾ ചെയ്യുന്നതാണു. (2) ഇപ്പോൾ നടന്നുവരുന്ന സംഘങ്ങൾ, അവയിലെ അംഗങ്ങളുടെ നടപടി നോക്കിയാൽ കുററംചെയ്തുവെന്നതിനു ശരിയായ തെളിവു കാണുന്നില്ല. ആസ്ത്രിയാഗവർമ്മെണ്ടിന്റെ കത്തിലും അതിനു തെളിവില്ല. എന്നാലും, ആസ്ത്രിയാഗവർമ്മെണ്ടു ആവശ്യപ്പെട്ടപ്രകാരം ആവക സംഘങ്ങളെ പിരിച്ചുവിടുന്നതിനു സേർവ്യാഗവർമ്മെണ്ടു സമ്മതിച്ചിരിക്കുന്നു. (3) ആസ്ത്രിയക്കു വിരോധമായുള്ള സമ്പ്രദായങ്ങൾ ഇന്നിന്നവയെന്നു ആസ്ത്രിയാഗവർമ്മെണ്ടു തെളിവുതരുന്നതായാൽ ആ സമ്പ്രദായങ്ങളെ വിദ്യാഭ്യാസ വിഷയത്തിൽനിന്നു നീക്കിക്കളയുവാൻ സേർവ്യാഗവർമ്മെണ്ടു സമ്മതിച്ചി

രിക്കുന്നു. (4) ആസ്ത്രിയയുടെ മഹിമക്കു ദോഷം തട്ടത്തക്കവിധം പ്രവൎത്തിച്ചിട്ടുള്ളവരെ സൈന്യത്തിൽനിന്നു പിരിച്ചുവിടുവാൻ സമ്മതിച്ചിരിക്കുന്നു. അങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടിനടത്തുന്നതിനു അവരുടെ പേരുവിവരങ്ങൾ വഴിയേ ആസ്ത്രിയാഗവൎമ്മെണ്ടു അറിയിച്ചുതരുമെന്നു സേൎവ്യാഗവൎമ്മെണ്ടു പ്രതീക്ഷിക്കുന്നു. (5) ആസ്ത്രിയാഗവൎമ്മെണ്ടിന്റെ പ്രതിനിധികൾ സേൎവ്യയിൽവന്നു ഇവിടെ നടക്കുന്ന വിചാരണയിൽ സംബന്ധിക്കുന്നതിൻ സമ്മതിക്കണമെന്നു ആസ്ത്രിയ ആവശ്യപ്പെട്ടിരിക്കുന്നു. അതിന്റെ ഉദ്ദേശ്യം സേൎവ്യാഗവൎമ്മെണ്ടിനു മനസ്സിലായിട്ടില്ല. എന്നാൽ, രാജ്യനിയമങ്ങൾക്കും, നീതിപരിപാലനസമ്പ്രദായത്തിനും രാജ്യസംബന്ധത്തിനും യോജിച്ചവിധം പ്രവൎത്തിക്കുന്നതിനു സേൎവ്യാഗവൎമ്മെണ്ടു സമ്മതിക്കുന്നു. (6) ജൂൻ 28-ാംനു- നടന്ന കൊലയിൽ സംബന്ധപ്പെട്ടവരെയും, സംബന്ധിച്ചിട്ടുണ്ടെന്നു ഇനിമേൽ തെളിയുന്നവരെയും ബന്ധിച്ചു വിചാരണചെയ്യുന്നതാണു. അങ്ങിനെ ചെയ്യുന്നതു സേൎവ്യാഗവൎമ്മെണ്ടിന്റെ കടമയാണെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ, ആ വിചാരണയിൽ ആസ്ത്രിയാഗവൎമ്മെണ്ടിന്റെ പ്രതിനിധികൾ സംബന്ധിക്കണമെന്നു പറയുന്നതു സേൎവ്യാഗവൎമ്മെണ്ടിനു സമ്മതിക്കുവാൻ വയ്യ. എന്തുകൊണ്ടെന്നാൽ: അതു രാജ്യഭരണവ്യവസ്ഥയ്ക്കും ക്രിമിനൽ നടപടികൾക്കും യോജിച്ചതല്ല. പക്ഷേ തീൎച്ചപ്പെട്ട കേസ്സുകളിൽ വിചാരണകൊണ്ടു വെളിവാകുന്ന സംഗതികൾ ആസ്ത്രിയാപ്രതിനിധിയെ അറിയിക്കാം. ആസ്ത്രിയാഗവൎമ്മെണ്ടിന്റെ കത്തുകിട്ടിയ അന്നു വൈകുന്നേരംതന്നെ, സരാജിവോ കൊലയിൽ സംബന്ധിച്ചവരെന്നു സംശയിക്കപ്പെടുന്നവയായ്സ്ലാവുഡങ്കൊവിച്ച എന്ന ആളെ ബന്ധിക്കുവാൻ പുറപ്പെട്ടിരിക്കുന്നു. മിലാൻസിഗനാവിച്ച് എന്ന ആളെ ബന്ധിക്കുന്നതിനു ഇതുവരെ കഴിഞ്ഞിട്ടില്ല. സരാജിവോ വിചാരണയിൽ ഉൾപ്പെട്ട ലക്ഷ്യങ്ങളെ ഇനിമേൽ ഇവിടെ നടക്കുന്ന വിചാരണയ്ക്കായി കഴിയുന്ന വേഗത്തിൽ അയച്ചുതരുന്നതിന്നു സേൎവ്യാഗവൎമ്മെണ്ടു ആവശ്യപ്പെടുന്നു. (7) അതിൎത്തിസ്ഥലത്തിനപ്പുറം ആയുധങ്ങളും വെടിയുണ്ടകളും നിയമവിരോധമായി കച്ചവ

ടം ചെയ്യുന്നതിനെ തടുക്കുവാൻ, ഇപ്പോഴുള്ള നിയമങ്ങളെ പുതുക്കുന്നതിനു സേർവ്യാഗവർമെണ്ടു സമ്മതിക്കുന്നു. സരാജിവോകൊലയിൽ സംബന്ധപ്പെട്ടവരെ അതിർത്തി കടന്നുപോകുവാൻ സമ്മതിച്ച ഉദ്യോഗസ്ഥന്മാരെ കഠിനമായി ശിക്ഷിക്കുന്നതിനു സേർവ്യാഗവർമെണ്ടു ആജ്ഞാപിക്കുന്നതാണെന്നു പറയേണ്ടതില്ല. (8) സേർവ്യയിലോ മററുദേശങ്ങളിലോ ഉള്ള സേർവ്യാ ഗവർമെണ്ടുദ്യോഗസ്ഥന്മാർ സരാജിവോ കൊലയ്ക്കുശേഷം തങ്ങളെ കാണുവാൻ വന്നവരോടു അസ്ത്രിയയെ ആക്ഷേപിച്ചു പ്രസ്താവിച്ചതിനു ഉത്തരം പറവാൻ സേർവ്യാ ഗവർമെണ്ടു തയാറാണു. അവർ പുറപ്പെടുവിച്ച അഭിപ്രായം സാമ്രാജ്യത്തിനു വിരോധമായുള്ളതാണെന്നു ആസ്ത്രിയാ ഗവർമെണ്ടു അറിയിച്ചിരിക്കുന്നു. അക്കാൎയ്യത്തിൽ വേണ്ടത്തക്ക തെളിവുകൾ സേർവ്യാ ഗവർമെണ്ടു ശേഖരിക്കുന്നതാണു. ആ ഉദ്യോഗസ്ഥന്മാർ പ്രസ്താവിച്ചിട്ടുള്ള വാക്കുകൾ ഇന്നിന്നതെന്നു കാണിച്ചു അവ അവർ പറഞ്ഞതുതന്നെ എന്നു തെളിയിക്കുന്നതായാൽ അതിനു ഉത്തരംപറവാൻ സേർവ്യാ ഗവർമെണ്ടു ഒരുക്കമാണു. (9) മേൽപ്പറഞ്ഞ കാൎയ്യങ്ങൾ ഒന്നൊന്നായി നിൎവ്വഹിച്ചു ആസ്ത്രിയാ ഗവർമെണ്ടിനെ അറിയിക്കുന്നതാണു. ഈ മറുപടികൊണ്ടു ആസ്ത്രിയാ ഗവർമെണ്ടു തൃപ്തിപ്പെടുന്നില്ലെങ്കിൽ അതുസംബന്ധമായി വല്ലതും ബദ്ധപ്പെട്ടു പ്രവൎത്തിക്കുന്നതു ഇരുകൂട്ടരുടെയും ക്ഷേമത്തിനു യോജിച്ചതല്ലായ്കയാൽ എപ്പോഴും സമാധാനകരമാംവണ്ണം പ്രവൎത്തിക്കുന്നതിനു സേർവ്യ തയ്യാറായിരിക്കുന്നു. ഈ രണ്ടു ദേശങ്ങൾക്കും തമ്മിൽ നേരിട്ട തകരാറുകളെ തീൎക്കുന്നതിനു മഹാശക്തികളെയോ, ഹേഗ്സഭയേയോ ഏല്പിക്കുന്നതും സേർവ്യാ ഗവർമെണ്ടിനു സമ്മതമാണു."

## യുദ്ധഗൎജ്ജനം.

ഗ്രേറബ്രിട്ടനോടും റഷ്യയോടുംകൂടി ആലോചിച്ചിട്ടാണു സേർവ്യ മറുപടി തയാറാക്കി ആസ്ത്രിയയ്ക്കയച്ചിട്ടുള്ളതു. അതിൽ ആ

സ്ത്രിയയുടെ നിബന്ധനകൾ മിക്കവാറും സേർവ്യ സമ്മതിച്ചിരിക്കു
ന്നു. ആസ്ത്രിയാ ഗവർമെണ്ടുദ്യോഗസ്ഥന്മാർ സേർവ്യയിൽ പ്രവേ
ശിച്ചു കേസ്സു വിചാരണ ചെയ്യേണമെന്ന നിബന്ധനമാത്രമേ സേ
ർവ്യ സമ്മതിക്കാതിരുന്നിട്ടുള്ളു. സ്വാതന്ത്ര്യാധികാരമുള്ള ഏതൊരു
ഗവർമെണ്ടും തങ്ങളുടെ രാജ്യത്തു അന്യരാജ്യക്കാരുടെ അധികാര
ശക്തിക്കു ഇടംകൊടുക്കുന്നതല്ല. 'ആസ്ത്രിയാ യുവരാജാവിനെ കൊ
ലചെയ്ത സംഭവവും, ആസ്ത്രിയയുടെ അന്ത്യലേഖനത്തിൽ സേർ
വ്യയെപ്പററി പറഞ്ഞിരിക്കുന്ന സംഗതികളും നോക്കിയാൽ ആൎക്കും
ആസ്ത്രിയയുടെ പേരിൽ അനുതാപമുണ്ടാകാതിരിക്കയില്ല." എന്നും;
"എന്നാൽ, ഒരുരാജ്യം മറെറാരു സ്വാതന്ത്ര്യരാജ്യത്തിനു ഇത്രയും ക
ഠിനമായ ഒരു അന്ത്യലേഖനം അയച്ചിട്ടുള്ളതായി ഇന്നേവരെ
ഞാൻ കണ്ടിട്ടില്ല." എന്നും; "ആസ്ത്രിയാ ഗവർമെണ്ടുദ്യോഗസ്ഥ
ന്മാർ സേർവ്യയിൽ പ്രവേശിക്കണമെന്ന നിബന്ധന സേർവ്യയു
ടെ സ്വാതന്ത്ര്യരക്ഷയ്ക്കു ഹിതമായുള്ളതല്ല" എന്നും ബ്രിട്ടീഷു വിദേ
ശ മന്ത്രിയായ സർ. എഡ്വേർഡുഗ്രെ പ്രസ്താവിച്ചു. സരാജിവോ
വിൽ നടന്ന രാജവധത്തെപ്പററി ആസ്ത്രിയാ ഗവർമെണ്ടു ചെയ്തുവ
രുന്ന വിചാരണയുടെ അവസാനം എന്താണെന്നാണു മഹാശ
ക്തികൾ പ്രതീക്ഷിച്ചുകൊണ്ടിരുന്നതു. സേർവ്യയുടെ പേരിലുള്ള കു
റങ്ങൾ ഇന്നിന്നവയെന്നു ആസ്ത്രിയ പ്രസിദ്ധീകരിക്കുമെന്നും,
അതിൽപ്പിന്നീടു വേണ്ടതക്ക നടപടികൾ നടത്തിത്തുടങ്ങുകയു
ള്ളുവെന്നും മഹാശക്തികൾ കരുതുകയും ചെയ്തിരുന്നു. എന്നാൽ,
കേസ്സു വിചാരണ രഹസ്യമായി നടത്തുകയും, പെട്ടെന്നു അ
ന്ത്യലേഖനം അയയ്ക്കയുമാണു ആസ്ത്രിയ ചെയ്തതു. മററുള്ളവരു
ടെ പ്രതീക്ഷ അസ്ഥാനത്തിലായിപ്പോയി. മററു മഹാശക്തിക
ളുടെ പ്രേരണയാൽ ആസ്ത്രിയയ്ക്കു സേർവ്യ അയച്ച മറുപ
ടി അത്യധികം ക്ഷമയോടും, സമാധാനതൽപരതയോടും കൂടിയാണു
തയാറാക്കിയിരിക്കുന്നതെന്നു ആ മറുപടി നോക്കിയാൽ ആൎക്കും
തോന്നും. എന്നാൽ, ആസ്ത്രിയയ്ക്കു ആ മറുപടി സ്വീകാൎയ്യമായിരു
ന്നില്ല. തൽകാലം നിബന്ധനകളെല്ലാം സേർവിയാ സമ്മതിച്ച
തായി കാണുന്നുണ്ടെങ്കിലും, മേലിൽ അതെല്ലാം അനുസരിച്ചു ന

ടക്കമെന്നു വിശ്വസിക്കുവാൻ വയ്യെന്നു ആസ്ത്രിയാ വാദിച്ചു. സെ
ർവ്വിയയുടെ അഹങ്കാരം ശമിക്കണമെങ്കിൽ യുദ്ധം ചെയ്തുതന്നെ വേ
ണമെന്നു ആസ്ത്രിയ തീർച്ചപ്പെടുത്തുകയും ചെയ്തു. ആസ്ത്രിയയുടെ
ഗതി എങ്ങോട്ടാണെന്നു റഷ്യ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നുണ്ടു.
ഈ വാസ്തവം ആസ്ത്രിയയും ജർമ്മനിയും അറിഞ്ഞിട്ടുമുണ്ടു. സെർവി
യയുടെ ഭാഗത്തു ചേരുവാൻ വിടാതെ റഷ്യയെ സമാധാനിപ്പി
ച്ചു നിർത്തേണ്ടതു ആവശ്യമാണെന്നു ആസ്ത്രിയ കരുതീട്ടുമുണ്ടു. ഈ
കരുതലോടുകൂടി, സെർവിയയുടെ ഏതൊരു ദേശത്തെയും പിടി
ച്ചടക്കണമെന്നു ആഗ്രഹമില്ലെന്നും, സെർവ്വിയയെ ഒരു പാഠം പഠി
പ്പിക്ക മാത്രമേ വേണ്ടതുള്ളുവെന്നും ആസ്ത്രിയ റഷ്യയെ അറിയിച്ചു.
ജർമ്മനി അതിനെ പിന്താങ്ങുകയും ചെയ്തു. എന്നാൽ, ഇത്രയും
കൊണ്ടു റഷ്യ തൃപ്തിപ്പെട്ടില്ല. സെർവിയാരാജ്യത്തിൽപ്പെട്ട ഏതു
ഭാഗവും പിടിച്ചടക്കുന്നതല്ലെന്നു തീർച്ച പറഞ്ഞിട്ടുള്ളതല്ലാതെ,
സെർവിയയുടെ സ്വാതന്ത്ര്യശക്തിയെ ക്ഷയിപ്പിക്കുന്നതല്ലെന്ന
തിനെപ്പറ്റി ഒരു വാക്കുപോലും ആസ്ത്രിയ പറഞ്ഞിട്ടില്ലാത്തതി
നെ പ്രത്യേകം ചൂണ്ടിക്കാണിച്ചുകൊണ്ടു റഷ്യ ഈ വാദത്തിൽ ത
ലയിട്ടു. പാരീസ്സിലെ ബ്രിട്ടീഷുദൂതനും ജർമ്മൻ ദൂതനുമായി നടന്ന
സംഭാഷണത്തിലും, സെർവിയയുടെ സ്വാതന്ത്ര്യത്തെ നശിപ്പിക്കു
മോ എന്ന ചോദ്യത്തിനു ജർമ്മൻ ദൂതൻ മറുപടിയൊന്നും പറ
ഞ്ഞിട്ടില്ല. ബാൾക്കാൻ ദേശങ്ങളും തുർക്കിയുമായി നടന്ന യുദ്ധത്തി
നു മുമ്പു സെർവിയ ആസ്ത്രിയയെ ധാരാളമായി ബഹുമാനിച്ചി
രുന്നു. ആ യുദ്ധത്തിനുശേഷം ബാൾക്കാൻ ദേശങ്ങളിൽ റഷ്യക്കാ
ണു അധികം മാന്യതയുണ്ടായിരിക്കുന്നതു. ഇതു ഏറെക്കുറെ സൂ
ചിപ്പിച്ചുകൊണ്ടു ലണ്ടനിലെ ആസ്ത്രിയാ ദൂതൻ സർ. എഡ്വേർ
ഡു ഗ്രേയോടു സംസാരിക്കയുണ്ടായി. ബാൾക്കാൻ ദേശങ്ങളിൽ
റഷ്യക്കുള്ള വിലയെ ഇടിച്ചു താഴ്ത്തണമെന്നും, ആ ദേശങ്ങളിൽ
ആസ്ത്രിയയ്ക്കു പല അവകാശങ്ങളും ഉറപ്പിക്കണമെന്നും കരുതലു
ണ്ടെന്നു, ആസ്ത്രിയാ ദൂതൻ പറഞ്ഞതിൽനിന്നു റഷ്യ വ്യാഖ്യാനി
ക്കയും ചെയ്തു. ആസ്ത്രിയാ സെർവിയയോടു യുദ്ധത്തിനു പുറപ്പെ
ട്ടുന്നതിനെപ്പറ്റി മഹാശക്തികൾക്കു ആക്ഷേപമില്ല. റഷ്യക്കുമി

ല്ലാം ആക്ഷേപം. സ്ലാവു ജനങ്ങളുടെ സംരക്ഷകത്വം തങ്ങൾക്കാണെന്നാണു റഷ്യയുടെ അഭിമാനം. സ്ലാവു രാജ്യമായ സെർവ്യയോടു ഏതൊരു ഉദ്ദേശ്യത്തോടുകൂടിയാണു ആസ്ത്രിയ യുദ്ധത്തിനു ഒരുങ്ങിയിരിക്കുന്നതെന്നു വെളിവായി അറിയേണമെന്നു റഷ്യ നിർബന്ധപൂർവ്വം ആവശ്യപ്പെട്ടു. അതിനു ആസ്ത്രിയാ അതുമിതും പറഞ്ഞു ഒഴിഞ്ഞതല്ലാതെ ഒന്നും തുറന്നു പറഞ്ഞില്ല. ഇതിൽ റഷ്യയുടെ വാശി കലശലാകുന്നുണ്ടെന്നു കണ്ടപ്പോൾ ആസ്ത്രിയാ ബന്ധപ്പെട്ടു നടവടികൾ നടത്തിത്തുടങ്ങി. അന്ത്യലേഖനത്തിനു 48- മണിക്കൂറിനകം മറുവടി കിട്ടേണമെന്നു ആവശ്യപ്പെടുകയും, മറുവടി കിട്ടിയപ്പോൾ അതു തൃപ്തികരമല്ലെന്നു പറഞ്ഞു ആസ്ത്രിയാ ദൂതനെ സെർവിയയിൽനിന്നു ഉടനെതന്നെ മടക്കി വിളിക്കയും ചെയ്തു. ചോദ്യത്തിനു ശരിയായ മറുവടി തരാതെ ഉടനുടൻ ആസ്ത്രിയ ഓരോന്നു പ്രവർത്തിക്കുന്നതു കണ്ടപ്പോൾ, ഈ യുദ്ധത്തിൽ തങ്ങൾക്കും ചേരേണ്ടതായി വരുമെന്നു റഷ്യ മഹാശക്തികൾക്കു അറിവു കൊടുത്തു. സ്ലാവു ജനങ്ങളുടെ ആക്രമങ്ങൾകൊണ്ടു ആസ്ത്രിയാ സാമ്രാജ്യം ക്ഷീണിച്ചുപോയാൽ റഷ്യയുടെ ശക്തി ആസ്ത്രിയയിൽ പ്രവഹിക്കുമെന്നതിനു സംശയമില്ല. അപ്പോഴത്തു ജർമ്മനിക്കും ദോഷമായിവരും. സെർവ്യയുടെ ശക്തി ക്ഷയിച്ചു അവിടെ ആസ്ത്രിയയുടെ അധികാരം വർദ്ധിക്കുന്നതു ജർമ്മനിക്കും നന്മതന്നെ. എന്നാൽ, ഈ യുദ്ധത്തിൽ റഷ്യ സെർവ്യയുടെഭാഗത്തു ചേരുന്നതായാൽ ആസ്ത്രിയക്കു തനിയേ തടുത്തുനില്പാൻ കഴികയില്ല. അതുകൊണ്ടു എങ്ങിനെയെങ്കിലും റഷ്യയെ വിലക്കിനിർത്തണമെന്നു ജർമ്മനി തീർച്ചയാക്കി. ആസ്ത്രിയയുടെ ഈ പുറപ്പാടു ന്യായമായുള്ളതാകയാൽ, റഷ്യ ഇതിൽ പ്രതികൂലിക്കുന്നതായാൽ ആസ്ത്രിയയുടെഭാഗത്തു തങ്ങളും ചേരുന്നതാണെന്നു ജർമ്മനി റഷ്യയെ ഒന്നു ഭയപ്പെടുത്തിനോക്കി. അപ്പോൾ റഷ്യ ഫ്രാൻസിന്റെ അഭിപ്രായമെന്താണെന്നു ചോദിച്ചു. റഷ്യയെ സഹായിക്കുന്നതിനു എപ്പൊഴും തങ്ങൾ തയ്യാറാണെന്നു ഫ്രാൻസിന്റെ മറുവടി. ഈ യുദ്ധത്തിൽ റഷ്യക്കു പ്രവേശിക്കാതെ കഴികയില്ലെന്നും, ഗ്രേറ്റബ്രിട്ടന്റെ അഭിപ്രായം എന്താണെന്നു ഉടനെ

വെളിപ്പെടുത്തേണ്ടതാണെന്നും, ബ്രിട്ടൻ എതിർകക്ഷിയിൽ ചേന്നാൽ ജൎമ്മനി ഇളകുന്നതല്ലെന്നും, ഇപ്പോൾ ബ്രിട്ടൻ അടങ്ങിയിരിക്കയാണെങ്കിൽ യൂറോപ്പു മുഴുവൻ രക്തപൂൎണ്ണമായിത്തീരുമെന്നും റഷ്യാ മന്ത്രി ബ്രിട്ടീഷു ഗവൎമ്മെണ്ടിനെ അറിയിച്ചു. അതിനു, ബാൾക്കൻ കാൎയ്യങ്ങളിൽ തങ്ങൾക്കു അത്രവളരെ ശ്രദ്ധയില്ലാത്തതുകൊണ്ടു ഈ യുദ്ധത്തിൽ തങ്ങൾ പ്രവേശിക്കുന്നതല്ലെന്നു ബ്രിട്ടീഷു ഗവൎമ്മെണ്ടു മറുവടികൊടുത്തു. ഈ യുദ്ധത്തിൽ തങ്ങൾകൂടി ചേരുന്നതായാൽ യൂറോപ്പിലെ സമാധാനം തീരെ നശിച്ചുപോകുമെന്നാണു ബ്രിട്ടന്റെ അഭിപ്രായം. ഇങ്ങിനെ മറുവടി കൊടുത്തുവെങ്കിലും, സമാധാനത്തിനായി ശ്രമം തുടങ്ങി. റഷ്യയും ആസ്ത്രിയയും തമ്മിലുള്ള പിണക്കം നിമിഷം ചെല്ലുന്തോറും മൂത്തുമൂത്തു വരുന്നതായി കാണുകയും, റഷ്യയെ സമാധാനിക്കാതിരുന്നാൽ റഷ്യ യുദ്ധത്തിൽ ചേരുമെന്നും അപ്പോൾ യൂറോപ്പു മുഴുവൻ പോൎക്കളമായിത്തീരുമെന്നും മനസ്സിലാകുകയും ചെയ്തു. ബാൾക്കാൻ കാൎയ്യങ്ങളിൽ ബ്രിട്ടനു ശ്രദ്ധയില്ലെന്നതു ശരിതന്നെ. എന്നാൽ, ബാൾക്കാനിൽനിന്നു പുറപ്പെടുന്ന ഈ യുദ്ധം യൂറോപ്പെങ്ങും ബാധിച്ചാൽ അതു ബ്രിട്ടനെയും ബാധിക്കാതിരിക്കയില്ല. ഫ്രാൻസ് ക്ഷീണിക്കുന്നതു ബ്രിട്ടനു വലിയൊരു ആപത്താണു. അതിനിടകൊടുക്കാതെ, ഫ്രാൻസിനോടൊപ്പം ബ്രിട്ടനും യുദ്ധം ചെയ്യേണ്ടതായിവരും. ഇങ്ങിനെയെല്ലാം സംഭവിക്കുന്നതിനു മുമ്പായി സേർവ്യയും ആസ്ത്രിയയും തമ്മിലുള്ള യുദ്ധം മററാരെയും ബാധിക്കാതിരിക്കത്തക്കവണ്ണം തടുത്തു നിൎത്തേണ്ടതു ആവശ്യമാണെന്നു ബ്രിട്ടൻ മനസ്സിലാക്കി, അതിന്മണ്ണം പ്രവൎത്തിക്കാൻ തുടങ്ങി. ഇതേ ഉദ്ദേശ്യത്തോടുകൂടിയാണു ജൎമ്മനിയുടെയും ഉദ്യമം. എന്നിരുന്നാലും ജൎമ്മനി റഷ്യയെ വേണ്ടവിധം സമാധാനിപ്പിക്കയുണ്ടായില്ല. ആസ്ത്രിയയുടെ അന്ത്യലേഖനം റഷ്യയെ എത്രത്തോളം ബാധിക്കുന്നുണ്ടെന്നു ആലോചിച്ചു തീൎച്ചപ്പെടുത്തുവാൻ മഹാശക്തികൾ എല്ലാം ചേൎന്നു ഒരു യോഗം കൂടേണ്ടതാണെന്നും, യോഗനിശ്ചയപ്രകാരം നടക്കുന്നതിനു റഷ്യയെ സമ്മതിപ്പിച്ചുകൊള്ളാമെന്നും, ആസ്ത്രിയയെ സമ്മതിപ്പിക്കേണ്ട ഭാരം ജൎമ്മനി ഏല്ക്കേണ്ടതാണെന്നും ബ്രിട്ടൻ വിളിച്ചുപറ

ണു. ലണ്ടനിൽവെച്ചു മഹാശക്തികളുടെ പ്രതിനിധികൾ യോഗംചേൎന്നു ആലോചനചെയ്തു ആസ്ത്രിയയും റഷ്യക്കും തമ്മിലുള്ള പിണക്കംതീൎത്തു തമ്മിൽ ഇണക്കിച്ചേൎക്കേണ്ടതാണെന്നു ബ്രിട്ടീഷു മന്ത്രി പ്രസംഗിച്ചു. ഫ്രാൻസും ഇററലിയും അതു സമ്മതിച്ചു. ഇങ്ങിനെയൊരു യോഗംകൊണ്ടു പ്രത്യേകിച്ചു ഫലമൊന്നുമില്ലെന്നും, ആസ്ത്രിയയും റഷ്യയും തമ്മിലുള്ള കാൎയ്യങ്ങൾ അവർതമ്മിൽ തന്നെ പറഞ്ഞു തീൎക്കുകയാണു വേണ്ടതെന്നും ജൎമ്മനി വാദിച്ചു. എന്നാൽ, അങ്ങിനെതന്നെ ആവാമെന്നു റഷ്യ അതിനായി പുറപ്പെട്ടു. അപ്പോൾ ആസ്ത്രിയ അതിനു അനുകൂലിച്ചില്ല. ഇങ്ങിനെ ആ ഉദ്യമം നിഷ്ഫലമായി പരിണമിച്ചു.

---

## യുദ്ധാരംഭം.

---

സമാധാനത്തിനായി ഇങ്ങിനെ തെരക്കോടെ ആലോചന നടക്കുന്നുണ്ടായിരിക്കെ, അതൊന്നും നോക്കാതെ ആസ്ത്രിയ 28-ാംനു- സേർവ്യയോടു യുദ്ധംതുടങ്ങി. അന്ത്യലേഖനം അയച്ചതു 24-ാംനു-യാണു. 25-ാംനു- അതിനു മറുപടികിട്ടി. അന്നുമുതൽ, ഒരിടത്തു യുദ്ധഗൎജ്ജനവും മറെറാരിടത്തു സമാധാനാലോചനയും നടന്നുകൊണ്ടിരുന്നു. 28-ാംനു- യുദ്ധവുംതുടങ്ങി. ഉടൻതന്നെ, റഷ്യ തന്റെ സൈന്യത്തെ ആസ്ത്രിയയുടെ അതിൎത്തിയിലേക്കു നയിച്ചു. ഫ്രാൻസു പടകൂട്ടുകയും ഇംഗ്ലണ്ടിന്റെ അഭിപ്രായം എന്തെന്നറിവാൻ ആവശ്യപ്പെടുകയുംചെയ്തു. ഇപ്പോൾ യൂറോപ്പിൽ നേരിട്ടിരിക്കുന്ന ശണ്ഠ സേർവ്യയെയും ആസ്ത്രിയയെയും മാത്രം സംബന്ധിച്ചതാണു. ആസ്ത്രിയയോടു റഷ്യ പോർതുടങ്ങിയാലാവട്ടെ, ഉടമ്പടിപ്രകാരം റഷ്യയെ ഫ്രാൻസു സഹായിച്ചാലാവട്ടെ ഗ്രേറബ്രിട്ടന്നു ഇതിൽ പ്രവേശിക്കേണ്ട ആവശ്യമില്ല. റഷ്യയും ഫ്രാൻസും അങ്ങോട്ടു യുദ്ധത്തിനു ചെല്ലുന്നതല്ലാതെ, റഷ്യയോടോ ഫ്രാൻസിനോടോ ആരും ഇങ്ങോട്ടു യുദ്ധത്തിനു വന്നിട്ടില്ലാത്തതുകൊണ്ടു ഇതിൽ ഗ്രേറബ്രി

ട്ടന്നു യാതൊന്നും പ്രവൎത്തിക്കേണ്ടതായില്ലെന്നു 29-ാംനു- ബ്രിട്ടീഷുമന്ത്രി ഫ്രഞ്ചുഗവൎമ്മെണ്ടിനു മറുവടികൊടുത്തു. ആസ്ത്രിയയും റഷ്യയും പരസ്പരംചേൎന്നു കാൎയ്യാലോചനചെയ്കയാണു നല്ലതെന്നു ജൎമ്മനി പറഞ്ഞതു, അതുപോലെ നടന്നിട്ടില്ലാത്തതിനാൽ മഹാശക്തികൾ യോഗംകൂടിയോ, മറേറതെങ്കിലും വിധത്തിലോ ഇക്കാൎയ്യം കലാശിപ്പിക്കേണ്ടതിനു ജൎമ്മനിയുടെ അഭിപ്രായം എങ്ങിനെയായാലും അതുപ്രകാരം പ്രവൎത്തിക്കുവാൻ തയാറാണെന്നു ബ്രിട്ടീഷുവിദേശമന്ത്രി ജൎമ്മനിയെ അറിയിച്ചു. എന്നാൽ, അതിനു മറുവടി പറയുംമുമ്പു, ജൎമ്മൻ ചക്രവൎത്തി യുദ്ധസഭകൂടി ആലോചനതുടങ്ങി. അന്നുതന്നെ ജൎമ്മൻമന്ത്രി ബ്രിട്ടീഷുദൂതനോടു വേറെചില കാൎയ്യങ്ങളെപ്പററി സംസാരിക്കയുണ്ടായി. ഫ്രാൻസിൻെറ ശക്തി ക്ഷയിച്ചുപോകുന്നതു ബ്രിട്ടീഷിനു സമ്മതമുള്ള കാൎയ്യമല്ല. ഗ്രേറബ്രിട്ടൻ ഈ യുദ്ധത്തിൽ ചേരുകയില്ലെന്നു തീൎച്ച പറഞ്ഞാൽ, ഫ്രാൻസു രാജ്യത്തിൻെറ ഏതുഭാഗത്തെയും തങ്ങൾ പിടിച്ചടക്കുന്നതല്ലെന്നു വാഗ്ദത്തംചെയ്യാമെന്നു ജൎമ്മൻമന്ത്രി പറഞ്ഞു. എന്നാൽ, ഗ്രേറബ്രിട്ടന്നു അറിയേണ്ടതായ കാൎയ്യം വേറെയാണു. ഫ്രാൻസിൻെറ കടൽക്കരകളെ സംരക്ഷിച്ചുകൊള്ളാമെന്നു ഗ്രേറബ്രിട്ടൻ മുൻ കരാറുപ്രകാരം ഏററിട്ടുണ്ടു. മെഡിറററേനിയൻ കടലിനെ ഫ്രാൻസും സംരക്ഷിച്ചുകൊള്ളാമെന്നു ഏററിരിക്കുന്നു. ഈ യുദ്ധത്തിൽ ഫ്രാൻസിൻെറ കുടിയേററനാട്ടുകളെ രക്ഷിക്കേണ്ട ഭാരവും ഫ്രഞ്ചു കപ്പൽപ്പടയ്ക്കു വഹിക്കേണ്ടിവരും. അങ്ങിനെ, അവരുടെ ശ്രദ്ധ സ്വന്തംകാൎയ്യത്തിലായാൽ മെഡിറററേനിയൻ കടലിൻെറ രക്ഷയിൽ ഉറപ്പു മതിയാകാതെയാകും. അതുമാത്രമല്ലാ, മെഡിറററേനിയൻ കടലോരത്തുള്ള ഫ്രഞ്ചുദേശങ്ങളെ ജൎമ്മനി ആക്രമിച്ചുപോകും. അതുകൊണ്ടു, ഫ്രാൻസിൻെറ സാമന്തരാജ്യങ്ങളെ ജൎമ്മനി ആക്രമിക്കുമോ എന്നും, ഫ്രാൻസിൻെറ കടൽപ്പടയെ യുദ്ധത്തിലേക്കു വലിക്കുമോ എന്നുമാണു, ഗ്രേറബ്രിട്ടന്നു അറിയേണ്ടതായിട്ടുള്ളതു. ഇതിനെപ്പററി ബ്രിട്ടീഷുദൂതൻ ജൎമ്മൻമന്ത്രിയോടു ചോദിച്ചപ്പോൾ, അതിനെപ്പററി ഒന്നും പറയുവാൻ വയ്യ എന്നാണു മറുവടികൊടുത്തതു- നിഷ്പക്ഷസ്ഥിതിയിലിരിക്കുന്ന ബൽജിയത്തിൽകൂടി ഫ്രാൻസിലേക്കു

നല്ലവഴി കിട്ടേണ്ടതിനായി ജർമ്മനി പ്രവേശിക്കുമോ എന്ന ചോദ്യത്തിനും ജർമ്മനിയുടെ മറുവടി തൃപ്തികരമായിട്ടല്ലാ കണ്ടതു. ബെൽജിയം നിഷ്പക്ഷാവസ്ഥയിലിരിക്കുന്നതു ബ്രിട്ടന്നു വലിയൊരു രക്ഷയാണു. ഇടയിൽ ആ ദേശം കിടക്കുന്നതുകൊണ്ടു ജർമ്മനിക്കു ഇംഗ്ലണ്ടിനെ ഉപദ്രവിക്കാൻ അത്ര എളുപ്പത്തിൽ കഴികയില്ല. ബെൽജിയത്തെ ഏതൊരു രാജാവും ആക്രമിച്ചുകൂടെന്നു മുമ്പു മഹാശക്തികളെല്ലാംകൂടി വ്യവസ്ഥചെയ്തിട്ടുണ്ടു. അതിൽ ജർമ്മനിയും ചേർന്നിട്ടുണ്ടു. ഫ്രാൻസിന്റെ ഗതി എങ്ങിനെയെന്നു കാണുന്നതിനുമുമ്പു ബെൽജിയത്തെപ്പററി ഒന്നും തീർച്ചപറവാൻ കഴികയില്ലെന്നു തന്നെയല്ലാ, ബെൽജിയത്തെ ആരും ആക്രമിക്കരുതെന്നും, അതിൽകൂടി ആരും സൈന്യത്തെ കടത്തികൊണ്ടുപോകരുതെന്നും മുമ്പു നിശ്ചയം ചെയ്തിട്ടുണ്ടെന്നിരിക്കിലും ഇപ്പോൾ അതിലൊന്നും ഉറപ്പുപറവാൻ വയ്യെന്നും ജർമ്മൻ മന്ത്രി ബ്രിട്ടീഷുദൂതനെ അറിയിച്ചു. ഫ്രാൻസിന്റെ സാമന്തരാജ്യങ്ങളെയും ബെൽജിയത്തിന്റെ നിഷ്പക്ഷസ്ഥിതിയെയുംപററി ജർമ്മനി ഒന്നും ഉറപ്പുപറയാതിരുന്നതു ന്യായമായില്ലെന്നു ബ്രിട്ടൻ ആക്ഷേപിച്ചു. ഫ്രാൻസുരാജ്യത്തിന്റെ ഏതുഭാഗത്തെയും വശപ്പെടുത്തുന്നതല്ലെന്നു ജർമ്മനി പറഞ്ഞിട്ടുണ്ടെങ്കിലും, വേറെ വഴിക്കു ജർമ്മനി ഫ്രാൻസിന്റെ നില മോശമാക്കിത്തീർക്കാമെന്നും ഈ അവസരത്തിൽ ബ്രിട്ടൻ ജർമ്മനിയോടു യോജിച്ചു ഫ്രാൻസിനെ കൈവിടുന്നതു ലജ്ജാകരമാണെന്നും ബെൽജിയത്തിന്റെ നിഷ്പക്ഷസ്ഥിതിയെ സംരക്ഷിക്കേണ്ട ഭാരം ജർമ്മനിയുടെ സ്നേഹത്തിനുവേണ്ടി ഒഴിച്ചുവിടുവാൻ കഴികയില്ലെന്നും സർ എഡ്വേർഡ് ഗ്രേ അഭിപ്രായപ്പെട്ടു. യൂറോപ്പിൽ സമാധാനം നിലനില്ക്കേണമെന്നു എല്ലാരാജ്യക്കാരും ആഗ്രഹിക്കുന്നുണ്ടു. ഇതിനായി ഗ്രേററുബ്രിട്ടൻ വളരെയധികം പ്രയത്നിക്കുന്നു. ഈ ആഗ്രഹം ജർമ്മനിക്കുണ്ടെങ്കിൽ അതിപ്പോൾ പ്രവർത്തിച്ചുകാണിച്ചാൽ, ഈവിഷമമെല്ലാം കഴിഞ്ഞ ഉടനെ ബ്രിട്ടനും ജർമ്മനിയും തമ്മിലുള്ള മൈത്രിയെ അധികമായി ഉറപ്പിക്കാമെന്നുകൂടി എഡ്വേർഡ് ഗ്രേ പറഞ്ഞു. ജർമ്മനിക്കു ഗ്രേററു ബ്രിട്ടനോടു ഇണങ്ങിയിരിക്കണമെന്നു ആഗ്രഹമില്ലായ്കയില്ല. എന്നാൽ സേർവ്യയെ തകർത്തുകളയണമെന്നും, ഫ്രാൻസിനെയും റഷ്യ

യെയും മുഖംതിരിപ്പിച്ചയയ്ക്കണമെന്നും ജർമ്മനിക്കു നല്ല വാശിയുണ്ടു. അതുകൊണ്ടു ബ്രിട്ടനോടു അനുകൂലമായോ പ്രതികൂലമായോ രണ്ടും പറയാതെ ജർമ്മനി ഒഴിഞ്ഞുനില്ക്കയാണു ചെയ്തതു. ജുലായി 30-ാംനു- ആസ്ത്രിയാസൈന്യം സേർവ്വിയയുടെ തലസ്ഥാനമായ ബെൽഗ്രേഡ് പട്ടണത്തെ തകർക്കുവാൻ തുടങ്ങി. റഷ്യ 31-ാംനു- യുദ്ധത്തിനു തയാറാകുവാൻ സൈനികവിളംബരം പ്രസിദ്ധപ്പെടുത്തി. റഷ്യയുടെ പുറപ്പാടു കണ്ടപ്പോൾ ജർമ്മനിയിൽ യുദ്ധജ്വരം കഠിനമായി പരന്നുപോയി. ഈ ഘട്ടത്തിൽ ഫ്രാൻസിൻെറ ഭാഗത്തു ബ്രിട്ടൻ നില്ക്കുന്നതായാൽ ഈ യുദ്ധം അമർന്നുപോകുമെന്നു ഫ്രഞ്ചു പ്രതിനിധി ബ്രിട്ടീഷുമന്ത്രിയോടു പറഞ്ഞു. ഗ്രേ:ബ്രിട്ടൻ യുദ്ധത്തിൽ ചേരാതിരിക്കേണ്ടതിനു ജർമ്മനി ചെയ്യേണ്ടതായ സംഗതികൾ ഇന്നിന്നതെന്നു ജർമ്മനിയെ അറിയിച്ചിട്ടുണ്ടെന്നും ജർമ്മനി പ്രതികൂലമായി പ്രവൎത്തിക്കുന്നതായാൽ ബ്രിട്ടനും യുദ്ധത്തിൽ ചേരാതിരിക്കയില്ലെന്നു ജർമ്മനിക്കു അറിയാമെന്നും ബ്രിട്ടൻ ഈ യുദ്ധത്തിൽ ചേരുമോ ചേരുകയില്ലയോ എന്നതിനെപ്പററി ബ്രിട്ടീഷുമന്ത്രിസഭ ആലോചിച്ചതിൽ തൽകാലം ഒന്നും തീൎച്ചപറവാൻ വയ്യെന്നാണു തീർമാനിച്ചിരിക്കുന്നതെന്നും ബ്രിട്ടീഷുമന്ത്രി ഫ്രഞ്ചു പ്രതിനിധിയെ അറിയിച്ചു. യുദ്ധത്തിൽപെട്ട രാജ്യക്കാർ ബെൽജിയത്തിൻെറ നിഷ്പക്ഷസ്ഥിതിയെ ഇളക്കിക്കളയുമോഎന്നു സർ. എഡ്വേർഡ് ഗ്രേ ചോദ്യം ചെയ്തു. മുമ്പുചെയ്ത നിശ്ചയങ്ങൾക്കു ഇളക്കംവരുത്തുന്നതല്ലെന്നു ഫ്രാൻസു മറുവടിപറഞ്ഞു. ചക്രവൎത്തിയോടു ചോദിച്ചല്ലാതെ തനിക്കു ഇതിനെപ്പററി ഒന്നും പറവാൻ കഴികയില്ലെന്നും, ഇതിൽ രണ്ടിലൊന്നു പറഞ്ഞാൽ അതു സൈനികനിയമത്തിനു വിരോധമായി വരുമെന്നുമാണു ജർമ്മൻമന്ത്രി പറഞ്ഞതു. അപ്പൊഴെക്കും ജർമ്മനി റഷ്യക്കും ഫ്രാൻസിനും അന്ത്യലേഖനം അയച്ചുകഴിഞ്ഞു. സമാധാനശ്രമം കൈവിടരുത് എന്നു ആവശ്യപ്പെട്ടുകൊണ്ടു റഷ്യ ജർമ്മനിക്കു കമ്പികൊടുത്തു. ആ അഭിപ്രായം ജർമ്മനിക്കു സ്വീകാൎയ്യമായി വന്നില്ല. ജർമ്മനിയുടെ അതിൎത്തിയിലും ആസ്ത്രിയയുടെ അതിൎത്തിയിലും തയാറാക്കി നിൎത്തിയിരിക്കുന്ന റഷ്യാസൈന്യത്തെ 12 മണിക്കൂറിനകം പിരിച്ചുവിടണമെന്നു റഷ്യക്കും; ജർമ്മനിയും റഷ്യയു

തമ്മിലുള്ള യുദ്ധത്തിൽ ഫ്രാൻസു റഷ്യയുടെ പക്ഷത്തിൽ ചേരുമോ എന്നു 18 മണിക്കൂറിനകം അറിവുതരേണമെന്നു ഫ്രാൻസിനും ജർമ്മനി അയച്ച അന്ത്യലേഖനങ്ങൾക്കു ആ രണ്ടു രാജ്യങ്ങളും മറുപടിയൊന്നുംകൊടുക്കാതെ യുദ്ധത്തിനുതന്നെ പുറപ്പെട്ടു. ബെൽജിയത്തിന്റെ നിഷ്പക്ഷസ്ഥിതിയെപ്പററി ജർമ്മനിയുടെ അഭിപ്രായം തീർച്ചയറിയേണമെന്നു എഡ്വേർഡ്ഗ്രേ വീണ്ടും ജർമ്മനിയോടു ആവശ്യപ്പെട്ടു. ബെൽജിയത്തിന്റെ നിഷ്പക്ഷസ്ഥിതിയെ ഇളക്കാതിരുന്നാൽ ഗ്രേറ്റ്ബ്രിട്ടൻ യുദ്ധത്തിൽ പ്രവേശിക്കാതിരിക്കുമോ എന്നു ജർമ്മൻ ദൂതൻ സ്വമേധയാ ചോദിച്ചു. ഫ്രാൻസിന്റെ സാമന്തരാജ്യങ്ങളുടെ കാര്യത്തിൽ ജർമ്മനി തീർച്ചയൊന്നും പറഞ്ഞിട്ടില്ലാത്തതുകൊണ്ടു ജർമ്മൻദൂതന്റെ ചോദ്യത്തിനു ശരിയായ മറുപടിപറവാൻ കഴികയില്ലെന്നു എഡ്വേർഡ്ഗ്രേ പറഞ്ഞു. ഫ്രാൻസിനും ഫ്രാൻസിന്റെ സാമന്തരാജ്യങ്ങൾക്കും ദോഷംതട്ടാതെ പ്രവർത്തിച്ചാൽ ഗ്രേറബ്രിട്ടൻ യുദ്ധത്തിൽ ചേരാതിരിക്കുമോഎന്നു ജർമ്മൻദൂതൻ മറെറാരുചോദ്യം ചെയ്തു. അതിനും എഡ്വേർഡ്ഗ്രേ തക്ക മറുപടിയൊന്നും പറഞ്ഞില്ല. ഫ്രാൻസിന്റെ വലിപ്പത്തെ കുറയ്ക്കാതെതന്നെ അതിനെ ക്ഷീണിപ്പിക്കുവാൻ കഴിയുന്നതാണല്ലോ എന്നു ബ്രിട്ടീഷുമന്ത്രി സംശയിച്ചു. സർ. എഡ്വേർഡ്ഗ്രേ സമാധാനത്തിനായി പിന്നെയും പുറപ്പെട്ടു. ഫ്രാൻസു ഈ യുദ്ധത്തിൽ ചേരാതിരുന്നാൽ ആരാജ്യത്തോടു ജർമ്മനി യുദ്ധത്തിനു വരുമോഎന്നു ചോദിച്ചു. ഈചോദ്യം ജർമ്മൻചക്രവർത്തിക്കയച്ചു. ജർമ്മനിയും റഷ്യയും തമ്മിലുള്ള യുദ്ധത്തിൽ ഫ്രാൻസു ചേരാതിരുന്നാൽ ഫ്രാൻസിനോടു ഒരിക്കലും എതിരിടുന്നതല്ലെന്നും, ഗ്രേറബ്രിട്ടനുമായുള്ള മൈത്രി നിലനില്ക്കുന്നപോലെ കാണുന്നതുകൊണ്ടു തനിക്കു അത്യധികം സമാധാനമുണ്ടെന്നും ജർമ്മൻചക്രവർത്തി മറുപടികൊടുത്തു. എന്നാൽ, ഇപ്രകാരം നടക്കുവാൻ കഴിഞ്ഞില്ല. ഫ്രാൻസിനോടു ആലോചിക്കാതെയാണു എഡ്വേർഡ്ഗ്രേ അങ്ങിനെ ചോദിച്ചുപോയതു. ബ്രിട്ടന്റെ അഭീഷ്ടത്തിനു തക്കവണ്ണം ഫ്രാൻസിനെ നിർബ്ബന്ധിച്ചു പ്രവർത്തിപ്പിക്കുവാൻ ബ്രിട്ടനു ഇഷ്ടമില്ല. ഏതായാലും, ജർമ്മൻസൈന്യം ആഗസ്റ്റ് 2-ാംനു- ലക്സംബർഗ്ഗ്‌വഴിക്കു ഫ്രാൻസിനോടുയുദ്ധംതുടങ്ങി. ഇംഗ്ല

ഷുകടലിലോ വടക്കൻകടലിലോ ജർമ്മനിയുടെ കപ്പലുകൾ ഫ്രഞ്ചുകപ്പലുകളെ ആക്രമിച്ചാൽ ബ്രിട്ടീഷുകപ്പൽപ്പട ഫ്രാൻസിനെ സഹായിക്കുന്നതാണെന്നും ബ്രിട്ടീഷുഗവർമ്മെണ്ടു ഫ്രഞ്ചുഗവർമ്മെണ്ടിനെ അറിയിച്ചു. ജർമ്മൻസൈന്യത്തിനു വഴി വിട്ടുതരാതിരുന്നാൽ ബലാൽ പ്രവേശിക്കേണ്ടിവരുന്നതാണെന്നു ആഗസ്റ്റ് 3-ാംനു- ജർമ്മനി ബെൽജിയത്തിനു അന്ത്യലേഖനം അയച്ചുകളഞ്ഞു. അതിനു മറുപടി കിട്ടാത്തതുകൊണ്ടു അന്നുതന്നെ ജർമ്മനി ബെൽജിയത്തിൽ പ്രവേശിച്ചു. ഉടൻതന്നെ, ബെൽജിയം രാജാവു ബ്രിട്ടന്റെ സഹായത്തിനായി പ്രാർത്ഥിച്ചു. അപ്പൊഴും, ബെൽജിയത്തെപ്പററി രണ്ടിലൊന്നു തീർച്ചപറയണമെന്നു ബ്രിട്ടീഷുമന്ത്രി ജർമ്മനിയോടു ചോദിച്ചുനോക്കി. ഇപ്പൊഴത്തെ നിലയിൽ ബെൽജിയത്തിൽ സൈന്യത്തെ കടത്തേണ്ടതു ഒഴിച്ചുകൂടാത്തതാണെന്നും, ആസ്ഥിതിക്കു ചട്ടതിട്ടങ്ങളൊന്നും ഇപ്പോൾ വിലവെക്കാൻ വയ്യെന്നും, ലക്സംബർഗ്ഗിന്റെയും, പ്രത്യേകിച്ചു ബെൽജിയത്തിന്റെയും നിഷ്പക്ഷതയെ തൽകാലം ഇളക്കിക്കളയുന്നുവെങ്കിലും മേലിൽ അവക്കു ഇതിനു തക്കനഷ്ടം കൊടുക്കുന്നതാണെന്നും, ജർമ്മനിക്കെന്നപോലെ ഈ വലിയ ആപത്തു മറ്റാർക്കു നേരിടുന്നതായാലും തനിക്കുള്ള അവകാശത്തെയും രക്ഷയെയും ഉറപ്പിക്കുന്നതിനു ഏതാണു എളുപ്പവഴിയെന്നല്ലാതെ മറെറാന്നും നോക്കുന്നതല്ലെന്നും ജർമ്മൻമന്ത്രി പറഞ്ഞിട്ടു യുദ്ധം മുറുക്കത്തുടങ്ങി. ഫ്രാൻസു, ജർമ്മനി, റഷ്യ, ആസ്ത്രിയ, ബെൽജിയം, സേർവ്യ എന്നീ ആറുദേശങ്ങളിലും യുദ്ധാഗ്നി പടർന്നുപിടിച്ചു. ബെൽജിയത്തിന്റെ നിഷ്പക്ഷസ്ഥിതി തകർന്നുപോയിയെന്നു കണ്ടപ്പോൾ ആഗസ്റ്റ 4-ാംനു- രാത്രി 7- മണിക്കു ജർമ്മനിയും ബ്രിട്ടനും ശത്രുക്കളായി പിരിയുകയുംചെയ്തു.

# രണ്ടാംഖണ്ഡം: യുദ്ധഗതി

## ബൽജിയം യുദ്ധം.

ജമ്മൻസൈന്യം ഏതുസമയത്തും യുദ്ധസന്നദ്ധമായിരിക്കയെന്നതു സാധാരണമാണു. യുദ്ധചിന്തയിൽത്തന്നെ മുഴുകിക്കൊണ്ടിരിക്കുന്ന ജമ്മൻകാർ ചുററുമുള്ള രാജ്യങ്ങളുടെ സ്ഥിതിഗതികളും അവയെ ആക്രമിക്കേണ്ടതു ഏതേതുവഴിക്കെന്നും ഏതേതുരീതിയിലെന്നും നല്ലവണ്ണം അറിഞ്ഞു അതിനു തയാറായിരിക്കുന്നവരാണു. വിചാരിച്ച ക്ഷണത്തിൽത്തന്നെ സൈന്യത്തെ രാജ്യത്തിലെ നാനാഭാഗത്തും പരത്തുവാൻതക്ക സൌകൎയ്യത്തോടുകൂടിയ തീവണ്ടിപ്പാതകൾ അവർ മുമ്പിൽക്കൂട്ടിത്തന്നെ നിൎമ്മിച്ചുവച്ചിട്ടുണ്ടു. 1914 ജൂലായി ആദ്യത്തിൽ യൂറോപ്പിൽ യുദ്ധഗൎജ്ജനം തുടങ്ങിയതിനാൽ ജൎമ്മൻസൈന്യം ഗൂഢമായിട്ടാണെങ്കിലും, ബദ്ധപ്പാടോടുകൂടി യുദ്ധത്തിനു ഒരുക്കംതുടങ്ങി. ആ അവസരത്തിൽ, ദേഹസൌഖ്യത്തിനായി ഉൾനാട്ടിൽച്ചെന്നു പാൎത്തിരുന്ന സൎവ്വസൈന്യാധിപതിയായ ജനറൽ മോൾക്കി ജൂലായി 26-ാംനു- തലസ്ഥാന പട്ടണത്തിൽ മടങ്ങിയെത്തി. യുദ്ധാഭ്യാസത്തിനെന്നു ഭാവിച്ചുകൊണ്ടു, ഫ്രാൻസിൻെറ അതിൎത്തിൽപെട്ട ആൽസേസ് സംസ്ഥാനത്തിൽ ഒരു വലിയ ജൎമ്മൻസൈന്യത്തെ കൊണ്ടുപോയി നിറച്ചു. ആഗസ്റ്റ് 1-ാംനു-യാണല്ലോ ഫ്രാൻസിനും റഷ്യക്കും ജൎമ്മനി അന്ത്യലേഖനം അയച്ചതു. അതിവേഗത്തിൽ ഘോരമായി ആക്രമിച്ചുവരികയെന്നതു ജൎമ്മനിയുടെ യുദ്ധതന്ത്രങ്ങളിൽ ഒന്നാണെന്നു പരക്കെ അറിയാമെങ്കിലും, ജൎമ്മൻ സൈന്യം ഏതുവഴിക്കു ഏതുരീ

തിയിലാണു പോരിനു പുറപ്പെട്ടുകയെന്നതു ആൎക്കും അറിവാൻ കഴിഞ്ഞിരുന്നില്ല. ഒന്നുമാത്രം പലരും പ്രതീക്ഷിച്ചിരുന്നുള്ളൂ. നാനാമുഖമായി കിടക്കുന്ന റഷ്യാസൈന്യത്തെ ഒരുക്കൂട്ടി ജൎമ്മനിയുടെനേരെ വിടുന്നതിനു ചുരുങ്ങിയതു ഒരുമാസം വേണ്ടിവരും. ഫ്രഞ്ചുസൈന്യമാവട്ടേ, ഏതാനും കൊല്ലങ്ങളായി പ്രബലപ്പെട്ടുകൊണ്ടിരിക്കയാണു. ആദ്യമായി അതിശക്തിയോടുകൂടി ഫ്രാൻസിന്റെനേരേ കുതിച്ചുചാടി ഫ്രാൻസിനെ ഒരിടത്തു ഒതുക്കിനിൎത്തുകയും, പിന്നീടു റഷ്യയുടെനേരേ തിരിയുകയും ചെയ്യാമെന്നായിരുന്നു ജൎമ്മനിയുടെ കരുതൽ.

ആഗസ്റ്റ് ൨-ാംനു- ലക്സംബൎഗ്ഗുകാർ നേരം പുലൎന്നു നോക്കിയപ്പോൾ അവരെല്ലാം ജൎമ്മൻസൈന്യത്തിനു അധീനപ്പെട്ടിരിക്കുന്നതായിക്കണ്ടു. ആ രാജ്യത്തിലെ തീവണ്ടിപ്പാതകളും റോഡുകളുമെല്ലാം ജൎമ്മൻ സൈന്യത്തിന്റെ സംരക്ഷയിങ്കീഴിലായിരിക്കുന്നു. തലേനാൾകൂടിയും ഉയൎന്ന ഉദ്യോഗസ്ഥന്മാരായും മററുതൊഴിലാളികളായുമിരുന്ന ജൎമ്മൻകാർ ഇന്നു ജൎമ്മൻ സൈന്യത്തിലെ ഉദ്യോഗസ്ഥന്മാരായി മാറിയിരിക്കുന്നു. അവിടെ എതിടത്തും ജൎമ്മൻ സൈന്യാധികാരം മുന്തിനില്ക്കുന്നതായികണ്ടു. ജൎമ്മൻ ചാരന്മാർ വഴിക്കു ലക്സംബൎഗ്ഗിൽ പടക്കോപ്പുകളും ഭക്ഷണസാധനങ്ങളും എതേതിടങ്ങളിൽ കിട്ടുമെന്നു മുമ്പിൽത്തന്നെ അറിഞ്ഞിരുന്നതിനാൽ ജൎമ്മൻ സൈന്യം ആസ്ഥലങ്ങളെയെല്ലാം വശപ്പെടുത്തി. ആ നാട്ടുകാർ ക്ഷോഭിക്കാതിരിക്കുന്നതിനുവേണ്ടി അവിടത്തെ പ്രമാണികളെയെല്ലാം ജൎമ്മൻകാർ നിബന്ധിതരാക്കുകയും ചെയ്തു. സ്വന്തം രാജ്യം പെട്ടെന്നു ജൎമ്മനിക്കു അധീനമായതിനാൽ, ലക്സംബൎഗ്ഗുകാർ ശത്രുക്കളോടു എതിൎക്കുന്നതിനു തീരെ അശക്തരായിപ്പോയി. തലസ്ഥാന പട്ടണത്തിൽ ഒരു മൎമ്മസ്ഥാനമായ പുഴമ്പാലത്തെ ജൎമ്മൻ സൈന്യം സ്വാധീനപ്പെടുത്തി നില്ക്കുന്നതുകണ്ടു അതിനെപ്പററി അവിടത്തെ ഒരു മന്ത്രി ആക്ഷേപിച്ചു പറകയുണ്ടായി. ലക്സംബൎഗ്ഗു മദ്ധ്യസ്ഥരാജ്യമാണെന്നും, ആ രാജ്യത്തെ മററുരാജ്യക്കാരാരും ആക്രമിച്ചുകൂടെന്നതിനെപ്പററി മഹാശക്തികൾ തമ്മിൽ തീൎമാനപ്പെടുത്തീട്ടുള്ളതിൽ ജൎമ്മൻ ചക്രവൎത്തിയും ഉൾപ്പെട്ടിട്ടുണ്ടെന്നും ആ

മന്ത്രി ചൂണ്ടിക്കാണിച്ചു. അതെല്ലാം തനിക്കു നല്ലവണ്ണം അറിയാമെന്നും, എങ്കിലും, താൻ ചക്രവർത്തിയുടെ ആജ്ഞപ്രകാരം പ്രവർത്തിക്കുകയാണു ചെയ്യുന്നതെന്നും മാത്രം പറഞ്ഞു ആ ജർമ്മൻ സൈന്യാധിപൻ മുഖം തിരിച്ചുകളഞ്ഞു. ലക്സംബെർഗ്ഗ് എന്ന ആ ചെറുരാജ്യം ഇപ്പോൾ ഭരിച്ചുവരുന്നതു ഒരു രാജ്ഞിയാണു. ആ രാജ്ഞി താൻതന്നെ ജർമ്മൻ സൈന്യാധിപന്റെ മുമ്പിൽ ചെന്നു രാജ്യനീതിക്കു വിരുദ്ധമായ ഈ കൃത്യത്തെപ്പററി ആക്ഷേപിച്ചു. ജർമ്മൻ സൈന്യാധിപനാവട്ടേ, രാജ്ഞിയുടെ കൂടെയുണ്ടായിരുന്ന ലക്സംബർഗ്ഗ് സൈന്യാധിപന്റെ നേരേ തന്റെ കൈത്തോക്കിനെ നീട്ടിക്കൊണ്ടു, രാജ്ഞിയോടു അരമനയിൽ ചെന്നിരിക്കുവാൻ ആജ്ഞാപിക്കയാണു ചെയ്തതു. ശത്രുക്കൾ ആ രാജ്യത്തെ ആക്രമിക്കാതിരിക്കുവാൻവേണ്ടി ജർമ്മൻ സൈന്യത്തെ കാവലിനായി അയച്ചിരിക്കയാണെന്നു ജർമ്മൻമന്ത്രി ലക്സംബെർഗ്ഗ് ഗവർമെണ്ടിനെ അറിയിച്ചു. എല്ലാംകൊണ്ടും, തീരെ അശക്തരായിത്തീർന്ന ലക്സംബെർഗ്ഗുകാർ ജർമ്മൻസൈന്യാജ്ഞയ്ക്കു കീഴ്പെട്ടു അടങ്ങിയിരിക്കതന്നെ വേണ്ടിവന്നു. ഫ്രാൻസിന്റെയും ജർമ്മനിയുടെയും അതിർത്തിയിലാണു ലക്സംബെർഗ്ഗ് കിടക്കുന്നതു. ഈരാജ്യത്തിൽക്കൂടിയാണെങ്കിൽ, ഫ്രാൻസിന്റെ ഉള്ളിലേക്കു കടക്കുന്നതിനു എളുപ്പംകൂടും. അതുകൊണ്ടാണു ജർമ്മൻസൈന്യം ഈ രാജ്യത്തെ പെട്ടെന്നു ചെന്നുകയറി വശപ്പെടുത്തിയതു.

ഫ്രാൻസിന്റെയും ബെൽജിയത്തിന്റെയും അതിർത്തിയിൽ കിടക്കുന്ന മുഖ്യസ്ഥലങ്ങളെ സ്വാധീനപ്പെടുത്തേണമെന്ന ആഗ്രഹത്തോടുകൂടി ജർമ്മൻസൈന്യം ലക്സംബെർഗ്ഗ് വഴിക്കു ഉള്ളിലേക്കു നീങ്ങിത്തുടങ്ങി. ആഗസ്റ്റ് 3-ാംനു- ഈസൈന്യം ലീജ് പട്ടണത്തിന്റെ തെക്കുഭാഗത്തു ചെന്നെത്തി. അതേസമയത്തിൽത്തന്നെ വടക്കുവഴിക്കും കിഴക്കുവഴിക്കും ജർമ്മൻസൈന്യം ലീജിനെ സമീപിച്ചിരിക്കുന്നു. ഒരേകാലത്തിൽ ഒന്നായി തള്ളിക്കയറി ബെൽജിയത്തെ സ്വാധീനപ്പെടുത്തുവാനാണു ജർമ്മനിയുടെ പുറപ്പാടു. ലീജിന്റെ നേർകിഴക്കിലുള്ള ജർമ്മൻ സീമയിൽനിന്നു ഒരു സൈന്യം കയറിച്ചെ

നു ബെൽജിയത്തിലെ ലിംബർഗ്ഗുപട്ടണം ക്ഷണത്തിൽ പിടിച്ചടക്കി. ബെൽജിയം ഗവർമെണ്ടു ഇക്കഥയൊന്നും ഓൎത്തിരുന്നില്ല. നിഷ്പക്ഷസ്ഥിതിയിലിരിക്കുന്ന ബെൽജിയത്തെ ആരും ആക്രമിക്കയില്ലെന്നായിരുന്നു അവർ കരുതിയിരുന്നതു. യുദ്ധസംബന്ധമായ വിചാരംപോലുമില്ലാതെ സമാധാനത്തോടിരുന്നിരുന്ന ലിംബെൎഗ്ഗിനെ ജൎമ്മൻസൈന്യത്തിനു നിർബ്ബാധം പിടിച്ചടക്കുവാൻ കഴിഞ്ഞു. അവിടത്തെ തീവണ്ടിപ്പാതകളും അവർ കൈവശപ്പെടുത്തി. വടക്കേഭാഗത്തുനിന്നു ലീജിന്റെ നേരേ വന്നിരുന്ന ജൎമ്മൻസൈന്യത്തിനു അത്ര എളുപ്പത്തിൽ മുൻചെല്ലുവാൻ കഴിഞ്ഞില്ല. ലീജിന്റെ വടക്കു ബെൽജിയം അതിരിൽ വൈസ് എന്നൊരു ചെറുപട്ടണമുണ്ടു. ഇതു മ്യൂസുനദീതീരത്തിലാണു കിടക്കുന്നതു. ബെൽജിയംസൈന്യം അവിടത്തെ പാലത്തെ തകൎത്തുകളഞ്ഞ് ശത്രുക്കളുടെ ഗതിയെ തടഞ്ഞുനിൎത്തി. ജൎമ്മൻസൈന്യം അവിടെ പാലംകെട്ടുവാൻ തുടങ്ങിയപ്പോൾ അവിടെനിന്നു മൂന്നുനാഴികദൂരത്തുള്ള ലീജുകോട്ടയിൽനിന്നു ബെൽജിയം സൈന്യം പീരങ്കിപ്രയോഗംതുടങ്ങി. ജൎമ്മൻകാർ ഇരുപതുതവണ അവിടെ പാലംകെട്ടുകയും അപ്പോഴെല്ലാം ബെൽജിയം പീരങ്കികൾ അതിനെ തകൎത്തുകളയുകയുംചെയ്തു. ഒടുക്കം ശത്രുക്കൾ പാലംകെട്ടുകതന്നെചെയ്തു. ആ സൈന്യം വൈസുപട്ടണത്തിൽ പ്രവേശിച്ചപ്പോഴേക്കും അവരുടെ ഇടയിൽ നാനാഭാഗങ്ങളിൽനിന്നും തോക്കുണ്ടകൾ വഷിച്ചുതുടങ്ങി. ബെൽജിയം പടയാളികൾ അവിടെ പലെടത്തും മറഞ്ഞിരിക്കയായിരുന്നു. അവരിൽനിന്നു നേരിട്ടുകൊണ്ടിരുന്ന ശല്യം ജൎമ്മൻസൈന്യത്തിനു ദുസ്സഹമായിത്തീൎന്നു. ഉടൻതന്നെ വേറൊരുസംഘം സൈന്യംവന്നു ചേരുകയും അവർ അവിടത്തെ വീടുകളെയും ബെൽജിയംകാരെയും നിൎദ്ദയം നശിപ്പിച്ചുകളയുകയുംചെയ്തു. യുദ്ധത്തിൽ സംബന്ധിക്കാത്തവരെ കൊന്നുകളയുകയെന്നതു യുദ്ധനീതിക്കു വിരുദ്ധമായിട്ടുള്ളതാണു. വൈസുപട്ടണം പിടിച്ചടക്കിയ ഉടനെ ആ ദേശക്കാരോടായി ജൎമ്മൻസൈന്യാധിപൻ ഒരു പ്രസംഗം ചെയ്കയുണ്ടായി. ജൎമ്മനി ഫ്രാൻസിനോടു യുദ്ധത്തിനുപുറപ്പെട്ടിരിക്കുന്നുവെന്നല്ലാതെ, ബെൽജിയത്തോടു ദ്വേഷമൊന്നുമില്ലെന്നും ബെൽജിയംകാർ യുദ്ധനീതി

ക്കനുസരിച്ചു പ്രവൎത്തിക്കേണ്ടതാണെന്നും, യുദ്ധത്തിൽ പെടാത്തവ ർ സൈന്യത്തെ ഉപദ്രവിച്ചാൽ മരണശിക്ഷയ്ക്കു അൎഹരാകുമെന്നും മററുമാണു ആ പ്രസംഗത്തിന്റെ സാരം. ഈപ്രസംഗം കഴിഞ്ഞഉ ടൻതന്നെ ആൾക്കൂട്ടത്തിൽനിന്നു ഒരു വെടിപൊട്ടുന്നതു കേൾക്കുന്ന തും ആ ജൎമ്മൻസൈന്യാധിപൻ മറിഞ്ഞുവീഴുന്നതു കാണുകയുംചെ യ്തു. വെടിപൊട്ടിയ സ്ഥലത്തുനിന്നു ജൎമ്മൻപടയാളികൾ എട്ടുപേ രെ പിടിച്ചുകൊണ്ടുവന്നു അപ്പോൾതന്നെ വെടിവെച്ചു കൊന്നുക ളഞ്ഞു. ഈ സംഭവം മുതല്ക്കു ജർമ്മൻസൈന്യം പല കടുംകൈകളും അവിടെ പ്രയോഗിക്കയുണ്ടായി. പെട്ടെന്നാണു യുദ്ധംതുടങ്ങിയതു എന്നതുകൊണ്ടു യുദ്ധനിയമങ്ങളെപ്പററി ഒന്നും മനസ്സിലാക്കുവാൻ അവസരംകിട്ടീട്ടില്ലാത്ത ബെൽജിയംകാർ അറിവുകേടുകൊണ്ടു ചില അകൃത്യങ്ങളിൽ ആദ്യം ഏൎപ്പെട്ടുപോയിയെങ്കിലും, പിന്നീടു ബെൽ ജിയംഗവൎമെണ്ടു എല്ലാദേശത്തിലും യുദ്ധനിയമത്തെപ്പററി മുന്നറി യിപ്പു കൊടുത്തപ്പോൾ ബെൽജിയത്തിൽ പരക്കെ കൃത്യബോധമുണ്ടാ യിവന്നു. ഇതിലിടയ്ക്കു ജൎമ്മൻസൈന്യം ചില ബെൽജിയംഗ്രാമങ്ങ ളെ അപ്പഴപ്പോഴായി, കുററത്തിന്നു ശിക്ഷയാണെന്നു പറഞ്ഞുംകൊ ണ്ടു ദഹിപ്പിച്ചു കളഞ്ഞു.

വൈസ് പട്ടണം പൂൎണ്ണമായി അധീനപ്പെടുത്തുന്നതിന്നു മു മ്പായിത്തന്നെ, വേറെ ചില ജർമ്മൻ സൈന്യസംഘങ്ങൾ ലീ ജ്കോട്ടയെ ആക്രമിക്കുവാൻതുടങ്ങി. ബെൽജിയത്തിൽ നെടുനീ ളെയായി മ്യൂസുനദി ഒഴുകിക്കൊണ്ടിരിക്കുന്നു. ഈ നദിയുടെ തീര ത്തിൽ കിടക്കുന്ന പട്ടണങ്ങളിൽ വെച്ചു മുഖ്യമായവ ലീജ്, നാമൂർ എന്നിതു രണ്ടുമാണു. ശത്രുക്കൾ ഈ വഴിക്കു ഉള്ളിലേക്കു കടക്കാ തിരിപ്പാനായി ഈ പട്ടണങ്ങൾക്കു ചുററും പല കോട്ടകളും കെട്ടി യുറപ്പിച്ചിട്ടുണ്ടു. ലീജുപട്ടണത്തിൽ നിന്നു നാലു നാഴിക ദൂരെയാ യി പന്ത്രണ്ടു കോട്ടകളുണ്ടു. ഇതിൽ ഓരോ കോട്ടമതിലും രണ്ടോ മൂന്നോ നാഴിക ഇടവിട്ടുകൊണ്ടാണു. ഈ പന്ത്രണ്ടു കോട്ടകൾക്കും കൂടി 33 നാഴിക ദൂരമുണ്ടു. ഇത്രയും വമ്പിച്ച കോട്ടകളെ സംരക്ഷി ക്കുന്നതിന്നു 40,000 ബെൽജിയം ഭടന്മാർ മാത്രമെ അപ്പോൾ അ

വിടെ ഉണ്ടായിരുന്നുള്ളു. ബൽജിയത്തിന്റെ മർമ്മമാണു ലീജ്. രാജ്യത്തിലെ നാനാഭാഗങ്ങളിലും നീണ്ടുകിടക്കുന്ന തീവണ്ടിപ്പാതകളുടെയും റോഡുകളുടെയും ഉത്ഭവസ്ഥാനം ലീജാണു. ലീജു സ്വാധീനപ്പെടുത്തിയാലല്ലാതെ ജർമ്മൻ സൈന്യത്തിനു ബെൽജിയത്തിലേക്കു കാൽനീട്ടുവാൻ കഴികയില്ല. അതുകൊണ്ടു അനേക ലക്ഷം ജർമ്മൻഭടന്മാർ കൂടി ലീജുകോട്ടകളെ തകർത്തുതുടങ്ങി. ബൽജിയത്തിനാവട്ടെ, ആകെ രണ്ടു ലക്ഷം സൈന്യമേയുള്ളു. ഇതിൽ നാല്പതിനായിരം പേരെ ലീജിലേക്കും അത്രയും നാമൂരിലേക്കും അയച്ചതു കഴിച്ചു ബാക്കിയുള്ള ഒരു ലക്ഷം ഭടന്മാരെക്കൊണ്ടാണു ബെൽജിയം രാജാവായ ആൽഫ്രഡ് ജർമ്മനിയോടു എതിർക്കുവാൻ തുനിഞ്ഞതു. ശത്രുക്കളുടെ ഭയങ്കരമായ ആക്രമണത്തിൽ ഒട്ടും മനസ്സിളകാതെ അവർ എതിർത്തുനിന്നു. ബെൽജിയംസൈന്യം എണ്ണത്തിൽ കുറവാണെങ്കിലും, അവരിലുള്ള പൌരുഷത്തിന്റെയും ദേശാഭിമാനത്തിന്റെയും വണ്ണം അളവിടാവതല്ല.

ആഗസ്റ്റ് 4-ാംനു ജർമ്മൻ സേനാധിപതിയായ ജനറൽ എമ്മിച്ചു ലീജിലെ കിഴക്കേ കോട്ടകളെ ആക്രമിക്കുവാൻ തുടങ്ങി. ചുരുക്കമായുള്ള ബെൽജിയം ഭടന്മാർക്കു, കഷ്ടിച്ചു കോട്ടമതിലുകളെ മാത്രമേ സംരക്ഷിക്കുവാൻ കഴികയുള്ളുവെന്നും രണ്ടുംമൂന്നും നാഴിക അകലമുള്ള ഇടവെളികൾ അരക്ഷിതമായി കിടക്കുകയേയുള്ളുവെന്നും ജനറൽ എമ്മിച്ചു ധരിച്ചിരുന്നു. പെട്ടെന്നുവന്നു ആക്രമിച്ചതാകകൊണ്ടു പുതുതായി ബെൽജിയം സൈന്യം അവിടെ പ്രവേശിച്ചിരിക്കയില്ലെന്നും അദ്ദേഹം ഊഹിച്ചുപോയി. എന്നാൽ, ജനറൽ എമ്മിച്ചിന്റെ ഊഹത്തിൽ ചിലഭാഗങ്ങൾ തെറ്റിപ്പോയിട്ടുണ്ടു. ലീജ്കോട്ടകളെ സംരക്ഷിക്കേണ്ട ഭാരം വഹിച്ചിട്ടുള്ളതു ബെൽജിയം സേനാധിപനായ ജനറൽ ലീമാൻ ആണു. ദേശാഭിമാനിയും ധീരനുമായ ആ പുരുഷകേസരി രണ്ടുദിവസംകൊണ്ടു എണ്പതു നാഴിക ദൂരം നടന്നു ബെൽജിയം കോട്ടകൾക്കുള്ളിൽ സൈന്യങ്ങളെ ക്രമപ്പെടുത്തിവെച്ചു. ഇതറിയാതെ ജനറൽ എമ്മിച്ചു എണ്പത്തെണ്ണായിരം ഭടന്മാരെമാത്രം ലീജ്കോട്ടകൾക്കുനേരേ വിട്ടു. യുദ്ധം

അതിഘോരമായി നടന്നു. കോട്ടകൾക്കുള്ളിൽനിന്നു പീരങ്കിയുണ്ടകൾ തുരുതുരെ പൊഴിഞ്ഞുതുടങ്ങി. കിടങ്ങുകളിൽ മറഞ്ഞിരുന്ന ബെൽജിയം സൈന്യം യന്ത്രത്തോക്കുകളും കൈത്തോക്കുകളും കൈതളരാതെ പ്രയോഗിച്ചുകൊണ്ടു ജർമ്മൻസൈന്യത്തെ കൂട്ടംകൂട്ടമായി കൊന്നു വീഴ്ത്തുന്നതുകണ്ടു ജനറൽ എമ്മിച്ച അമ്പരന്നുപോയി. എന്നിട്ടും അദ്ദേഹം മനസ്സിളകാതെ, തന്റെ സൈന്യത്തെ ബെൽജിയം സൈന്യത്തോടു നേക്കു നേർ പൊരുതുന്നതിനായി വിട്ടു. കോട്ടമതിലുകളെ തകർത്തുകളയും മുമ്പായി കോട്ടകൾക്കുള്ളിലേക്കു സൈന്യത്തെ കടത്തിവിടുന്നതു യുദ്ധതന്ത്രത്തിനു വിരോധമായിട്ടുള്ളതാകയാൽ, ജർമ്മൻ സൈന്യം കോട്ടകൾക്കുള്ളിൽ കടന്നുവരുന്നതുകണ്ടു ജനറൽ ലീമാൻ അത്ഭുതപ്പെട്ടുപോയി. ഇടവെളികളിൽ ബെൽജിയം ഭടന്മാരുടെ സംഖ്യ നിസ്സാരമായിരിക്കുമെന്നു ജനറൽ എമ്മിച്ച തെററിദ്ധരിച്ചു പോയതുകൊണ്ടാണു അദ്ദേഹത്തിനു ഈ അബദ്ധം പാറിപ്പോയതു. ഉള്ളിൽ കടക്കുന്ന ഭടന്മാർ കൂട്ടംകൂട്ടമായി നിലം പതിക്കുന്നതു കണ്ടപ്പോൾ അദ്ദേഹവും വിസ്മയിച്ചുപോയി. ഒടുക്കം, കോട്ടമതിലുകൾ ഇടിച്ചു നിരത്തുകതന്നെ വേണമെന്നു തീച്ചയാക്കി. ഫ്രാൻസിലേക്കു വളരെ വേഗത്തിൽചെന്നു കയറണമെന്ന നിശ്ചയത്തോടുകൂടി പുറപ്പെട്ടിരുന്ന ജർമ്മൻ സൈന്യസംഘങ്ങൾ കനംകുറഞ്ഞ സാമാനങ്ങൾ മാത്രമേ കൈവശം വെച്ചിരുന്നുള്ളു. ഫ്രാൻസിൽ കടന്നതിൽപ്പിന്നീടു, കനംകൂടിയ വമ്പിച്ച യുദ്ധസാമഗ്രികളും, വഴിയേ കടത്തിക്കൊണ്ടുപോകാമെന്നാണു അവർ തീർമാനിച്ചിരുന്നതു. കൈവശമുണ്ടായിരുന്ന ചെറുതരം പീരങ്കികൾകൊണ്ടു ലിജ്ജുകോട്ടകളെ ആക്രമിച്ചതിൽ പ്രത്യേകിച്ചു ഫലമൊന്നുമുണ്ടായില്ലെന്നു മാത്രമല്ലാ, അതിലും വലിയ ബെൽജിയം പീരങ്കികൾ ജർമ്മൻ സൈന്യത്തിൽ അത്യധികമായ നാശങ്ങൾ വരുത്തിക്കൂട്ടുകയും ചെയ്തു. പെരുംപീരങ്കികൾ സൈന്യസ്ഥാനത്തിൽനിന്നു വരുത്തുന്നതിനു രണ്ടുമൂന്നു ദിവസത്തെ താമസമുണ്ടു. അതുവരെ അടങ്ങിയിരുന്നാൽ, തന്റെ സൈന്യത്തെ ബെൽജിയം സൈന്യം തീരെ നശിപ്പിച്ചുകളയുമെന്നു ജനറൽ എമ്മിച്ച കരുതി. അതിനും പുറമേ, വളരെ വേഗത്തിൽ ഫ്രാൻസിൽ

ചെന്നുത്തന്നാമെന്നു ബലപ്പാടുമുണ്ടു. എല്ലാംകൊണ്ടും ജൎമ്മൻ സൈന്യം 5-ാംനു രാത്രി ഒന്നുകൂടി ഘോരമായി ആക്രമിച്ചുനോക്കി; അപജയംതന്നെയാണു ഫലമുണ്ടായതു. സഹായസൈന്യത്തെ വരുത്തി ഒരു ലക്ഷത്തി ഇരുപതിനായിരം ഭടന്മാർ തികച്ചു കോട്ടകളോടു മുട്ടിനോക്കുവാൻ ജനറൽ എമ്മിച്ചു തീൎച്ചപ്പെടുത്തി. അന്നുരാത്രി വീണ്ടും രണ്ടുതവണ ആക്രമിച്ചു കയറീട്ടും വലിയ നഷ്ടത്തോടുകൂടി പിന്തിരിയുകതന്നെ വേണ്ടിവന്നു. ജനറൽ ലീമാൻ തന്റെ അധീനതയിലുള്ള നാല്പതിനായിരം സൈന്യത്തെക്കൊണ്ടു അത്യധികം സാമൎത്ഥ്യത്തോടുകൂടിയാണു ആ വമ്പിച്ച ജൎമ്മൻസൈന്യത്തെ മുഖം തിരിപ്പിച്ചുകൊണ്ടിരുന്നതു. ലീജിന്റെ കിഴക്കെയുള്ള രണ്ടു കോട്ടകളെയാണു ജൎമ്മൻ സൈന്യം ഇപ്പോൾ ലാക്കാക്കിയിരിക്കുന്നതു. നാല്പതിനായിരം ബൽജിയം ഭടന്മാരും ആ ഒരേഭാഗത്തുതന്നെ തടുത്തുനില്ക്കുവാൻ കഴിഞ്ഞതുകൊണ്ടാണു അവൎക്കു ഒട്ടും ക്ഷീണംതട്ടാതിരുന്നതെന്നു ആദ്യമൊന്നും ജനറൽ എമ്മിച്ചു മനസ്സിലാക്കിയില്ല. ഒടുക്കം, അദ്ദേഹം തെക്കുള്ള മൂന്നു കോട്ടകളെയും ചേൎത്തു അഞ്ചു കോട്ടകളെ ഒരേസമയത്തു ആക്രമിക്കുവാൻ പുറപ്പെട്ടു. അഞ്ചു ഭാഗങ്ങളിൽ ഒരേസമയത്തു ചെലുത്തി ശത്രുക്കളെ നിരോധിക്കുവാൻ തക്ക ശക്തി തന്റെ ഈ ചെറിയ സൈന്യത്തിനില്ലെന്നു ജനറൽ ലീമാൻ അറിഞ്ഞുവെങ്കിലും, അദ്ദേഹം ഊടും ചോടും പുറമെ വിടാതെ നിശ്ചലം എതിരിട്ടു നില്ക്കതന്നെചെയ്തു. എത്രവലിയ നഷ്ടകഷ്ടങ്ങളുണ്ടായാലും ലീജു സ്വാധീനപ്പെടുത്താതെ വിടുകയില്ലെന്ന ഉറപ്പോടുകൂടി ആക്രമിച്ചു കയറുന്ന ആ വമ്പിച്ച ജൎമ്മൻ സൈന്യം, ഒടുക്കം ഇടവെളിയിൽ പ്രവേശിച്ചുപോയി. ഇത്രയുമായപ്പോൾ, ഇനി അധികസമയത്തേക്കു കോട്ടകളെ സംരക്ഷിച്ചുനില്ക്കുവാൻ കഴികയില്ലെന്നു ജനറൽ ലീമാൻ ഗ്രഹിച്ചു, നാല്പതിനായിരം ഭടന്മാരിൽ ഇരുപതിനായിരംപേരെ ഗൂഢമായി പിമ്പുറത്തുകൂടി ബെൽജിയം സൈന്യസ്ഥാനത്തിലേക്കു പിരിച്ചയക്കുകയും, ശേഷംപേരെക്കൊണ്ടു മരണംവരെ കോട്ടകളെ കാത്തുനില്ക്കുന്നതിനു നിശ്ചയിക്കയും ചെയ്തു. ഇടവെളിയിൽ കടന്നുകൂടിയ ജൎമ്മൻസൈന്യം അവിടെ കിടങ്ങുകളുണ്ടാക്കി നിലയുറപ്പിച്ചു.

ഇതിലിടക്കു വേറെ ചില സംഭവങ്ങളുണ്ടായി. ജർമ്മൻ ചാരന്മാർ മററു പലെടത്തുമെന്നപോലെ ലീജ്ജുപട്ടണത്തിലുമുണ്ടു. അവരിൽ രണ്ടുപേർ ഫ്രെഞ്ചുസൈന്യാധിപന്മാരുടെ വേഷത്തിൽ ജനറൽ ലീമാനെ കണ്ടു സംസാരിക്കുവാൻ ചെന്നു. ഭാഗ്യഗുണംകൊണ്ടു രഹസ്യം വെളിപ്പെട്ടുപോയി; ആ രണ്ടുപേരെയും ബന്ധവസ്സിലാക്കി. മറെറാരിക്കൽ ചില ജർമ്മൻ ഭടന്മാർ വേഷംമാറിച്ചെന്നു, ജനറൽ ലീമാൻെറ പാർപ്പിടത്തെ വളഞ്ഞു. ഇക്കഥ അറിഞ്ഞു ഒരു ബെൽജിയം ഉദ്യോഗസ്ഥൻ ജനറൽ ലീമാനെ ചുമലിലേററി ചുമർ എറിമറിഞ്ഞു രക്ഷാസ്ഥാനത്തിൽ കൊണ്ടുചെന്നുവിട്ടു. ആ വീട്ടിലുണ്ടായിരുന്ന മററുള്ളവരെയെല്ലാം ആ ജർമ്മൻഭടന്മാർ കൊന്നുകളഞ്ഞു. ഇത്തരം ചില്ലറ സംഭവങ്ങൾ പലതും നടന്നുകൊണ്ടിരുന്നിട്ടുണ്ടു. എന്നാൽ ‘ആനക്കൂട്ടത്തിൽ ചേനക്കൂട്ടം’ രസകരമാകയില്ലല്ലോ എന്നു കരുതി അതെല്ലാം വിട്ടുതള്ളുന്നു.

6-ാംനു- രാവിലെ ജർമ്മൻസൈന്യത്തിലേക്കു പെരുംപീരങ്കികൾ വന്നെത്തി. 750- റാത്തൽ തൂക്കമുള്ള ഉണ്ടകളിട്ടു വെടിവെക്കാവുന്ന അത്തരം പീരങ്കികളുടെ ഭയങ്കരഭാവം അവർണ്ണ്യമെന്നേ പറയാവൂ. ആ ഉണ്ട വീഴുന്ന സ്ഥലം ചുററുപാടടക്കം നിശ്ശേഷം തകർന്നുപോകുമെന്നു പറയേണ്ടതില്ലല്ലോ. ഈ പെരുംപീരങ്കികൾ വന്നെത്തിയതോടുകൂടി ലീജ് കോട്ടകളുടെനില ഇളകിപ്പോയി. ഇതിൻെറ പ്രയോഗംനിമിത്തം ലീജിൻെറ കിഴക്കും തെക്കുമുള്ള കോട്ടകളെല്ലാം രണ്ടേ രണ്ടു മണിക്കൂർകൊണ്ടു നിശ്ശബ്ദമായിത്തീൎന്നു. ആ കോട്ടകളിൽ ഒന്നു നാലുണ്ടകളിലധികം ഏല്ക്കുവാൻ ശക്തമായില്ല. ലീജ്നഗരത്തിലെ അസംഖ്യം കെട്ടിടങ്ങൾ തകർന്നുപോയി. ജനങ്ങൾ സംഭ്രാന്തരായിത്തീരുകയുംചെയ്തു. ഒടുക്കം, ജർമ്മൻസൈന്യം ലീജ്പട്ടണത്തിനുള്ളിൽ പ്രവേശിച്ചു. ജനറൽലീമാൻ തൻെറ സൈന്യത്തിൽ മറെറാരു സംഘത്തെയും ഗൂഢമായി പിരിച്ചയച്ചുവിട്ടു.

ലീജ്പട്ടണവും, മ്യൂസുനദിക്കു തെക്കെയുള്ള കോട്ടകളും കൈവശപ്പെട്ടതോടുകൂടി ജർമ്മൻസൈന്യം ബൽജിയത്തിൽ പ്രവേശി

ച്ചു നാനാഭാഗത്തും പരന്നുകഴിഞ്ഞു. ലീജിലെ വടക്കേ കോട്ടകൾ ഇപ്പോഴും ബെൽജിയംസൈന്യം വിട്ടുകൊടുത്തിട്ടില്ല. ബാക്കിഭാഗം കൈവിട്ടുപോയതോടുകൂടി ജർമ്മൻസൈന്യത്തിനു മുന്നോട്ടു കയറുവാൻ തരപ്പെട്ടതുകൊണ്ടു വടക്കേ കോട്ടകളെ സംരക്ഷിച്ചു നില്ക്കുന്നതു യുദ്ധതന്ത്രപ്രകാരം ഗുണകരമല്ലെങ്കിലും, ബെൽജിയംകാൎക്കു അവരുടെ സൈന്യത്തെപ്പററി അഭിമാനം വൎദ്ധിപ്പിക്കുന്നതിനായി ജനറൽ ലീമൻ ആ ഭാഗത്തെ മുറുകെപിടിച്ചുതന്നെനിന്നു. ചുരുക്കം ഭടന്മാരെ മാത്രം പിന്നിൽനിൎത്തി മററുള്ളവരെയെല്ലാം ദൂരെയയച്ചു രക്ഷിച്ചു. അദ്ദേഹം, തനിക്കു തുണയായി വേറേ സൈന്യം വന്നെത്തുമെന്നു പ്രതീക്ഷിക്കയൊവട്ടെ, ജർമ്മൻ പെരുംപീരങ്കികൾ തുടരെത്തുടരെ വമിച്ചുകൊണ്ടിരിക്കുന്ന അഗ്നിഗോളങ്ങളിൽ തന്റെനില തകൎന്നുപോകാതെ സംരക്ഷിക്കാമെന്നു ആശിക്കയൊവട്ടെ ചെയ്തിട്ടില്ല. കോട്ടമതിലുകൾ ശത്രുക്കളുടെ പീരങ്കികളാൽ ഇടിഞ്ഞുപൊകുന്നതു ക്ഷണത്തിൽ കഴിയുമെങ്കിലും ബെൽജിയം ഭടന്മാരുടെ ശരീരം അത്ര വേഗത്തിൽ വീണുപോകയില്ലെന്നു അദ്ദേഹം ഉറച്ചു. ഒരുലക്ഷത്തി ഇരുപതിനായിരം ജർമ്മൻഭടന്മാരോടു നാല്പതിനായിരം ബെൽജിയം ഭടന്മാർ ഉറച്ചുനിന്നു പൊരുതിയതു കണ്ടപ്പോൾ ലോകം പാടേ അത്ഭുതപരവശമായി. ബെൽജിയംകാരുടെ ഹൃദയം സ്വാഭിമാനംകൊണ്ടു തുള്ളിത്തുളുമ്പുകയും ചെയ്തു.

ആഗസ്റ്റ 13-ാംനു ജർമ്മൻസൈന്യം അവരുടെ പെരുംപീരങ്കികളെ മ്യൂസ്നദിയിലെ പാലത്തിൽകൂടി കടത്തിക്കൊണ്ടുചെന്നു ലീജിലെ കിഴക്കേകോട്ടകളെ തകൎത്തുതുടങ്ങി. അവയെ പ്രതിരോധിക്കുന്നതിനു തക്ക ശക്തിയുള്ള ആയുധമൊന്നും തന്റെവശമില്ലെങ്കിലും, ലീജുകോട്ട ഇനിയും പൂൎണ്ണമായി അധഃപതിച്ചിട്ടില്ലെന്നു തന്റെ ദേശക്കാരെ ധൈൎയ്യപ്പെടുത്തുന്നതിനും, ജർമ്മൻസൈന്യത്തെ ഫ്രാൻസിലേക്കുള്ള പോക്കിൽ കഴിയുന്നേടത്തോളം താമസപ്പെടുത്തുന്നതിനുംവേണ്ടി ജനറൽലീമാൻ തന്നോടൊപ്പമുള്ള ചെറിയസൈന്യത്തെക്കൊണ്ടു ശത്രുക്കളെ നിരോധിച്ചുനിന്നു. ഒരു കോട്ട ഇടിഞ്ഞുവീണപ്പോൾ ലീമാന്റെ രണ്ടു കാൽകളും മുറിഞ്ഞുപോയി. ആ

ധീരൻ എന്നിട്ടും കൂസാതെ, മോട്ടോർവണ്ടിയിൽ കയറിയിരുന്നു ചുററും സഞ്ചരിച്ചു പരിശോധിക്കയും തന്റെ ഭടന്മാരെ ഉത്സാഹപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു. ലീജിന്റെ വടക്കുകിഴക്കെയുള്ള ലാൻസിൻ എന്ന കോട്ടയെ നൂറു ഭടന്മാരെക്കൊണ്ടാണു രക്ഷിക്കുവാൻ ശ്രമിച്ചതു. അതിലെ മതിലുകൾ ഇടിഞ്ഞുതകരുന്നതു കണ്ടപ്പോൾ അതിന്റെയും കഥ കഴിഞ്ഞുപോയിയെന്നറിഞ്ഞു, അവിടത്തെ പടക്കോപ്പുകളും ഭക്ഷണസാധനങ്ങളുമെല്ലാം ശത്രുക്കൾക്കു വിട്ടുകൊടുക്കയില്ലെന്നുവെച്ചു ജനറൽ ലീമാൻ നശിപ്പിച്ചുകളഞ്ഞു. ആ കോട്ടയിൽനിന്നു മറെറാരു കോട്ടയിലേക്കു മാറിപ്പോകുന്ന അവസരത്തിൽ, തന്നെയും തന്റെ ഭടന്മാരെയും ജർമ്മൻസൈന്യം വളഞ്ഞുകഴിഞ്ഞിരിക്കുന്നുവെന്നു അദ്ദേഹം കണ്ടു. ഒരു ജർമ്മൻ പീരങ്കിയുണ്ട കോട്ടയിൽതന്നെ ശരിക്കുവന്നു വീഴുകയും കോട്ടമതിലുകളും ഇരുമ്പുകെട്ടിടങ്ങളുമെല്ലാം പൊട്ടിത്തെറിച്ചു ആകാശത്തിൽ ചിതറിപ്പാറുന്നതു കാണുകയും ചെയ്തു. ഉടൻതന്നെ, കോട്ടയ്ക്കകത്തുള്ള ബെൽജിയം ഭടന്മാരെ ജർമ്മൻസൈന്യം എതിക്കുവാൻ വന്നപ്പോൾ ആ ഭടന്മാരെല്ലാം മൃതിപ്പെട്ടും മുറിപ്പെട്ടും നിശ്ചലരായികിടക്കുന്നതായിട്ടാണു കണ്ടതു. കോട്ടയിൽനിന്നു തെറിച്ചുവീണ ഒരു ഇരുമ്പുത്തരത്തിൻകീഴിൽ ആ യുദ്ധവീരനായ ജനറൽ ലീമാൻ ചതഞ്ഞു കിടക്കുന്നു. അദ്ദേഹത്തെ ജർമ്മൻകാർ നല്ലവണ്ണം ബഹുമാനിക്കതന്നെ ചെയ്തു. അദ്ദേഹം മരിച്ചിട്ടുണ്ടായിരുന്നില്ല. ആസ്പത്രിയിൽകൊണ്ടുപോയി കിടത്തി സാദരം ചികിത്സതുടങ്ങി. അദ്ദേഹത്തിനു സുബോധമുണ്ടായ ഉടൻ പറഞ്ഞതു:– 'ബെൽജിയം ഭടന്മാർ ധീരതയോടെ എതിർത്തുനിന്നതിൽ പിന്നെയാണു കോട്ടകൾ കൈവിട്ടുപോയതു എന്നും, ആ സമയം ഞാൻ ബോധരഹിതനായികിടക്കയായിരുന്നുവെന്നും നിങ്ങൾ രേഖപ്പെടുത്തുന്നതിനു മറന്നുപോകരുതു' എന്നാണു. അദ്ദേഹത്തെ ജർമ്മൻസൈന്യാധിപതിയായ ജനറൽ എമ്മിച്ചിന്റെ മുമ്പാകെ കൂട്ടിക്കൊണ്ടുപോയി. 'നിങ്ങൾ അത്യധികം ശൌര്യത്തോടുകൂടി കോട്ടകളെ സംരക്ഷിച്ചുനിന്നതുകണ്ടു ഞാൻ അ

ത്തുതപ്പെട്ടുപോയി' എന്നു ജനറൽ എമ്മിച്ച ശ്ലാഘിച്ചു പറഞ്ഞു' "ഞങ്ങളുടെ പൂർവ്വികന്മാരുടെ കീർത്തിക്കു കളങ്കമുണ്ടാവാതിരിക്കത്തക്കവണ്ണം ഞങ്ങൾ യുദ്ധംചെയ്തിരിക്കുന്നു" എന്നു വിനയപൂർവ്വം പറഞ്ഞുകൊണ്ടു ജനറൽലീമാൻ, തന്റെ അപ്പോഴത്തെ ദാസ്യഭാവത്തിന്റെ ലക്ഷണമായി തന്റെ ഖഡ്ഗത്തെ ജനറൽ എമ്മിച്ചിന്റെ മുമ്പാകെവെച്ചു കൊടുക്കുവാൻ ഭാവിച്ചു. 'വേണ്ട, വേണ്ട, അതു നിങ്ങളുടെ കൈവശംതന്നെ ഇരുന്നുകൊള്ളട്ടെ. നിങ്ങളെപ്പോലെയുള്ള ധീരപുരുഷന്മാരോടുകൂടി ഖഡ്ഗം പ്രയോഗിക്കുവാൻ തരംകിട്ടുന്നവൻകൂടിയും മാന്യനാണു' എന്നു ജനറൽ എമ്മിച്ച അദ്ദേഹത്തെ ബഹുമാനിച്ചുപറഞ്ഞു. ഇതുകേട്ടുഉടൻ ആ ദേശാഭിമാനിപ്രവരന്റെ കണ്ണുകളിൽ വെള്ളം കരന്നുപോയി.

ലീജ്ജുകോട്ടകൾ സ്വാധീനപ്പെടുന്നതുവരെയും ജർമ്മൻകാർ അതിൽതന്നെ കണ്ണുംകെട്ടുമായിരിക്കയല്ലാ ചെയ്തിരുന്നതു. ഒരു ലക്ഷത്തി ഇരുപതിനായിരം ഭടന്മാർ ലീജിനെ ആക്രമിച്ചുകൊണ്ടിരിക്കുമ്പോൾ മററൊരുസൈന്യം ബൽജിയത്തിന്റെ ഉള്ളിലേക്കു പുറപ്പെട്ടുചെന്നിരുന്നു. ബൽജിയംകാരും വേറെഭാഗങ്ങളിൽ ചുറുചുറുപ്പോടെ പ്രയത്നംതുടങ്ങി. ബൽജിയംസൈന്യം യുദ്ധസന്നദ്ധമായി ബ്രസ്സൽസ്സ് പട്ടണത്തിന്റെ കിഴക്കുനിലയുറപ്പിച്ചു. പോലീസുകാരും ദൃഢഗാത്രന്മാരായ മററുള്ളവരും സൈനികവിദ്യാഭ്യാസത്തിൽ ഏറ്റപ്പെട്ടു. നാട്ടുകാർ അവരവൎക്കുള്ള കൈത്തോക്കുകളും ഏന്തിക്കൊണ്ടു വെളിയിൽ തയ്യാറായി. ജർമ്മൻകാൎക്കു റോഡുകളിൽ ഗതാഗതംചെയ്യുന്നതിനു തരപ്പെടാതിരിക്കേണ്ടതിനായി പാലങ്ങളെയെല്ലാം ഇടിച്ചു നിരത്തികളഞ്ഞു. തീവണ്ടിപ്പാതകളെ നാനാവിധമാക്കിയിട്ടു- തീവണ്ടിപ്പെട്ടികളെ തച്ചുടച്ചു ആ കഷണങ്ങൾ കുന്നുപോലെകൂട്ടി ഇടവഴികൾ അടച്ചു. ജർമ്മൻകുതിരപ്പടയെ തടുക്കുന്നതിനായി വഴികളിൽ അവിടവിടെ ഗൂഢമായി കുഴികളുണ്ടാക്കുകയും മുള്ളുവേലികൾ കെട്ടുകയുംചെയ്തു. ആ ചെറുരാജ്യത്തിലെ ജന

ങ്ങൾ ഏകമനസ്സോടെ ശത്രുക്കളെ നിരോധിക്കുവാൻചെയ്തു
കൊണ്ടുവന്ന ഇത്തരം പ്രയത്നങ്ങൾ ശത്രുക്കളെക്കൂടിയും അത്ഭു
തപ്പെടുത്തി. പാവപ്പെട്ടവർകൂടിയും വീട്ടുസാമാനങ്ങൾപോലും പു
റത്തെടുത്തു ജർമ്മൻസൈന്യത്തെ വഴിതടഞ്ഞു നിൎത്തുവാൻ റോ
ഡുകളിൽ അങ്ങുമിങ്ങുമായി കൂട്ടിയിരുന്നു. ആ നാട്ടിൽകൂടി സ
ഞ്ചരിക്കുന്ന ഏതൊരുവനെയും പിടിച്ചുനിൎത്തി അവന്റെ വൎത്ത
മാനം മുഴുവനും അറിഞ്ഞതിൽപ്പിന്നെയല്ലാതെ അവനെ അവർ
വിട്ടയച്ചിരുന്നില്ല. അവിടത്തെ സ്ഥിതിഗതികളെപ്പററി അറിവാ
ൻ പുറപ്പെട്ട ഒരു പത്രലേഖകൻ 42 നാഴിക സഞ്ചരിക്കുന്നതി
നിടക്കു അദ്ദേഹത്തെ നാട്ടുകാരും പോലീസുകാരും കൂടി പ
ലെടത്തുമായി 52 തവണ പരിശോധിക്കയുണ്ടായി. കുന്നുകളിലും
കുഴികളിലും റോഡുകളിലും വെള്ളച്ചാലുകളിലും പടർപ്പുകളിലും മ
രങ്ങളിലുമെല്ലാം ബെൽജിയംകാർ മറഞ്ഞിരുന്നു ജർമ്മൻ കുതിരപ്പ
ട്ടാളത്തെ പൊറുതികെടുക്കുവാൻ തയ്യാറായി. ആ വമ്പിച്ച ജർമ്മ
ൻ സൈന്യത്തിനു ബെൽജിയംകാരുടെ ഈവക പ്രയത്നങ്ങൾ പെ
രുവെള്ളത്തിൽ തുരുമ്പുകളെന്നപോലെ നിസ്സാരമാണെങ്കിലും അ
വരുടെ ദേശാഭിമാനം നിമിത്തം പ്രാണഭയമെന്നിയേ അവരവക്കാ
വുന്നതു ചെയ്വാൻ ഉറച്ചു പുറപ്പെട്ടിരിക്കയാണു. രാജ്യസ്ഥിതി അ
റിയുന്നതിനായി മുമ്പിൽ ഗമിക്കുന്ന ജർമ്മൻ കുതിരപ്പട്ടാളത്തെ ബെ
ൽജിയംകാർ പലവിധത്തിലും ശല്യപ്പെടുത്തുകയാൽ ജർമ്മൻകാർ
കോപിച്ചിളകി ബെൽജിയംകാരെ നിർദ്ദയം ഹിംസിക്കേണ്ടിവന്നു.
സൈന്യത്തിൽ സംബന്ധിക്കാത്തവർ ശത്രുളെ എതിൎത്തുകൂടെന്ന
നിയമം ബെൽജിയംകാർ ആദ്യം മനസ്സിലാക്കായ്കയാൽ അവക്കു
അനുഭവിക്കേണ്ടിവന്ന സങ്കടം അപാരമെന്നേ പറയാവൂ. ഇതിനി
ടയിൽത്തന്നെ ജർമ്മൻ ചാരന്മാരുടെ പ്രവൃത്തികൾ ഗൂഢമായി മു
റയ്ക്കു നടന്നുകൊണ്ടിരുന്നു. പലകാലമായി അടുത്ത വീട്ടുകാരായും
ബന്ധുക്കളായുമിരുന്നിരുന്ന ജർമ്മൻകാരെ പെട്ടെന്നു കാണാതാക
യും, പിന്നീടു അവരെ ജർമ്മൻ സൈന്യത്തിനു വഴികാട്ടുന്നവരാ

യി കാണുകയും ചെയ്തു. വേറെചില ചാരന്മാർ പ്രാക്കളെകൊണ്ടും കമ്പിയില്ലാക്കമ്പികൊണ്ടും നാട്ടുവർത്തമാനങ്ങൾ ജർമ്മൻ സൈന്യത്തിനു അറിവു കൊടുത്തുകൊണ്ടിരുന്നു. സന്യാസികളുടെയും പാതിരികളുടെയും വേഷത്തിൽ സഞ്ചരിച്ചുകൊണ്ടു ജർമ്മൻ ചാരന്മാർ ബൽജിയം സൈന്യത്തിന്റെ പോക്കുവരവിനെ നിരോധിക്കുന്നതിനായി തീവണ്ടിപ്പാതകളെയും കമ്പിയാപ്പീസുകളെയും മററം ഒളിവിൽ നാശപ്പെടുത്തിക്കളഞ്ഞു. ഇങ്ങിനെ പലവഴികളം, വിളഞ്ഞു നിൽക്കുന്ന നെൽക്കണ്ടത്തെ കൃഷിക്കാർ എന്നപോലെ ആ മനോഹരമായ ബൽജിയംരാജ്യത്തെ ജർമ്മൻകാർ കൊയ്യാൻ ഒരുക്കിത്തുടങ്ങി.

ഒരുകൂട്ടം ജർമ്മൻ സൈന്യം പെരും പീരങ്കികളെക്കൊണ്ടു ലീജുകോട്ടകളെ തകർത്തുകൊണ്ടിരിക്കുമ്പോൾ, ഏറക്കുറെ രണ്ടുലക്ഷം ജർമ്മൻ ഭടന്മാർ ബൽജിയത്തിന്റെ തെക്കുഭാഗങ്ങളിൽ കടന്നു ഫ്രാൻസിന്റെ അതിർത്തിയിലേക്കു ചെന്നുകൊണ്ടിരുന്നു. ഇവക്കു മുമ്പിൽ വഴിതെളിക്കുന്നതിനായും, ബൽജിയം സൈന്യത്തിന്റെയും ഫ്രഞ്ചുസൈന്യത്തിന്റെയും സ്ഥിതിഗതികൾ അറിയുന്നതിനായും ജർമ്മൻ കുതിരപ്പട്ടാളങ്ങൾ ബൽജിയത്തിലെ നാനാഭാഗങ്ങളിലും വ്യാപിച്ചു. പല സംഘങ്ങളായി പിരിഞ്ഞു ചെന്നിരുന്ന ആ അശ്വസൈന്യം ബൽജിയം സൈന്യത്തോടു പലെടത്തും എതിരിടുകയും ജയവും അപജയവും രണ്ടും നേരിട്ടുകൊണ്ടു ക്രമത്തിൽ മുന്നോട്ടു കടക്കയും ചെയ്തു. ജർമ്മൻ കുതിരപ്പട്ടാളങ്ങളിൽവെച്ചു ഉലാൻ എന്ന സംഘമാണു സുപ്രസിദ്ധമായവ. പ്രാണഭയംകൂടാതെ എതിക്കുകയും ജീവകാരുണ്യം കൂടാതെ ഹിംസിക്കുകയും ചെയ്യുന്നതിൽ ഉലാൻപടയുടെ ധൈര്യം ഒന്നു വേറെയാണു. അവർ എതിരാളികളുടെ ഇടയിൽ തള്ളിക്കയറി കൂട്ടക്കൊല ചെയ്തുതുടങ്ങി. അപജയപ്പെട്ടു പിന്തിരിഞ്ഞോടുമ്പോൾ അവർ പൊട്ടിച്ചിരിച്ചുകൊണ്ടാണു മരിച്ചു വീഴുക. സ്ത്രീപുരുഷഭേദമോ, ബാലവൃദ്ധഭേദമോ ഒന്നും ഗണിക്കാതെ കണ്ണിനുനേരേ വെട്ടുവരെ

യെല്ലാം കൊന്നുകൊന്നൊടുക്കിയും രാജ്യവിഭവങ്ങളെയെല്ലാം കൂട്ടത്തോടെ നശിപ്പിച്ചുംകൊണ്ടു ആ ഉലാൻസൈന്യം ബൽജിയംകാരെ ഭയാകുലരാക്കിത്തീർത്തു. ബൽജിയംകാർ ആകുലപ്പെട്ടു പോയിയെങ്കിലും ബൽജിയം സൈന്യം ഒട്ടും കലുങ്ങിയില്ല. അവർ ഉലാൻപടയെ പലെടത്തും പരാജിതരാക്കിവിട്ടു. ഫേസൽട്ടു എന്ന സ്ഥലത്തെ മൂന്നുതവണ ആക്രമിച്ചിട്ടും ഉലാൻപടക്കു അവിടെ നിലകിട്ടിയില്ല. ടയർലിമാണ്ടു എന്ന സ്ഥലത്തുവെച്ചു ബൽജിയം ഈട്ടിപ്പട ഉലാൻപടയെ നിലകലക്കിവിട്ടു. അവർ പോഷകസൈന്യത്തെചേർത്തു വീണ്ടും വന്നു ആക്രമിച്ചതിൽപ്പിന്നെയാണു ജയം നേടിയതു. ബൽജിയത്തിൻെറയും ഹാളണ്ടിൻെറയും അതിർത്തിസ്ഥലത്തു ആറായിരവും ലീജിൻെറ വടക്കു ഏഴായിരവും ബ്രസ്സൽസിനു കിഴക്കു പതിനായിരവും ജർമ്മൻ അശ്വഭടന്മാർ തയാറായി നിന്നിരുന്നു. ഫേലൻ എന്ന ദേശത്താണു ബൽജിയം സൈന്യത്തെ ഒരുക്കിക്കൂട്ടി നിർത്തിയിരുന്നതു. അവിടെ കിടങ്ങുകളുണ്ടാക്കി ഗൂഢസ്ഥലങ്ങളിൽ പീരങ്കികൾ ഉറപ്പിച്ചു വെച്ചിരുന്നു. ആഗസ്റ്റ് 12-ാംനു രാവിലെ 11 മണിക്കു ഉലാൻപട ഫേലൻദേശത്തിൻെറ അരികിലെത്തി. അതുവരെ അടങ്ങിയിരുന്ന ബൽജിയം സൈന്യം പെട്ടെന്നു പീരങ്കിപ്രയോഗം തുടങ്ങി. വളരെ വലിയ നഷ്ടകഷ്ടങ്ങൾ നേരിട്ടുവെങ്കിലും ഗണ്യമാക്കാതെ ഉലാൻപട കിടങ്ങുകൾക്കുനേരേ പാഞ്ഞു. കിടങ്ങുകളിൽനിന്നു യന്ത്രത്തോക്കുകൾ വമിച്ചുകൊണ്ടിരുന്ന തീയുണ്ടകളേറ്റു ഉലാൻഭടന്മാർ മുതിപ്പെട്ടും മുറിപ്പെട്ടും വീണുപീണു പോകുന്നതോടുകൂടിത്തന്നെ അവർ കിടങ്ങുകളിലിറങ്ങി ബൽജിയംഭടന്മാരുമായി നേക്കുനേർപോർ തുടങ്ങി. അപ്പൊഴെക്കും ബൽജിയംകുതിരപ്പട്ടാളം വന്നെത്തുകയും അവരുമായുള്ള യുദ്ധത്തിൽ ഉലാൻപട പിന്തിരിഞ്ഞോടുകയും ചെയ്തു. എങ്കിലും, ബെൽജിയം സൈന്യശക്തി എത്രയെന്നു ഉലാൻപടക്കു അറിവാൻ കഴിഞ്ഞു. ജർമ്മൻ കുതിരപ്പട്ടാളം പലേടത്തും പിന്തിരിഞ്ഞോടുന്നതു കണ്ടപ്പോൾ ജർമ്മൻകാർ തോററുപോ

യി എന്നു ബെൽജിയംകാർ സന്തോഷിച്ചു. വാസ്തവം അതല്ല- രാജ്യസ്ഥിതി അറിയുന്നതിനായിട്ടാണു കുതിരപ്പട്ടാളം മുമ്പിൽ പുറപ്പെട്ടുന്നതു. ചില ചില്ലറ ലഹളകളിൽ ഏർപ്പെട്ടു കാര്യം ഗ്രഹിച്ചു കഴിഞ്ഞാൽ അവർ പിന്തിരിഞ്ഞോടുകയും ചെയ്യും. ദേശസ്ഥിതി അറിവാനായി ജർമ്മൻവിമാനങ്ങളും പുറപ്പെട്ടിരുന്നു. അവ പലസ്ഥലത്തിലും ബോംബെറിഞ്ഞു ബെൽജിയംകാരെ കഷ്ടപ്പെടുത്തിവന്നു. ഇതുനിമിത്തം കോപകലുഷിതന്മാരായിത്തീർന്ന ബെൽജിയംകാർ നേരിൽകണ്ട വിമാനങ്ങളെയെല്ലാം പീരങ്കിപ്രയോഗിച്ചു വീഴ്ത്തിത്തുടങ്ങി. ഇക്കൂട്ടത്തിൽ ചില ബെൽജിയംവിമാനങ്ങൾക്കും നാശംപറ്റിപ്പോയി. ഇങ്ങിനെ, കുതിരപ്പടകളും വിമാനങ്ങളും ബെൽജിയം മുഴുവൻ കലക്കിമറിച്ചുകൊണ്ടിരിക്കുമ്പോൾ, ആഗസ്റ്റ 14-ാംനു ഒരുകൂട്ടം ഫ്രഞ്ചുസൈന്യം ബെൽജിയത്തിൽ വന്നെത്തിയതു കണ്ടു ആ നാട്ടുകാർ സന്തോഷഭരിതരായി. ഫ്രഞ്ചുസൈന്യം ഷാർലിറായി എന്ന സ്ഥലത്തു നിന്നു വടക്കു വാവർ എന്ന സ്ഥലംവരെ നിരന്നുകൊണ്ടു ബെൽജിയംസൈന്യത്തോടു യോജിച്ചുനിന്നു.

ഇത്രയുമായപ്പോൾ അനേകലക്ഷം ജർമ്മൻഭടന്മാർ വരിവരിയായി ബെൽജിയത്തിലേക്കു പുറപ്പെട്ടു. പലതരം ആയുധങ്ങളോടും, ഒരേനിറത്തിലുള്ള ഉടുപ്പോടും അനേകലക്ഷം ദൃഢഗാത്രന്മാരായ യുവാക്കന്മാർ പലനാഴിക നീളത്തിൽ അടിമേൽ അടിവെച്ചു ഒരേക്രമമായി ചരിച്ചുതുടങ്ങി. പീരങ്കികൾ, യന്ത്രത്തോക്കുകൾ, മോട്ടോർവണ്ടികൾ എന്നിവയും ഒന്നൊന്നായി നെടുനീളെ പോയിക്കൊണ്ടിരുന്നു. പലതരം സാമാനങ്ങൾ ഏറ്റിക്കൊണ്ടുള്ള അസംഖ്യം മോട്ടോർവണ്ടികൾ തൊട്ടുതൊട്ടു പല നാഴിക നീളത്തിൽ ഓടിക്കൊണ്ടിരിക്കുമ്പോൾ ബെൽജിയത്തിൽ ഭൂകമ്പമുണ്ടായിപ്പോയി. ജർമ്മൻസൈന്യത്തിന്റെ ഗതിയെപ്പറ്റി അന്നു ഒരു പത്രലേഖകൻ വിവരിച്ചിട്ടുള്ളതു പ്രത്യേകം രസകരമാണു. 'രാവിലെ ആറുമണിക്കു പട്ടാളങ്ങൾ യാത്രയ്ക്കു തയാറായി, സേനാധിപന്മാരുടെ ആജ്ഞകൾ തോ

ഏറവെടിപോലെ മുഴങ്ങിത്തുടങ്ങി. ആയുധങ്ങൾ കലകലെ ശബ്ദിച്ചു. ഭടന്മാരുടെ കാലുകളും കൈകളും നിശ്ശബ്ദം ഇളകിത്തുടങ്ങി. ഏതെങ്കിലുമൊരു ഭടൻെറ കാൽ അല്പമെങ്കിലും തെററിയാൽ അവൻെറ മുഖത്തു ശകാരാഗ്നികൊണ്ടു ദഹിപ്പിക്കും. വണ്ടികളും സൈന്യങ്ങളും ഇടവിടാതെ നീണ്ടു നീണ്ടു ചരിച്ചുകൊണ്ടിരുന്നതിനാൽ റോഡുകൾ ചൂടുപിടിച്ചു ധൂമം വമിച്ചുകൊണ്ടിരുന്നു. ആ സൈന്യം ഒരിടത്തും നില്ക്കാതെ മാൎച്ചു പോയിക്കൊണ്ടിരുന്നു. വഴിയിൽ അവിടവിടെ നീർത്തൊട്ടികൾ വഹിച്ചുകൊണ്ടും ഭക്ഷണസാധനങ്ങൾ വഹിച്ചുകൊണ്ടും നാഴികക്കല്ലുകൾപോലെ ചിലരെ പ്രതിഷ്ഠിച്ചിരുന്നു. ഭടന്മാർ അവരുടെ ഗതി നിൎത്താതെതന്നെ ഇവരിൽനിന്നു ആവശ്യമായുള്ളതു വാങ്ങി ഉപയോഗിച്ചുനടന്നു. തപാൽശിപായിമാർ വഴിയിൽ നിന്നുകൊണ്ടു ഭടന്മാർ കൊടുക്കുന്ന കത്തുകൾ വാങ്ങിക്കൊണ്ടു പോകുന്നതിന്നു തയ്യാറായിരുന്നു. മാൎഗ്ഗത്തിൽ തടസ്ഥം വല്ലതുമുണ്ടായാലും വളവോ ചെരിവോ കണ്ടാലും മുൻവരിയിലെ ഭടന്മാർ കയ്യുയൎത്തി അടയാളം കാണിച്ച ഉടൻ, ആ അടയാളം ഒടുക്കത്തെ വരിവരെയും തുടൎന്നുപോയിക്കൊണ്ടിരുന്നു.' ഇങ്ങിനെ വ്യവസ്ഥിതക്രമത്തിൽ ചരിച്ചുകൊണ്ടിരുന്ന ജൎമ്മൻസൈന്യം ഇതിനുമുമ്പുണ്ടായ ശണ്ഠകളിൽ ജൎമ്മൻഭടന്മാർ അവിടവിടെ മരിച്ചുകിടക്കുന്നതു കണ്ടിട്ടും നില്ക്കാതെ ബെൽജിയത്തിൽ പ്രവേശിച്ചു. ബെൽജിയം കുതിരപ്പട്ടാളം ഈ സൈന്യത്തോടു എതിൎത്തുനോക്കിയെങ്കിലും, നിഷ്ഫലം പിന്തിരിഞ്ഞു ഓടേണ്ടിവന്നു.

ആഗസ്റ്റ 17-ാംനു രാവിലെയാണു ജൎമ്മൻസൈന്യം പുറപ്പെട്ടതു. അതിൽ ഒരുഭാഗം വാവർ എന്ന സ്ഥലത്തുവെച്ചു, അവിടെ അണിനിരന്നു നില്ക്കുന്ന ഫ്രഞ്ചുസൈന്യത്തേയും ബെൽജിയം സൈന്യത്തേയും പിളൎന്നുകൊണ്ടു മുമ്പോട്ടുകടന്നു. അണിപിരിഞ്ഞുപോയ ഫ്രഞ്ചുസൈന്യത്തേയും ബെൽജിയം സൈന്യത്തേയും ജൎമ്മൻസൈന്യം ഘോരമായി ആക്രമിക്കുകയും ചെയ്തു. 17-ാംനു മുഴുവനും

ജർമ്മൻസൈന്യത്തെ തടുക്കുന്നതിന്നു ബെൽജിയം സൈന്യം എതിർത്തുനോക്കി. ബെൽജിയംസൈന്യം മുഴുവനും അവിടെ തയാറായിവന്നിരുന്നു. കിടങ്ങുകളുണ്ടാക്കി മറിഞ്ഞിരിക്കയും, മുൾകമ്പിവേലികൾ കെട്ടുകയും, റോഡുകൾ അടെയ്ക്കുകയും, പാലങ്ങൾ ഉടെയ്ക്കുകയും, ബെൽജിയംകാർ ചെയ്ത പ്രയത്നമെല്ലാം ജർമ്മൻ കുതിരപ്പടകളെ ശല്യപ്പെടുത്തുന്നതിന്നു ഏറാക്കുറെക്കഴിഞ്ഞുവെന്നല്ലാതെ, പെരുവെള്ളം പോലെ പരന്നു വരുന്ന ജർമ്മൻ കാലാൾപ്പടെയ്ക്കു മേൽപ്പടി കൃത്യങ്ങൾ ഏറ്റവും തുഛമായിട്ടാണു തീർന്നതു. ജർമ്മൻ പീരങ്കികളാൽ ബെൽജിയം ഗ്രാമങ്ങൾ ചിതറിപ്പോയി. കുതിരപ്പട്ടാളത്തെപ്പോലെ കാലാൾപ്പടയെ ആക്രമിക്കാൻവന്ന ബെൽജിയം പട്ടാളങ്ങൾ ജർമ്മൻ യന്ത്രത്തോക്കുകളിൽനിന്നു പുറപ്പെടുന്ന തീയുണ്ടകളേററു ഉലഞ്ഞുപോകയും ചെയ്തു. അതേക്ഷണത്തിൽ ജർമ്മൻ കുതിരപ്പട്ടാളം നിലയുലഞ്ഞു ബെൽജിയം സൈന്യത്തെ പിന്തുടൎന്നു ഓടിച്ചുതുടങ്ങി. ആഗസ്റ്റ് 17-ാംനു-തന്നെ ബെൽജിയം സൈന്യത്തെ മുഴുവൻ ഒന്നായി ആക്രമിച്ചുകൊണ്ടു ജർമ്മൻ സൈന്യം പലെടത്തും അണിപിളൎന്നു മുമ്പോട്ടു കടന്നുപോയി. ബെൽജിയം സൈന്യത്തിന്നു പിന്മാറുകതന്നെ വേണ്ടിവന്നു. കോട്ടകളില്ലാത്ത തുറന്ന സ്ഥലങ്ങളിൽ വെച്ചു ഈ വമ്പിച്ച ജർമ്മൻ സൈന്യത്തോടു എതിർത്തുനില്ക്കുവാൻ ബെൽജിയം സൈന്യത്തിന്നു കഴിഞ്ഞില്ല. ബെൽജിയം തലസ്ഥാനമായ ബ്രൂസ്സൽസുപട്ടണം നിരാധാരമായിക്കിടക്കുകയും, നാമൂർകോട്ടയുടെ പടിഞ്ഞാറായി നില്ക്കുന്ന ഫ്രഞ്ചുസൈന്യത്തിൽ നിന്നു പിരിഞ്ഞുകളകയും ചെയ്തതിനാൽ ബെൽജിയം സൈന്യത്തിന്നു സംരക്ഷയ്ക്കായി ആൻവർപ്പുകോട്ടയ്ക്കു പിന്മാറുകമാത്രമേ ഗതിയുണ്ടായുള്ളൂ. ഈ വിഷമഘട്ടത്തിൽ, ബ്രിട്ടീഷു സൈന്യവും ഫ്രഞ്ചുസൈന്യവും എപ്പൊഴാണു വന്നെത്തുന്നതെന്നു ബെൽജിയംകാർ ഉൽകണ്ഠയോടേ പ്രതീക്ഷിച്ചുതുടങ്ങി. ബ്രിട്ടീഷുകാർ ബദ്ധപ്പാടോടേ യുദ്ധകാൎയ്യങ്ങൾ നിൎവ്വഹിച്ചുവന്നുവെങ്കിലും, അവൎക്കു ആഗസ്റ്റ 23-ാംനു-ക്കു മുമ്പായി ബെൽജിയ

ത്തിൽ വന്നെത്തുവാൻ കഴിഞ്ഞില്ല. നാമൂർ പട്ടണത്തിന്റെ സ മീ പംവരെ വന്നിരുന്ന ഫ്രഞ്ചുസൈന്യം അവിടെനിന്നിളകുന്നതിനു തരം കിട്ടാതെ അടങ്ങിയിരിക്കയാണു ചെയ്തതു. യുദ്ധവിളംബരം ചെയ്ത ദിവസംമുതൽ പതിമൂന്നു ദിവസങ്ങൾകൊണ്ടു ജർമ്മൻ സൈന്യം പൂർണ്ണബലത്തോടുകൂടി ബൽജിയത്തെ ആക്രമിച്ചതിനാൽ, അതിനുള്ളിൽ സ്വന്തം സൈന്യത്തെ പ്രബലപ്പെടുത്തുന്നതിനു ഫ്രാൻസിനു കഴിഞ്ഞില്ല. ഫ്രഞ്ചുസൈന്യത്തിന്റെ മുഖ്യഭാഗം ആൽസേസുസംസ്ഥാനത്തിലാണു നിർത്തിയിരിക്കുന്നതു. മറെറാരു മുഖ്യഭാഗത്തെ മ്യൂസുനദീതീരത്തിലേക്കും നയിച്ചു. ഫ്രാൻസിലെ യുദ്ധതന്ത്രജ്ഞന്മാരുടെ അഭിപ്രായം ബൽജിയം അതിർത്തിയിലേക്കു അധികം സൈന്യത്തെ കൊണ്ടുചെല്ലേണ്ടതില്ലെന്നാണു. ജർമ്മൻകാർ ബൽജിയത്തിൽ പ്രവേശിച്ചതു ഭീഷണിപ്പെടുത്തുവാൻ മാത്രമായിരിക്കുമെന്നും, അവർ ആൽസേസിൽകൂടിയാണു ആക്രമിക്കുവാൻ പുറപ്പെടുകയെന്നും ഊഹിച്ചുകൊണ്ടു അതിന്മണ്ണമാണു ഫ്രഞ്ചുകാർ സൈന്യത്തെ ക്രമപ്പെടുത്തിയതു. ഫ്രാൻസുരാജ്യത്തിന്റെ മുഴുവൻ രക്ഷയേയും ഒരുപോലെ കരുതിയിരിക്കേണ്ട സന്ദർഭത്തിൽ ബൽജിയത്തിൽമാത്രം കണ്ണുംകയ്യുമായിരുന്നാൽ മറുഭാഗത്തെങ്ങാനും പെട്ടെന്നു അപകടംപററിയാൽ അതു തടുക്കുവാൻ കഴിയാതായിപ്പോകുമല്ലൊ.

ബൽജിയംസൈന്യം ആൻറവപ്പിലേക്കു പിന്മാറിയപ്പോൾ ബെൽജിയംകാർക്കു ജർമ്മൻസൈന്യത്തിനു കീഴപ്പെടുകയല്ലാതെ വേറേ വഴിയുണ്ടായില്ല. ഫ്രഞ്ചുസൈന്യവും ബ്രിട്ടീഷുസൈന്യവും ഉടനെ വന്നെത്തുമെന്ന വിശ്വാസംമാത്രമേ അവക്കു ധൈര്യപ്രദമായുണ്ടായിരുന്നുള്ളു. ആ നാട്ടുകാർ ബ്രിട്ടീഷുസൈന്യത്തിന്റെ വരവിനെ നിമിഷംപ്രതി കാത്തുകാത്തുകൊണ്ടിരുന്നു. വരവു കാണാതെ അവരുടെ മനസ്സു തളൎന്നുപോയി. ബ്രൂസ്സൽസിലെ ജനങ്ങൾ പരിഭ്രാന്തരായിത്തീൎന്നു. അവിടെ മുറിപ്പെട്ടവർ കൂട്ടംകൂട്ടമായി വന്നുകൊണ്ടിരുന്നു. കൊട്ടാരങ്ങളും സർവ്വകലാശാലകളും മററു പൊതുസ്ഥാപന

ങ്ങളുമെല്ലാം മുറിപ്പെട്ട ഭടന്മാരെ കിടത്തി ചികിത്സിക്കുന്നതിനായ ഉപയോഗിച്ചു. നിരാധാരന്മാരായ ജനങ്ങളും ആ പട്ടണത്തിൽ വന്നു നിറഞ്ഞു. ജർമ്മൻസൈന്യത്തിന്റെ ആക്രമണംനിമിത്തം നാടും വീടുമില്ലാതെ ഉഴന്നുകൊണ്ടു സ്ത്രീകളും കുട്ടികളും വൃദ്ധന്മാരും അവരവർക്കു കഴിയുന്നെടത്തോളം സാമാനങ്ങൾ എടുത്തുകൊണ്ടു രാജധാനത്തെ അഭയം പ്രാപിച്ചു. ഇവരിൽനിന്നു ജർമ്മൻ ഭടന്മാരുടെ കടുംകൈകളെപ്പററിയ വർത്തമാനം പട്ടണമെങ്ങും പരന്നു ജനങ്ങളെ ഭയപരവശരാക്കി. ഉദ്യോഗസ്ഥന്മാരും പോലീസുകാരും ദൃഢഗാത്രന്മാരായ മററുള്ളവരും യുദ്ധാഭ്യാസംചെയ്തുവന്നു. പട്ടണത്തിനുപുറമേ കിടങ്ങു കുഴിക്കുകയും മുൾക്കമ്പിവേലികൾ കെട്ടുകയും ചെയ്തു അവിടെ കാവൽപ്പട്ടാളങ്ങളെ നിർത്തുകയുംചെയ്തു. ആഗസ്റ്റു 17-ാംനു- ബൽജിയം തലസ്ഥാനത്തിന്റെ നില ഇത്തരത്തിലായിരുന്നു. അന്നുതന്നെ ബൽജിയംഗവർമ്മെണ്ടു ആന്റ്വെർപ്പിലേക്കു മാറിപ്പോയി. ജർമ്മൻസൈന്യം ബ്രസ്സൽസിൽവന്നാൽ, സൈന്യത്തിൽ സംബന്ധിക്കാത്ത ജനങ്ങൾ ശത്രുക്കളെ യാതൊരുവിധത്തിലും ഉപദ്രവിച്ചുകൂടെന്നു വർത്തമാനപത്രങ്ങൾ ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുത്തു. ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരും സേനാധിപന്മാരുമെല്ലാം ആന്റ്വെർപ്പിലേക്കു യാത്രയായി. സർക്കാർഖജാനയെയും അവിടെനിന്നു മാററി. 19-ാംനു- രാത്രി നഗരാധിപതിയായി മാക്സ് എന്ന ആൾ താഴെ കാണിക്കുംപ്രകാരം വിളംബരപ്പെടുത്തി:-

'നമ്മുടെ ഭടന്മാർ ബ്രിട്ടീഷ് ഫ്രഞ്ചുസൈന്യത്തിന്റെ സഹായത്തോടുകൂടി ശത്രുക്കളെ എതിർത്തുവെങ്കിലും ബ്രസ്സൽസുപട്ടണം ശത്രുക്കൾക്കു ഒഴിഞ്ഞുകൊടുക്കേണ്ടിവന്നേക്കാമെന്നു വിഷാദിക്കുന്നു. അങ്ങിനെ വന്നാൽത്തന്നെ, ജനങ്ങൾ സമാധാനം കൈവിടുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ആരും ഭയപ്പെടരുതു. യുദ്ധസംബന്ധമായ രഹസ്യങ്ങൾ അറിയുന്നതിലേക്കായി ശത്രുക്കൾ ജനങ്ങളെ നിർബ്ബന്ധിച്ചുകൂടെന്നാണു യുദ്ധനിയമം. ആ രഹസ്യങ്ങളെപ്പററി

ശത്രുക്കൾ ചോദിക്കുന്നതായാൽ, അതിന്നു മറുവടിപറയാതിരിപ്പാൻ സ്വാതന്ത്ര്യം ഈ നാട്ടുകാൎക്കുണ്ടു. ഞാൻ ജീവനോടിരിക്കുംവരെയും അഥവാ, പരാധീനപ്പെടാതിരിക്കുംവരെയും എന്റെ നാട്ടുകാരുടെ സ്വാതന്ത്ര്യത്തെയും മാനത്തെയും സംരക്ഷിക്കുന്നതിന്നായി ഞാൻ ശ്രമിക്കുന്നതാണു. നിങ്ങൾ ദുഷ്കൃത്യങ്ങളിൽ ഏൎപ്പെടാതിരുന്നാൽ എന്റെ കൃത്യങ്ങൾ മുറക്കു നടക്കും. എന്തുതന്നെ സംഭവിച്ചാലും നിങ്ങൾ നിങ്ങളുടെ നഗരാധികാരിയുടെ വാക്കിനെ അനുസരിക്കുവിൻ. നിങ്ങൾക്കു ദ്രോഹം ചെയ്യുന്നവനല്ലാ ഞാൻ. സ്വാചരയോടും സ്വാതന്ത്ര്യത്തോടുംകൂടിയ ബെൽജിയംരാജ്യം നീണാൾ വാഴട്ടെ! ബ്രുസ്സൽസു പട്ടണം നീണാൾ വാഴട്ടേ!'

20-ാംനു- രാവിലെ നഗരാധികാരിയായ മാക്സു മറരചില ഉദ്യോഗസ്ഥന്മാരോടുകൂടി ജൎമ്മൻസേനാധിപനെ ചെന്നുകണ്ടു. അവരെ അദ്ദേഹം സാദരം സൽകരിച്ചതിൽപിന്നെ, ബ്രുസ്സൽസുപട്ടണം നിബന്ധനയൊന്നുംകൂടാതെ കീഴ്പ്പെടുന്നതിന്നു തയ്യാറായിരിക്കുന്നുവോഎന്നും ഇല്ലെങ്കിൽ ആ പട്ടണത്തെ പീരങ്കികൾ പ്രയോഗിച്ചു തകൎത്തുകളയുമെന്നും അറിയിച്ചു. പട്ടണം ഒഴിഞ്ഞുതരികയല്ലാതെ വേറെ ഗതിയില്ലെന്നാണു മാക്സു മറുവടികൊടുത്തതു. ഉടൻതന്നെ ജൎമ്മൻസേന്യാധിപൻ താഴെകാണിച്ച നോട്ടീസ്സു ബ്രുസ്സൽസുപട്ടണത്തിൽ പ്രചരിപ്പിച്ചു:-

'ബ്രുസ്സൽസു പട്ടണത്തിൽ ഇന്നുമുതൽ ജൎമ്മൻസൈന്യം പ്രവേശിച്ചുതുടങ്ങുകയായി. അവക്കു ആവശ്യമായുള്ള ഇരുപ്പിടങ്ങളും ഭക്ഷണങ്ങളും മററുസാധനങ്ങളും പട്ടണത്തിൽനിന്നു കിട്ടേണ്ടതായിട്ടാണിരിക്കുന്നതു. മുൻസിപ്പാൽ ഉദ്യോഗസ്ഥന്മാർ അതിന്നു വേണ്ടതൊക്കെ ഏൎപ്പാടുകൾ ചെയ്യേണ്ടതാണു. യുദ്ധകാലത്തിൽ നേരിടുന്ന അത്തരം ആവശ്യങ്ങളിൽ ജനങ്ങൾ മുടക്കമേതും ചെയ്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ജൎമ്മൻസൈന്യത്തിന്നു ദോഷതര

മായ കാൎയ്യങ്ങളൊന്നും ചെയ്കയില്ലെന്നും, അവർ ആവശ്യപ്പെടുന്ന സാധനങ്ങളെല്ലാം തയ്യാറാക്കിക്കൊടുക്കുമെന്നും ഞാൻ പ്രത്യേകം വിശ്വസിച്ചുകൊള്ളുന്നു. ഇതുപ്രകാരമെല്ലാം ജനങ്ങൾ പ്രവൎത്തിക്കുന്നതായാൽ പട്ടണത്തെയും നാട്ടുകാരെയും സംരക്ഷിക്കുന്നതാണെന്നു ഞാൻ ഉറപ്പുപറയാം, അങ്ങിനെയല്ലാതെ, മററു ചിലെടങ്ങളിൽ നേരിട്ടതുപോലെ സൈന്യത്തിനു വിരോധമായി വല്ലതും പ്രവൎത്തിച്ചാൽ, ദയകൂടാതെ കട്ടംകൈകൾതന്നെ പ്രയോഗിക്കേണ്ടിവരും '

അന്നുതന്നെ നാല്പതിനായിരം ജർമ്മൻ ഭടന്മാരും സാമാനങ്ങളും ബ്രസ്സൽസു പട്ടണത്തിൽ പ്രവേശിച്ചു. യന്ത്രത്തോക്കുകളും പീരങ്കികളും നാനാവിധ യുദ്ധസാമഗ്രികളുമെല്ലാം അവിടെവന്നു നിറഞ്ഞു. ജനങ്ങൾ സമാധാനത്തോടുംകൂടിത്തന്നെയെങ്കിലും അത്ഭുതത്തോടും ഭയത്തോടുംകൂടി നോക്കിയിരുന്നുപോയി. ഇവിടെ ഈ സംഭവം നടക്കുമ്പോൾ മറെറാരു ജർമ്മൻസൈന്യം നാമൂർകോട്ടയെ ആക്രമിച്ചു തുടങ്ങിയിരിക്കുന്നു. ലീജിനെപ്പോലെ നാമൂറിനെ പെട്ടെന്നല്ലാ ആക്രമിച്ചതു. എന്നതുകൊണ്ടു അവിടെയുള്ള ഇടവെളികളെ ഉറപ്പിക്കുവാൻ കിടങ്ങുകളുണ്ടാക്കി, മുൾക്കമ്പിവേലികൾ കെട്ടി ഭടന്മാരെ ക്രമപ്പെടുത്തി നിൎത്തുവാൻ സൌകൎയ്യംകിട്ടി. ചുരങ്കങ്ങളുണ്ടാക്കി വെടിമരുന്നു നിറച്ചു മൂടിവെക്കയുംചെയ്തു. ജർമ്മൻ നവീനയുദ്ധ സമ്പ്രദായത്തോടു ഈവക ഏൎപ്പാടുകൾക്കൊന്നിനും കിടപിടിക്കുവാൻ ശക്തിയുണ്ടായില്ല. 32- പെരും പീരങ്കികൾ നാമൂർകോട്ടയ്ക്കു ചുററും ജർമ്മൻകാർ ഒരുക്കിവെച്ചിട്ടുണ്ടായിരുന്നു. 21-ാംനു- പീരങ്കിപ്രയോഗം തുടങ്ങി. ഒരു കോട്ടയിൽ നിന്നു പത്തുണ്ടകൾ ജർമ്മൻ സൈന്യത്തിൽ വന്നു വീണു. അതിനു പകരം ജർമ്മൻകാർ 1200 ഉണ്ടകൾ കോട്ടയിലേക്കു വിട്ടു. മറെറാരുകോട്ടയിൽ 75 പീരങ്കിപ്പടയാളികൾ ആ പീരങ്കികൾക്കു ചുററും മരിച്ചുകിടക്കുന്നതായി കണ്ടു. നാമൂരിൽ സർലേ

എന്ന മുഖ്യദുർഗ്ഗത്തെ ജർമ്മൻകാർ മൂന്നുനാൾ ഇടവിടാതെ ആക്രമിക്കേണ്ടിവന്നു. 23-ാംനു അറന്നൂറം, 24-ാംനു ഓരായിരത്തി മുന്നൂറം, 25-ാംനു ഓരായിരത്തി നാനൂറും പീരങ്കിയുണ്ടകൾ ആ കോട്ടകളിൽ പ്രയോഗിച്ചതിൽപിന്നെയാണു അവ തവിടുപൊടിയായിത്തീൎന്നതു. ഇങ്ങിനെ കോട്ടകളെ തകൎത്തുകൊണ്ടിരിക്കവെ ാൾ ഇടവെളികളിൽ നില്ക്കുന്ന ബെൽജിയം സൈന്യത്തെ ശത്രുക്കൾ എതിൎത്തുതുടങ്ങി. അവിടത്തെ കിടങ്ങുകൾ പീരങ്കിപ്രയോഗത്താൽ ചിതറിപ്പോയി. സേനാധിപന്മാർ പലരും മരിച്ചുപോകയുംചെയ്തു. നാഥനില്ലാത്തനിമിത്തം പല പട്ടാളങ്ങളും നിലവിട്ടുഴലാറായി. അപജയം തീൎച്ചയാണെന്നു കണ്ടപ്പൊൾ, എല്ലാംകോട്ടകളിലെയും ബെൽജിയം ഭടന്മാർ ഒന്നിച്ചുകൂടി പിന്മാറവാൻ ശ്രമിച്ചു. കോട്ടകളിലെ ഭടന്മാൎക്ക അറിവുകൊടുപ്പാനായി ഭൂമിക്കടിയിൽകൂടി പ്രയോഗിച്ചിരുന്ന കമ്പിയില്ലാക്കമ്പിയന്ത്രത്തെ ജർമ്മൻ ചാരന്മാർ നശിപ്പിച്ചുകളഞ്ഞതിനാൽ മുഖ്യസേനാധിപനിൽനിന്നു കോട്ടകളിലെ പട്ടാളങ്ങൾക്ക വിവരമൊന്നും കിട്ടാതായി. ഓരോ കോട്ടയിലെയും ഭടന്മാർ ഒററപിരിഞ്ഞു ഓടിപ്പോവാൻ ശ്രമിച്ചതിൽ, അവരെ ജർമ്മൻസൈന്യം ആക്രമിച്ചു അത്യധികം നഷ്ടപ്പെടുത്തിവിട്ടു. ഒടുക്കം നാമൂർ പട്ടണവും ജർമ്മൻസൈന്യത്തിനു അധീനപ്പെട്ടു.

## പ്രഞ്ചുയുദ്ധാരംഭം.

ബ്രസ്സൽസപട്ടണം പരാധീനപ്പെട്ടതിൽപ്പിന്നെയാണു ഈ മഹായുദ്ധം അതിന്റെ പൂൎണ്ണശക്തിയോടു കൂടി ആരംഭിച്ചതു. ആഗസ്റ്റ 20-ാംനു മുതൽ ജർമ്മൻ സൈന്യം പ്രാൻസിന്റെ അതിൎത്തിസ്ഥലങ്ങളിലെല്ലാം ആക്രമണം തുടങ്ങി. ആഗസ്റ്റ 23-ാംനു മുതൽ 27-ാംനുവരെ ബൽജിയത്തിലെ മോൻസുപട്ടണം മുതൽ അൽസേസു സംസ്ഥാനംവരെ എല്ലാഭാഗങ്ങളിലും ജർമ്മൻ സൈന്യം പരന്നുകഴിഞ്ഞു. ജനറൽ വാൻക്ലുക്ക് ബ്രസ്സൽസിന്റെ തെ

ക്കപടിഞ്ഞാറനിന്നു ഫ്രാൻസിനെ നോക്കി പുറപ്പെട്ടു. ഇദ്ദേഹ ത്തിന്റെ സൈന്യമാണു ജർമ്മൻ വ്യൂഹത്തിന്റെ വടക്കേ അററം. ഫ്രാൻസിന്റെ വടക്ക പടിഞ്ഞാറെ അതിർത്തിയിൽ നിന്നു ബ്രിട്ടീഷു സൈന്യത്തെ എതിക്കവാനായിട്ടാണു ഇദ്ദേഹം നിയുക്തനായിരിക്കുന്നതു. ഇതിനു കിഴക്ക സാംബർനദിയെ സ്വാധീനപ്പെടുത്തുവാനായി ജനറൽ ബൂലോ പുറപ്പെട്ടു. ഇദ്ദേഹം ഷാർലിറായി എന്ന സ്ഥലത്തുവെച്ചു 5-ാം ഫ്രഞ്ചുസൈന്യത്തോടു കൂട്ടിമുട്ടി. ഇതിനു തെക്കകിഴക്ക ജനറൽ വാൻഹാസൻ നാമൂരിനു തെക്ക ഫ്രഞ്ചു അതിർത്തിവരെയുള്ള മ്യൂസു നദിയെ ലാക്കാക്കി ശ്രമം തുടങ്ങി. ഇതിനു തെക്ക വർട്ടംബെർഗ്ഗുനാടുവഴി ബെൽജിയത്തിന്റെ തെക്കഭാഗങ്ങളെ വശപ്പെടുത്തിക്കൊണ്ടു മ്യൂസുനദികടന്നു ഫ്രാൻസിൽ പ്രവേശിക്കുവാൻ ഒരുങ്ങി. ഇദ്ദേഹത്തെ 4-ാം ഫ്രഞ്ചുസൈന്യം ചെന്നു തടുത്തു. ഇതിനു വടക്ക ലക്സംബെർഗ്ഗ് രാജ്യത്തിൽ കൂടി ജർമ്മൻ യുവരാജാവു വർഡൂൻ പട്ടണത്തിന്റെ വടക്കായുള്ള മ്യൂസുനദി കടക്കുവാൻ തുനിഞ്ഞു. ഇദ്ദേഹം മൂന്നാം ഫ്രഞ്ചുസൈന്യത്താൽ തടുക്കപ്പെട്ടു. ഇതിനു തെക്ക ബവേറിയാ യുവരാജാവു വർഡൂൻ പട്ടണത്തിന്റെ തെക്ക കിഴക്ക നാൻസിവരെ 2-ാം ഫ്രഞ്ചുസൈന്യത്തെ ആക്രമിച്ചു ചെന്നു. ജനറൽ വാൻഹീരിൻസൻ അൽസേസു സംസ്ഥാനത്തെ 1-ാം ഫ്രഞ്ചുസൈന്യത്തിന്റെ ആക്രമണത്തിൽ നിന്നു സംരക്ഷിച്ചുകൊണ്ടു നില്ക്കുകയും ചെയ്തു. ഇങ്ങിനെ, ഫ്രാൻസിന്റെ വടക്ക പടിഞ്ഞാറ മൂല മുതൽ സ്വിസർലണ്ട രാജ്യത്തിന്റെ തെക്കേ അതിർ വരെ ഏറെക്കുറെ അർദ്ധചന്ദ്രാകൃതിയിൽ വളഞ്ഞുകൊണ്ടാണു ജർമ്മൻ സൈന്യവ്യൂഹത്തിന്റെ ആദ്യത്തെ സ്ഥിതി.

20-ാം നു- നാമൂർ കോട്ടകളെ തകർത്തുകൊണ്ടിരിക്കുമ്പോൾതന്നെ, അവിടെനിന്നു 18 നാഴിക പടിഞ്ഞാറായുള്ള ഷാർലിറായി എന്ന സ്ഥലത്തിലും യുദ്ധം നടന്നുകൊണ്ടിരുന്നു. അവിടെ ജനറൽ വാൻബൂലോവാണു പടത്തലവൻ. ഷാർലിറായി സ്വാധീനപ്പെട്ടാലല്ലാതെ ജർമ്മൻകാർക്ക സാംബർ നദികടന്നു വടക്കും പടിഞ്ഞാറും പ്രവേശിക്കുന്നതിനു സാധിക്കയില്ല. 20-ാംനു-രാവിലെ 20

ജർമ്മൻ കുതിരപ്പട്ടയാളികൾ ബ്രിട്ടീഷുകാരാണെന്നു പറഞ്ഞുകൊണ്ടു ഷാർലിറായിൽ കടന്നുകൂടി. ഫ്രഞ്ചുഉദ്യോഗസ്ഥന്മാർ വാസ്തവമറിഞ്ഞു അവരെ പുകച്ചു കളയുവാനായി ഒരു പട്ടാളത്തെ അയച്ചു. അവരിൽ അഞ്ചുപേരൊഴികെ മററവരെല്ലാം രക്ഷപ്പെട്ടോടിക്കളഞ്ഞു. 23-ാം നു- ആ പട്ടണത്തെ പത്തുനാഴികവരെ ചുററിവളഞ്ഞു ജർമ്മൻ സൈന്യം ആക്രമിച്ചു കയറി. അന്നും പിറെറന്നാളും പട്ടണത്തിലെ വീഥികളിൽ വെച്ചു ഘോരമായി നേർക്കുനേർ യുദ്ധം നടന്നു. ജർമ്മൻ യന്ത്രത്തോക്കുകളുടെ ധാരാളതയാൽ ഫ്രഞ്ചു സൈന്യം നിലവിട്ടുപോയി. ഷാർലിറായി ജർമ്മനിക്കു അധീനമായി. ഇതുനിമിത്തം സാംബർനദി വശപ്പെടുത്തുന്നതിനും അതിനു തെക്കും വടക്കും നിർബ്ബാധം സൈന്യത്തെ ചെലുത്തുന്നതിനും സാധിച്ചു.

നാമൂരിൻെറ തെക്കു ഫ്രഞ്ചു അതിർത്തിവരെയുള്ള മ്യൂസുനദിയെ സ്വാധീനപ്പെടുത്തുവാനാണു ജനറൽ വാൻഹാസൻെറ ശ്രമം. കിഴക്കേക്കരയിൽ ഡിനാണ്ടു എന്ന സ്ഥലത്തെ ആക്രമിച്ചുകൊണ്ടു അക്കര കടക്കുവാൻ യത്നിച്ചുനോക്കി. ഫ്രഞ്ചുസൈന്യം അവിടെവെച്ചു ജർമ്മൻ സൈന്യത്തെ പിന്തിരിപ്പിക്കയും ബെൽജിയത്തിലേക്കായി പുറപ്പെടുകയുമാണു ഉണ്ടായതു. അപ്പൊഴെക്കും, ഷാർലിറായിൽ വിജയം നേടിയ ജനറൽ ബൂലോ തൻെറ സൈന്യത്തെ തെക്കും തെക്കുകിഴക്കും അയച്ചു മ്യൂസു നദിയുടെ പടിഞ്ഞാറെക്കരയെ ആക്രമിച്ചു. കിഴക്കു ജനറൽ ഹാസനും പടിഞ്ഞാറു ജനറൽ ബൂലോവും ഒരേ അവസരത്തിൽ ആക്രമിക്കയാൽ ഫ്രഞ്ചുസൈന്യത്തിനു പിന്മാറേണ്ടിവന്നു. ത്രികോണാകൃതിലിരിക്കുന്ന, സാംബർ നദിക്കും മ്യൂസു നദിക്കും ഇടയിൽ ചെന്നെത്തിയ ജനറൽ ഹാസൻ മ്യൂസു നദീതീരത്തിൽ കൂടി തെക്കോട്ടിറങ്ങി ഷാർലിവില്ലി എന്ന സ്ഥലത്തെ ആക്രമിച്ചു. അവിടെ ഫ്രഞ്ചുസൈന്യം ജനങ്ങളെ പട്ടണത്തിൽ നിന്നു ദൂരെ അകററി, വീടുകളിൽ യന്ത്രത്തോക്കുകൾ മറച്ചുവെച്ചുകൊണ്ടു ശത്രുക്കളോടെതിർക്കുവാൻ തയാറായിരുന്നു. മൂന്നു പാലങ്ങൾ കടന്നുകൊണ്ടാണു ജർമ്മൻ സൈന്യം പട്ടണത്തിനുള്ളിലേക്കു പ്രവേശിച്ചതു. ഉടൻതന്നെ ആ പാലങ്ങ

ാം മൂന്നും ഫ്രഞ്ചുസൈന്യം ഇടിച്ചു നിരത്തിക്കളഞ്ഞു. പട്ടണത്തിൽ വന്നു കുടുങ്ങിയ ജർമ്മൻ സൈന്യം തിരിയേ പോകുവാൻ വഴിയില്ലാതെ തടഞ്ഞുനിന്നു ഫ്രഞ്ചു പീരങ്കികൾക്കു ആഹാരമായി ഭവിച്ചു. എന്നാൽ ഉടൻതന്നെ, ജർമ്മൻ ഇഞ്ചിനിയർ സൈന്യം വേറേ പാലങ്ങൾ കെട്ടിയുണ്ടാക്കുകയാൽ പുതിയ സൈന്യം വന്നെത്തി, ഘോരമായി എതിർത്തു ആ പട്ടണത്തെ സ്വാധീനപ്പെടുത്തി. ജർമ്മൻകാർക്കുണ്ടായ ഈ വിജയം ഗണ്യമായ ഒന്നാണു. യുദ്ധാരംഭത്തിൽ ആ പട്ടണത്തിൽ നിന്നു പുറപ്പെട്ട 4-ാം ഫ്രഞ്ചുസൈന്യം ജർമ്മൻ സൈന്യത്തെ ബൽജിയത്തിൽ നിന്നു ഫ്രാൻസിലേക്കു കടക്കുവാൻ ഇട കൊടുക്കാതെ തടുത്തു നിന്നിരുന്നു. ന്യൂഷാഡോ എന്ന സ്ഥലത്തു വർട്ടംബർഗ്ഗ് നാടുവാഴി ഫ്രഞ്ചുസൈന്യത്തെ പിന്തള്ളി വിടുവാനായി തീവ്രമായി യത്നിച്ചുകൊണ്ടുമിരുന്നു. ഇരുപക്ഷക്കാർക്കും മുന്നോട്ടു കയറുവാൻ കഴിയാതെ, അങ്ങിനെ നില്ക്കുമ്പോഴാണു ഷാർലിവില്ലിയെ ജനറൽ ഹാസൻ പിടിച്ചടക്കിയതു. അപ്പോൾ ഫ്രഞ്ചുസൈന്യം മദ്ധ്യത്തിൽ പെട്ടുപോയതിനാൽ അവർ അവിടെനിന്നു ഒഴിഞ്ഞു *മാറേണ്ടിവരികയും, വർട്ടംബർഗ്ഗ് നാടുവാഴിക്കു മുന്നോട്ടു കയറി മ്യൂസുനദീതീരംവരെ വന്നു മെസിയേഴ്സു എന്ന സ്ഥലം സ്വാധീനപ്പെടുത്തുന്നതിനു വഴി കിട്ടുകയും ചെയ്തു.

ജർമ്മൻ യുവരാജാവു ലക്സംബർഗ്ഗിൽ നിന്നു വർഡൂൻ പട്ടണത്തെ ലാക്കാക്കിപ്പുറപ്പെട്ടു മ്യൂസുനദി കടക്കുവാൻ ശ്രമിച്ചു. 3-ാം ഫ്രഞ്ചുസൈന്യം അദ്ദേഹത്തെ തടുത്തു നിർത്തിക്കളഞ്ഞു. ആഗസ്റ്റ 10-ാം നു- അദ്ദേഹം ലാങ്ങ്വി പട്ടണത്തെ ആക്രമിച്ചു നോക്കിയിട്ടും മ്യൂസുനദി കടക്കുവാൻ കഴിഞ്ഞില്ല. മെസിയേഴ്സു പിടിച്ചടക്കിക്കൊണ്ടു മ്യൂസുനദിയുടെ പടിഞ്ഞാറേ കരയിൽക്കൂടി വർട്ടംബർഗ്ഗ് നാടുവാഴി മുന്നോട്ടു കയറിവന്നതുകൊണ്ടു ഫ്രഞ്ചുസൈന്യം ഇടയിൽ കുടുങ്ങിപ്പോകയാൽ, അവർ ജർമ്മൻ യുവരാജാവിനു വഴി ഒഴിഞ്ഞുകൊടുത്തു പിന്മാറുവാൻ നിർബ്ബന്ധിതരായി. ബൽജിയത്തിൽനിന്നു ജനറൽ ക്ലൂക്ക്, ജനറൽ ഹാസൻ, ജനറൽ ബ്യൂലോ, വർട്ടംബർഗ്ഗ് നാടുവാഴി ഇവർ നാൽവരും ഫ്രാൻസിലേക്കു കതിച്ചു

കയറിത്തുടങ്ങി. ഈ അവസരത്തിൽ പരിസ്സിലേക്കു പിന്മാറുന്ന താണു ഗുണമെന്നുകണ്ട ഫ്രഞ്ചു സൈന്യാധിപതിയായ ജനറൽ ജോഫ്രെ തന്റെ സൈന്യത്തെ മുഴുവൻ പിന്നോക്കം വലിച്ചു. ഇ ക്കൂട്ടത്തിൽ 3-ാം ഫ്രഞ്ചുസൈന്യവും പിന്മാറിപ്പോയി. അതോടു കൂടി ജർമ്മൻ യുവരാജാവു മ്യൂസുനദികടന്നു ചെല്ലുകയും ചെയ്തു.

വർഡൂൻ പട്ടണത്തിന്റെ കിഴക്കും തെക്കുകിഴക്കുമായി നി ന്നുനിന്നിരുന്ന 2-ാം ഫ്രഞ്ചുസൈന്യം ലോറൈൻ എന്ന ജർമ്മൻ സംസ്ഥാനത്തെ ആക്രമിച്ചു കയറി. ആ സൈന്യത്തെ ബവേറി യാ യുവരാജാവു ചെന്നെതിർത്തു പിന്തള്ളിക്കളഞ്ഞു. വർഡൂനിൽ നിന്നു വളരെനാഴിക തെക്കായുള്ള ബൽഫോർഡുവരെ നെടുനീളെ കോട്ടകൾ കെട്ടിയുറപ്പിച്ചിട്ടുണ്ടു. ഇതു രണ്ടിനും ഇടയിലുള്ള നാൻ സിപട്ടണംമാത്രം കോട്ടകളില്ലാതെ ഇടവെളിയായി വിട്ടിരിക്കയാ ണു. ഈ വെളിയിൽക്കൂടി കടന്നു ചെല്ലുന്നതിനു ബവേറിയാ യുവ രാജാവു ശ്രമിച്ചു. ജർമ്മൻ സംസ്ഥാനത്തെ ആക്രമിക്കുവാൻ ക ഴിഞ്ഞില്ലെന്നിരുന്നാലും, ബവേറിയാ യുവരാജാവിനെ തടുത്തുനി ത്തുന്നതിനു ഫ്രഞ്ചുസൈന്യം സമർത്ഥരായി. ലോറൈൻസംസ്ഥാ നത്തിന്റെ തെക്കായുള്ള അൽസേസു സംസ്ഥാനത്തിൽ 1-ാം ഫ്ര ഞ്ചുസൈന്യം യുദ്ധാരംഭത്തിൽത്തന്നെ ചെന്നു കയറിയിരുന്നു. ആ ദ്യകാലത്തു അവിടെ ഫ്രഞ്ചുകാക്കു നല്ലനല്ല വിജയങ്ങൾ കിട്ടിക്കൊ ണ്ടുമിരുന്നു. അവിടെ ജർമ്മൻ സേനാധിപതിയായ ജനറൽ ഹീ രിൻസൻ ആഗസ്റ്റു 23-ാംനു- യോടുകൂടി ഫ്രഞ്ചുസൈന്യത്തെ ഘോ രമായി എതിർത്തു പിന്തള്ളിക്കളഞ്ഞു.

## ബ്രിട്ടീഷാക്രമണം.

ബ്രിട്ടീഷുസൈന്യം ഇംഗ്ലീഷുകടൽ കടന്നു ഫ്രഞ്ചുതുറമുഖങ്ങ ളിൽ വന്നിറങ്ങി. ആ സൈന്യത്തിന്റെ അധിപതിയായ സർ ജാ

ൻപ്രഞ്ചു ആഗസ്റ്റ 15-ാംനു- ഫ്രഞ്ചുപ്രസിഡണ്ടിനെ ചെന്നു കണ്ടു മേലിൽ വേണ്ട കാൎയ്യങ്ങളെപ്പററി ആലോചിച്ചുറച്ചു. ഫ്രാൻസിൽഇറങ്ങിയ ബ്രിട്ടീഷുസൈന്യത്തിൽ നാലുവിഭാഗങ്ങളുണ്ടു. ഒരു വിഭാഗത്തിൽ പന്തീരായിരം കാലാളടക്കം പതിനെണ്ണായിരം ആളുകളും 5600 കുതിരകളും 76 പീരങ്കികളുമുണ്ടായിരിക്കും. ഇത്തരം രണ്ടു വിഭാഗങ്ങൾ ചേൎന്നാൽ ഒരു സൈന്യസംഘമായി. ജനറൽ, സർ സ്മിത്ത്ഡോറിയൻ ഒരു സൈന്യത്തിൻെറയും ജനറൽ സർ ഡൊഗ്ലാസ് ഹെയിഗ്ഗ മറെറാരു സൈന്യത്തിൻെറയും നേതൃത്വം വഹിച്ചു. മേൽപറഞ്ഞ നാലു വിഭാഗങ്ങൾ, അതായതു രണ്ടു സൈന്യസംഘത്തിന്നു പുറമെ അഞ്ചു കുതിരപ്പട്ടാളങ്ങളും വന്നെത്തീട്ടുണ്ടു. ഇതിൽ നാലുപട്ടാളത്തെ ഒരുകൂട്ടായി നിൎത്തി അതിൻെറ നേതൃത്വം ജനറൽ ആലമ്പി വഹിച്ചു. മറെറാരു കുതിരപ്പട്ടാളത്തെ പ്രത്യേകം ഓറപിരിച്ചുനിൎത്തി. ഒരു കുതിരപ്പട്ടാളത്തിൽ രണ്ടായിരം കുതിരകളാണുണ്ടായിരിക്കുക. ഇങ്ങിനെ എല്ലാം കൂടി ഫ്രാൻസിൽ ബ്രിട്ടീഷുസൈന്യം വകയായി നാലു കാലാൾവിഭാഗങ്ങളും അഞ്ചു കുതിരപ്പട്ടാളങ്ങളും വന്നെത്തിയിരുന്നു. ഇവരുടെയെല്ലാം സൎവ്വസൈന്യാധിപത്യം വഹിച്ചതു സർ ജോൺ പ്രഞ്ചാണു. ഇദ്ദേഹം ബോവർയുദ്ധത്തിൽ അശ്വസൈന്യാധിപത്യം വഹിച്ചു കീൎത്തിനേടിയ ഒരു മഹാനാണു. ഈ ബ്രിട്ടീഷുസൈന്യത്തിൻെറ ഉദ്ദേശ്യം ഫ്രഞ്ചു സൈന്യത്തോടു യോജിച്ചു പ്രവൎത്തിക്കേണമെന്നാണു. അതുകൊണ്ടു ഫ്രഞ്ചുസേനാപതിയായ ജനറൽ ജോഫ്രയോടു കൂടി ആലോചിച്ചു ബ്രിട്ടീഷു സൈന്യം ആഗസ്റ്റ 22-ാംനു- ബൽജിയം അതിൎത്തിയിൽ പ്രവേശിച്ചു. അവിടെ കാണ്ടി എന്ന സ്ഥലം മുതൽ മോൺസുവരെ സ്മിത്ത ഡോരിയനും മോൺസു മുതൽ പിഞ്ചോവരെ ഡൊഗ്ലാസ് ഹെയിഗ്ഗും പിഞ്ചോ പോൎമുഖത്തിൽ, പ്രത്യേകപ്പെട്ടതിയ കുതിരപ്പട്ടാളവും അണിനിരന്നുനിന്നു. ജനറൽ ആലമ്പി ഇവരുടെയെല്ലാം പിമ്പുറത്തായി, ഇവരെ തക്കസമയത്തു സഹായിക്കുവാൻതക്കവണ്ണം തയ്യാറായി നില്ക്കുയും ചെയ്തു. മോൺസിൽ നിന്നു 15 നാഴിക ദൂരെയാണു സർ ജോൺപ്രഞ്ചു സ്ഥിതിചെയ്തിരുന്നതു. അദ്ദേഹം 23-ാംനു- രാ

വിലെ സൈന്യസ്ഥാനത്തു ചെന്നു ഫ്രെഞ്ച് സർവ്വസൈന്യാധിപതിയുടെ ആലോചനകളേയും ശ്രമങ്ങളേയും പററി തന്റെ പടത്തലവന്മാരെ അറിയിച്ചു. മോൺസുനഗരത്തെ ആക്രമിക്കുന്നതിനു രണ്ടോമൂന്നോ ജർമ്മൻസൈന്യവിഭാഗങ്ങളായിരിക്കും തയാറായിരിക്കുന്നതെന്നാണു ജനറൽ ഫ്രെഞ്ചു പറഞ്ഞതു. ബ്രിട്ടീഷുപോക്കളത്തെ വളഞ്ഞുപിടിക്കുന്നതിനു ജർമ്മൻസൈന്യം ശ്രമിച്ചേക്കാമെന്നു അദ്ദേഹം ഊഹിച്ചില്ല. ബ്രിട്ടീഷു കുതിരപ്പട്ടാളവും വിമാനങ്ങളും ശത്രുസ്ഥാനത്തുചെന്നു പരിശോധിച്ചപ്പോഴും ജനറൽ ഫ്രെഞ്ചിന്റെ അഭിപ്രായപ്രകാരംതന്നെയാണു കണ്ടതു. ഫ്രെഞ്ചു സർവ്വസൈന്യാധിപനും അങ്ങിനെതന്നെ ഗണിച്ചിരുന്നു. ആഗസ്റ്റ 22-ാംനു- ജർമ്മൻസൈന്യം നാമൂർകോട്ടകളെ ,തകർത്തുകൊണ്ടിരുന്നതല്ലാതെ വേറെ സംഭവമൊന്നും നടന്നിരുന്നില്ല. അന്നുതന്നെ, മറെറാരു ജർമ്മൻസൈന്യം ഷാർലിറായിപട്ടണത്തെ ആക്രമിച്ചു സാംബ്രർ നദിയെ സ്വാധീനപ്പെടുത്തുന്നതിനായി ശ്രമിച്ചുകൊണ്ടിരിക്കയും ചെയ്തിരുന്നു. അപ്പോൾ അവിടെ ഫ്രെഞ്ചുസൈന്യം ജർമ്മൻസൈന്യത്തെ ശക്തിയോടുകൂടി തടുത്തുനില്ക്കുകയായിരുന്നു. ഇത്രത്തോളമല്ലാതെ, ബൽജിയത്തിൽ ജർമ്മൻസൈന്യത്തിന്റെ സ്ഥിതിഗതികളെപ്പററി വേറെയൊന്നും പുറമേ അറിവാൻ കഴിഞ്ഞില്ല. ജർമ്മൻസൈന്യത്തിന്റെ പൂർണ്ണബലം ബൽജിയത്തിലാണു ഉറപ്പിച്ചിരിക്കുന്നതെന്നു ഭാവിച്ചുകൊണ്ടു അവർ പെട്ടെന്നു അൽസേസു സംസ്ഥാനംവഴിക്കു ഫ്രാൻസിനെ ആക്രമിക്കുമെന്നാണു ഇപ്പൊഴും ജനറൽ ജോഫ്രെ പ്രതീക്ഷിച്ചിരുന്നതു.

23-ാംനു- വൈകുന്നേരം മൂന്നുമണിക്കു, ജർമ്മൻസൈന്യം മോൺസു പട്ടണത്തെ ആക്രമിക്കുവാൻ പുറപ്പെട്ടിരിക്കുന്നുവെന്നു കുതിരപ്പട്ടാളംവഴിക്കു ബ്രിട്ടീഷുസൈന്യം അറിഞ്ഞു. ബ്രിട്ടീഷുഭടന്മാരെല്ലാം കിടങ്ങുകളിൽ മറഞ്ഞിരുന്നുകൊണ്ടു ശത്രുക്കളോടു എതിർക്കുവാൻ തയാറായി. ബ്രിട്ടീഷുപീരങ്കികൾ ശത്രുക്കൾക്കിടയിൽ അഗ്നിഗോളങ്ങളെ വർഷിക്കുവാനുംതുടങ്ങി. ഇതിനെതിരായി ജർമ്മൻപീരങ്കികളും ഘോരഘോരം മുഴങ്ങി. അരമണിക്കൂർനേരം പീരങ്കിയു

ദ്ധംകൊണ്ടു കഴിഞ്ഞു. ഉടൻതന്നെ ജർമ്മൻ കാലാൾപ്പട കൂട്ടംകൂട്ടമായി പ്രത്യക്ഷപ്പെട്ടു. അവർ സമീപിച്ച ഉടൻ ബ്രിട്ടീഷു ഭടന്മാർ അവരുടെ കൈത്തോക്കുകൾ ഒരേസമയത്തു ഒന്നായിപ്രയോഗിച്ചു. ജർമ്മൻസൈന്യനിരയിൽ പല ഭാഗങ്ങളും പിളർന്നുപോയി; അതെല്ലാം ഉടനുടൻ ക്രമപ്പെടുത്തിക്കൊണ്ടു അവർ വീണ്ടും ആക്രമിച്ചു കയറി. ബ്രിട്ടീഷുപീരങ്കിപ്പടയും കാലാൾപ്പട്ടാളങ്ങളും ചുറുചുറുക്കോടെ പൊരുതുകൊണ്ടു ശത്രുക്കളെ അത്യധികം നഷ്ടപ്പെടുത്തിവിട്ടു. വീണ്ടും പീരങ്കിയുദ്ധം മാത്രമായി. ഉടൻതന്നെ, പിന്നെയും ജർമ്മൻ കാലാൾപ്പട്ടാളങ്ങൾ പൂർവ്വാധികം ശക്തിയോടുകൂടി വന്നുകയറി. ജീവനാശത്തെ നിസ്സാരമാക്കി കൂട്ടംകൂട്ടമായി തുടരെത്തുടരെ ശത്രുക്കൾ ആക്രമിച്ചുവരികയാൽ ബ്രിട്ടീഷുസൈന്യം പിഞ്ചെഎന്ന സ്ഥലത്തുനിന്നു പിന്മാറി മറ്റൊരു ഉയർന്നസ്ഥലത്തു നിലയുറപ്പിച്ചു. തന്റെ കൂട്ടുകാരനായ ജനറൽ ഹെയ്ഗ് പിന്മാറുകയാൽ ജനറൽ ഡോറിയൻ മോൺസിൽ ഒറ്റപ്പെട്ടു നില്ക്കേണ്ടിവന്നു. ഈസ്ഥിതി ആപൽകരമാണെന്നും ഉടൻ പിന്മാറി ഹെയ്ഗിനോടു യോജിച്ചു അണിനിരന്നു നില്ക്കേണമെന്നും സർ. ജോൺ ഫ്രഞ്ചു ആജ്ഞാപിക്കയാൽ, ജനറൽഡോറിയൻ മോൺസിനെ ശത്രുക്കൾക്കു വിട്ടുകൊടുക്കതന്നെ ചെയ്തു. വൈകുന്നേരം 5 മണിക്കു ഫ്രഞ്ചു സർവ്വസൈന്യാധിപതിയിൽനിന്നു ഒരു കമ്പികിട്ടി. ബ്രിട്ടീഷുസൈന്യത്തെ ആക്രമിക്കുന്നതിനായി ആറു ജർമ്മൻസൈന്യവിഭാഗങ്ങൾ പുറപ്പെട്ടിരിക്കുന്നുവെന്നും, രണ്ടു ജർമ്മൻസൈന്യവിഭാഗങ്ങൾ വടക്കു ടോർണേദേശംവഴിക്കു പോക്ളെത്തിലേക്കു കയറിവരുന്നുണ്ടെന്നും, ബ്രിട്ടീഷുസൈന്യസ്ഥാനത്തിന്റെ തെക്കു ഷാർലിറായി ദേശത്തെ പിടിച്ചടക്കി ഫ്രഞ്ചുസൈന്യത്തെ പിന്തള്ളിക്കൊണ്ടു സാംബർനദികടന്നു മറ്റൊരു ജർമ്മൻ സൈന്യത്തിന്റെയും വരവുണ്ടെന്നുമാണു ആ കമ്പി. 5-ാംനു ഫ്രഞ്ചുസൈന്യം പിന്മാറിയിരിക്കയാൽ, മുമ്പുറത്തിൽ ബ്രിട്ടീഷുസൈന്യം ഒറ്റപ്പെട്ടു നില്ക്കയാണെങ്കിൽ മുമ്പുറത്തും പിമ്പുറത്തും ജർമ്മൻസൈന്യം വന്നാക്രമിച്ചു ആപത്തിൽ കുടുക്കുവാൻ എളുപ്പമുണ്ടു. ഇതിനുംപുറമേ മോൺസിൽ ജർമ്മൻസൈന്യശക്തി വിചാരിച്ചതിലധികം വർദ്ധിച്ചിരിക്കുന്നു. രണ്ടാനാലോ ജർമ്മ

ൻസൈന്യവിഭാഗംമാത്രമേ അവിടെയുള്ളുവെന്നു ആദ്യം ഊഹിച്ച
തു തീരെ തെറിപ്പോയിയെന്നു ജനറൽപ്രഞ്ചിനു ഇപ്പോൾ മന
സ്സിലായി. എല്ലാംകൊണ്ടും, ഇനി പിന്മാറിച്ചെല്ലുകയാണു ഗുണക
രമെന്നു തീൎച്ചയാക്കി അതിന്മണ്ണം പ്രവൎത്തിക്കുന്നതിനു സർ ജോ
ൺപ്രഞ്ചു തന്റെ സൈന്യത്തിനു ഉത്തരവുകൊടുത്തു. പിറ്റെന്നു
രാവിലെയാണു പിന്മാറുവാൻ നിശ്ചയിച്ചിരുന്നതു. അന്നു രാത്രി
ജൎമ്മൻസൈന്യം ഇടവിടാതെ ആക്രമിച്ചുകൊണ്ടിരുന്നു. എന്നിട്ടും
ധൈൎയ്യംവിടാതെ സ്മിത്തുഡോറിയൻ പ'ത്തുകെ പിന്മാറിത്തുടങ്ങി.
ജനറൽ ആലമ്പി മുമ്പുറത്തിൽചെന്നു ശത്രുക്കളോടു എതിൎത്തുകൊ
ണ്ടു പിമ്പുറത്തിൽകൂടി സ്മിത്തുഡോറിയൻ പിന്മാറിപ്പോകുന്നതു ശ
ത്രുക്കൾ കാണാതെ മറച്ചുനിന്നു. അപ്പോൾ, അവിടെ ആറു ജൎമ്മ
ൻസൈന്യവിഭാഗങ്ങൾ ഒന്നിച്ചുനിന്നെതിൎത്തുകൊണ്ടു സ്മിത്തുഡോ
റിയൻ അത്യധികം നഷ്ടപ്പെടേണ്ടതായി വന്നുപോയി. കാണ്ടിയി
ൽനിന്നു പിന്മാറിക്കൊണ്ടിരുന്ന ജനറൽഹെയ്ഗ് ശത്രുക്കളുടെ ഘോ
രമായ ആക്രമണത്തിൽ കുടുങ്ങിനില്ക്കുന്നുവെന്നു 24-ാംനു- വൈകു
ന്നേരം ഏഴരമണിക്കു അറിവുകിട്ടി. മുമ്പുറത്തിൽ ശത്രുക്കളെ എതി
ൎത്തുകൊണ്ടിരുന്ന ജനറൽ ആലമ്പി തന്റെകുതിരപ്പട്ടാളത്തെ പിൻ
വലിച്ചു ഡൊഗ്ലാസു ഹെയ്ഗിനെ സഹായിപ്പാനായി വന്നെത്തി.
അവിടെ അത്യുഗ്രമായി പൊരുതുനില്ക്കുന്ന ജൎമ്മൻകാലാൾപ്പ
ടയെ, അവരുടെ സേനാപക്ഷങ്ങളിൽ ചെന്നു ആക്രമിച്ചാൽ ഗു
ണംകിട്ടുമെന്നു ബ്രിട്ടീഷു അശ്വസേനാപതികളിൽ ഒരാളായ ജനറ
ൽ ഡിലിസ്ലി അഭിപ്രായപ്പെട്ടു. അദ്ദേഹം തന്റെ കുതിരപ്പട്ടാള
ത്തെ അതിവേഗത്തിൽ ഓടിച്ചു ജൎമ്മൻസേനാപക്ഷത്തിൽ ചെ
ന്നെത്തുവാൻ ശ്രമിച്ചു. ആയിരംവാര സമീപംവരെ ചെന്ന
പ്പൊഴെക്കും, അവിടെ ശത്രുക്കൾ ഒളിവിൽ കെട്ടിയിരുന്ന കമ്പി
വലകളാൽ തടഞ്ഞുനിന്നുപോയി. ഉടൻതന്നെ ബ്രിട്ടീഷു കുതിര
പ്പട്ടാളത്തിന്മേൽ ജൎമ്മൻസൈന്യം പെരുമഴപോലെ ഉണ്ടകൾ
ചൊരിഞ്ഞു. ജനറൽ ഡിലിസ്ലി തന്റെ പട്ടാളത്തെ ക്രമപ്പെടു
ത്തി പൂൎവ്വസ്ഥാനത്തിലേക്കു പിന്മാറുന്നതിനു മുമ്പായി എത്രയും
വലിയ നഷ്ടം അനുഭവിക്കേണ്ടിവന്നുപോയി. ഇതിനിടക്കു ഒരു പ

തിയ ബ്രിട്ടീഷുസൈന്യം അവിടെവന്നെത്തി. ഈ സൈന്യത്തിന്റെയും കുതിരപ്പട്ടാളത്തിന്റെയും സഹായത്താൽ സ്മിത്തുഡോറിയൻ അങ്ങിനെയിങ്ങിനെ പിന്മാറിവന്നു 24-ാംനു- രാത്രി 7-മണിക്കു വാലൻസീൻ എന്ന സ്ഥലത്തു നിലയുറപ്പിച്ചു. ജനറൽ ഹെയ്ഗ് വേറെവഴിക്കു മാബ്യൂജ് എന്ന സ്ഥലത്തും വന്നെത്തി. ഇങ്ങിനെ, 24-ാംനു- യോടുകൂടി ബ്രിട്ടീഷുസൈന്യം വാലൻസീൻമുതൽ മാബ്യൂജ്‌വരെ നീണ്ടു നിലയുറപ്പിച്ചു നില്പായി. മാബ്യൂജിൽനിന്നു ഫ്രഞ്ചുകോട്ടകൾ വലത്തുപക്ഷമായും, കുതിരപ്പട്ടാളവും പുതിയസൈന്യവും ഇടത്തുപക്ഷമായും ബ്രിട്ടീഷുസൈന്യത്തെ തുണച്ചു നിന്നു.

രണ്ടുദിവസം മുഴുവൻ ബ്രിട്ടീഷുസൈന്യം ഏററവും കഷ്ടപ്പെട്ടുകൊണ്ടു പിന്മാറിവരുമ്പോൾ, അതിനു കിഴക്കായിനില്ക്കുന്ന ഫ്രഞ്ചു കുതിരപട്ടാളത്തോടു ബ്രിട്ടീഷു സേനാധിപതി സഹായത്തിനായി അപേക്ഷിച്ചു. ആ കുതിരപ്പട്ടാളം സാംബർനദീതീരത്തിൽനിന്നു പിന്മാറിക്കൊണ്ടിരിക്കുന്ന ഫ്രഞ്ചുസൈന്യത്തെ സഹായിച്ചുകൊണ്ടു നന്നെ ക്ഷീണിച്ചിരിക്കയായിരുന്നു. അതുകൊണ്ടു ബ്രിട്ടീഷു സേനാധിപതിയുടെ ആവശ്യപ്രകാരം പ്രവൎത്തിക്കുന്നതിനു കഴിഞ്ഞില്ല. ബ്രിട്ടീഷുസൈന്യത്തിന്റെ ഇടത്തുഭാഗത്തുനില്ക്കുന്ന സ്മിത്തുഡോറിയന്റെ മുമ്പുറത്തും പക്ഷങ്ങളിലും ജൎമ്മൻസൈന്യം ആക്രമിച്ചുകൊണ്ടിരിക്കയാണു. ബ്രിട്ടീഷുസൈന്യത്തെ മാബ്യൂജുകോട്ടകളുള്ളിൽ തള്ളിവിട്ടു വളഞ്ഞുപിടിക്കുവാനാണു ജൎമ്മൻസൈന്യം ഉദ്ദേശിക്കുന്നതെന്നു ജനറൽ ഫ്രഞ്ചു മനസ്സിലാക്കി. ഒഴിവില്ലാതെ പൊരുതുനിന്നു ഏററവും ക്ഷീണിച്ചിരിക്കുന്ന ഭടന്മാൎക്കു മാബ്യൂജ് തക്കതായ ഒരു വിശ്രമസ്ഥാനമല്ലെന്നു അദ്ദേഹം കണ്ടു. മാബ്യൂജിന്റെ വലത്തുഭാഗത്തു നിന്നിരുന്ന ഫ്രഞ്ചുസൈന്യം അവിടെനിന്നു വീണ്ടും പിന്മാറിത്തുടങ്ങിയതുകൊണ്ടു ബ്രിട്ടീഷുസൈന്യത്തെ ചുററിവളയുന്നതിനു ശത്രുക്കൾക്കു എളുപ്പമായിട്ടുണ്ടെന്നും അദ്ദേഹം അറിഞ്ഞു. എല്ലാംകൊണ്ടും, തന്റെ സൈന്യത്തെ ഓയ്സു നദീതീരംവരെ പിൻവലിക്കയാണു ഇനി വേണ്ടതെന്നു അദ്ദേഹം തീൎച്ചപ്പെടുത്തുകയുംചെയ്തു. ഈ പിന്മാററത്തിൽ കഷ്ടനഷ്ടങ്ങൾ ധാരാ

ളുമായുണ്ടാകുമെന്നു അദ്ദേഹം പ്രതീക്ഷിക്കാതിരുന്നില്ല. 25-ാംനു-രാവിലെ അഞ്ചരമണിക്കു ബ്രിട്ടീഷുസൈന്യം വീണ്ടും പിന്മാറിത്തുടങ്ങി. അന്നു രാവിലെതന്നെ മറെറാരു പുതിയ സൈന്യം ഇംഗ്ലണ്ടിൽനിന്നു അവിടെ വന്നെത്തി. ആ സൈന്യത്തെ ഇടതുഭാഗത്തിൽ അണിനിരത്തി. ശത്രുക്കളോട്ട് എതിർത്തുകൊണ്ടുള്ള നിലയിൽത്തന്നെ 25-ാംനു- മുഴവൻ ബ്രിട്ടീഷുസൈന്യം പിന്മാറിക്കൊണ്ടിരുന്നു. വലതുഭാഗത്തു നിന്നിരുന്ന ഡഗ്ലസ്സ ഹെയ്ഗ് രാത്രി പത്തുമണിക്കു തന്റെ സൈന്യത്തെ ലാണ്ടിരിസു പട്ടണത്തിനുസമീപം നാലുനാഴികദൂരെ ഒരിടത്തു കൊണ്ടുവന്നുചേർത്തു. രക്ഷാസ്ഥാനത്തേക്കു അവിടെനിന്നു ഇനിയും കുറെ ദൂരം ചെല്ലേണ്ടതായുണ്ടെങ്കിലും, കലശലായി ക്ഷീണിച്ചിരിക്കുന്ന ഭടന്മാർക്കു ഒട്ടൊന്നു വിശ്രമംകൊടുക്കുവാൻവേണ്ടിയാണു അദ്ദേഹം അവിടെനിന്നതു. എന്നാൽ, അവിടെയും വിശ്രമത്തിനു വഴികിട്ടിയില്ല. ജർമ്മൻസൈന്യം മുറസ്സു തള്ളിക്കയറിവന്നു ഇടവിടാതെ എതിർത്തുതുടങ്ങി. ഇതിനും പുറമേ ബ്രിട്ടീഷുസൈന്യം ചെന്നെത്തുംമുമ്പേ, മറെറാരുവഴിക്കു ജർമ്മൻ പട്ടാളങ്ങൾ ലാണ്ടിരീസു പട്ടണത്തിൽചെന്നുകൂടി. അവിടെ ഏതാനുമുണ്ടായിരുന്ന ബ്രിട്ടീഷുഭടന്മാർ, വീടുകളിൽ മറഞ്ഞിരുന്നുകൊണ്ടു യന്ത്രത്തോക്കുകൾ പ്രയോഗിച്ചു, വീഥികളിൽതള്ളിക്കയറി വരുന്ന ജർമ്മൻ ഭടന്മാരെ ചുട്ടു വീഴ്ത്തിത്തുടങ്ങി. ആ ഒരു തെരുവിൽത്തന്നെ ആയിരം ജർമ്മൻശവങ്ങൾ വീണുപോയി. ലാണ്ടിരിസ്സിൽ ജർമ്മൻ സൈന്യം ബ്രിട്ടീഷ് സൈന്യത്തെ ആക്രമിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ മറെറാരു ജർമ്മൻസൈന്യം ഡഗ്ലസ് ഹെയ്ഗിനോടു ചെന്നെതിൎക്കുന്നുണ്ടായിരുന്നു. ഇങ്ങിനെ എല്ലാഭാഗത്തും നിലകിട്ടാതായപ്പോൾ ജനറൽ ഫ്രഞ്ച് ഒരു ഫ്രഞ്ചുസൈന്യത്തെ സഹായത്തിനായി വിളിക്കയും അവർ വന്നെത്തിയതിൽപ്പിന്നെ ഡഗ്ലാസ് ഹെയ്ഗ് നല്ല സാമൎത്ഥ്യത്തോടുകൂടി തന്റെ സൈന്യത്തെ പിൻവലിച്ചു ആപത്തിൽനിന്നു രക്ഷപ്പെടുകയും ചെയ്തു. ഈ അവസരത്തിൽ സ്മിത്തുഡോറിയൻ ജർമ്മൻ സൈന്യത്തി

ൻെറ തള്ളലിൽ പെട്ടു നില കാണാതിരിക്കയാണു. എട്ടു ജർമ്മൻ സൈന്യ വിഭാഗങ്ങൾ സ്മിത്തുഡോറിയനെ മുമ്പുറത്തും പക്ഷങ്ങളിലും ആക്രമിച്ചുകൊണ്ടിരുന്നു. പുതുതായി വന്ന സൈന്യത്തെയെല്ലാം ഇടതുഭാഗത്തു നിർത്തീട്ടും അവിടത്തെ സ്ഥിതിക്കു ഉറപ്പുണ്ടായില്ല. ജർമ്മൻസൈന്യം ആ എട്ടു വിഭാഗത്തിലുമുള്ള പീരങ്കികളെയെല്ലാം ഒരേകാലത്തു പ്രയോഗിച്ചുതുടങ്ങി. ഈ സ്ഥിതിയിൽ ഇവിടെനിന്നു പിറേറന്നു രാവിലെ പിന്മാറിച്ചെല്ലുന്നതിനു സാധിക്കയില്ലെന്നു സ്മിത്തുഡോറിയൻ സർവ്വ സൈന്യാധിപതിയെ അറിയിച്ചു. ആ സമയത്തു അവിടെ വന്നെത്തിയ ഒരു ഫ്രഞ്ചു കുതിരപ്പട്ടാളത്തോടു സഹായത്തിനായി അപേക്ഷിച്ചുവെങ്കിലും ആ പട്ടാളം നന്നെ ക്ഷീണിച്ചിരുന്ന സമയമായതുകൊണ്ടു തൽക്കാലം സഹായമൊന്നും ചെയ്വാൻ കഴികയില്ലെന്നു നിഷേധിച്ചു പറയേണ്ടിവന്നു. തൻെറ ആ സൈന്യം നിശ്ശേഷം നശിച്ചുപോകാതിരിക്കണമെങ്കിൽ പിൻമാറുകതന്നെ വേണമെന്നു നിശ്ചയിച്ചു, ഇടതുഭാഗത്തിൻെറ സ്ഥിതി എങ്ങിനെയായിത്തീന്നാലും ഉടൻ പിൻമാറണമെന്നു ജനറൽ ഫ്രെഞ്ചു സ്മിത്തുഡോറിയന്നു കല്പന കൊടുത്തു. 26-ാംനു- രാവിലെ പൂവ്വാധികം ഘോരമായി ജർമ്മൻ സൈന്യം ആക്രമിക്കുവാൻ തുടങ്ങി. അപ്പോഴത്തെ സ്ഥിതി ആകപ്പാടെ നോക്കിയാൽത്തന്നെ ബ്രിട്ടീഷുസൈന്യത്തിൻെറ ഇടതുഭാഗം തീരെ നശിച്ചുപോകേണ്ടതായിരുന്നു. ആ ഭടന്മാക്കു മനോബലം എന്നൊന്നാണു മറെറല്ലാററിനെക്കാളും വലിയ സഹായമായിരുന്നതു. മൂന്നുമണിക്കു തൻെറ സൈന്യത്തെ എങ്ങിനെയെങ്കിലും പിൻവലിക്കണമെന്നു സ്മിത്തുഡോറിയൻ നിശ്ചയിച്ചു. അദ്ദേഹംതന്നെ നേരിൽനിന്നു ഭടന്മാരെ നയിച്ചു. പീരങ്കിപ്പട്ടാളത്തെയും കുതിരപ്പട്ടാളത്തെയുംകൊണ്ടു ജർമ്മൻസൈന്യത്തെ തടുക്കുവാൻ വിട്ടു കാലാൾപടയെ പിൻവലിച്ചുതുടങ്ങി. പീരങ്കിപ്പട്ടാളം ഏററവും നഷ്ടപ്പെട്ടുപോയെങ്കിലും അവരുടെ പൂണ്ണശക്തിയും പ്രയോഗിച്ചു ശത്രുസൈന്യത്തെ സ്വന്തം സൈന്യത്തിനു നിലകിട്ടുന്നതുവരെക്കും തട്ടുത്തുനി

ത്തിയതു അത്ഭുതകരമായ സാമത്ഥ്യംതന്നെയാണ്. സ്മിത്തുഡോറിയൻ കട്ടക്കം രക്ഷാസ്ഥാനത്തിൽ വന്നെത്തി. "ശാന്തഭാവവും ധൈൎയ്യവും മനോദാർഢ്യവുമുള്ള ഒരു സേനാധിപൻ നേരിൽ നിന്നുകൊണ്ടു പട്ടാളത്തെ നയിക്കാതിരുന്നുവെങ്കിൽ ആഗസ്റ്റ 26-ാംനു- രാവിലെ ബ്രിട്ടീഷുസൈന്യത്തിന്റെ ഇടതുഭാഗം തീച്ചയായും രക്ഷപ്പെട്ടുകയില്ലായിരുന്നു" എന്നിങ്ങിനെ സർവ്വസൈന്യാധിപതിയായ സർ ജോൺ ഫ്രെഞ്ചു സ്മിത്തുഡോറിയനെ പ്രശംസിച്ചു പറകയുണ്ടായി.

ബ്രിട്ടീഷുസൈന്യം 26-ാംനു- രാവും പകലും ഒരുപോലെ പിൻമാറിക്കൊണ്ടിരുന്നു. അതിനുശേഷം ഫ്രെഞ്ചുകുതിരപ്പട്ടാളത്തിന്റെ സഹായം കിട്ടി. പ്രത്യേകിച്ച 6-ാം ഫ്രെഞ്ചുസൈന്യം എന്നൊന്നു പുതുതായി ചമച്ചു, അതിനെ ബ്രിട്ടീഷുസൈന്യത്തോടു സംബന്ധിപ്പിക്കയും ചെയ്തു. 26-ാംനു-ക്കുശേഷം ശത്രുക്കളുടെ മുഷ്ക്കു അത്ര അധികം ഏല്ക്കേണ്ടിവന്നില്ല. 28-ാംനു-യാണ ബ്രിട്ടീഷുസൈന്യത്തിനു ഓയിസുനദീതീരത്തിൽ നിലകിട്ടിയതു. 23-ാംനു-മുതൽ 28-ാംനു വരെ രാപ്പകൽ എതിൎത്തുകൊണ്ടുതന്നെ 75 നാഴിക പിന്മാറിവന്ന ബ്രിട്ടീഷുസൈന്യത്തിന്റെ സാമത്ഥ്യം ഈ മഹായുദ്ധത്തിലെ ഒരു മുഖ്യസംഭവമാണു. ഈ സംഭവത്തിനുശേഷം ജൎമ്മൻസൈന്യം ബ്രിട്ടീഷു ഫ്രെഞ്ചുസൈന്യങ്ങളെ എല്ലാസ്ഥലത്തും ഒരേസമയത്തു ആക്രമിക്കുവാൻ തുടങ്ങി. ബ്രിട്ടീഷുസൈന്യത്തിന്റെ വലതുപക്ഷമായിരുന്ന 5-ാം ഫ്രെഞ്ചുസൈന്യത്തെ പത്തും, ഇടതുപക്ഷമായിരുന്ന 6-ാം ഫ്രെഞ്ച്സൈന്യത്തെ എട്ടും, ബ്രിട്ടീഷുസൈന്യത്തെ നാലും ജൎമ്മൻ സൈന്യവിഭാഗങ്ങൾ എതിൎത്തുനിന്നിരുന്നു. ജൎമ്മനിയുടെ പൂൎണ്ണശക്തി ഫ്രാൻസിന്റെനേരെ ഏതുവഴിയിൽ കൂടിയാണു പ്രയോഗിക്കുന്നതെന്നു യുദ്ധാരംഭത്തിൽ ജനറൽ ജോഫ്രെ ശരിയായി അറിഞ്ഞിരുന്നില്ല. അൽസേസ് സംസ്ഥാനത്തിൽ കൂടിയാണു ജൎമ്മൻ സൈന്യം കടന്നുവരികയെന്നു ഊഹിച്ചുകൊണ്ടു അദ്ദേഹം അവിടെയാണു അധികം സൈന്യത്തെ കൊണ്ടുപോയി നിൎത്തിയതു. ആ

ഗസ്റ്റ 28-ാംനു യുദ്ധശേഷം, ജർമ്മനിയുടെ ഗതി ബെൽജിയത്തിൽ കൂടി യാണെന്നു തീച്ചപ്പെട്ടതിനാൽ അൽസേസിൽ നിത്തിയിരുന്ന സൈന്യത്തെ പിൻവലിച്ച ഫ്രാൻസിന്റെ ഉത്തരഭാഗങ്ങളിലേക്കു നിയോഗിച്ചു. ആ സൈന്യം ബ്രിട്ടീഷുസൈന്യത്തിന്റെ രണ്ടുപക്ഷമായി ഉറച്ചുനില്ക്കയും ചെയ്തു. ഈ രണ്ടുപക്ഷങ്ങളായുള്ള 5-ാം ഫ്രഞ്ച് സൈന്യവും 6-ാം ഫ്രഞ്ച് സൈന്യവും ജർമ്മൻസൈന്യത്തെ ആക്രമിച്ചു കയറിത്തുടങ്ങി. ഫ്രഞ്ച് സേനാധിപതികളിൽ ഒരാളായ ജനറൽ പാ ആൽസേസിൽ നിന്നു ഓയ്സു നദീതീരത്തിൽ വന്നു 5-ാം ഫ്രഞ്ചുസൈന്യത്തിന്റെ നേതൃത്വം വഹിച്ചിരിക്കയാണു. 1870-ൽ ജർമ്മനിയും ഫ്രാൻസുംതമ്മിൽ നടന്നയുദ്ധത്തിൽ ഇദ്ദേഹത്തിന്റെ വലതുകൈ മുറിഞ്ഞുപോയിക്കളഞ്ഞു. ഇദ്ദേഹത്തിന്റെ യുദ്ധസാമത്ഥ്യവും ധൈര്യവും സുപ്രസിദ്ധമാണു. ഓയ്സു നദീതീരത്തിൽ ഗീസ് എന്ന സ്ഥലത്തിനു ചുററം തന്റെ സൈന്യത്തെ നിയോഗിച്ചു അവിടെയുള്ള ജർമ്മൻസൈന്യത്തെ പിന്തള്ളിവിട്ടു. എന്നാൽ ബ്രിട്ടീഷുസൈന്യത്തിന്റെ ഇടതുപക്ഷമായ 6-ാം ഫ്രഞ്ച് സൈന്യം തോററു പിന്മാറേണ്ടതായിട്ടാണു വന്നതു. ആ സൈന്യത്തോട് എതിക്കുന്ന ജർമ്മൻ സൈന്യാധിപതിയായ ജനറൽ വാൻക്ലുക് പടിഞ്ഞാറുഭാഗത്തുകൂടി ബ്രിട്ടീഷുസൈന്യത്തെ വളഞ്ഞു പൊരുതുവാൻ തുടങ്ങി. പക്ഷത്തെ ആക്രമിക്കയാൽ ബ്രിട്ടീഷു ഫ്രഞ്ച് സൈന്യനിര വീണ്ടും പിന്മാറേണ്ടതായി വന്നുപോയി. ജനറൽപാ നേടിക്കൊണ്ടിരുന്ന വിജയം ഇടതുപക്ഷത്തിൽ നേരിട്ട അപജയംകൊണ്ടു ഫലപ്രദമായിവന്നില്ല. എല്ലാംകൊണ്ടും, ആ സ്ഥിതി ആപൽകരമാണെന്നുകണ്ടു സൈന്യത്തെയെല്ലാം പാരീസ് കോട്ടയിലേക്കു പിൻവലിക്കുന്നതിന്നു നിശ്ചയിച്ചു. അതിന്മണ്ണം ബ്രിട്ടീഷു ഫ്രഞ്ച് സൈന്യം മുഴുവൻ പാരീസ്സിന്റെ കിഴക്കായുള്ള മാർണി നദീതീരത്തിലേക്കു പിന്മാറേണ്ടതാണെന്നു ഫ്രഞ്ച് സർവ്വ സൈന്യാധിപൻ ആജ്ഞാപിക്കയും ചെയ്തു.

# മാൎണിനദീയുദ്ധം.

സപ്തമ്പർ 3-ാം നു- ഫ്രഞ്ചുഗവർമെണ്ടു സ്ഥാപനത്തെ പാരീസ്സിൽനിന്നു ബോർഡിയോ എന്ന തുറമുഖപട്ടണത്തിലേക്കു മാററി. പിന്മാറിക്കൊണ്ടുവരുന്ന ബ്രിട്ടീഷു ഫ്രഞ്ചു സൈന്യങ്ങൾ സപ്തമ്പർ 3-ാം നു-ക്കു മാൎണിനദി കടന്നു സേൻനദീതീരംവരെയും പിന്മാറണമെന്നാണു ജനറൽ ജോഫ്രെ ആജ്ഞാപിച്ചിരിക്കുന്നതു. അതിന്മണ്ണം സപ്തമ്പർ 5-ാം നു-ക്കു അവർ ആ സ്ഥാനത്തെത്തി. അതിലിടക്കു അവർ മാൎണിനദിയിലെ പാലങ്ങളെ പൊളിച്ചു നീക്കിക്കളഞ്ഞു. അന്നുതന്നെ ബ്രിട്ടീഷു ഫ്രഞ്ചുസൎവ്വസൈന്യാധിപന്മാർ തമ്മിൽ ഒരു കൂടിക്കാഴ്ച നടക്കുകയുണ്ടായി. ബ്രിട്ടീഷു സൈന്യത്തിന്റെ ഇടതുഭാഗത്തു നില്ക്കുന്ന 6-ാം ഫ്രഞ്ചുസൈന്യം പാരീസ്സിന്റെ സമീപം മാൎണിനദീതീരത്തിൽ നിന്നുകൊണ്ടു ജൎമ്മൻ സൈന്യത്തിന്റെ പക്ഷത്തെ ആക്രമിക്കണമെന്നും മററുള്ള സൈന്യങ്ങൾ ശത്രുക്കളുടെ മുൻപുറത്തിൽനിന്നു പൊരുതു അവരെ പിന്തള്ളിവിടണമെന്നും ജർമ്മൻ സൈന്യം മാൎണിനദി കടന്നുവന്നിട്ടുള്ള വഴിയിൽ 6-ാം ഫ്രഞ്ചുസൈന്യം ചെന്നു ചേൎന്നു ശത്രുക്കളെ പിമ്പുറത്തുനിന്നു വഴി തടുക്കണമെന്നുമാണു താൻ നിശ്ചയിച്ചിരിക്കുന്നതെന്നു ജനറൽ ജോഫ്രെ ബ്രിട്ടീഷു സൈന്യാധിപനെ അറിയിച്ചു.

ജനറൽ വാൻക്ലുക് മാൻസുപട്ടണത്തിൽ നിന്നു പാരീസ്സിനെ അഭിമുഖീകരിച്ചുകൊണ്ടു ഓയ്സു, എയിനി എന്നീ പുഴകൾ കടന്നു വളരെ വേഗത്തിൽ തെക്കോട്ടിറങ്ങി വന്നുവെങ്കിലും, പാരീസ്സിനു സമീപത്തെത്തിയപ്പോൾ പെട്ടെന്നു തെക്കുകിഴക്കായി തിരിയുകയാണുണ്ടായതു. പാരീസ്സിൽ ഏറക്കുറെ 90 നാഴിക ചുററളവുള്ള വമ്പിച്ച കോട്ടകളുണ്ടു. പട്ടണത്തിൽനിന്നു 10 നാഴിക ദൂരെയാണു കോട്ടകൾ, കോട്ടയിൽനിന്നു പുറപ്പെടുന്ന പീരങ്കിയുണ്ടകൾ

ഠം, ചുരുങ്ങിയത്തു 5 നാഴിക ദൂരെച്ചെന്നു വീഴുമെന്നു ഗണിക്കുന്നതാ യാൽത്തന്നെ, ജർമ്മൻ സൈന്യത്തിനു പട്ടണംവിട്ടു 15 നാഴിക അകലേ നില്ക്കേണ്ണമെന്നു വരുന്നു. അതിനു പുറമേ, പട്ടണത്തെ ലക്ഷീകരിച്ചു ചെല്ലുകയാണെങ്കിൽ, അതിനെ ചുററി വളയുകതന്നെ വേണം. അനേകലക്ഷം ഭടന്മാരുണ്ടെങ്കിൽമാത്രമേ, ആ പട്ടണം വ ളഞ്ഞു നില്ക്കുവാൻ കഴിയുള്ളൂ. ഇതെല്ലാമോർത്തുകൊണ്ടു, സപ്തമ്പർ 3-ാം നു- ബ്രിട്ടീഷു ഫ്രഞ്ചു സൈന്യങ്ങൾ പാരീസ്സിൻെറ കിഴക്കു മാർണ്ണിനദികടന്നു പിന്മാറിയപ്പോൾ, ആ നദിയെ സ്വാധീനപ്പെ ടുത്തുകയോ, അഥവാ, എയിനി നദീതീരത്തിൽ തങ്ങിനില്ക്കയോ ഏതാണു വേണ്ടതെന്നു ജർമ്മൻ യുദ്ധതന്ത്രജ്ഞന്മാർ തമ്മിൽ ഒരാ ലോചന നടത്തുകയുണ്ടായി. മാർണ്ണിനദി ഫ്രാൻസിൻെറ കിഴക്കു നിന്നു പുറപ്പെട്ടു പാരീസ്സു പട്ടണത്തിൽകൂടി കടലിൽ ചേരുന്നു. മാർണ്ണിനദിയുടെ വടക്കു, കിഴക്കു പടിഞ്ഞാറായി ഒഴുകി, വടക്കു തെക്കായി ഒഴുകുന്ന ഓയിസു നദിയിൽ ചെന്നു ചേരുന്ന ഒരു പോ ഷക നദിയാണു എയിനി. ജർമ്മൻ സൈന്യം മാർണ്ണിനദീതീര ത്തിൽ എത്തിയാൽ പാരീസ്സിൽനിന്നു ഫ്രഞ്ചുസൈന്യം പുറപ്പെ ട്ടുവന്നു ശത്രുക്കളുടെ വലതുപക്ഷത്തെ ആക്രമിക്കുവാൻ ശ്രമിക്കും. പാരീസ്സിനെ വളഞ്ഞു അവിടത്തെ സൈന്യത്തെ കുടുക്കി നിൎത്താ മെന്നുവച്ചാൽ, അതിനു വേണ്ടിടത്തോളം ജർമ്മൻ ഭടന്മാർ തൽക്കാ ലം തയാറില്ല. അതിനു കാരണം, ഗലീഷ്യയിൽ ആസ്ത്രിയയ്ക്കു നേ രിട്ട കഠിനമായ അപജയമാണു. സപ്തമ്പർ 4-ാം നു- റഷ്യാസൈ ന്യം ഗലീഷ്യയിലെ ലെംബർഗ്ഗുപട്ടണം പിടിച്ചടക്കി, അവിടെയു ണ്ടായിരുന്ന ഒന്നരലക്ഷം ആസ്ത്രിയാ ഭടന്മാരെ നശിപ്പിക്കയും സ പ്തമ്പർ 4-ാം നു- ആസ്ത്രിയയ്ക്കു വലുതായ നഷ്ടം നേരിടുവിക്കയും ചെയ്കയാൽ ആസ്ത്രിയയെ സഹായിക്കുന്നതിനു ജർമ്മനിയിൽ നി ന്നു ഒരു വലിയ സൈന്യത്തെ അയച്ചുകൊടുക്കേണ്ടിവന്നു. അ ക്കൂട്ടത്തിൽ ഫ്രാൻസിലെ ജർമ്മൻ സൈന്യത്തിൽ ചില ഭാഗങ്ങളെ പിൻവലിച്ചിരിക്കയാണു. ഈ കുറവുകൊണ്ടാണു പാരീസ്സിനെ വ

ഉയ്യവാൻ ശ്രമിക്കാതെ ജനറൽ പാൻക്ലുക്കും മററുള്ളവരും പാരീസ്സിൻെറ തെക്കു കിഴക്കോട്ടു തിരിഞ്ഞതു. ഇനി, ജർമ്മൻ സൈന്യത്തിനു പാരീസ്സിനു സമീപത്തായി നല്ല ഉറപ്പുള്ള ഒരു സ്ഥാനം കിട്ടേണ്ടതായി വന്നിരിക്കുന്നു. കുറേ അധികം മാസം ഇവിടെ തങ്ങിനില്ക്കേണ്ടതായി വരുമെന്നു അവർ മുൻകൂട്ടിത്തന്നെ മനസ്സിലാക്കി. റഷ്യയുടെ തള്ളിക്കയററത്തെത്തടുത്തു അവരെ പിന്തിരിപ്പിച്ചുവിട്ടുംവരെക്കും ഫ്രാൻസിലേക്കു അധികം സൈന്യത്തെ അയയ്ക്കുവാൻ സാധിക്കയില്ല, എന്നതുകൊണ്ടാണു ആ സമയം വരുവോളം ഇവിടെ ഒരിടത്തു തങ്ങിനില്ക്കണമെന്നു ജർമ്മൻ സേനാധിപന്മാർ നിശ്ചയിച്ചതു. ബ്രിട്ടീഷു ഫ്രഞ്ച് സൈന്യങ്ങളുടെ വലിപ്പം നാംചെല്ലുന്തോറും കൂടിക്കൂടി വന്നുതുടങ്ങി. ബ്രിട്ടീഷു സൈന്യത്തിൻെറ പിന്മാററത്തിൽ പതിനയ്യായിരം ഭടന്മാർ നഷ്ടപ്പെട്ടുപോയിയെങ്കിലും പത്തൊമ്പതിനായിരം പുതിയ ഭടന്മാർ അവൎക്കു വന്നുചേൎന്നിട്ടുണ്ടു. ഫ്രഞ്ച്കാൎക്കു, അവരുടെ രാജ്യത്താണു യുദ്ധം നടക്കുന്നതു എന്നതുകൊണ്ടു യഥേഷ്ടം ഭടന്മാരെ പോൎക്കളത്തിൽ ഉടനുടൻ നിറയ്ക്കുവാൻ കഴിയും. ജർമ്മൻ സൈന്യമാവട്ടെ, അവരുടെ രാജ്യത്തിൽനിന്നു വളരെ ദൂരം അകന്നിരിക്കുന്നു. ബെൽജിയത്തിൽ നിന്നു പാരീസ്സുവരെ 130 നാഴികയോളമുള്ള തീവണ്ടിപ്പാതയെയും റോഡുകളെയും സംരക്ഷിക്കുന്നതിനായിത്തന്നെ അസംഖ്യം ജർമ്മൻ ഭടന്മാരെ വിനിയോഗിക്കേണ്ടതായി വരുന്നുണ്ടു. അതുകൊണ്ടു ഫ്രാൻസിലേക്കു ദൂരെദ്ദൂരെ ചെല്ലുംതോറും ജർമ്മൻ സൈന്യബലം കുറഞ്ഞു കുറഞ്ഞു പോകുന്നു. ജർമ്മൻ സൈന്യത്തിനു പടക്കോപ്പുകളും ഭക്ഷണസാധനങ്ങളും 130 നാഴിക ദൂരെനിന്നു വരേണ്ടതായിരിക്കുന്നതുകൊണ്ടു കാൎയ്യനിൎവ്വഹണത്തിനു താമസം നേരിടുവാനും തുടങ്ങി. ഇതിനെല്ലാററിനും പുറമേ, മഴക്കാലം സമീപിച്ചുപോയി എന്ന ഭയം ജർമ്മൻകാരെ പീഡിപ്പിക്കയും ചെയ്തു. ഈവകയെല്ലാംകൊണ്ടും, ഇനി മുന്നോട്ടു ചെല്ലുകയോ, പാരീസ്സിനെ വളയുകയോ ചെയ്യാൻ സാധിക്കയില്ലെന്നും, തൽകാലം നല്ലൊരു രക്ഷാ

സ്ഥാനത്തു ഉറച്ചു നില്ക്കയാണ വേണ്ടതെന്നും ജർമ്മൻകാർ തീച്ച പ്പെടുത്തി.

ആഗസ്റ്റ 22-ാം നു- 100 ജർമ്മൻ സൈന്യവിഭാഗങ്ങളും 75 ഫ്രഞ്ച് സൈന്യവിഭാഗങ്ങളും പോക്കളങ്ങളിൽ പൊരുതുനിന്നിരുന്നു. അടുത്ത അവസരത്തിൽ തന്നെ ബ്രിട്ടീഷു സൈന്യം കൂടി പോരിൽ സംബന്ധിച്ചപ്പോൾ ബ്രിട്ടീഷു ഫ്രഞ്ചുസൈന്യബലം 95-സൈന്യ വിഭാഗങ്ങളുണ്ടായിവന്നു. മാർണ്ണിനദീയുദ്ധത്തിൽ ജർമ്മൻസൈന്യവിഭാഗങ്ങൾ 80- മാത്രമേ ഉണ്ടായിരുന്നുള്ളു. ഗലീഷ്യയിലേക്ക സൈന്യത്തെ അയക്കേണ്ടിവന്നതുകൊണ്ടും, ബൽജിയംസൈന്യത്തൊട എതിത്തു ആൻറവെപ്പു കോട്ടയെ വളയുന്നതിനും, ഫ്രാൻസിൽ പിടിച്ചടക്കീട്ടുള്ള ദേശങ്ങളിലേ തീവണ്ടിപ്പാതകളെയും റോഡുകളെയുംമററും സംരക്ഷിക്കുന്നതിനും സൈന്യത്തിൽ വലിയൊരു ഭാഗത്തെ വിനിയോഗിക്കേണ്ടിവന്നതുകൊണ്ടുമാണ മേൽപ്പറഞ്ഞവിധം കറവുപററിയതു. ഈ കണക്കപ്രകാരംതന്നെ, മാർണ്ണിനദീയുദ്ധത്തിൽ രണ്ടുപക്ഷത്തിലുംകൂടി 30- ലക്ഷം ഭടന്മാർ സംബന്ധിച്ചിരിക്കുന്നു. സൈന്യക്കുറവു, കാലദോഷം എന്നിവയാൽ ജർമ്മൻസൈന്യം അവരുടെ യുദ്ധഗതിയെത്തന്നെ പെട്ടെന്നു ഒരു പുതിയ മാൎഗ്ഗത്തിൽ പ്രവേശിപ്പിച്ചു. ജർമ്മൻസൈന്യം എയിനിനദികടന്നു വീണ്ടും തെക്കോട്ടു ചെന്ന ഉടൻ, പാരീസ്സിനെ നിരോധിക്കണമെന്നു ആഗ്രഹം കൈവിട്ടുകളഞ്ഞുവെങ്കിലും, എയിനിനദീതീരത്തിൽത്തന്നെ തങ്ങിനില്ക്കുന്നതിനു ബ്രിട്ടീഷു ഫ്രഞ്ചാക്രമണംകൊണ്ടു തരപ്പെടായ്കയാലാണ, പിന്നെയും തെക്കോട്ടു കയറി മാർണ്ണിനദീതീരത്തിൽ വന്നതു. അവർ പാരീസ്സിൻെറ തെക്കുകിഴക്കായി മാറി മാർണ്ണിനദിയുംകടന്നു വ്യൂഹത്തിൻെറ മദ്ധ്യഭാഗം നല്ലവണ്ണം ബലപ്പെടുത്തിനിൎത്തി. ഇതിൻെറ ഉദ്ദേശ്യം വർഡ്യൂൻപട്ടണത്തിൻെറ തെക്കുഭാഗത്തു മ്യൂസുനദീതീരത്തിൽചെന്നു അവിടെവെച്ചു ഫ്രഞ്ചുസൈന്യത്തെ പിളൎന്നുകളയണമെന്നതാണ. അങ്ങിനെ ചെയ്താൽ ഫ്രഞ്ചുസൈന്യം, മ്യൂസുനദിയുടെ കിഴ

ക്കു അൽസേസ്സ സംസ്ഥാനംവരെ ഒരുഭാഗവും മ്യൂസ്സനദിയുടെ പടിഞ്ഞാറു പാരിസ്സുവരെ മറെറാരുഭാഗവുമായി പിരിഞ്ഞകന്നു പോകും. ഈ ഉദ്ദേശ്യത്തോടുകൂടി ജർമ്മൻസൈന്യത്തിന്റെ അധികഭാഗവും വർഡൂൻപട്ടണത്തിന്റെ സമീപത്തിൽ കൂടിച്ചേർന്നു. അപ്പോൾ, പാരീസ്സിനടുത്തായിനില്ക്കുന്ന ജനറൽ വാൻ ക്ലൂക്കിന്റെ സൈന്യം തീരെ ദുർബ്ബലപ്പെട്ടുപോയി. ഫ്രഞ്ചുസൈന്യത്തെ പിളക്കുവാൻ തയ്യാറായിട്ടുള്ള മധ്യഭാഗത്തിലും വേണ്ടിടത്തോളം ബലം തികഞ്ഞിട്ടില്ലാത്തതിനാൽ അവർ തീരെ ദുഷ്കരമായ ഒരു കൃത്യത്തിലേക്കാണു സാഹസപ്പെടുന്നതു. പാരീസ്സിനെ വളയാതിരിക്കുന്ന കാലത്തോളം മാർണ്ണിനദീതീരത്തിൽ ജർമ്മൻ സൈന്യത്തിനു നില കിട്ടുകയില്ലെങ്കിലും, പാരീസ്സുപട്ടണത്തിൽനിന്നു 40- നാഴികയും, കോട്ടകളിൽനിന്നും 30- നാഴികയും വടക്കായുള്ള അയിനിനദീതീരത്തിലാണു ജർമ്മൻസൈന്യം നല്ലൊരു രക്ഷാസ്ഥാനം കണ്ടെത്തിയിരിക്കുന്നതെങ്കിലും, ഫ്രഞ്ചുസൈന്യത്തെ തകൎക്കുവാൻ കഴിയുമോ എന്നു ഒരുകൈ നോക്കാം, എന്നായിരിക്കാം ജർമ്മൻസൈന്യം കരുതിയതു. പാരീസ്സുകോട്ടകളിൽനിന്നു പുറപ്പെടാവുന്ന ഫ്രഞ്ചുസൈന്യത്തിന്റെ ആക്രമണംകൊണ്ടു നിലയിളകാതിരിക്കേണ്ടതിനായി വാൻക്ലൂക്കു തന്റെ സൈന്യത്തെ മധ്യഭാഗത്തോടു നല്ലവണ്ണം സംബന്ധിപ്പിച്ചു. അദ്ദേഹം മാർണ്ണിനദികടന്നുവരുമ്പോൾ, പിൻബലത്തിനുവേണ്ടി അക്കരയിൽത്തന്നെ ഒരു സൈന്യത്തെ നിൎത്തുകയുണ്ടായിട്ടുണ്ടു. പാരീസ്സിന്റെ കിഴക്കു 30 നാഴിക ദൂരെവെച്ചു മാർണ്ണിനദിയിൽ ഒരു പോഷകനദി വന്നു ചേരുന്നുണ്ടു. അതിന്റെയും മാർണ്ണിനദിയുടെയും ഇടയിലാണു വാൻക്ലൂക്കിന്റെ പിൻബലം നില്ക്കുന്നതു.

ബൽജിയത്തിന്റെയും ഫ്രാൻസിന്റെയും കിഴക്കുഭാഗത്തുകൂടി വടക്കുതെക്കായി ഒഴുകിപ്പോകുന്ന ഒരു ദീർഘനദിയാണു മ്യൂസ്സ. ഈ നദിയുടെ തീരത്തിൽ, പാരീസ്സിനു കിഴക്കായി വെർഡൂൻപട്ടണം കിടക്കുന്നു. ആൽസേസ്സ സംസ്ഥാനത്തിൽകൂടിയാണു ജർമ്മൻസൈന്യം വന്നുകയറുകയെന്നു ഫ്രഞ്ചു സ

ഞ്ചുസൈന്യാധിപതി നിശ്ചയിച്ചിരുന്നതിനാൽ, ശത്രുക്കളെ തടുപ്പാനായി വർഡ്യൂൻ കോട്ടയെ നല്ലവണ്ണം ഉറപ്പിച്ചു് നിൎത്തിയിരുന്നു. അവിടേക്കു നിയോഗിച്ചിട്ടുള്ള ഒന്നുംരണ്ടും ഫ്രഞ്ചുസൈന്യങ്ങൾ ഇപ്പോഴും അവിടെത്തന്നെ നിശ്ചലം നിന്നു വരികയാണു. ഫ്രാൻസിന്റെ വടക്കു ചെന്നിരുന്ന ബ്രിട്ടീഷു ഫ്രഞ്ചുസൈന്യങ്ങളെല്ലാം പാരീസിലേക്കു പിന്മാറി അവിടെയാണല്ലോ ഇപ്പോൾ നിലയുറച്ചിരിക്കുന്നതു. പടിഞ്ഞാറു പാരീസ്സു കോട്ടയെയും കിഴക്കു വർഡ്യൂൻ കോട്ടയേയും ആധാരമാക്കി, ഇടയിൽ നിരന്നു നില്ക്കുന്ന ബ്രിട്ടീഷു ഫ്രഞ്ചുസൈന്യത്തെ, അതിന്റെ പക്ഷങ്ങളിൽ ഒന്നാക്രമിക്കുന്നതിനു ജൎമ്മൻ സൈന്യത്തിനു കഴിയാതെയായി. ഈ കോട്ടകളെ ചുററിവളഞ്ഞു ചെല്ലുവാൻ തക്ക ബലം ജൎമ്മൻ സൈന്യത്തിനില്ലതാനും. വർഡ്യൂൻ പ്രദേശത്തിൽ നില്ക്കുന്ന ഫ്രഞ്ചുസൈന്യത്തെ ചിതറിച്ചു കളയണമെന്നാണല്ലോ ജൎമ്മൻ സൈന്യത്തിന്റെ ഉദ്ദേശ്യം. എന്നാൽ, ഫ്രഞ്ചുസൈന്യത്തിന്റെ ഉദ്ദേശ്യം, പാരീസ്സിനരികിലായി നില്ക്കുന്ന വാൻക്ലൂക്കിന്റെ സൈന്യത്തെ കുടുക്കിൽ പെടുത്തണമെന്നതാണു. മാർണിനദിയെ കടന്നു നില്ക്കുന്ന വാൻക്ലൂക്കിന്റെ പിന്നിൽ പോഷക നദീതീരത്തായി നിൎത്തിയിരിക്കുന്ന പിൻബലത്തെ ആക്രമിപ്പാൻ 6-ാം ഫ്രഞ്ചുസൈന്യം പുറപ്പെട്ടു. വാൻക്ലൂക്കിന്റെ തെക്കു പടിഞ്ഞാറു ബ്രിട്ടീഷുസൈന്യവും തെക്കു കിഴക്കു 5-ാം ഫ്രഞ്ചുസൈന്യവും വളഞ്ഞുനന്നു. അദ്ദേഹം ബ്രിട്ടീഷു സൈന്യത്തോടെതിൎക്കുവാൻ രണ്ടു കുതിരപ്പട്ടാളങ്ങളെമാത്രം നിയോഗിച്ചു, തന്റെ മററു സൈന്യത്തെ മുഴുവൻ 5-ാം ഫ്രഞ്ചുസൈന്യത്തോടു പൊരുതുന്നതിനായി മുന്നോട്ടയച്ചു. പിമ്പുറത്തിലും മുമ്പുറത്തിലും വലത്തു പക്ഷത്തിലും ബ്രിട്ടീഷു ഫ്രഞ്ചുസൈന്യങ്ങൾ എതിൎത്തു നില്ക്കുമ്പോൾ അതൊന്നും ഗണിക്കാതെ വാൻക്ലൂക്കു മുന്നോട്ടു ചെല്ലുവാൻ തുനിഞ്ഞതിന്റെ രഹസ്യം ഇന്നും ആൎക്കും അറിഞ്ഞുകൂടാ. ഇങ്ങിനെയുള്ള ഘട്ടത്തിൽ തന്റെ പക്ഷങ്ങളെ സംരക്ഷിക്കുവാനാണു ഒരു സൈന്യാധിപതി ശ്രമിക്കുക. വാൻക്ലൂക്കാവട്ടെ തന്റെ വലതുപക്ഷത്തെ ആക്രമിക്കുവാൻ നില്ക്കുന്ന ബ്രിട്ടീഷു സൈന്യത്തെ നിസ്സാരമാക്കിക്കൊണ്ടു,

അവരെ തടുക്കുവാൻ രണ്ടു കുതിരപ്പടകളെ മാത്രം തിരിച്ചു നിൎത്തുകയാണു ചെയ്തതു.

സപ്തമ്പർ 6-ാം നു- ബ്രിട്ടീഷു സൈന്യം മുന്നോട്ടു കയറി ജൎമ്മൻ സൈന്യത്തിന്റെ വലതുപക്ഷത്തെ ആക്രമിച്ചു. അന്നുതന്നെ, പോഷകനദീതീരത്തിൽ നില്ക്കുന്ന ജൎമ്മൻ സൈന്യത്തെ 6-ാം ഫ്രഞ്ചുസൈന്യം ചെന്നെതിൎക്കുവാൻ തുടങ്ങി. ആ സൈന്യത്തിന്റെ നേതാവു ജനറൽ പാ ആണു. അവിടെ യുദ്ധം ഘോരമായി മുറുകി. ഫ്രഞ്ചുസൈന്യത്തിനാണു അവിടെ ജയമുണ്ടാകുന്നതെന്നു വന്നാൽ വാൻക്ലൂക്കിന്റെ സൈന്യം ഇടയിൽ കുടുങ്ങി നശിച്ചുപോകും. ഇതോൎത്തുകൊണ്ടു ജൎമ്മൻ സൈന്യം ഉറച്ചുനിന്നു പൊരുതു. അവിടെയുള്ള ജൎമ്മൻ സൈന്യത്തിൽ 5 വിഭാഗങ്ങളും ഫ്രഞ്ചുസൈന്യത്തിൽ ഏഴു വിഭാഗങ്ങളുമാണുള്ളതു. പോഷകനദിയുടെ പടിഞ്ഞാറെ കരയിൽ കയറിച്ചെന്നു ഓരോരോ ഗ്രാമങ്ങളിലായി പ്രവേശിച്ചുകൊണ്ടു ജൎമ്മൻ സൈന്യം നിലയുറപ്പിക്കുവാൻ ശ്രമിച്ചു. അവരെ അവിടെനിന്നെല്ലാം ഫ്രഞ്ചുസൈന്യം അപ്പപ്പോൾ തന്നെ തള്ളിമാറ്റുകയും ചെയ്തു. 6-ാം നു- മുതൽ മൂന്നു ദിവസം ഇരുകൂട്ടരും ഇടവിടാതെ പൊരുതു നിന്നിട്ടും ജയാപജയങ്ങൾ സമമായിട്ടേ കണ്ടുള്ളു. 8-ാം നു- യ്ക്കുള്ളിൽ ബ്രിട്ടീഷു സൈന്യവും 5-ാം ഫ്രഞ്ചുസൈന്യവും കൂടി വാൻക്ലൂക്കിനെ മാർണീനദീതീരംവരെ പിന്തള്ളി വിട്ടുകളഞ്ഞു. ഈ ഘട്ടത്തിൽ, വർഡൂൻ പ്രദേശത്തിൽ നടക്കുന്ന യുദ്ധത്തിന്റെ ഫലം എങ്ങിനെയാകുമെന്നു വാൻക്ലൂക്ക ഉൽകണ്ഠയോടെ പ്രതീക്ഷിച്ചുതുടങ്ങി.

8-ാംനു-ക്കു വർഡൂൻപ്രദേശത്തിൽ ജൎമ്മൻസൈന്യം ഫ്രഞ്ചുസൈന്യത്തെ കുറച്ചൊന്നുപിന്തള്ളിവിട്ടു. വർഡൂനിലെ തെക്കൻകോട്ടയെ പെരുംപീരങ്കികൾ കൊണ്ടു തകൎക്കുവാൻ തുടങ്ങി. ആ കോട്ടയിൽ 44 പേരൊഴികെ ശേഷമെല്ലാം നശിച്ചുപോയി. ഇവിടെ വിജയംനേടി, മ്യൂസ് നദീതീരം സ്വാധീനപ്പെടുത്തി വെക്കണമെന്നാ

ണു ജൎമ്മൻസൈന്യത്തിന്റെ ഉദ്ദേശ്യം. ഫ്രഞ്ചുസൈന്യം ഒട്ടൊട്ടു പിന്മാറിക്കൊണ്ടിരിക്കയാണെങ്കിലും, ജൎമ്മൻസൈന്യത്തെ കഴിയുന്നെടത്തോളം തടുത്തുനിൎത്തി എതിൎത്തുകൊണ്ടേവന്നു. കോട്ടയിൽ ബാക്കിയുണ്ടായിരുന്ന 44 പേൎക്കും കൂടി 4 പീരങ്കികൾ മാത്രമെ കേടുതട്ടാതെയുണ്ടായിരുന്നുള്ളു. എന്നിട്ടും അവർ അത്യത്ഭുതകരമാംവണ്ണം കോട്ടയെ സംരക്ഷിച്ചുനിന്നു. 9-ാംനു-യ്ക്കു വാൻക്ലുക്ക മാൎണിനദീതീരത്തിൽ കുറെ അപകടസ്ഥിതിയിൽ നില്ക്കയായിരുന്നു. വൎഡൂൻപ്രദേശത്തിൽ വിജയമുണ്ടായാൽ അവിടെനിന്നു കുറെ സൈന്യത്തെ തനിക്കു സഹായമായി ചേൎക്കാമെന്നു അദ്ദേഹം ആശിച്ചു. ആ ആശ ഫലപ്പെട്ടുവെങ്കിൽ അദ്ദേഹം മുന്നോട്ടുതന്നെ കയറമായിരിക്കാം. എന്നാൽ, 9-ാംനു-യായിട്ടും വൎഡൂൻപ്രദേശത്തിൽ ജൎമ്മൻസൈന്യത്തിനു പറയത്തക്ക ഗുണമൊന്നും സിദ്ധിച്ചുകണ്ടില്ല. അതുകൊണ്ടു തന്റെ സൈന്യത്തെ അയിനി നദീതീരത്തിലേക്കു പിൻവലിക്കുവാൻ വാൻക്ലുക്ക തീൎമാനിച്ചു. 9-ം, 10-ംനു- കളിലായി അതിലേക്കു വേണ്ടത്തക്ക ഒരുക്കങ്ങളെല്ലാം ചെയ്തു. താൻ പിന്മാറിച്ചെല്ലുമ്പോൾ, ബ്രിട്ടീഷ് ഫ്രഞ്ചുസൈന്യങ്ങൾ വന്നെതിൎത്തു തന്റെ നില കലക്കാതിരിപ്പാൻ വേണ്ടി അദ്ദേഹം മാൎണി നദീതീരത്തിലും പോഷക നദീതീരത്തിലും ഓരോ സൈന്യത്തെ പിരിച്ചു കാവലായി നിൎത്തി. ആ രണ്ടുഭാഗങ്ങളിലും ഘോര ഘോരമായ യുദ്ധം നടന്നു. രണ്ടു പക്ഷക്കാരുടെയും പീരങ്കികൾ ഇടവിടാതെ വൎഷിച്ചുകൊണ്ടിരിക്കുന്ന തീയുണ്ടകൾക്കിടയിൽ നിന്നുകൊണ്ടു കാലാൾ പടകൾ ശൂരതയോടെ പോർചെയ്തു. ജൎമ്മൻ കാവൽപ്പട്ടാളങ്ങൾ അസാമാന്യമായ സാമൎത്ഥ്യത്തോടുകൂടി ബ്രിട്ടീഷ് ഫ്രഞ്ചു സൈന്യങ്ങളെ തടുത്തുനിന്നു. 11-ാംനു- രാവിലെ ഫ്രഞ്ചുസൈന്യം അവിടെ ചെന്നപ്പോൾ പോൎക്കളം ഒഴിഞ്ഞുകിടക്കുന്നതായി കണ്ടു. അന്നേക്കു വാൻക്ലുക് അയിനി നദീതീരത്തിലേക്കു പിന്മാറുക കഴിഞ്ഞിരിക്കുന്നു. 9-ാംനു- മുതൽക്കുതന്നെ വാൻക്ലുക് തന്റെ സൈന്യത്തെ ഒട്ടൊട്ടായി പിൻവലിച്ചുകൊണ്ടിരുന്നു. അയിനി നദീതീരത്തിൽ മുൻകൂട്ടിത്തന്നെ കി

ടങ്ങുകളുണ്ടാക്കി ഉറപ്പിച്ചു വെച്ചിരുന്നതിനാൽ അവിടെ ചെല്ലുന്ന തന്റെ സൈന്യത്തിനു, അത്രവേഗം ശത്രുബാധയുണ്ടാകയില്ലെന്നു അദ്ദേഹം നിശ്ചയിച്ചിട്ടുണ്ടു. പിന്നിലുള്ള സൈന്യത്തെ മുഴവൻ പിൻവലിച്ചുവെന്നുകണ്ട ശേഷം, മുന്നിൽനിന്നു ബ്രിട്ടീഷു ഫ്രഞ്ചുസൈന്യത്തോടെതിക്കുന്ന മുന്നണിപ്പട ഒരു രാത്രികൊണ്ടു പോക്കളം വിട്ടുപോകയും ചെയ്തു. ഇത്രയും പോഷക നദീതീരത്തിൽവെച്ചു എളുപ്പത്തിൽ സാധിച്ചു. മാർണി നദീതീരത്തിൽനിന്നു പിന്മാറുമ്പോൾ ജർമ്മൻസൈന്യം ഒട്ടല്ലാത്ത കഷ്ടനഷ്ടങ്ങൾ അനുഭവിച്ചിട്ടുണ്ടു. ബ്രിട്ടീഷു ഫ്രഞ്ച് കുതിരപ്പട്ടാളങ്ങൾ പിന്തുടന്നു ആക്രമിക്കയാൽ ജർമ്മൻസൈന്യത്തിൽനിന്നു 13 പീരങ്കികളും രണ്ടായിരം ഭടന്മാരും നഷ്ടപ്പെട്ടുപോയി. ഈ സംഭവം കഴിഞ്ഞതിൽപ്പിന്നെ, ബ്രിട്ടീഷു ഫ്രഞ്ചുസൈന്യങ്ങൾ അയിനി നദീതീരത്തിൽ ചെന്നു ശത്രുക്കളെ ഒന്നാക്രമിച്ചുനോക്കി; അവിടെ അവരുടെ നില ഏററവും ഉറപ്പുള്ളതാണെന്നു കണ്ടു പിന്തിരിയുകയാണുണ്ടായതു. വാൻക്ലുക്കിനെ അനുസരിച്ചുകൊണ്ടു മററു ജർമ്മൻസൈന്യങ്ങളും അയിനി നദിയിലേക്കു ക്രമത്തിൽ മാറിപ്പോയി. മാർണി നദിയിൽനിന്നു വടക്കു 40 നാഴിക ദൂരെ കിഴക്കുപടിഞ്ഞാറായി ഒഴുകി ഓയ്സുനദിയിൽ ചേരുന്ന മറെറാരു പോഷകനദിയാണു അയിനി.

## അയിനിനദീ യുദ്ധം.

ജർമ്മൻസൈന്യം അയിനി നദീതീരത്തിൽ നിലയുറപ്പിച്ചുപിന്നെ, അവിടെത്തന്നെ അടങ്ങിയിരിക്കയല്ലാ, ബ്രിട്ടീഷു ഫ്രഞ്ചുസൈന്യങ്ങളെ വീണ്ടും ആക്രമിക്കുവാൻ തുനിയുകയാണു ചെയ്തതു. സപ്തമ്പർ 6-ാംനു-മുതൽ 10-ാംനു-ക്കകം അയിനിനദിയുടെ മറുകര

യിലേക്ക പിന്മാറുകയും, ബ്രിട്ടീഷ് ഫ്രഞ്ചുസൈന്യത്തെ അവിടെനിന്നു മുന്നോട്ട കയറുവാൻ വിടാതെ യുദ്ധം തുടങ്ങുകയും ചെയ്തു. ആ പ്രദേശങ്ങളിൽ അസംഖ്യം പീരങ്കികൾ ഉറപ്പിച്ചുവെച്ചു കുറി തെറ്റാതെ പ്രയോഗിക്കുന്നതും സൈന്യങ്ങൾക്ക ശത്രുബാധ കൂടാതെ നിവസിക്കുവാൻ തക്ക രക്ഷാസ്ഥാനങ്ങൾ ഉണ്ടായിരിക്കുന്നതും കണ്ടപ്പോൾ അവിടെ ജർമ്മൻകാർ വളരെ മുമ്പു ഈ ഉദ്ദേശ്യത്തോട്ടുകൂടി നല്ലനല്ല ഒരുക്കങ്ങൾ ചെയ്തുവെച്ചിട്ടുണ്ടെന്നു ഊഹിപ്പാൻ അവകാശമുണ്ടായി. ഇതിനും പുറമെ, ജർമ്മനിയിൽനിന്നു പുതിയ സൈന്യങ്ങൾ യുദ്ധസന്നാഹത്തോടുകൂടി ആ സ്ഥലത്തു വന്നെത്തുകയും ചെയ്തു. സപ്തമ്പർ 15-ാംനു-ക്ക ശേഷം അവിടെവെച്ചു അതി ദാരുണമായ ആക്രമണമാണു നടന്നുതുടങ്ങിയതു. ജർമ്മൻ സൈന്യ നിരയുടെ വലതുപക്ഷമായി നില്ക്കുന്ന ജനറൽവാൻ ക്ലുക്കിൻെറ സൈന്യം അയിനി നദിതീരത്തിൽ റീംസ് പട്ടണത്തിൻെറ വടക്കേഭാഗംവരെ നീണ്ടു നിലയുറച്ചുനിന്നു. റീംസുമുതൽ വർഡൂൻ പട്ടണത്തിൻെറവടക്കേഭാഗമുള്ള സ്ഥലങ്ങൾവരെയാണു മദ്ധ്യഭാഗം നീണ്ടുപരന്നിരിക്കുന്നതു. ഈ മദ്ധ്യഭാഗത്തിൽ ഒരു ശിഖരം വർഡൂപ്രദേശത്തിലെ സെൻറമിഹൈൽ എന്ന സ്ഥലം വശപ്പെടുത്തിവെച്ചിട്ടുണ്ടു. ഇടതുപക്ഷം, മുൻപോലെ അൽസേസ് ലോറൈൻ സംസ്ഥാനങ്ങളിൽതന്നെയാണു നില്ക്കുന്നതു. യുദ്ധം ഏററവും ശക്തിയോടെ നടന്നതു അയിനി നദിയിലാണു. ബ്രിട്ടീഷുഫ്രഞ്ചുസൈന്യങ്ങൾ പാലങ്ങൾ കടന്നു അക്കരെയിൽ ചെന്നുചേൎന്നു. അവിടെ തന്നെയാണു ജർമ്മൻസൈന്യസ്ഥാനം. അവിടെ ചെറു കുന്നുകളും തോട്ടുകളും അധികമായുണ്ടു. യുദ്ധത്തിനുമുമ്പു ചില ജർമ്മൻകാർ ആ പ്രദേശത്തിൽ പല ഭാഗങ്ങളും വിലയ്ക്കുവാങ്ങി, കുന്നുകളിൽ കല്ലുകൾ വെട്ടിനീക്കുന്നതായി കണ്ടിട്ടുണ്ടു. ജർമ്മൻ ഭടന്മാൎക്കും പീരങ്കികൾക്കും മറഞ്ഞുനില്ക്കുവാൻ ഉതകുന്നവണ്ണം പല ഗുഹകളും ആ കുന്നുകളിൽ ഉണ്ടാക്കിയിരിക്കുന്നു. കാടുകൾ, തോട്ടുകൾ, ഗുഹകൾ, കുന്നുകൾ എന്നിവ പടിപടിയായി ഉയൎന്നുകിടക്കുന്ന ആ പ്രദേശം

പ്രകൃത്യാതന്നെ യുദ്ധത്തിന്നു സൌകൎയ്യമുള്ളതാണു. ആ ഭാഗം മുഴുവൻ ജൎമ്മൻസൈന്യം വശപ്പെടുത്തിവെച്ചതുകൊണ്ടു, അവരുടെ നില്പിന്നു നല്ല ഉറപ്പും രക്ഷയുമുണ്ടായിരുന്നു. അവിടെ വേണ്ടേടത്തോളം കിടങ്ങുകളും അവർ കുഴിച്ചുണ്ടാക്കി. ഇങ്ങിനെ ഒരു സ്ഥാനത്തെ ബ്രിട്ടീഷു ഫ്രഞ്ചുസൈന്യങ്ങൾ ആക്രമിച്ചു കയറി വേഗത്തിൽ വിജയം നേടുകയെന്നതു സുകരമല്ല. അതിന്നു പുറപ്പെടുന്നതായാൽ അസംഖ്യം പീരങ്കികളും ഉണ്ടകളും വേണ്ടിവരുന്നതിന്നു പുറമെ അനേകായിരം ഭടന്മാരെ ബലികൊടുക്കേണ്ടതായും വരും. അതിൻ പോകാതെ, ബ്രിട്ടീഷു ഫ്രഞ്ചുസൈന്യങ്ങൾ അയിനിനദിയുടെ തെക്കേ കരയിൽ കിടങ്ങുകളുണ്ടാക്കി, ജൎമ്മൻസൈന്യത്തെപ്പോലെ നിലയുറപ്പിച്ചു നില്ക്കുകയാണു ചെയ്തതു. ജൎമ്മൻസൈന്യമാവട്ടെ നദിയുടെ അക്കരയിൽ കുന്നുകളിന്മേൽനിന്നുകൊണ്ടു പെരുംപീരങ്കികൾ പ്രയോഗിച്ചു ബ്രിട്ടീഷു ഫ്രഞ്ചുസൈന്യംവക കിടങ്ങുകളെ തകൎക്കുവാൻ തുടങ്ങി. ഇതുകണ്ടു, ഏറനാൾ തങ്ങിയിരിക്കുന്നതിന്നും, അക്കാലമെല്ലാം ജൎമ്മൻ പീരങ്കികൾകൊണ്ടുള്ള ആപത്തു അനുഭവിക്കാതിരിക്കുന്നതിന്നും ഉതകത്തക്കവണ്ണം അത്ര ഉറപ്പോടുകൂടിയ കിടങ്ങുകൾ ബ്രിട്ടീഷു ഫ്രഞ്ചു സൈന്യങ്ങൾ അവിടെ നിൎമ്മിച്ചു. ഭൂമിക്കടിയിൽ വലിയവലിയ ഗുഹകളുണ്ടാക്കി ഭടന്മാൎക്കും കുതിരകൾക്കുകൂടിയും നിവസിക്കുവാൻ തക്ക ഏൎപ്പാടുകൾ ചെയ്തു. കിടങ്ങുകളിൽ പാൎത്തു അതിൻവഴിക്കുതന്നെ മുന്നോട്ടു കയറുവാനാണു ബ്രിട്ടീഷു ഫ്രഞ്ചു സൈന്യങ്ങൾ ശ്രമംതുടങ്ങിയതു. കോട്ടയെ വളയുമ്പോളാണു സാധാരണമായി ഇത്തരം യുദ്ധസമ്പ്രദായം അനുസരിക്കാറുള്ളതു. ജൎമ്മൻസൈന്യസ്ഥാനത്തിൽ പ്രകൃത്യാ ചെറു കോട്ടകൾ ഉറപ്പായി കണ്ടതുകൊണ്ടു, നേരിട്ടുചെന്നു കയറിയാൽ തീൎച്ചയായി ആപത്തുണ്ടാകുമെന്നതിനാൽ, കിടങ്ങുകൾ നീട്ടിനീട്ടിക്കൊണ്ടുപോയി, ആവഴിക്കു മറഞ്ഞിരുന്നു മുന്നോട്ടു കയറുവാൻ തുനിഞ്ഞു. മുൻകിടങ്ങിൽനിന്നു ചാൽ കുഴിച്ചുണ്ടാക്കി, അതിൽക്കൂടി ഒട്ടുദൂരം ചെന്നു അവിടെ ഒരു വലിയ കിടങ്ങു കെട്ടിയുണ്ടാക്കി സൈന്യത്തെ അവിടെക്കയയ്ക്കും. വീണ്ടും ഇങ്ങിനെതന്നെ. ഈ സമ്പ്രദായത്തെത്തന്നെ ജൎമ്മൻസൈന്യവും അനുസരിച്ചുപ്രവൎത്തിച്ചുതുടങ്ങി.

ഇങ്ങിനെ, ഇരുപക്ഷക്കാരും പുതിയപുതിയ കിടങ്ങുകളുണ്ടാക്കി മുന്നോട്ട കയറിക്കയറിവന്ന രണ്ടുകക്ഷികളും ന്യരം ഇരുന്നൂറു വാര സമീപംവരെ അടുത്തുപോയി. പിന്നീട, കിടങ്ങുകൾ നീട്ടുവാൻ ഇരുപക്ഷക്കാൎക്കും നിവൃത്തിയില്ലായ്കയാൽ മദ്ധ്യത്തിൽ അത്രയും സ്ഥലം ഒഴിച്ചുവിട്ടുകളഞ്ഞു. ഇത്രയുമായതിൽപ്പിന്നെ, ആൎക്കുമാൎക്കും പുരോഗതിയില്ലാതെ അവരവരുടെ സ്ഥാനത്തുതന്നെയിരുന്ന പീരങ്കിയുദ്ധം നടത്തിത്തുടങ്ങി. ഇടയ്ക്കിടെ, കിടങ്ങുകളിൽനിന്ന വെളിയിൽ ചാടിക്കയറിയോ, അഥവാ, ഒരു കക്ഷി മറ്റെക്കക്ഷിയുടെ കിടങ്ങിലേക്ക ബലാൽ പ്രവേശിച്ചോ കൂടിക്കലൎന്ന പൊരുതുകയും അസംഖ്യം ഭടന്മാർ ചത്തുവീഴുകയും ചെയ്യും. ഇങ്ങിനെ കിടക്കുന്ന ശവങ്ങളെ അപ്പപ്പോൾ നീക്കം ചെയ്യുന്നതിന്ന ഇരുകൂട്ടൎക്കും അവസരം കിട്ടുകയില്ല. മുറിപ്പെട്ട അനങ്ങുവാൻവയ്യാതെ വീണുകിടക്കുന്നവരും അക്കൂട്ടത്തിൽ ചീഞ്ഞുപോകയാണുചെയ്യുന്നതു. ആ പതിരുന്നൂറു വാര സ്ഥലം ശവങ്ങൾ കുന്നു കുന്നായിക്കിടന്ന ചീഞ്ഞുകൊണ്ട ദുൎഗ്ഗന്ധപൂൎണ്ണമായിത്തീൎന്നു.

ജൎമ്മൻ സൈന്യസ്ഥാനത്തിൽനിന്ന ബ്രിട്ടീഷ ഫ്രഞ്ചു കിടങ്ങുകളിൽ ധാര മുറിയാതെ പീരങ്കിയുണ്ടകൾ പൊഴിഞ്ഞുകൊണ്ടിരുന്നു. രാത്രികാലങ്ങളിൽ മാത്രമല്ലാതെ ബ്രിട്ടീഷു ഫ്രഞ്ചു സൈന്യത്തിന്റ പുറമേ ഇറങ്ങുവാൻ കഴിയാതായി. പടക്കോപ്പുകളും ആഹാരങ്ങളും കൊണ്ടുചെല്ലുന്നതും കിടങ്ങുകളിലുള്ള ഭടന്മാരെ ദൂരെ അയച്ചു വിശ്രമിപ്പിക്കുന്നതും, പുതിയ ഭടന്മാരെ കിടങ്ങുകളിലേക്കയയ്ക്കുന്നതുമെല്ലാം രാത്രിസമയങ്ങളിലാണു. ക്രമേണ, ഇതിനും മുടക്കം വന്നുപോയി. ജൎമ്മൻകാർ രാത്രിയും പീരങ്കിപ്രയോഗം തുടങ്ങി. അവരുടെ പരിശോധന ദീപങ്ങൾ ധൂമകേതുക്കളെപ്പോലെ നീണ്ടുകൊണ്ടിരുന്നു. പീരങ്കികൾവഴിക്കും വിമാനങ്ങൾ വഴിക്കും അവർ ദീപഗോളങ്ങൾ പ്രയോഗിക്കയും ചെയ്യു. ഇവയുടെ വെളിച്ചത്തിൽകൂടി ബ്രിട്ടീഷ ഫ്രഞ്ച കിടങ്ങുകൾ കണ്ടറിഞ്ഞു, അവയ്ക്കുനേരെ പീരങ്കിയുണ്ടകൾ വിടുന്നതിന്ന ശത്രുക്കൾക്കു കഴിഞ്ഞു. ഇത്രയുംകൂടിയായപ്പോൾ യുദ്ധത്തിന്റെ കഠോരതയും ഭയങ്കരതയും

അവർണ്ണമായിത്തീൎന്നു. നേരം പുലരുമ്പൊഴെക്കും പീരങ്കി മുഴക്കം ഒരേകണക്കിൽ ഇടമുറിയാതെ തുടങ്ങുകയായി. വമ്പിച്ച പീരങ്കിയുണ്ടകൾ ആകാശത്തിൽകൂടി ചുഴന്നു ചുഴന്നു വന്നു കിടങ്ങുകളിൽ വീണു പൊട്ടിത്തെറിക്കുമ്പൊഴുണ്ടാകുന്ന ശബ്ദവും, അപ്പൊഴുണ്ടാകുന്ന നാശവും മൎമ്മഭേദകമായിത്തീൎന്നു. ഉണ്ടകൾ പാഞ്ഞുവരുന്നതു കാണുമ്പൊഴെക്കും ഭടന്മാർ ഗുഹകൾക്കുള്ളിൽ മറഞ്ഞുകഴിയും. എന്നാൽ, ആ ഉണ്ടകൾ കിടങ്ങുകളെ തകൎത്തു നിരത്തുന്നതിനെ ആൎക്കു തടുക്കുവാൻ കഴിയും! ഒരു പീരങ്കിയുണ്ട വന്നു വീഴുന്ന സ്ഥലത്തു ഒരാനയെക്കൂടിയും ഇട്ടു മൂടുവാൻ തക്ക അത്രവലിയ കുഴിയാണുണ്ടാകുക. അത്തരം ഉണ്ടകൾ ഇടവിടാതെ വന്നു വീഴുകയാൽ കിടങ്ങുകൾ തകൎന്നു നിരന്നു അതിന്നിടയിൽ ഭടന്മാർ ജീവനോടെ തന്നെ മൂടിപ്പോയിത്തുടങ്ങി. ഇങ്ങിനെ, പീരങ്കിപ്രയോഗം കഴിഞ്ഞാൽ ജൎമ്മൻ ഭടന്മാർ മേൽപ്പരപ്പിലേക്കു കുതിച്ചു കയറും, അപ്പൊഴെക്കും ബ്രിട്ടീഷ ഫ്രഞ്ച കിടങ്ങുകളിൽ നിന്നു ഭടന്മാർ അവരുടെ കൈത്തോക്കുകൾ പ്രയോഗിച്ചു പെരുമഴപോലെ ഉണ്ടകൾ ചൊരിയുകയായി. ഇക്കൂട്ടത്തിൽ യന്ത്രത്തോക്കുകളെയും മുറക്കു പ്രവൎത്തിച്ചുകൊണ്ടിരിക്കും. ഇതിൽനിന്നുണ്ടാകുന്ന ജീവനാശത്തെ ഒട്ടും ഗണിക്കാതെയാണു ജൎമ്മൻ ഭടന്മാർ കുതിച്ചു കയറി ബ്രിട്ടീഷ ഫ്രഞ്ച കിടങ്ങുകളിൽ വന്നിറങ്ങുക. അവിടെവെച്ചു ഇരുകൂട്ടരും തമ്മിൽ വാളും കുന്തവും പ്രയോഗിച്ചു കൂടിക്കലൎന്നു പൊരുതും. ഉടൻ തന്നെ അടുത്ത കിടങ്ങുകളിൽ നിന്നു സഹായസൈന്യം വന്നെത്തി ജൎമ്മൻ ഭടന്മാരെ പിന്തിരിപ്പിച്ചോടിക്കയും ചെയ്യും. ഇതിലിടക്കു അസംഖ്യം ഭടന്മാർ വഴിനീളെ ചത്തുവീണിട്ടുണ്ടായിരിക്കും. കിടങ്ങുകളിലെ രക്ഷയെ നശിപ്പിക്കുന്നതിനും, അവിടെയുള്ള വെടിക്കോപ്പുകളെ ചുട്ടുകളയുന്നതിനും, ഭടന്മാരെ കഴിയുന്നെടത്തോളം കൊന്നൊടുക്കി ബാക്കിയുള്ളവരെ ബലഹീനരാക്കുന്നതിനും വേണ്ടി

യാണു ആദ്യമായി പീരങ്കികൾ പ്രയോഗിക്കുന്നതു. ഇത്രയും കഴിഞ്ഞു ഉദ്ദേശ്യം സാധിച്ചുവെന്നു കണ്ടാൽ ആ കിടങ്ങു കൈവശപ്പെടുത്തുവാൻവേണ്ടി അതിനുനേരേ ഒരുകൂട്ടം ഭടന്മാരെ അയക്കുന്നു. ഇങ്ങിനെ ചെല്ലുന്ന ഭടന്മാർ പലപ്പോഴും അപജയപ്പെട്ടു പിന്തിരിയുന്നതു കണ്ടപ്പോൾ ബ്രിട്ടീഷ ഫ്രഞ്ച സൈന്യങ്ങളുടെ ശൌര്യ്യ പരാക്രമങ്ങളെപ്പററിയോർത്തു ജർമ്മൻകാർതന്നെ അത്ഭുതപ്പെട്ടുപോയി. ഇങ്ങിനെ കുറെനാൾ കഴിഞ്ഞു. ബ്രിട്ടീഷ സൈന്യത്തിനു ഇംഗ്ലണ്ടിൽ നിന്നു പെരും പീരങ്കികൾ വന്നെത്തി. അതിൽപ്പിന്നെ ബ്രിട്ടീഷ സൈന്യത്തിൻെറ ആക്രമണത്തിനു പൂർവ്വാധികം ശക്തികൂടി, ജർമ്മൻ സൈന്യം ബ്രിട്ടീഷ ഫ്രഞ്ച കിടങ്ങുകൾ പിടിച്ചടക്കുവാനായി വെളിയിൽച്ചാടി പൊരുതുന്നതു സാധാരണമായതുകൊണ്ടു അവക്കാണു അധികമധികം നാശം നേരിട്ടുകൊണ്ടിരുന്നതു. ബ്രിട്ടീഷ ഫ്രഞ്ച സൈന്യങ്ങളാകട്ടേ, ക്ഷമ വിടാതെ തരം നോക്കിയിരുന്നു കാര്യം നടത്തുകയേ ചെയ്തിരുന്നുള്ളു.

അയിസ്നി നദീതീരത്തിൽ നിന്നു ജർമ്മൻ സൈന്യത്തെ പിന്തള്ളി വിടുകയെന്നതു എളുപ്പത്തിൽ സാധിക്കയില്ലെന്നു കണ്ടപ്പോൾ ഫ്രഞ്ചുസൈന്യാധിപതി വേറെവിധത്തിൽ ആലോചന തുടങ്ങി. മാർണി നദീതീരത്തിൽവെച്ചു ജർമ്മൻ സൈന്യം പിന്മാറിപ്പോയതു, അപ്പോൾ അവക്കു വേണ്ടേടത്തോളം ബലമില്ലാതിരുന്നതുകൊണ്ടാണു. അയിസ്നിനദീതീരത്തിൽ പിന്മാറിച്ചെല്ലുമ്പൊഴെക്കും പുതിയ സൈന്യങ്ങൾ വന്നെത്തുകയും ചെയ്തിരിക്കുന്നു. ഇനിമേൽ അവർ ആൻവവർപ്പു പട്ടണത്തെ കീഴ്പ്പെടുത്തി ബെൽജിയംസൈന്യത്തെ ചിതറിച്ചുകളഞ്ഞു ഫ്രാൻസിൻെറ ഉത്തരഭാഗം മുഴുവൻ കൈവശത്തിൽ വെച്ചുകൊണ്ടു പാരീസ്സിനെ ആക്രമിക്കുവാൻ ഒന്നു കൂടി ശ്രമിക്കുമെന്നു ജനറൽ ജോഫ്രെ ഊഹിച്ചു. ജർമ്മൻസൈന്യബലം ഇപ്പൊഴത്തേതിലധികം

വൎദ്ധിക്കും മുമ്പെ, ഫ്രാൻസു അതിൻെറ പൂൎണ്ണ ശക്തിയേയും പ്രയോഗിച്ചുകൊണ്ടു ജൎമ്മൻസൈന്യത്തെ ആക്രമിച്ചുകയറുകയാണു ഇപ്പോൾ വേണ്ടതെന്നു അദ്ദേഹം നിശ്ചയിച്ചു. എന്നാൽ, അയിനിനദീതീരത്തിൽ ഉറച്ചുനില്ക്കുന്ന ജൎമ്മൻസൈന്യത്തോടു പൊരുതുന്നതുകൊണ്ടു പ്രത്യേകിച്ചു ഫലമൊന്നുമുണ്ടാകയില്ല. ജൎമ്മൻസൈന്യത്തിൻെറ വലത്തുപക്ഷത്തിന്നരികിൽകൂടി ഒഴുകുന്ന ഓയ്സു നദീതീരത്തിൽചെന്നാക്രമിക്കുവാൻ തൻെറ സൈന്യത്തിനു അദ്ദേഹം കല്പനകൊടുത്തു. ജൎമ്മൻസൈന്യത്തിൻെറ വലത്തുപക്ഷത്തിനു വലിയൊരു രക്ഷയായിട്ടാണു ഓയ്സു നദിയുടെ കിടപ്പു. ലീജ്, നാമൂർ എന്നീപട്ടണങ്ങളിൽനിന്നു അയിനിപ്രദേശങ്ങളിലേക്കുള്ള തീവണ്ടിപ്പാതകളും റോഡുകളും ഇപ്പോൾ ജൎമ്മൻസൈന്യത്തിൻെറ വശമാണിരിക്കുന്നതു. പടക്കോപ്പുകളും പടകളും വന്നെത്തുന്നതു ഈവഴിക്കാണു. ഓയ്സുനദീതീരത്തിലുള്ള ജൎമ്മൻപട്ടാളങ്ങളെ ആക്രമിച്ചു വടക്കുകിഴക്കായി തള്ളിക്കൊണ്ടുപോയി മേപ്പടി തീവണ്ടിപ്പാതകളെയും റോഡുകളെയും പിടിച്ചടക്കാമെന്നും, അപ്പൊൾ അയിനിനദീതീരത്തിലുള്ള ജൎമ്മൻസൈന്യം ഗതിയററു പിന്മാറുമെന്നുമാണു ജനറൽജോഫ്രയുടെ ഊഹം. ഇതു ഫലിച്ചാൽ, ബ്രിട്ടീഷ ഫ്രഞ്ചുസൈന്യത്തിൽ വടക്കോട്ടു കയറിക്കയറി ബെൽജിയം സൈന്യത്തോടു സംബന്ധിക്കുന്നതിനും ആൻവെപ്പു കോട്ടയെ സംരക്ഷിക്കുന്നതിനും, ബെൽജിയംരാജ്യത്തെ മുഴുവൻ വീണ്ടെടുക്കുന്നതിനും കഴിയും. അഥവാ, ഫലിക്കാതെ പോയെങ്കിൽത്തന്നെ, ബെൽജിയത്തെ ലക്ഷീകരിച്ചു മുൻചെല്ലുന്ന ബ്രിട്ടീഷഫ്രഞ്ചു സൈന്യത്തെ തടുക്കുന്നതിനു പുതിയ ജൎമ്മൻസൈന്യത്തെ അയക്കേണ്ടിവരുമെന്നതുകൊണ്ടു, പോലണ്ടിലും ഗലീഷ്യയിലും ജർമ്മൻസൈന്യശക്തി ക്ഷയിക്കുവാൻ ഹേതുവാകുമെന്നതിനാൽ റഷ്യക്കു ജൎമ്മനിയിലേക്കു തള്ളിക്കയറുവാൻ സാധിച്ചുവെ

ന്നുവരും. ഈ പുതിയ ശ്രമംകൊണ്ടു ഇവിടെയല്ലെങ്കിൽ അവിടെ ജർമ്മനിക്കു അപജയമുണ്ടാകുവാൻ ഇടയുണ്ടെന്നറിഞ്ഞു ജനറൽജോഫ്രെ അതിലേക്കായി തന്റെ സൈന്യങ്ങളെ നിയോഗിച്ചു. തന്റെ ഈ പുറപ്പാടു ബ്രിട്ടീഷസൈന്യത്തെ അറിയിക്കയുംചെയ്തു.

കാംബെൻ എന്ന പട്ടണത്തിൽവെച്ചാണു ഓയ്സുനദി അയിനിനദിയിൽ ചേരുന്നതു. അവിടെനിന്നു കുറേ വടക്കായി കിഴക്കുപടിഞ്ഞാറനീളത്തിൽ സോംനദി ഒഴുകിപ്പോകുന്നു. പുതിയ ഫ്രഞ്ചുസൈന്യങ്ങൾ കാംബെൻ പട്ടണത്തിനു പടിഞ്ഞാറായിവന്നുനിന്നു. അവരുടെ നേതൃത്വം ജനറൽകാസ്റ്റൽനാ വഹിച്ചു. അദ്ദേഹം സപ്തമ്പർ 20-ാംനു- ഓയ്സുനദിയുടെ പടിഞ്ഞാറെ കരയിലേക്കു തന്റെ സൈന്യത്തെ നയിച്ചു. ജനറൽ വാൻക്ലുക്കു തന്റെ സൈന്യത്തിൽ അധികഭാഗത്തെയും അയിനിനിനദിയുടെ വടക്കേക്കരയിൽ നിർത്തി, വലതുഭാഗത്തുള്ള നോയൻ, സെൻറു ക്വിൻടിൻ എന്നീ സ്ഥലങ്ങളിൽ ചുരുക്കം ഭടന്മാരെമാത്രം കാവലായിവെക്കുകയെ ചെയ്തിരുന്നുള്ളു. ആ വലതുഭാഗത്തെ പിടിച്ചടക്കുവാനാണു ജനറൽകാസ്റ്റൽനാ മുന്നോട്ടിറങ്ങിയതു. കാംബെൻ നഗരത്തിന്റെ വടക്കു സോംനദിയുടെ അക്കരെയിലുള്ള ആൽബർട്ടു പട്ടണംവരെ ആ ഫ്രഞ്ചുസൈന്യം നീണ്ടു നിന്നിരുന്നു. അവർ പെട്ടെന്നു മുന്നോട്ടുകയറി ഓയ്സുനദീതീരത്തിൽ ചെന്നാക്രമിച്ചു കാംബെനിൽനിന്നു സെൻറു ക്വിൻടിൻവരെ ചെന്നുചേർന്നു. അടുത്തെത്തിയ ഈ ആപത്തു കണ്ടപ്പോൾ ജനറൽ വാൻക്ലുക് വളരെ വേഗത്തിൽ വലിയൊരു സൈന്യത്തെ ഓയ്സു നദീതീരത്തിലേക്കു വിട്ടു. ഇതിലേക്കു അയിനിനദീതീരത്തിൽനിന്നു കുറെസൈന്യത്തെ പിൻവലിക്കയും ചെയ്തു. മറ്റുഭാഗങ്ങളിൽനിന്നും ജർമ്മൻസൈന്യം അവിടെവന്നെത്തി. പുതുതായി കിട്ടിയ സൈന്യത്തെയെല്ലാം പിൻബലമായിനി

ത്തി, അവരെ അപ്പപ്പോൾ തൻെറ ഇരുപക്ഷങ്ങളെയും സഹായിക്കുന്നതിനായി അയച്ചുകൊണ്ടിരുന്നു. സെപ്റ്റംബർ 25-ാംനു- ജനറൽ വാൻക്ലുക്ക് ജനറൽ കാസ്റ്റൽ നാവിനെ ഓയ്സു നദിയുടെ അക്കരയിലേക്കു തള്ളിവിട്ടുകളഞ്ഞു. അന്നുമുതൽ അഞ്ചുദിവസം ഇടവിടാതെ യുദ്ധം നടന്നു. ഒടുക്കം, ജനറൽ കാസ്റ്റൽനാ ഓയ്സു നദിയിൽ പടിഞ്ഞാറോട്ടു പിന്മാറി, കാംബ്രൈൻമുതൽ ആൽബർട്ടുവരെ ആദ്യത്തെ സ്ഥിതിയിൽ ഉറച്ചുനിന്നു. ജനറൽ വാൻക്ലുക്ക് പിൻബലമായി നിർത്തിയിരുന്ന സൈന്യത്തെ സോംനദീതീരത്തിലേക്കയച്ചു ജനറൽകാസ്റ്റൽനാവിനെ വടക്കുപടിഞ്ഞാറുകൂടി വളയുന്നതിനു ശ്രമിച്ചു. സോംനദിവരെയാണു കാസ്റ്റൽനാവിൻെറ സൈന്യം നീണ്ടുനില്ക്കുന്നതു. അതിനുവടക്കുള്ള സ്ഥലങ്ങൾ ഒഴിഞ്ഞുകിടക്കയായാണു. അവിടെക്കാണു ജർമ്മൻസൈന്യം പുറപ്പെട്ടതു. ഈ ഗതിയെ തടുക്കുന്നതിനായി ജനറൽ ജോഫ്രേ മറെറാരു പുതിയസൈന്യത്തെ അയച്ചു. ആ സൈന്യം ആൽബർട്ടു, മുതൽ ബെദൂൻവരെ വടക്കുതെക്കായി നീണ്ടുനിരന്നു. ജർമ്മൻസൈന്യത്തിൻെറ പിമ്പുറത്തു കംബ്രേമുതൽ വാലൻസീൻവരെയുള്ള പാതകളെ കൈവശപ്പെടുത്തുവാനാണു ആ സൈന്യം ശ്രമിച്ചതു. അവിടെ അസംഖ്യം ജർമ്മൻ ഭടന്മാർ ചെന്നെത്തുകയും അവർ ആ പാതകളെ രക്ഷിക്കുന്നതിനുപുറമേ അതിനുനേരെവരുന്ന ഫ്രഞ്ചുസൈന്യത്തെ വളഞ്ഞു പിടിക്കുന്നതിനും തുനിഞ്ഞു. അക്ടോബർ 1-ാംനു-മുതൽ 7-ാംനു-വരെ അവിടെ കഠിനയുദ്ധം നടന്നു. എന്നാൽ ഫ്രഞ്ചുസൈന്യം പിന്മാറി മുൻ നിലയിൽത്തന്നെ ചെന്നുനില്ക്കേണ്ടതായിട്ടാണു വന്നതു. ഇതുകൊണ്ടു തൃപ്തിപ്പെടാതെ ജർമ്മൻസൈന്യം, ബെൽജിയം അതിർത്തിയിൽ കിടക്കുന്ന ലില്ലി എന്ന മദ്ധ്യപട്ടണത്തെ പിടിച്ചെടുക്കുവാൻ ഒരുങ്ങി.

ഈ ആപത്തിനെ തടുക്കുന്നതിനായി ജനറൽ ജോഫ്രേ മറെറാരാലോചന ചെയ്തു. അതുപ്രകാരം ബ്രിട്ടീഷ സൈന്യത്തെ

ഫ്രാൻസിൻെറ വടക്കപടിഞ്ഞാറെ മൂലയിലേക്കയെക്കുവാൻ നിശ്ചയിച്ചു. അവിടെ കടലോരമായുള്ള ഡങ്കക്കുമുതൽ ബട്ടൂൻവരെ നീണ്ടു നില്ക്കുവാനാണു ബ്രിട്ടീഷ് സൈന്യത്തെ ഏല്പിച്ചതു. ഇതിലേക്കു എയിനി നദീതീരത്തിലുള്ള ബ്രിട്ടീഷ് സൈന്യത്തെ ഗൂഢമായി പിൻവലിച്ചു തുടങ്ങി. അക്ടോബർ 3-ാംനു- മുതൽ ബ്രിട്ടീഷ് സൈന്യം കുറച്ചു കുറച്ചായി വടക്കോട്ടു ചെന്നുകൊണ്ടിരുന്നു. അവരുടെ വക കിടങ്ങുകളിലേക്കു ഫ്രഞ്ചു ഭടന്മാരെ നിയോഗിച്ചു. രാത്രിസമയങ്ങളിലാണു ഈ ശ്രമം നടന്നുകൊണ്ടിരുന്നതു. ഒക്ടോബർ 11-ാംനു-യോടുകൂടി ബ്രിട്ടീഷ് സൈന്യം മിക്കവാറും ബട്ടൂൻ പട്ടണത്തിൽ ചെന്നു ചേൻനു. അവർ അവിടംമുതൽ ബൽജിയം അതിത്തിയിലുള്ള ഫേസ്ബ്രൂക്‌വരെ നിരന്നു. അവർ ജർമ്മൻ സൈന്യത്തെ ആക്രമിച്ചു പിന്തള്ളി ബട്ടൂൻ പട്ടണത്തിൻെറ നേരേ കിഴക്കായുള്ള ലാബസ്സിമുതൽ നേർ വടക്കു ബൽജിയത്തിലെ ഇപ്രിസ്സുവരെ കയറിച്ചെന്നു. ലാബെസ്സി ജർമ്മൻ സൈന്യത്തിനു അധീനപ്പെട്ടിരിക്കയാണു. അതിനെ ബ്രിട്ടീഷ് ഫ്രഞ്ചു സൈന്യങ്ങൾ പലതവണ ആക്രമിച്ചുവെങ്കിലും തിരിയേ പിടിക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ടു ബ്രിട്ടീഷ് സൈന്യം ആ പട്ടണത്തിൻെറ പടിഞ്ഞാറായി മാറി നില്ക്കുയാണു ചെയ്യുതു. ആൻറ്വർപ്പു പട്ടണം 8-ാം നു- അധഃപതിച്ചുപോയി. ആ കോട്ടകളിൽ ഉണ്ടായിരുന്ന ബൽജിയം സൈന്യങ്ങളും ബ്രിട്ടീഷു സൈന്യങ്ങളും അവിടെ നിന്നൊഴിഞ്ഞുമാറി ഇപ്രിസ്സ നഗരത്തിനരികിൽ വന്നുചേൻനു. അതുമുതൽ ന്യൂപ്പോർട്ടു എന്ന ബൽജിയം തുറമുഖംമുതൽ ഇപ്രിസ്സുവരെ ബൽജിയം സൈന്യം നിരന്നുനിന്നു. ഇപ്രിസ്സിൻെറനേരേ കഠിനമായ ആക്രമണത്തിനു ജർമ്മൻസൈന്യം പുറപ്പെട്ടുകാണുകയാൽ അവിടേക്കു കുറേ ഫ്രഞ്ചു സൈന്യത്തെയും അയച്ചുകൊടുത്തു. ഇപ്പോഴത്തെ പോർക്കളത്തിൻെറ നില നാം ഒന്നു നോക്കുക. ഇംഗ്ലീഷു കടലോരമായി, ബൽ

ജിയത്തിന്റെ തെക്കെ പടിഞ്ഞാറായി കിടക്കുന്ന ന്യൂപ്പോർട്ടു എന്ന തുറമുഖത്തിൽ നിന്നാരംഭിച്ചു ബൽജിയം അതിർത്തിയിൽകൂടി ഏതാനും നാഴിക ചെന്നു ഫ്രാൻസിൽ കടന്നു നേർ തെക്കായി എയിനിനദിയും ഓയ്സു നദിയും കൂടിച്ചേരുന്ന സ്ഥലമായ കാംബൈൻ പട്ടണംവരെ നീണ്ടു, അവിടെനിന്നു കിഴക്കോട്ടു തിരിഞ്ഞു വർഡൻവരെ പോയി, പിന്നീടു തെക്കു കിഴക്കായി മാറി ബൽഫോർഡുവരെ എത്തി. ഇങ്ങിനെ 590 നാഴിക നീളത്തിലാണു പോർക്കളത്തിന്റെ കിടപ്പു. ഈ പോർക്കളത്തിൽ ഇരുഭാഗക്കാരും നേർക്കുനേർ നില്ക്കുന്നതുമുണ്ടു കടൽക്കരയിൽ നിന്നു തുടങ്ങി സ്വിസർലണ്ടു രാജ്യത്തിന്റെ അതിർത്തിവരെ നീണ്ടുനില്ക്കുന്നതുകൊണ്ടു ബ്രിട്ടീഷ് ഫ്രഞ്ചുസൈന്യത്തെ ഒരിടത്തും ഒരു വഴിക്കും വളഞ്ഞു പിടിക്കുവാൻ തരമില്ലെന്നായി. ജർമ്മൻകാർക്കു മുന്നോട്ടു കടക്കേണമെങ്കിൽ സൈന്യനിരയിൽ എങ്ങാനും പിളർക്കുകതന്നെ വേണം. ബൽജിയത്തിന്റെ തെക്കെ പടിഞ്ഞാറും, ഫ്രാൻസിന്റെ വടക്കെ പടിഞ്ഞാറുമുള്ള കടലോരങ്ങളെ സ്വാധീനപ്പെടുത്തി വെക്കണമെന്നു ജർമ്മൻ സൈന്യത്തിനു അത്യധികം ആഗ്രഹമുണ്ടായിരുന്നു. ആദ്യകാലത്തു ഇരുഭാഗക്കാരും അവിടെ അധികം മനസ്സിരുത്തിയിരുന്നില്ല. മാർണി നദിയിലും എയിനി നദിയിലും പൊരുതു നില്ക്കുമ്പോൾ ഈ കടലോരങ്ങൾ തീരെ ഒഴിഞ്ഞുകിടക്കുകയായിരുന്നു. ഈ സ്ഥിതി ജർമ്മൻ സൈന്യാധിപതി ഒളിവിൽ കണ്ടറിഞ്ഞു. ഫ്രാൻസിലെ ഉത്തരഭാഗം മുഴുവൻ ജർമ്മൻ സൈന്യത്തിനു ഒഴിഞ്ഞുകൊടുത്താലും കടലോരങ്ങളിൽ അവർക്കു പ്രവേശനം കൊടുക്കയില്ലെന്നു നിശ്ചയിച്ചു ബ്രിട്ടീഷ് ഫ്രഞ്ചു സൈന്യങ്ങളെ ഗൂഢമായി വടക്കോട്ടു നീക്കി നീക്കിക്കൊണ്ടുപോയി ന്യൂപോർട്ടുവരെ എത്തിക്കുകയും ചെയ്തു. ഫ്രാൻസിലെ പോർക്കളം ഇന്നും ഏറക്കുറെ ഈ സ്ഥിതിയിൽതന്നെയാണിരിക്കുന്നതു.

## ആൻറ്വർപ്പധഃപതനം.

ജർമ്മൻ സൈന്യം ബ്രസ്സൽസ്സ പട്ടണത്തിൽ പ്രവേശിക്കയും ബെൽജിയം ഗവർമ്മെണ്ടു ആൻറവർപ്പിലേക്കു മാറിപ്പോകയും ചെയ്യ സംഗതികളെപ്പററി ഇതിൻമുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഹോളണ്ടുരാജ്യത്തിൻെറ സമീപത്തായി ഷെൽട്ടനദീതീരത്തിൽ കിടക്കുന്ന ഒരു മുഖ്യപട്ടണമാണു ആൻറുവർപ്പ്. വടക്കു കടലും മററ മൂന്നു ഭാഗങ്ങൾ പുഴകളുംകൊണ്ടു ചുററപ്പെട്ടിരിക്കുന്നു. ബെൽജിയം സൈന്യസ്ഥാനമായ ആ പട്ടണത്തിൽ 1869-ൽ കെട്ടിയുറപ്പിച്ച കോട്ടകൾ ഈ യുദ്ധാരംഭകാലത്തിലും ബലപ്പെട്ടുതന്നെയിരുന്നിരുന്നു. ആ പഴയ കോട്ടകൾക്കു പുറമേ ചുററം വേറൊരുവരി കോട്ടകൾകൂടി 1879-ൽ കെട്ടിയുയർത്തുകയുണ്ടായി. ഈ പുറംകോട്ടകൾക്കുള്ളിലായി 1913-ൽ കരിങ്കൽക്കിടങ്ങുകളും നിർമ്മിച്ചുവെച്ചിട്ടുണ്ടു. ഇത്ര വളരെ ഉറപ്പോടുകൂടിയാണു ആ പട്ടണം കിടക്കുന്നതെങ്കിലും ഇന്നത്തെ ജർമ്മൻ പീരങ്കികൾക്കു അവിടത്തെ കോട്ടകൾ വെറും പപ്പടംപോലെയാണു. സപ്തമ്പർ 28-ാംനു-യാണു ആൻറവർപ്പു കോട്ടകളിൽ ജർമ്മൻ പീരങ്കിയുണ്ടകൾ ചെന്നു വീണു തുടങ്ങിയതു. ജർമ്മൻ സൈന്യം ആൻറവർപ്പിനെ ആക്രമിക്കുവാൻ ഇത്രയും താമസിച്ചതിനു കാരണം പലതുമുണ്ടു. ബെൽജിയത്തിൽ നിന്നു ഫ്രാൻസിലേക്കു അതിവേഗത്തിൽ കുതിച്ചുചെന്നു വളരെദൂരം ചെന്നെത്തിയതുകൊണ്ടു പിൻഭാഗങ്ങളിൽ അത്രയും ദൂരം സംരക്ഷിക്കുവാൻ അധികം സൈന്യത്തെ നിർത്തേണ്ടതായി വന്നതുകൊണ്ടും, ബ്രിട്ടീഷ് ഫ്രഞ്ചുസൈന്യങ്ങളുടെ ആക്രമണത്തിൽ നിന്നു ദോഷം നേരിടാത്തവിധം നല്ലൊരു രക്ഷാസ്ഥാനം കിട്ടുവാൻ അധികം നാൾ പ്രയത്നിക്കേണ്ടി വന്നതുകൊണ്ടും മററുമാണു ജർമ്മൻ സൈന്യം ആൻറുവർപ്പിൻെറ കാര്യത്തിൽ ഇതുവരെ മനസ്സുവെക്കാതിരുന്നതു. ഇപ്പോഴും ആഭാഗത്തു പ്രവേശിക്കുവാൻ തക്ക സൌകര്യം ജർമ്മൻ സൈന്യത്തിനുണ്ടായിട്ടില്ല. എന്നാൽ ഇനിയും താമ

സിച്ചാൽ വേറെവിധത്തിൽ ആപത്തു നേരിടുമെന്നു കണ്ടിട്ടാണു 28-ാം നു- യോടുകൂടി അങ്ങോട്ടു തിരിഞ്ഞതു. സപ്തമ്പർ 6-ാം നു- ചില പുതിയ ജർമ്മൻ സൈന്യങ്ങളെ പ്രാൻസിലേക്കായി ബെൽജിയത്തിൽകൂടി കൊണ്ടുപോകുമ്പോൾ ആൻറവപ്പിൽ നിന്നു ഒരു കൂട്ടം ബെൽജിയം സൈന്യം ഇളകിപ്പുറപ്പെട്ടു അവരെ ആക്രമിച്ചുകൊണ്ടു ബ്രസ്സൽസിനു സമീപംവരെ വരികയുണ്ടായി. ബെൽജിയം സൈന്യത്തെ തീരെ അടക്കി നിൎത്താതിരുന്നാൽ ഇത്തരം തകരാറുകൾ ഇനിയും നേരിടുമെന്നു ജർമ്മൻകാർ അറിഞ്ഞു. ഇതിനു പുറമേ, ഇംഗ്ലണ്ടിൽ നിന്നു കുറേ സൈന്യങ്ങൾ ബെൽജിയത്തിൽ വന്നിറങ്ങുവാൻ പോകുന്നുവെന്നു കേട്ടപ്പോൾ കഴിയുന്ന വേഗത്തിൽ ആൻറുവപ്പിനെ കീഴടക്കേണ്ടതാണെന്ന കാൎയ്യത്തിൽ ജർമ്മൻസൈന്യത്തിനു ഒന്നുകൂടി ബോദ്ധ്യപ്പാടായി. എന്നാൽ ആൻറുവപ്പു കോട്ടയെ ചുററിവളയുവാൻ തക്ക സൈന്യബലം അപ്പോഴുണ്ടായിരുന്നില്ല. ചുററിവളയാതിരുന്നാൽ ഒഴിഞ്ഞ ഭാഗങ്ങളിൽകൂടി ബെൽജിയം സൈന്യത്തിനു ഗതാഗതം ചെയ്യുന്നതിനും പടക്കോപ്പുകളുംമററും പുത്തപുത്തായി ഉള്ളിലേക്കു കടത്തുന്നതിനും ബെൽജിയം സൈന്യത്തിനു സൌകൎയ്യമുണ്ടാകും, അപ്പോൾ കോട്ട കീഴ്പെടുന്നതിനു താമസം നേരിട്ടേക്കാം. ഇതു ജൎമ്മൻസൈന്യം അറിഞ്ഞുവെങ്കിലും, ചുററിവളയുന്നതിനു കഴിവില്ലായ്കയാൽ പീരങ്കിപ്രയോഗംകൊണ്ടു സാധിക്കന്നേടത്തോളം ആവട്ടെയെന്നു അവർ നിശ്ചയിച്ചു. ജനറൽ ബെസ്‌ലർ എന്ന ജൎമ്മൻസൈന്യാധിപനാണു ആൻറവപ്പിനു നേരേ പുറപ്പെട്ടതു. അദ്ദേഹത്തിൻെറകൂടെ ഒരുലക്ഷം ഭടന്മാരുണ്ടായിരുന്നു. സപ്തമ്പർ 28-ാംനു- ആൻറവപ്പിൻെറ തെക്കായുള്ള വേലാം, കാതറീൻ എന്നീ രണ്ടു കോട്ടകളെ പീരങ്കികൾകൊണ്ടു തകൎക്കുവാൻ തുടങ്ങി. 29-ാംനു-ക്കു കാതറീൻ കോട്ട തകൎന്നമൎന്നുപോയി, അതിലുണ്ടായി

രുന്ന വെടിമരുന്നു ശാല തീപ്പിടിക്കയും പടക്കോപ്പുകളും ഭടന്മാരും നിശ്ശേഷം നശിച്ചുപോകയും ചെയ്തു. വേലാം കോട്ടയും മിക്കവാറും തകൎന്നുപോയിയെങ്കിലും, അതിലുണ്ടായിരുന്ന ബെൽജിയം സൈന്യാശ്ശൂരതയോടെ എതിൎത്തുനില്ക്കയുണ്ടായി. 30-ാംനു, തെക്കുകിഴക്കുള്ള ലീയർ കോട്ടയെ ആക്രമിച്ചു. അക്ടോബർ 1-ാംനു വേലംകോട്ടയും ലീയർകോട്ടയും തീരെ ഇടിഞ്ഞുപൊളിച്ചു വീണുപോയി. ആകോട്ടകളിലെ പടക്കോപ്പുകളും പീരങ്കികളുമെല്ലാം പൊടിപൊടിയായിത്തീൎന്നു മണ്ണിൽകലൎന്നു ഒരേ കുമ്പലായി കിടക്കുന്നതുകണ്ടു. വേലാം കോട്ടയുടെ അപ്പുറത്തു, പട്ടണത്തിലെ ആവശ്യത്തിനായി ശുദ്ധജലം ശേഖരിച്ചിട്ടുള്ള ഒരു വലിയ തടാകമുണ്ടു. അതിൽ ഒരു പീരങ്കിയുണ്ട വന്നു വീഴുകയാൽ തടാകം തകൎന്നുപോയിക്കളഞ്ഞു. പുറംകോട്ടകൾ ജൎമ്മൻ പീരങ്കികളാൽ നശിച്ചുപോകുന്നതു കണ്ടപ്പോൾ ബെൽജിയം ഗവൎമ്മെണ്ടും സൈന്യവും ആൻറവപ്പിൽനിന്നു ഓസ്റ്റൻറു തുറമുഖത്തിലേക്കു മാറിപ്പോകുവാൻ ഒരുങ്ങി. അപ്പോഴേക്കും ബ്രിട്ടീഷുസൈന്യം സഹായത്തിനു വരവുണ്ടെന്നു കേൾക്കയാൽ, അവസാനംവരെയും ആൻറവപ്പിനെ കൈവിട്ടുകൂടെന്നു ബെൽജിയം സൈന്യം ഉത്സാഹഭരിതരായി തീൎമാനിച്ചു. എണ്ണായിരം ബ്രിട്ടീഷ് ഭടന്മാരും ഏതാനും പീരങ്കികളും ആൻറവപ്പിൽ വന്നെത്തി. അന്നു ബ്രിട്ടീഷ് നാവിക മന്ത്രിയായിരുന്ന മിസ്റ്റർ വിൻസ്റ്റൻ ചർച്ചിൽ താൻതന്നെ സൈന്യത്തോടൊപ്പം വരുകയും കിടങ്ങുകളിൽചെന്നു ഭടന്മാരെ ഉത്സാഹപ്പെടുത്തുകയുംചെയ്തു. ഒക്ടോബർ 3-ാംനു-യാണു ബ്രിട്ടീഷ്സൈന്യം വന്നുചേൎന്നതു. ഒക്ടോബർ 2-ാംനു തന്നെ പുറംകോട്ടകൾ ജൎമ്മൻസൈന്യം തകൎത്തുകളഞ്ഞതുകൊണ്ടു, ബ്രിട്ടീഷ്സൈന്യത്തിൻെറ ഈ വരവു അല്പം താമസിച്ചായിപ്പോയി. പുറംകോട്ടകളിൽനിന്നു പട്ടണത്തിലേക്കു ഏഴുനാഴികയിലധികം ദൂരമില്ല. നാലുനാഴിക അകലെയാണു പട്ടണത്തിനുചുറ്റുമുള്ള നാടക

ൾ. എന്നാൽ, ജർമ്മൻ പീരങ്കിയുണ്ടകൾ ഏഴരനാഴിക ദൂരത്തിൽ കുറയാതെ പാഞ്ഞുചെല്ലും. അതുകൊണ്ടു പുഴകളോ ഉൾക്കോട്ടകളോ കടന്നുചെല്ലാതെതന്നെ, പുറംകോട്ടകളിൽനിന്നുകൊണ്ടു പട്ടണത്തെ തകൎക്കുന്നതിനു ജർമ്മൻസൈന്യത്തിനു കഴിവുണ്ടു. എങ്കിലും, കഴിയുന്നതും പ്രയത്നിച്ചു നോക്കുവാൻതന്നെ ബ്രിട്ടീഷ് ബെൽജിയം സൈന്യങ്ങൾ നിശ്ചയിച്ചു. പുറംകോട്ടകൾ കൈവിട്ടുപോയപ്പോൾ ബെൽജിയം സൈന്യം നേതേ എന്ന നദിയുടെ തീരത്തിൽചെന്നു ജർമ്മൻസൈന്യത്തെ ഉള്ളിലേക്കു വിടാതെ തടുത്തുനിർത്തി. വേലാംകോട്ടയ്ക്കു സമീപംവെച്ചു നേതേനദികടക്കുവാൻ ജർമ്മൻസൈന്യം ശ്രമിച്ചു. 3-ാംനു- രാത്രി അവിടെ ഘോരമായ യുദ്ധംനടന്നു. ജർമ്മൻസൈന്യം പലതവണ പാലംകെട്ടി നോക്കിയെങ്കിലും അപ്പൊഴൊക്കെയും ബെൽജിയം പീരങ്കികൾ അതിനെ ഇടിച്ചു തള്ളിക്കളഞ്ഞു. 4-ാംനു- രാത്രി ലീയർകോട്ടയുടെ സമീപംവെച്ചു മറെറാരു ജർമ്മൻസൈന്യം പുഴകടക്കുവാൻ പുറപ്പെട്ടു. അന്നും പിറെറന്നാൾ രാവും പകലും അവിടെ അത്യുഗ്രമായ പോർനടന്നു. ഇതിൽ ബ്രിട്ടീഷ്സൈന്യവും സംബന്ധിച്ചിരുന്നു. പീരങ്കികളുടെ സഹായത്തോടുകൂടി ജർമ്മൻസൈന്യം പലതവണ പുഴകടന്നുവെങ്കിലും ബെൽജിയം, ബ്രിട്ടീഷ്സൈന്യങ്ങൾ അവരെ അപ്പൊഴെല്ലാം അക്കരയ്ക്കു അത്യധികം നഷ്ടപ്പെടുത്തി തള്ളിവിടുകയുംചെയ്തു. ഒടുക്കം, 6-ാംനു- പുലൎച്ചെ നാലുമണിക്കു ജർമ്മൻസൈന്യം അക്കരചെന്നു കിടങ്ങുകളിൽ നിലയുറപ്പിച്ചു. അക്ടോബർ 3-ാംനു-ക്കുമുമ്പും 6-ാംനു-ക്കു പിമ്പും ജർമ്മൻകാർ പീരങ്കിപ്രയോഗംമാത്രമേ നടത്തുകയുണ്ടായുള്ളു. 3-ാംനു- മുതൽ 6-ാംനു-വരെ നടന്ന യുദ്ധമാണു ആൻറ്വെർപ്പു പട്ടണത്തെ സംബന്ധിച്ചു നടന്ന ഒരേ യുദ്ധം. 6-ാംനു-ക്കു ശേഷം ബ്രിട്ടീഷ്സൈന്യവും ബെൽജിയം സൈന്യവും ഉൾക്കോട്ടകളിലേക്കു മാറിപ്പോയി. പഴയ സമ്പ്രദായപ്രകാരം പണിതീർത്തിട്ടുള്ള ഈ ഉൾക്കോട്ടകൾ തക്കതായ രക്ഷാസ്ഥാനമല്ലെന്നു കാണുകയാൽ, ആൻറ്വെർപ്പു പട്ടണത്തെ കൈവിട്ടുകളഞ്ഞു മാറിപ്പോകയാ

ണു ഉചിതമെന്നു അവർ നിശ്ചയിച്ചു. 6-ാംനു-മുതല്ക്കുതന്നെ ബ്രിട്ടീഷുസൈന്യവും ബെൽജിയംസൈന്യവും സ്ഥലം വിട്ടുവാൻ തുടങ്ങി. ബെൽജിയം ഗവൎമ്മെണ്ടും ജനങ്ങളും പട്ടണത്തിൽനിന്നു കൂട്ടംകൂട്ടമായി പുറപ്പെട്ടു. മാറിപ്പോകുന്ന സൈന്യത്തെ ജൎമ്മൻസൈന്യം എതിൎക്കാതിരിക്കേണ്ടതിനായി, അവരുടെ ശ്രദ്ധ മററുഭാഗങ്ങളിൽ ചെല്ലാതിരിക്കത്തക്കവണ്ണം അവരോടു, ഉൾക്കോട്ടകളിൽ മറഞ്ഞുകൊണ്ടു ഒരുകൂട്ടം ബെൽജിയം ബ്രിട്ടീഷുസൈന്യങ്ങൾ പോരാടിക്കൊണ്ടുനിന്നു. ആൻറുവപ്പിന്റെ പടിഞ്ഞാറായുള്ള ഗെൻറപട്ടണത്തിലേക്കു ചെല്ലുന്ന തീവണ്ടിപ്പാതയെ സംരക്ഷിക്കുന്നതിന്നു ഒരുകൂട്ടം ബെൽജിയം കുതിരപ്പട്ടാളത്തെ നിയോഗിച്ചു. ഓസ്റ്റൻറ തുറമുഖം മുതൽ ഗെൻറവരെയുള്ള റോഡുകളെ രക്ഷിക്കുവാൻ ഇംഗ്ലണ്ടിൽനിന്നു പുതിയൊരു സൈന്യത്തെ അയയ്ക്കുകയും ചെയ്തിരുന്നു. ആൻറവപ്പിൽനിന്നു പിന്മാറിയ ബ്രിട്ടീഷുസൈന്യവും ബെൽജിയം സൈന്യവും ഗെൻറവഴിയായി ഫ്രാൻസിന്റെ അതിൎത്തിയിലേക്കു ശുദ്ധമായി പോയിക്കൊണ്ടിരുന്നു. ജൎമ്മൻസൈന്യം ഉൾക്കോട്ടകളെ വേഗത്തിൽ, ആക്രമിച്ചു പിടിച്ചു പട്ടണത്തിലേക്കു ചെന്നിരുന്നുവെങ്കിൽ ബെൽജിയം ബ്രിട്ടീഷുസൈന്യങ്ങളിൽ പകുതിയിലധികം പേരെയും പടക്കോപ്പുകളിൽ അധികഭാഗത്തെയും സ്വാധീനപ്പെടുത്താമായിരുന്നു. എന്നാൽ ജനറൽബെസ്ലർ ചെറുതരം പീരങ്കികൾ പ്രയോഗിച്ചുകൊണ്ടു പതുക്കെപ്പതുക്കെ ഉള്ളിലേക്കു കയറുവാനേ ശ്രമിച്ചുള്ളു. തന്റെ സൈന്യത്തിൽ അധികം ജീവനാശം ഉണ്ടാക്കിത്തീൎക്കുന്നതിൽ അദ്ദേഹത്തിന്നു വൈമനസ്യമുള്ളതുകൊണ്ടോ എന്തോ, തള്ളിക്കയറി പൊരുതുന്നതിന്നു അദ്ദേഹം തന്റെ സൈന്യത്തെ വിടുകയുണ്ടായില്ല. ഉൾക്കോട്ടകളിലെ ബ്രിട്ടീഷ് ബെൽജിയം സൈന്യങ്ങളാവട്ടെ ഏററവും ഊക്കോടുകൂടി ശത്രുക്കളെ തടുത്തു പൊരുതുനിന്നു, ഈ അവസരത്തിൽ പിമ്പുറത്തുകൂടി മററു സൈന്യത്തിന്നു മാറിപ്പോകുവാൻ നല്ല സൌകൎയ്യം കിട്ടി.

ആൻറവർപ്പപട്ടണം ഉടനെ കീഴ്പെടാതിരുന്നാൽ, അതിനെ പീരങ്കികൾകൊണ്ടു തകൎത്തുകളയുന്നതാണെന്നു ജനറൽ ബെസ്ലർ ഒക്ടോബർ 6-ാംനു- നഗരാധികാരിയെ അറിയിച്ചു. ആ അവസരത്തിൽ ബ്രിട്ടീഷ് ബെൽജിയം ഭടന്മാർ പിന്മാറിച്ചെന്നുകൊണ്ടിരിക്കയാണു. ഇപ്പോൾ അനുകൂലമായ മറുപടി കൊടുത്താൽ, ഉടൻ ജൎമ്മൻസൈന്യം നഗരത്തിൽ പ്രവേശിക്കുകയും, പിന്മാറിക്കൊണ്ടിരിക്കുന്ന സൈന്യങ്ങൾ കുടുങ്ങിപ്പോകയും ചെയ്യും. അതുകൊണ്ടു പട്ടണം നശിച്ചുപോയാൽ പോകട്ടേ എന്നുവെച്ചു അടങ്ങിയിരിക്കുവാനെ നഗരാധികാരിക്കു നിൎവ്വാഹമുണ്ടായുള്ളു. പട്ടണം തകൎക്കുവാൻതന്നെ ജനറൽ ബെസ്ലർ നിശ്ചയിച്ചു. അതിനുമുമ്പു ആ പട്ടണത്തിൻെറ കിടപ്പു ശരിയായി കാണിക്കുന്ന ഒരു പടം തനിക്കു കിട്ടണമെന്നും, അതിൽ നശിപ്പിച്ചുകൂടാത്തതായ കെട്ടിടങ്ങൾ ഇന്നിന്നവയെന്നു പ്രത്യേകം അടയാളപ്പെടുത്തണമെന്നും ജനറൽ ബെസ്ലർ ആവശ്യപ്പെടുകയും നഗരാധികാരി അങ്ങിനെയൊരു പടം തയാറാക്കിക്കൊടുക്കയും ചെയ്തു. ഇതിനകം ബ്രിട്ടീഷ് ബെൽജിയം സൈന്യം മിക്കവാറും പിന്മാറിക്കഴിഞ്ഞു. ആൻറുവർപ്പു തുറമുഖത്തിൽ 30 കച്ചവടക്കപ്പലുകൾ നില്ക്കുന്നുണ്ടായിരുന്നു. അവ ജൎമ്മൻകാൎക്കു ഉപയോഗപ്പെടാതിരിക്കേണ്ടതിനായി അവയെയെല്ലാം ബെൽജിയംസൈന്യംതന്നെ കടലിൽ മുക്കിക്കളഞ്ഞു. അതുപോലെ ജൎമ്മൻകാൎക്കു ഉപയോഗപ്പെടാവുന്നതായി പട്ടണത്തിലുള്ള എല്ലാ സാമാനങ്ങളെയും നശിപ്പിച്ചുകളകയും ചെയ്തു. മൂന്നു എണ്ണക്കിടങ്ങുകളെ തീകൊളുത്തിവിട്ടു. ഇതിനുപുറമെ, ജൎമ്മൻസൈന്യത്തിനുനേരെ പീരങ്കി പ്രയോഗിക്കുവാൻ സൌകൎയ്യപ്പെടേണ്ടതിലേക്കായി പട്ടണത്തിലെ പതിനായിരം കെട്ടിടങ്ങളെ ബെൽജിയംസൈന്യംതന്നെ ഇടിച്ചുനിരത്തി. കാഴ്ചബംഗ്ലാവുകളിൽ പീരങ്കിയുണ്ടകൾ വീണു പൊട്ടി കൂടുകൾ പൊളിഞ്ഞു ദുഷ്ടമൃഗങ്ങൾ പുറത്തുചാടി ജനങ്ങളെ ഉപദ്രവിച്ചേക്കാമെന്നു സംശയിച്ചു ആ മൃഗങ്ങളെയെല്ലാം ബെൽജിയംകാർതന്നെ കൊന്നുകളഞ്ഞു. അക്കൂട്ടത്തിൽ നാലു സിംഹ

ങ്ങളും മുതിപ്പെട്ട ജനറൽ ബസ്ലർ പട്ടണത്തിൽ നാശം വരുത്തുവാൻ ശ്രമിച്ചില്ല. ചെറുതരം പീരങ്കികൾ പ്രയോഗിച്ചു ജനങ്ങളെ ഭയപ്പെടുത്തുകമാത്രമെ ചെയ്തുള്ളു. 7-ാംനു-ക്കു മുമ്പായി ബ്രിട്ടീഷ് ബെൽജിയംസൈന്യങ്ങൾ പട്ടണംവിട്ടു കടന്നുപോയി. ഉൾക്കോട്ടകളിൽനിന്നു പൊരുതുന്നവരും ഒറ്റോട്ടായി പിന്മാറുവാൻ ശ്രമിച്ചുതുടങ്ങി. അപ്പോഴെക്കും ഈ ഗൂഢകൃത്യം ജർമ്മൻസൈന്യം ഗ്രഹിച്ചു. പട്ടണം കഴിഞ്ഞു വരാതിരുന്നാൽ അതിനെ തകർത്തുകളയുന്നതാണെന്നു നഗരാധികാരിയെ അറിയിച്ചപ്പോൾ അതിനു മറുപടിയൊന്നും പറയാതിരുന്നതുകൊണ്ടുതന്നെ ഇതിലെന്തോ രഹസ്യമുണ്ടെന്നു ജനറൽ ബസ്ലർ ഊഹിച്ചു. അദ്ദേഹം ഉടനെ ഒരു സൈന്യത്തെ അയക്കയും, ആൻറുവപ്പിൽനിന്നു പടിഞ്ഞാറായുള്ള ഒരു തീവണ്ടി ആപ്പീസ്സിനെ ആ സൈന്യം 9-ാംനു- വൈകുന്നേരം പൊരുതുപിടിക്കയുംചെയ്തു. എന്നാൽ അന്നു രാവിലെതന്നെ ബ്രിട്ടീഷ ബെൽജിയം ഭടന്മാരിൽ അധിയഭാഗവും ആവഴിക്കു പോയിക്കഴിഞ്ഞിരിക്കുന്നു. അക്ടോബർ 9-ാംനു- ബൽജിയം സൈന്യാധിപതിയുടെ ഉത്തരവുപ്രകാരം ബ്രിട്ടീഷ് ബെൽജിയം സൈന്യങ്ങൾ ആൻറുവപ്പിൽനിന്നു പിന്മാറി പടിഞ്ഞാറോട്ടു പോകുമ്പോൾ ഒടുക്കം ചെന്ന ഭടന്മാർ, ഈ സൈന്യത്തെ ശത്രുക്കൾ പിന്തുടന്നു വരാതിരിക്കേണ്ടതിനായി ഷെൽട്ടനദിയിലെ പാലത്തെ ഉടച്ചുകളഞ്ഞു. അന്നു കാലത്തു 8- മണിക്കാണു നഗരാധികാരി ആ പട്ടണത്തെ ജർമ്മൻ സൈന്യത്തിനു ഒഴിഞ്ഞുകൊടുത്തതു. ജർമ്മൻ സൈന്യം നഗരപ്രവേശത്തിനു തയാറായി വരികയാണു. അതിലിടക്കു മറൊരുസംഭവം നടന്നു. ഉൾക്കോട്ടകളിൽ പൊരുതുനിന്നിരുന്ന മററാരു ബ്രിട്ടീഷ് സൈന്യത്തിനു എന്തു കാരണത്താലോ പിന്മാറുന്നതിനു കല്പനകിട്ടുകയുണ്ടായില്ല. അക്കൂട്ടത്തിൽ രണ്ടായിരം ഭടന്മാരുണ്ടായിരുന്നു. പട്ടണം തീരെ ഒഴിച്ചിട്ടിരിക്കുന്നു എന്ന വിവരം അവർ അറിഞ്ഞപ്പോൾ, ആരുടെയും കല്പന കൂടാതെ സ്വേച്ഛയാ പിന്മാറിപ്പോകുവാൻ ശ്രമിച്ചു അവരുടെ യാത്ര ഷെ

ൽട്ടനദിയിൽവെച്ച തടഞ്ഞുപോയി. അവിടെ പാലം നശിപ്പിച്ചിരിക്കയാണല്ലോ. അവർ തോണികളിൽകയറി, ഒരുവിധത്തിൽ പുഴ കടന്നു. എന്നിട്ടു ഒരു തീവണ്ടിയിൽകയറി യാത്രയായി. കുറെ ദൂരം ചെന്നപ്പോഴാണ തീവണ്ടിപ്പാത ജർമ്മൻസൈന്യം വശപ്പെടുത്തിയിരിക്കുന്നുവെന്നറിഞ്ഞത്. ഉടൻ അവർ വടക്കോട്ടു തിരിഞ്ഞു ഹോളണ്ടു രാജ്യത്തിൽ ചെന്നു ആയുധംവെച്ചു ശരണംപ്രാപിച്ചു. ഇതിനിടയ്ക്കു മറൊരു ബ്രിട്ടീഷ് സൈന്യസംഘവും ഇതേവിധം യാത്രചെയ്യുന്നുണ്ടായിരുന്നു. അവരും സ്വേച്ഛയാ പിന്മാറീട്ടുള്ളവരാണ. തോണികളിൽ കയറിത്തന്നെ അവരും പുഴകടന്നു. അവർ ആകെ അറനൂറുപേരുണ്ടു. പടിഞ്ഞാറോട്ടു പോകുന്ന ഒരു തീവണ്ടിയിൽ ഇവരെല്ലാം ചെന്നുകയറി. ജർമ്മൻസൈന്യം ഇതറിഞ്ഞു ആ തീവണ്ടിയുടെനേരെ പീരങ്കിപ്രയോഗിച്ചു. അതിലെ യാത്രക്കാർക്കു നാശം നേരിടുന്നുവെന്നു കണ്ടപ്പോൾ അവരെല്ലാം വണ്ടിയിൽനിന്നിറങ്ങി ജർമ്മൻസൈന്യത്തിനു കീഴ്പെടുകയുംചെയ്തു. ആൻറവർപ്പു യുദ്ധത്തിൽ ബ്രിട്ടീഷുസൈന്യത്തിനു ആകെയുണ്ടായിരിക്കുന്നനഷ്ടം മൂവായിരം ഭടന്മാരാണ. ജർമ്മൻ സൈന്യം 9-ാംനു നട്ടുച്ചയ്ക്കു നഗരപ്രവേശം ചെയ്തു. 12-ാംനു ഗെൻറപട്ടണത്തെയും 15-ാംനു ബ്രൂജസ്സപട്ടണത്തെയും അവർ പിടിച്ചടക്കി. ഇതുനിമിത്തം ബൽജിയം കടലോരത്തിലും ജർമ്മനിയുടെ ശക്തി വ്യാപിച്ചു. ബൽജിയത്തിലെക്കു പടിഞ്ഞാറേ മൂലമാത്രം ജർമ്മൻ സൈന്യത്തിന്റെ ബാധയിൽ നിന്നു ഒഴിഞ്ഞു കിടന്നു. ഇവിടെയാണ ഇപ്രിസ്സുപട്ടണം. ബ്രിട്ടീഷു ഫ്രഞ്ചു ബൽജിയം ഭടന്മാർ ഈ സ്ഥലത്തെ കൈവിടാതെ ഉറപ്പിച്ചു വെച്ചു. ബൽജിയത്തിലെ ആൻറവർപ്പ്, സീബ്രൂഗ്ഗ എന്നീ തുറമുഖങ്ങൾ ജർമ്മനക്കധീനപ്പെട്ടകയാൽ ഇംഗ്ലീഷു കടലിൽ സബ്മെറീൻ കപ്പലുകൾ വിട്ടു മററു കപ്പലുകളെ ശല്യപ്പെടുത്തുവാൻ അവർക്കു നല്ല തരമായി.

———:o:———

## ആസ്ത്രിയാ റഷ്യാ യുദ്ധസന്നാഹം.

യുദ്ധാരംഭത്തിൽ ആസ്ത്രിയാ സാമ്രാജ്യത്തിന്നു നാല്പത്തിമൂന്നര ലക്ഷം സൈന്യങ്ങളാണുണ്ടായിരുന്നതു. ഇതിൽ പതിമൂന്നരലക്ഷം ഭടന്മാർ സാമ്രാജ്യത്തിന്റെ പൊതുച്ചെലവിൽ നില്ക്കുന്നു. ശേഷം ഇരുപതു ലക്ഷം പേരുള്ളതിൽ പകുതി ആസ്ത്രിയാരാജ്യവും പകുതി ഹംഗറി രാജ്യവുമാണു പോററുന്നതു. റഷ്യയിൽ സമാധാനകാലത്തു ആകെ 12 ലക്ഷം ഭടന്മാർ മാത്രമെ ഉണ്ടാകയുള്ളുവെങ്കിലും യുദ്ധകാലങ്ങളിൽ അനേകലക്ഷം ഭടന്മാരെ വിളിച്ചുകൂട്ടുവാൻ കഴിയും. ഈ യുദ്ധം തുടങ്ങിയ ഉടനെ 41 ലക്ഷം ഭടന്മാരെ ഒരുക്കി നിത്തുവാൻ റഷ്യാചക്രവത്തി ആജ്ഞാപിക്കയുണ്ടായി. യുദ്ധാഭ്യാസം സിദ്ധിച്ചവരായിത്തന്നെ 55 ലക്ഷം പേർ പിന്നെയും ബാക്കിയുണ്ടായിരുന്നു. പതിനേഴരകോടി ജനങ്ങൾ നിവസിക്കുന്ന ഒരു മഹാരാജ്യമാണു റഷ്യ ജമ്മനി, ആസ്ത്രിയ, തുക്കി എന്നീ മൂന്നുരാജ്യങ്ങളും കൂടിയാൽ, അതിനെക്കാൾ ഏഴിരട്ടിയധികം വിസ്തീണ്ണം റഷ്യക്കുണ്ടു. ഇത്രയും വലിപ്പമുള്ള ഈ രാജ്യത്തു ഗതാഗതസൌകൎയ്യം ഏറെക്കുറവാണു. അതുകൊണ്ടു സൈന്യങ്ങളെ ഇഷ്ടംപോലെ ഓരോ സ്ഥലത്തേക്കു നയിക്കുന്നതിന്നു അധികതാമസം നേരിടുന്നു. ദൂരെ നില്ക്കുന്ന സൈന്യങ്ങൾക്കു വെടിക്കോപ്പുകളും ഭക്ഷണസാധനങ്ങളും എത്തിച്ചുകൊടുക്കുന്നതിന്നും ഉടനുടൻ സാധിക്കയില്ല. ഈ അവസ്ഥ റഷ്യക്കു ഗണ്യമായ ഒരു ദോഷമായിട്ടാണിരിക്കുന്നതു.

റഷ്യയുടെ പടിഞ്ഞാറെ സംസ്ഥാനമാണു പോളണ്ടു. ഈ സംസ്ഥാനത്തിന്റെ വടക്കും പടിഞ്ഞാറും ജർമ്മനിയും, തെക്കു ആസ്ത്രിയയും കിടക്കുന്നു. ആസ്ത്രിയയുടെവക ഗലീഷ്യാസംസ്ഥാനമാണു പോളണ്ടിന്റെ തെക്കേ അതിർ. വടക്കേ അതിർ ജർമ്മനിയുടെ കിഴക്കേ

പ്രഷ്യയാണ. പോലണ്ടിൽനിന്നു റഷ്യാസൈന്യം മുന്നോട്ടു നീങ്ങി ജൎമ്മനിയെ ആക്രമിക്കേണമെങ്കിൽ ഇടത്തും വലത്തും പക്ഷങ്ങളെ ശത്രുക്കളുടെ ആക്രമണത്തെ തടുക്കത്തക്കവണ്ണം നല്ലവണ്ണം ബലപ്പെടുത്തേണ്ടതാണ. പോലണ്ടിന്റെ അതിൎത്തിയിൽനിന്നു ജൎമ്മൻ തലസ്ഥാനമായ ബർലിൻ 180 നാഴികദൂരെ കിടക്കുന്നു. മേൺസ്നഗരത്തിൽനിന്നു പാരീസ്സിലേക്കു 120 നാഴികയുണ്ടായിരുന്നിട്ടും ജർമ്മൻ സൈന്യം 13 ദിവസങ്ങൾകൊണ്ടു ചെന്നെത്തിയതുകൊണ്ടു, അതുപോലെ റഷ്യാസൈന്യവും ബെർല്ലിൻ പട്ടണത്തെ അതിവേഗം ചെന്നു ചുററി വളയുമെന്നു യുദ്ധാരംഭത്തിൽ പലരും പ്രതീക്ഷിക്കയുണ്ടായി. എന്നാൽ വടക്കും തെക്കും ശത്രുക്കൾ നില്ക്കുമ്പോൾ അവരെ അടക്കിനിൎത്തും മുമ്പു പടിഞ്ഞാറോട്ടു കയറുവാൻ റഷ്യാസൈന്യത്തിന്നു കഴികയില്ലെന്ന വാസ്തവം അവരാരും അന്നു ആലോചിക്കയുണ്ടായില്ല. റഷ്യ ആദ്യമായി കിഴക്കേ പ്രഷ്യയിലേക്കും ഗലീഷ്യയിലേക്കുമാണ സൈന്യങ്ങളെ അയച്ചതു. പോലണ്ടിൽക്കൂടിയും സൈന്യത്തെ അയച്ചു നിറയ്ക്കുവാൻ അപ്പോൾ തയ്യാറുണ്ടായിരുന്നില്ല. ഗലീഷ്യയിൽ ആസ്ത്രിയാ സൈന്യത്തെയും കിഴക്കേപ്രഷ്യയിൽ ജൎമ്മൻ സൈന്യത്തെയും ആക്രമിച്ചു തുടങ്ങുകയും, അതിൽ റഷ്യക്കു വിജയമാണുണ്ടാകുന്നതെങ്കിൽ ശത്രുരാജ്യങ്ങളിലെ ഉള്ളിലേക്കു കടക്കയും ചെയ്യാമെന്നും, അപ്പോൾ പോലണ്ടിന്നു ശത്രുഭയമില്ലാതായി വരുമെന്നും, അഥവാ, അപജയമാണുണ്ടാകുന്നതെങ്കിൽ ഏതാനും ദിവസത്തേക്കു ഇരുഭാഗങ്ങളിലും ശത്രുക്കളെ തടുത്തു നിൎത്തിക്കൊണ്ടു അതിലിടയ്ക്കു പോലണ്ടിലേക്കു സൈന്യങ്ങളെ അയച്ചുകൊടുക്കാമെന്നും റഷ്യാ യുദ്ധതന്ത്രജ്ഞന്മാർ തീർമാനിച്ചു. കിഴക്കേ പ്രഷ്യയിൽ മുന്നോട്ടു കയറുകയെന്നതു ഒട്ടും സുഖകരമല്ല. അവിടെ വലിയ ജലാശയങ്ങളും, ചളിനിലങ്ങളും കാടുകളും ധാരാളമായുള്ളതുകൊണ്ടു സൈന്യഗതി പലെടത്തും തടയുന്നതിന്നു ഇടയാകും. കഷ്ടപ്പെട്ടു മുന്നോട്ടു ചെല്ലാമെങ്കിൽത്തന്നെ പ്രഷ്യയിൽ തെക്കു വടക്കായി ഒഴുകുന്ന വിസ്റ്റുലാനദി വലിയൊരു തടസ്ഥമായിത്തീരും.

ഗലീഷ്യയിലാവട്ടെ തെക്കഭാഗം മുഴുവൻ നെടുനീളെ കാൎപ്പേതിയൻ പൎവ്വതനിരകൾ അഭേദ്യമായിക്കിടക്കുന്നുണ്ടു. ആ മലകളിലുള്ള ചില ഇടുക്ക വഴികളിലും തോടുകളിലും കൂടി മാത്രമേ ആസ്ത്രിയയിലേക്കു പ്രവേശിക്കുവാൻ തരമുള്ളൂ. ഇങ്ങിനെ, റഷ്യാസൈന്യത്തിന്റെ പുരോഗതിക്കു പ്രകൃത്യാതന്നെ പല തടസ്ഥങ്ങളുമുണ്ടു. ഇതെല്ലാം കടന്നു ശത്രുക്കളെ വെല്ലുകയെന്ന ഏററവും ദുഷ്കരമായ കൃത്യത്തെയാണു റഷ്യാസൈന്യം നിൎവ്വഹിക്കേണ്ടതായിരിക്കുന്നതു. ഗലീഷ്യയുടെ പടിഞ്ഞാറേ അററത്തു ക്രാക്കോപട്ടണം കിടക്കുന്നു. കാൎപ്പേതിയൻ പൎവ്വതം റഷ്യക്കധീനപ്പെട്ടാൽ ക്രാക്കോപട്ടണം അധഃപതിച്ചുകഴിയും. കാൎപ്പേതിയൻ പൎവ്വതത്തെ പിടിക്കാതെ ക്രാക്കോ പിന്നെ ആക്രമിക്കുന്നതായാൽ ആസ്ത്രിയാസൈന്യം മലകളിൽനിന്നിറങ്ങി വഴിതടഞ്ഞു നില്ക്കുവാൻ ഇടയുണ്ടു. എങ്ങിനെയെങ്കിലും ക്രാക്കോ സ്വാധീനമായാൽ, റഷ്യാസൈന്യത്തിനു അവിടെനിന്നു നേരേ വടക്കോട്ടു കയറി പോലണ്ടിന്റെ അതിൎത്തിയെ ചുററിനിന്നു ജൎമ്മൻസൈന്യത്തെ ആക്രമിപ്പാൻ എളുപ്പമായി കിഴക്കേ പ്രഷ്യയിൽകൂടിയോ, പോലണ്ടിൽനിന്നു നേരെപടിഞ്ഞാറോട്ടു കയറിയോ ജൎമ്മനിയെ ആക്രമിക്കുന്നതായാൽ പല പുഴകളും ദുൎഗ്ഗങ്ങളും കടക്കേണ്ടതായുണ്ടു. ക്രാക്കോവിൽനിന്നു വടക്കുപടിഞ്ഞാറായി ആക്രമിച്ചു കയറുകയാണെങ്കിൽ എളുപ്പത്തിൽ ജൎമ്മനിയുടെ തലസ്ഥാനത്തിൽ ചെന്നെത്തുവാൻ കഴിയും. ഇതിനുപുറമേ, ആസ്ത്രിയയുടെ ഉള്ളിലേക്കു സൈന്യത്തെ അയപ്പാനും ക്രാക്കോ നല്ലൊരു സ്ഥാനമാണു. ഇങ്ങിനെയെല്ലാമാണെങ്കിലും, റഷ്യാസൈന്യം കിഴക്കേ പ്രഷ്യയെയാണു ആദ്യമായി ലക്ഷീകരിച്ചതു. ആദേശം ജൎമ്മനിയിലെ പൂൎവ്വിക രാജാക്കന്മാരുടെ ഇരിപ്പിടമായിരുന്നു. അതു സ്വാധീനപ്പെടുത്തുന്നതു റഷ്യക്കു ഏററവും അഭിമാനകരമായിട്ടുള്ളതാണു. മറെറാരു കാരണം ആദേശത്തിലെ സമ്പൽസമൃദ്ധിയാണു. അതു റഷ്യക്കു കിട്ടിയാൽ, സൈന്യങ്ങൾക്കു ഭക്ഷണസാധനങ്ങൾ ക്ഷാമംകൂടാതെ ഒരുക്കിക്കൊടുക്കുവാൻ കഴിയും. പ്രഷ്യയെ ആദ്യം

ചെന്നാക്രമിച്ചതിന്ന മറെറാരു കാരണം കൂടിയുണ്ടു- ജർമ്മനിയുടെ ശ്രദ്ധ മുഴുവനും ഇപ്പോൾ ഫ്രാൻസിലാണിരിക്കുന്നതു- അതുകൊണ്ടു പ്രഷ്യയിൽ അധികം സൈന്യത്തെ നിൎത്തിയിരിക്കയില്ല- പ്രഷ്യയിൽ പ്രകൃത്യാ പലദുൎഗ്ഗടങ്ങളുമുള്ളതുകൊണ്ടു ജർമ്മൻസൈന്യത്തിന്റെ ശ്രദ്ധ ഇവിടേക്കു തിരിയുംമുമ്പേ അതിനെ പിടിച്ചടക്കാതിരുന്നാൽ, ഇനിയൊരിക്കൽ അതിന്ന കഴികയില്ല. ഇപ്പോൾ ആ ദേശം സ്വാധീനപ്പെട്ടാൽ, മേലിൽ ജർമ്മൻസൈന്യം വന്നാക്രമിക്കുന്നതായാലും അവൎക്കും ഈവക ദുൎഗ്ഗടങ്ങൾ തടസ്ഥമായിത്തീരുമെന്നതുകൊണ്ടു റഷ്യസൈന്യത്തിന്ന നിലയിളകാതെ ഉറച്ചുനില്പാൻ കഴിയും. ആസ്റ്റ്രിയയുടെയും ജർമ്മനിയുടെയുംവിചാരം റഷ്യക്കു സൈന്യങ്ങളെ ഒരുക്കിക്കൊണ്ടു വരുവാൻ ഏറെനാൾ താമസമുണ്ടാകുമെന്നായിരുന്നു. റഷ്യയാവട്ടെ, അതിൎത്തിസ്ഥലങ്ങളിൽ അസംഖ്യം ഭടന്മാരെ തയ്യാറാക്കി നിൎത്തുന്നതിന്ന വേണ്ടതക്ക ഏൎപ്പാടുകൾ ചിലകൊല്ലങ്ങളായി ചെയ്തുവരികയാണു. ഗലീഷ്യയിലേക്കു ഒരു വമ്പിച്ച സൈന്യത്തെ അയച്ച ക്ഷണത്തിൽ ആ സംസ്ഥാനം പിടിച്ചടക്കാമെന്ന റഷ്യ ഊഹിച്ചു. കിഴക്കെ പ്രഷ്യയിലും ഗലീഷ്യയിലും ഒരേസമയത്തു ഘോരമായി ആക്രമിച്ചു കയറാമെന്നും, ഫ്രാൻസിൽനിന്ന ജർമ്മൻസൈന്യം ഈ ഭാഗത്തേക്കു തിരിയുമ്പോഴെക്കും തക്കതായ രക്ഷാസ്ഥാനങ്ങളിൽ നിലയുറപ്പിക്കാമെന്നും റഷ്യാസൈന്യം നിശ്ചയിച്ചു പുറപ്പെടുകയും ചെയ്തു.

പോലണ്ടിനെ ആക്രമിച്ചു കയറി, വാർസാപട്ടണത്തിന്റെ തെക്കും, തെക്കുകിഴക്കുമുള്ള തീവണ്ടിപ്പാതകളെ കൈവശപ്പെടുത്തണമെന്നാണു ആസ്റ്റ്രിയയുടെ ഉദ്ദേശ്യം. വാർസാപട്ടണത്തിലേക്കു റഷ്യയിൽനിന്ന മൂന്ന തീവണ്ടിപ്പാതകൾ വന്നു ചേരുന്നുണ്ടു. ഇതിൽ വടക്കുകിഴക്കായുള്ളതു ജർമ്മൻസൈന്യവും, തെക്കുള്ളതു ആസ്റ്റ്രിയാസൈന്യവും സ്വാധീനപ്പെടുത്തണമെന്ന അവർതമ്മിൽ ആലോചിച്ചു നിശ്ചയിച്ചു. തെക്കുകിഴക്കുള്ള പാത കൈവശപ്പെടുത്താൻ സാധിച്ചില്ലെങ്കിൽ കൂടിയും ആ ഒരേപാതയിൽക്കൂടി സൈന്യങ്ങൾ

ക്കെല്ലാം ഗതാഗതം ചെയ്കയെന്നതു സാദ്ധ്യമല്ല. റഷ്യക്ക സൈന്യ ശേഖരം ചെയ്വാൻ അധികം താമസം നേരിടുമെന്ന ഊഹത്തോടെ ആസ്ത്രിയാസൈന്യം മേല്പടി തീവണ്ടിപ്പാതയെ ലക്ഷീകരിച്ച വേഗത്തിൽ കുതിച്ചുകയറുവാൻ ഒരുങ്ങി. ഒരുക്കമെല്ലാം കഴിഞ്ഞു റഷ്യാസൈന്യം പുറപ്പെട്ടാൽ അവരെ തടുത്തുനില്പാൻ കഴികയില്ലെന്നും, അതിൻമുമ്പ തീവണ്ടിപ്പാതയിൽ കൈകടത്തിയാൽ റഷ്യാസൈന്യത്തിന്റെ മർമ്മം പരാധീനപ്പെടുമെന്നുമാണ ആസ്ത്രിയ കരുതിയതു. ഈവക ഉദ്ദേശ്യങ്ങളോടുകൂടി ആസ്ത്രിയയും റഷ്യയും വെവ്വേറെ ഭാഗങ്ങളിൽ പ്രയത്നം തുടങ്ങി.

## പ്രഷ്യായുദ്ധം.

---o---

യുദ്ധവിളംബരം ചെയ്ത ഉടൻതന്നെ കിഴക്കേ പ്രഷ്യയുടേയും ഗലീഷ്യയുടെയും നേരെ അനേകലക്ഷം ഭടന്മാരടങ്ങിയ റഷ്യാസൈന്യവിഭാഗങ്ങൾ പുറപ്പെട്ടു. കിഴക്കേ പ്രഷ്യയിൽ ജർമ്മൻസൈന്യസംഖ്യ നിസ്സാരമായിരുന്നതുകൊണ്ടു, അതിനെ പിടിച്ചടക്കുവാൻ ബദ്ധപ്പാടോടെ ചെന്നു. ആ ദേശത്തെ കിഴക്കുനിന്നും തെക്കുനിന്നും രണ്ടു റഷ്യാസൈന്യാധിപന്മാർകൂടി ആകെ അഞ്ചരലക്ഷം സൈന്യത്തെ ഉള്ളിലേക്ക കടക്കുവാൻ ശ്രമിച്ചു. ജനറൽ റന്നൻകാമ്പു പോലണ്ടിൽ കോഡനോ കോട്ടകളെ ആദരിച്ചുനിന്നു നീമൻ നദീതീരത്തിൽ മൂന്നുലക്ഷം ഭടന്മാരെ ഒരുക്കിനിർത്തി. ജനറൽ സാംസനാഫ് രണ്ടുലക്ഷം ഭടന്മാരോടുകൂടി നേരുനദിതീരത്തിലും ചെന്നുനിന്നു. ആഗസ്റ്റ 6-ാംനു- റഷ്യാകുതിരപ്പട്ടാളങ്ങൾ അതിർത്തികടന്നു കിഴക്കേ പ്രഷ്യയിൽ പ്രവേശിച്ചു. അവരെ പിന്തുടന്നുകൊണ്ടു റന്നൻകാമ്പ് തന്റെ സൈന്യത്തെ പ്രഷ്യയിലേക്ക കടത്തി. ഈ അവസരത്തിൽ അവിടെ ഒന്നരലക്ഷത്തിലധികം ജർമ്മൻസൈന്യം ഉ

ണ്ടായിരുന്നില്ല. അവിടെയുള്ള കോട്ടകളെ കാത്തുനില്ക്കുന്നവരാണവർ. പെരുവെള്ളംപോലെ റഷ്യാസൈന്യം തള്ളിവരുന്നതു കണ്ടപ്പോൾ, പ്രായം ചെന്നവരെക്കൂടിയും സൈന്യത്തിൽ ചേൎത്തുകൊണ്ടു ജൎമ്മൻസൈന്യം യുദ്ധത്തിനൊരുങ്ങി. എന്നാൽ വമ്പിച്ച റഷ്യാസൈന്യത്തെ തടുത്തുനിൎത്തുവാൻ ഇവൎക്കു കഴിഞ്ഞില്ല. രണ്ടു റഷ്യാസൈന്യാധിപന്മാരുംകൂടി ആഗസ്റ്റ 23-ാംനു-ക്കുമുമ്പായി കിഴക്കേപ്രഷ്യയിലെ അതിൎത്തിക്കോട്ടകളെയെല്ലാം പിടിച്ചടക്കി മുന്നോട്ടു കടന്നുപോയി. കിഴക്കേ പ്രഷ്യാ അധഃപതിച്ചുപോകുമെന്ന നിലയിലായപ്പോൾ ജൎമ്മൻകാർ ആ ഭാഗത്തിൽ ഗുരുതരമായ ആലോചന ചെലുത്തി.

1911-ൽ ജൎമ്മൻ സൈന്യത്തിൽ നിന്നു പിരിഞ്ഞു ഹാനോവർ നഗരത്തിൽ ഒരു സൈന്യാധിപതി വിശ്രമിച്ചു പാൎക്കുന്നുണ്ടായിരുന്നു. 1870-ൽ നടന്ന യുദ്ധത്തിൽ അദ്ദേഹവും സംബന്ധിച്ചിട്ടുണ്ടു. ഇദ്ദേഹത്തിൻെറ മുത്തച്ഛൻ നെപ്പോളിയനോടു പൊരുതു കീൎത്തിനേടിയ ഒരാളാണു. ഇദ്ദേഹത്തിനിപ്പോൾ വയസ്സു 67 ആയിരിക്കുന്നു. ജനറൽ വാൻ ഹിൻഡൽബെൎഗ്ഗ് എന്ന ജൎമ്മൻ സൈന്യാധിപൻതന്നെയാണിദ്ദേഹം. കിഴക്കേ പ്രഷ്യയിൽ ചെന്നു ശത്രുക്കളോടു എതിൎക്കേണ്ടതാണെന്നു കാണിച്ചുകൊണ്ടു ആഗസ്റ്റ 22-ാംനു- ജൎമ്മൻ ചക്രവൎത്തിയിൽ നിന്നു ഇദ്ദേഹത്തിനു കല്പന കിട്ടി. ഹിൻഡൻബെൎഗ്ഗ് അന്നുതന്നെ പുറപ്പെട്ടു ചെന്നു പിറെറന്നാൾ വിസ്തുലാനദീതീരത്തിൽ മാരിയൻബെൎഗ്ഗ് എന്ന പട്ടണത്തിലെത്തി. യുദ്ധം തുടങ്ങുക എന്നല്ലാതെ എങ്ങിനെയാണു യുദ്ധം ചെയ്യേണ്ടതു എന്നൊന്നും തനിക്കു കിട്ടിയ കല്പനയിൽ വിവരിച്ചിട്ടില്ല. ശത്രുഭടന്മാർ അഞ്ചുലക്ഷംപേരുണ്ടു. പ്രഷ്യയിൽ ആകെ ഒന്നരലക്ഷം ഭടന്മാർ മാത്രമേയുള്ളു. ഇവർ ഇതിനിടയിൽ പലതവണ അപജയപ്പെടുകയും നഷ്ടപ്പെടുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. പ്രായം ചെന്നവരെയെല്ലാം വിളിച്ചുകൂട്ടി സൈന്യത്തെ പോഷിപ്പിക്കയെന്നല്ലാതെ വേറെ ഗതികണ്ടില്ല. ഒടുക്കം, അദ്ദേഹം അങ്ങിനെതന്നെ ചെയ്തു. ഏതുവിധത്തിലും ഹിൻഡൻബെൎഗ്ഗ് കാൎയ്യം ഗുണകരമായിത്തന്നെ നേടി വരുമെന്നു ജൎമ്മൻ ചക്രവൎത്തിക്കു നല്ല

വിശ്വാസമുണ്ട്. വാസ്തവത്തിൽ, ഇദ്ദേഹത്തിൻെറ അഭിപ്രായപ്രകാരമാണു യുദ്ധാരംഭത്തിൽ ഫ്രാൻസിൻെറ നേരേ അധികം സൈന്യത്തെ വിട്ടതു. ചക്രവൎത്തിക്കു അദ്ദേഹത്തിൻെറ പേരിൽ അത്രവളരെ വിശ്വാസമാണു. അദ്ദേഹം മുമ്പു കിഴക്കേ പ്രഷ്യയിലെ സൈന്യത്തിൻെറ നേതാവായിരുന്നു. അന്നു അദ്ദേഹം ദേശം മുഴുവൻ സഞ്ചരിച്ചുനോക്കി, അവിടെ പ്രകൃത്യാ ഉണ്ടായിട്ടുള്ള ദുൎഗ്ഗസ്ഥാനങ്ങൾ ശത്രുനിരോധത്തിനു ഏതേതുവിധംഉപകാരപ്പെടുമെന്നു മനസ്സിലാക്കി വെച്ചിട്ടുണ്ടു. ഏതാനും കൊല്ലങ്ങൾക്കുമുമ്പു കിഴക്കേ പ്രഷ്യയിൽ വെച്ചു യുദ്ധാഭ്യാസ പ്രദൎശനമൊന്നു നടത്തുകയുണ്ടായി. ജൎമ്മൻ സൈന്യം തന്നെ രണ്ടു കക്ഷികളായി പിരിയുകയും ഒന്നിൽ ജൎമ്മൻ ചക്രവൎത്തിയും മറേറതിൽ ഹിൻഡൻബൎഗ്ഗും നേതൃത്വം വഹിക്കയും ചെയ്തു. ചക്രവൎത്തി റഷ്യയുടെ അതിൎത്തിയിൽനിന്നു പ്രഷ്യയെ ആക്രമിക്കുവാനെന്ന ഭാവത്തിലും ഹിൻഡൻബൎഗ്ഗ് അതിനെ തടുക്കുന്ന ഭാവത്തിലും വിനോദയുദ്ധം തുടങ്ങി. ആ യുദ്ധത്തിൽ ചക്രവൎത്തിയുടെ സൈന്യങ്ങൾ ഹിൻഡൻബൎഗ്ഗിൻെറ സാമൎത്ഥ്യത്താൽ ചളിസ്ഥലങ്ങളിൽ ചെന്നു കുടുങ്ങി അങ്ങുമിങ്ങും തിരിയുവാൻ കഴിയാതായി നിന്നുപോയി. അന്നു വിനോദകരമായിട്ടാണു ആ യുദ്ധം നടന്നതെങ്കിലും, ദൈവഗത്യാ അന്നത്തെ സങ്കല്പം ഇന്നു അനുഭവത്തിൽത്തന്നെ യായിരിക്കുന്നു.

കിഴക്കേ പ്രഷ്യയിൽ രണ്ടു ഭാഗങ്ങളിൽകൂടി ആക്രമിച്ചു കയറിയിരിക്കുന്ന റഷ്യാസൈന്യങ്ങളെ പരസ്പരം യോജിക്കുവാൻ വിടാതെ പിരിച്ചു നിൎത്തുന്നതിനായിട്ടാണു ജനറൽ ഹിൻഡൻബൎഗ്ഗ് ആദ്യമായി ശ്രമം തുടങ്ങിയതു. സൈന്യത്തെ മുഴുവൻ കൂട്ടിച്ചേൎക്കുന്നതിനു മുമ്പായിത്തന്നെ, കിട്ടിയെടത്തോളം സൈന്യത്തെക്കൊണ്ടു അദ്ദേഹം സാംസൊനാഫിനോടു എതിരിട്ടു. ഒന്നരലക്ഷം ഭടന്മാരാണു അപ്പോൾ അദ്ദേഹത്തിൻെറ സൈന്യത്തിലുണ്ടായിരുന്നതു. മൂന്നു ദിവസങ്ങൾ ഇത്രയും ഒരുക്കങ്ങൾ കഴിഞ്ഞു ആഗസ്റ്റ 26-ാംനു- സോൾഡാ പട്ടണത്തെ വീണ്ടെടുത്തു. ഈ പട്ടണം കൈവിട്ടു കൊടുത്തതിനെപ്പററി റഷ്യാസേനാധിപതി അത്രസാരമായി ഗണിച്ചില്ല. ജൎമ്മൻ ഭടന്മാർ ഇതിൻമുമ്പു നടത്തിയ ചിലചില്ലറ യു

ദ്ധംപോലെയാണ് ഇതുമെന്നു അദ്ദേഹം കരുതിപ്പോയി. ജൎമ്മൻ പട്ടണങ്ങളിൽ പലതിൽ നിന്നും പല തീവണ്ടിപ്പാതകളും ഈ പട്ടണത്തിൽവന്നു ചേരുന്നുണ്ടു. പോലണ്ടിലേക്കുള്ള തീവണ്ടിപ്പാതയും ഈ വഴിക്കാണു. ജൎമ്മൻസൈന്യം സോൽഡാമുതൽ ഏതാനും നാഴിക വടക്കായുള്ള ടാനൽബെൎഗ്ഗവരെ നീണ്ടുനിന്നു. ഒരു റയിൽവെ ജങ്ക്ഷൻ ഉള്ളതുകൊണ്ടു ജൎമ്മൻസൈന്യം ഈഭാഗത്തെ കൈവശം വെച്ചിരിക്കയാണെന്നുമാത്രമേ ജനറൽ സാംസൊനാഫ് ഗ്രഹിച്ചുള്ളൂ. വാസ്തവം അങ്ങിനെയല്ലാ ജൎമ്മൻ സൈന്യത്തിന്റെ വലതുഭാഗം കുണ്ടുംകുഴിയും നിറഞ്ഞ ചളിനിലമായതുകൊണ്ടു ആവഴിക്കു റഷ്യാസൈന്യത്തിന്റെ പിമ്പും ഇഷ്ടംപോലെ സഞ്ചരിക്കുവാൻ തക്ക സൌകൎയ്യത്തോടുകൂടിയ സ്ഥലങ്ങളാണു. മുമ്പുറത്തു ആപൽകരങ്ങളായ പല ജലാശയങ്ങളുമുള്ളതുകൊണ്ടു എതിരിൽനില്ക്കുന്ന റഷ്യാസൈന്യത്തിനു എളുപ്പത്തിൽ തള്ളിക്കയറി ആക്രമിക്കുവാൻ കഴികയില്ല. സാംസൊനാഫ് കൈത്തോക്കുകളെപ്പോലെ സുലഭമായി അത്ര അധികം പീരങ്കികളും ശേഖരിച്ചു കൊണ്ടു വന്നിട്ടുണ്ടു. അനേകലക്ഷം ഭടന്മാരും കൂടെയുണ്ടു അദ്ദേഹം ജൎമ്മൻസൈന്യസ്ഥാനത്തെ ആക്രമിപ്പാനായി പുറപ്പെട്ടു. മുമ്പും മുഴുവൻ ആപൽകരങ്ങളായ ജലാശയങ്ങളും ചളിനിലങ്ങളും നിറഞ്ഞുകിടക്കുന്നതായി അപ്പോഴാണു അദ്ദേഹം കണ്ടതു. അതുകൊണ്ടു തന്റെ സൈന്യത്തെ ദുൎല്ലഭമായുള്ള ചില പാതകളിൽകൂടി നയിക്കേണ്ടതായിവന്നു. ആ പാതകളുടെനേരേ ഹിൻഡൻബൎഗ്ഗ് തന്റെ ഭടന്മാരെക്കൊണ്ടു ഇടവിടാതെ പീരങ്കിപ്രയോഗംചെയ്യിച്ചു. തന്റെ സൈന്യത്തിൽ അത്യധികം നഷ്ടം നേരിടുന്നുവെന്നു കണ്ടപ്പോൾ, ജൎമ്മൻസൈന്യത്തിന്റെ വലതുഭാഗത്തു ചെന്നാക്രമിക്കുവാൻ ജനറൽ സാംസൊനാഫ് പുറപ്പെട്ടു. ആ ദുൎഘടസ്ഥലത്തിൽ തന്റെ സൈന്യത്തെ പല ഭാഗങ്ങളായി പിരിച്ചുകൊണ്ടു മുന്നോട്ടു കടത്തുവാനേ കഴിഞ്ഞുള്ളു. അവിടെ സഞ്ചാരസൌകൎയ്യമുള്ള പാതകളെയെല്ലാം ഹിൻഡൻബൎഗ്ഗ് സ്വാധീനപ്പെടുത്തിയുമിരിക്കുന്നു. സാംസൊനാഫ് തന്നെ ഞെരുങ്ങിച്ചെന്നു 28-ാംനു-വരെ 3-ദിവസം ജൎമ്മൻസൈന്യത്തോടു പൊരുതു. അതിൽനിന്നു പറയത്തക്ക ഫല

മൊന്നുമുണ്ടായില്ലെന്നുമാത്രമല്ല, തന്റെ ഈ സൈന്യം നന്നെക്ഷീണിച്ചുപോകയുംചെയ്തു. ഈതരത്തിൽ, ഹിൻഡൻബർഗ്ഗ് മുന്നോട്ടുകയറി റഷ്യാസൈന്യത്തെ ആക്രമിക്കുവാൻ തുടങ്ങി. എദ്ദേഹം അതിവേഗത്തിൽ നീഡൻബർഗ്ഗ് പട്ടണത്തെയും ടാനൽബർഗ്ഗ് തീവണ്ടിപ്പാതയെയും സ്വാധീനപ്പെടുത്തി അവിടെയുണ്ടായിരുന്ന റഷ്യാസൈന്യത്തെ പിന്തള്ളി വിട്ടു. കിഴക്കേപ്രഷ്യയിൽ മുഖ്യമായുള്ള തീവണ്ടിപ്പാതകളെയും റോഡുകളെയും പിടിച്ചടക്കി റഷ്യാസൈന്യത്തെ ഇടയിൽ കുടുക്കുവാനാണു ഹിൻഡൻബർഗ്ഗിന്റെ ശ്രമം. രണ്ടു ദിവസങ്ങൾകൊണ്ടു ആ ഉദ്ദേശ്യം മിക്കവാറും സാധിച്ചു. അദ്ദേഹം തന്റെ സൈന്യത്തെയെല്ലാം ബോസ്റ്റിംപട്ടണത്തിൽകൊണ്ടുപോയി നിറച്ചു സ്ഥലപരിചയം നല്ലവണ്ണമുള്ള ഹിൻഡൻബർഗ്ഗിനു ഇന്നിന്നസ്ഥലങ്ങളിൽ മാത്രമേ കാവൽ വേണ്ടുവെന്നറിയാവുന്നതുകൊണ്ടു ചുരുക്കം ഭടന്മാരെമാത്രമേ അക്കാര്യത്തിലേക്കു നിർത്തിവെക്കേണ്ടിവന്നുള്ളു. തീവണ്ടിപ്പാതകളും റോഡുകളും സ്വാധീനത്തിലുള്ളതിനാൽ ഉടനുടൻ സൈന്യത്തെ ഓരോഭാഗങ്ങളിലേക്കു നയിക്കുന്നതിനു കഴിഞ്ഞു. റഷ്യാസൈന്യം ആക്രമിക്കുവാൻ ചെല്ലുന്നേടത്തൊക്കെ വളരെയധികം ജർമ്മൻ ഭടന്മാർ നില്ക്കുന്നതുകണ്ടപ്പോൾ അനേകലക്ഷം ജർമ്മൻഭടന്മാർ കിഴക്കേ പ്രഷ്യയിൽ എത്തിക്കഴിഞ്ഞുവെന്നു റഷ്യാസേനാധിപന്മാർ ഭ്രമിച്ചുപോയി. ബോസ്റ്റിംപട്ടണത്തിൽവെച്ചു ഇരുകൂട്ടരും ഘോരമായി പോരാടി. ജർമ്മൻ പീരങ്കികൾ അവിടത്തെ കിടങ്ങുകളെ തകർത്തുകളയുകയാൽ റഷ്യാസൈന്യത്തിനു നിലയില്ലാതായി. ആ പട്ടണവും ആ വഴിക്കുള്ള തീവണ്ടിപ്പാതയും ജർമ്മൻസൈന്യം പിടിച്ചടക്കയുംചെയ്തു. റഷ്യാസൈന്യം നീഡൻബർഗ്ഗ് പട്ടണത്തിന്റെയും ബോസ്റ്റിംപട്ടണത്തിന്റെയും നടുവിലായി കുടുങ്ങിപ്പോയി അതിന്റെ രണ്ടുഭാഗങ്ങളിലുമുള്ള തീവണ്ടിപ്പാതകളെല്ലാം ജർമ്മൻസൈന്യം ഇതിന്നുമുമ്പുതന്നെ വശപ്പെടുത്തിയിരിക്കയാണു. യാത്രചെയ്യുന്നതിനു വഴിയൊന്നുമില്ലാതെ റഷ്യാസൈന്യം അവിടെത്തന്നെ നില്ക്കേണ്ടിവന്നു. പിന്നീടു നടന്ന കൂട്ടക്കൊല അതിഭയങ്കരമെന്നേ പറയാവൂ. നാലുഭാഗത്തും വഴി തടഞ്ഞുനില്ക്കുന്ന റഷ്യാസൈന്യത്തിനിടയിൽ ജർമ്മൻ പീരങ്കി ഉണ്ടകൾ

വർഷിച്ചുതുടങ്ങി. റഷ്യാസൈന്യം നേരിൽ കണ്ട വഴികളിൽ കൂടിയെല്ലാം പാഞ്ഞുനോക്കി. അസംഖ്യംപേർ ചളിനിലങ്ങളിൽ പൂന്തി വീണുപോയി. അസംഖ്യംപേർ ജലാശയങ്ങളിൽ മുങ്ങിച്ചത്തുപോയി. ജർമ്മൻപീരങ്കികളെക്കൊണ്ടും ജർമ്മൻഭടന്മാരെക്കൊണ്ടും അനേകായിരംപേർ നിലംപതിക്കയുംചെയ്തു. ഒടുക്കം, സാംസൊനാഫ് താൻതന്നെ പോർക്കളത്തിൽവന്നു ബാക്കിയുള്ള ഭടന്മാരെ ക്രമപ്പെടുത്തി നിർത്തുവാൻ ശ്രമിച്ചു. ഈ ആപത്തിന്റെനേരേ ചെല്ലരുതെന്നു പടത്തലവന്മാർ സാംസനോഫിനോടു പറഞ്ഞുവെങ്കിലും 'എന്റെസൈന്യത്തിന്റെ നടുവിലാണു എന്റെ വാസം' എന്നുപറഞ്ഞുകൊണ്ടു അദ്ദേഹം പോർക്കളത്തിലേക്കു ഇറങ്ങുകയാണു ചെയ്തതു. അവിടെ അദ്ദേഹം മററുദ്യോഗസ്ഥന്മാരോടുകൂടി ദേശപടം നോക്കിക്കൊണ്ടിരിക്കുമ്പോൾ, ഒരു ഉണ്ടവന്നുവീണു പൊട്ടിത്തെറിക്കയും അദ്ദേഹവും മററുള്ളവരും മൃതിപ്പെടുകയും ചെയ്തു. ഈ യുദ്ധത്തിൽ, മുപ്പതിനായിരം റഷ്യാഭടന്മാർ പോർക്കളത്തിൽ മരിച്ചുകിടക്കുന്നുണ്ടായിരുന്നു. തൊണ്ണൂറായിരം ഭടന്മാർ ജർമ്മൻസൈന്യത്തിനു കീഴ്പ്പെട്ടു. അറുപതിനായിരം പേർ ഒളിച്ചോടിപ്പോയി. ഇവിടെ ഇത്രയും കഴിഞ്ഞ ഉടൻതന്നെ ജനറൽ ഹിൻഡൻബർഗ്ഗ് ക്ഷീണം തീർപ്പാൻപോലും നില്ക്കാതെ റന്നൻകാമ്പിന്റെ നേരേ തിരിഞ്ഞു. റന്നൻകാമ്പ് തന്റെ സൈന്യത്തോടുകൂടി അതിവേഗത്തിൽ പിന്മാറിക്കൊണ്ടിരിക്കയായിരുന്നു. ജർമ്മൻസൈന്യം അവരെ വളഞ്ഞുപിടിക്കുവാൻ ചെയ്ത ശ്രമം ഫലിച്ചില്ല. അപ്പോഴേക്കും അവർ അതിർത്തി കടന്നുകളഞ്ഞു. അവർ പിന്മാറുന്നസമയത്തു ജർമ്മൻസൈന്യം ചെന്നാക്രമിച്ചതിൽ മുപ്പതിനായിരം റഷ്യാഭടന്മാർ ജർമ്മൻസൈന്യത്തിൽ അഭയം പ്രാപിക്കയുണ്ടായി. റഷ്യാസൈന്യത്തിന്റെ വകയായി 150 പീരങ്കികളും അസംഖ്യം യുദ്ധസാമഗ്രികളും വഴിനീളെ കിടക്കുന്നുണ്ടായിരുന്നതെല്ലാം ജർമ്മൻസൈന്യം എടുത്തുകൊണ്ടുപോയി. സപ്തമ്പർ 12-ാനു റഷ്യാസൈന്യം കിഴക്കേ പ്രഷ്യയിൽനിന്നു തീരെ ഒഴിഞ്ഞുപോയി എന്ന വിവരം ഹിൻഡൻബർഗ്ഗ് ജർമ്മൻചക്രവർത്തിയെ അറിയിക്കയും, പിന്നീടു തന്റെ ജോലി മറെറാരു സേനാധിപനെ ഏല്പിച്ചു അദ്ദേഹം ഒഴിയുകയും

ചെയ്തു. കിഴക്കെ പ്രഷ്യ അനിരുദ്ധമായ പ്രദേശമാണെന്നറിഞ്ഞു, അതിൽപ്പിന്നെ ഇതുവരെ റഷ്യാസൈന്യം ആ ഭാഗത്തേക്കു തിരിയുകയുണ്ടായിട്ടില്ല. ജർമ്മൻചക്രവർത്തി ഹിൻഡൻബർഗ്ഗിനെ കിഴക്കെ പോർക്കളത്തിലെ സർവ്വസൈന്യാധിപതിയായി നിയമിക്കയും ചെയ്തു.

## ഗലീഷ്യായുദ്ധം.

യുദ്ധവിളംബരം ചെയ്തുഉടൻ റഷ്യയോടെതിർക്കുവാൻ ആസ്ത്രിയയുടെ വക രണ്ടു സൈന്യവിഭാഗങ്ങൾ പോളണ്ടിൽ എത്തി. ഒന്നിൽ നാലുലക്ഷവും മറ്റേതിൽ മൂന്നുലക്ഷവും ഭടന്മാരുണ്ടായിരുന്നു. ജനറൽ ഡാങ്കൽ ആദ്യത്തേതിന്റെയും ജനറൽ വാൻ ആഫൻബെർഗ്ഗ് രണ്ടാമത്തേതിന്റെയും നേതൃത്വം വഹിച്ചു ഗലീഷ്യയിലെ രണ്ടു ഭാഗങ്ങളിലായി നിരന്നുനിന്നു ജനറൽ ഡാങ്കലിന്റെ ഉദ്ദേശ്യം പോളണ്ടിനെ ആക്രമിക്കണമെന്നാണ്. ഗലീഷ്യയിലെ റിസ്മിൽ പട്ടണത്തിൽ നിന്നു സാൻനദീതീരത്തിൽ കൂടി വടക്കോട്ടു കയറി, പോളണ്ടിൽ വിസ്റ്റുലാനദിയുടെയും ബഗ് നദിയുടെയും മദ്ധ്യഭാഗങ്ങളിലേക്കു തന്റെ സൈന്യത്തെ നയിച്ചു. പോളണ്ടിലെ ലുബ്ലിൻ, കോം എന്നീ പട്ടണങ്ങൾക്കിടയിലുള്ള തീവണ്ടിപ്പാതയെ കൈവശപ്പെടുത്തുവാനാണ് അദ്ദേഹത്തിന്റെ ശ്രമം. ആ പാത റഷ്യയിൽ നിന്നു വാർസാ പട്ടണത്തിലേക്കു പോകുന്ന ഒന്നാണ്. വാർസായിലേക്കു മുഖ്യമായി മൂന്നു തീവണ്ടിപ്പാതകളാണുള്ളതു. പോളണ്ടിലെ റഷ്യാസൈന്യസ്ഥാനം വാർസാ പട്ടണമായതുകൊണ്ടു അതിലേക്കുള്ള ഒരു തീവണ്ടിപ്പാത അടഞ്ഞുപോയെങ്കിൽ റഷ്യാസൈന്യശക്തിക്കു വലുതായ ഇടിവു പറ്റിപ്പോകുമല്ലോ. ജനറൽ ആഫൻബെർഗ്ഗ് ലിംബെർഗ്ഗ്പട്ടണത്തിന്റെ കിഴക്കു റഷ്യാസൈന്യത്തിന്റെ ആക്രമണത്തെ തടുക്കുവാൻ മാത്രമായി ഉറച്ചു നിന്നു. റഷ്യയുടെ ഉള്ളിലേക്കു കടക്കുവാനല്ലാ, ഗലീഷ്യയിൽ റഷ്യാ സൈ

ന്യത്തിന്നു പ്രവേശനം കൊടുക്കാതിരിപ്പാൻ മാത്രമാണു അദ്ദേഹം ശ്രമിച്ചതു. അദ്ദേഹത്തിന്റെ മുഖ്യോദ്ദേശ്യം മറെറാന്നാണു. പോലണ്ടിലേക്കു കയറിയിരിക്കുന്ന ആസ്ത്രിയാ സൈന്യത്തെ കിഴക്കുഭാഗത്തുകൂടി റഷ്യാ സൈന്യം ആക്രമിക്കുമെങ്കിൽ, അതു തടയേണ്ട ഭാരമാണു ആഫൻബർഗ്ഗിനുള്ളതു. സാൻനദീതീരത്തിൽ കൂടി ജനറൽ ഡാങ്കൽ പോലണ്ടിൽ ചെന്നിരിക്കയാണല്ലോ. റഷ്യാ സൈന്യം കിഴക്കുഭാഗത്തുകൂടി സാൻനദിയെ വശപ്പെടുത്തിയാൽ ആസ്ത്രിയാ സൈന്യം അവിടെ ഗതിയററു നിന്നുപോകും. ഇങ്ങിനെ വരാതിരിപ്പാനായി ആഫൻബർഗ്ഗ് തന്റെ സൈന്യത്തെ ബഗ്നദീതീരംമുതൽ നീസ്റ്റർ നദീതീരംവരെ അണിനിരത്തി നിർത്തി. പക്ഷെ, ഇതിലേക്കു വേണ്ടിടത്തോളം സൈന്യം അദ്ദേഹത്തിന്റെ വശമില്ല. റഷ്യക്കു സൈന്യശേഖരം പൂർത്തിയായിട്ടില്ലെന്നും, ശേഖരിച്ചേടത്തോളം സൈന്യത്തെയെല്ലാം കിഴക്കേ പ്രഷ്യയിലേക്കു അയച്ചുപോയിയെന്നും തെററിദ്ധരിച്ചതുകൊണ്ടാണു മൂന്നുലക്ഷം ഭടന്മാരെക്കൊണ്ടു തന്റെ ഭാരം നിർവ്വഹിക്കാമെന്നു ആഫൻബർഗ്ഗ് കരുതിയതു. വാസ്തവത്തിൽ റഷ്യക്കു അപ്പോൾ അവിടെ 16 ലക്ഷം ഭടന്മാർ തയാറുണ്ടായിരുന്നു. പൂർണ്ണശക്തിയോടുകൂടി ഗലീഷ്യയെ ആക്രമിച്ചു അതിവേഗത്തിൽ ലംബർഗ്ഗ്പട്ടണത്തെ പിടിക്കയും, ഉടൻതന്നെ സാൻനദിയെ സ്വാധീനപ്പെടുത്തി ജനറൽ ഡാങ്കലിനെ വഴി തടുക്കയും ചെയ്യുണമെന്നാണു റഷ്യാ സൈന്യം ഉദ്ദേശിച്ചിരുന്നതു.

ജനറൽഡാങ്കൽ പോലണ്ടിൽനിന്നു ആഗസ്റ്റ 10-ാംനു- പുറപ്പെട്ടു 17-ാംനുക്കു ലുബ്ലിൻനഗരത്തിനു 15 നാഴിക ദൂരത്തായെത്തി. അവിടെ റഷ്യാസൈന്യം അധികമായി ഇല്ലാതിരുന്നതുകൊണ്ടു ഡാങ്കലിനു ബുദ്ധിമുട്ടുകൂടാതെ മുന്നോട്ടു കയറുവാൻ കഴിഞ്ഞു. ലുബ്ലിൻപട്ടണത്തിനു സമീപം ചെന്നപ്പോഴേക്കും ഇനി മുന്നോട്ടു കടക്കുവാൻ പ്രയാസമാണെന്നു കണ്ടു. ലുബ്ലിൻപട്ടണത്തിൽ നാലുലക്ഷം റഷ്യാഭടന്മാർ തയാറായിരിക്കുന്നുണ്ടു. അവിടെ വീണ്ടുംവീണ്ടും അധികമധികമായി ഭടന്മാർ വന്നു ചേർന്നുകൊണ്ടിരിക്കുന്നതുമുണ്ടു. ഡാങ്കൽ 15 നാഴിക ദൂരെനിന്നു റഷ്യാസൈന്യത്തെ

ടു എതിൎത്തുകൊണ്ടു, അങ്ങിനെതന്നെ നില്പായി. ഈ അവസരത്തിൽ രണ്ടു റഷ്യാസൈന്യങ്ങളും ലംബെൎഗ്ഗിനെ ലക്ഷീകരിച്ചു പുറപ്പെട്ടു. ജനറൽറസ്കി നാലുലക്ഷം ഭടന്മാരോടുകൂടി ലംബെൎഗ്ഗിന്റെ വടക്കുകിഴക്കു വഴിക്കും ജനറൽ ബ്രൂസിലാഫ് മൂന്നുലക്ഷം ഭടന്മാരോടുകൂടി തെക്കുകിഴക്കു വഴിക്കും മുന്നോട്ടു കടന്നുതുടങ്ങി. റഷ്യാസൈന്യത്തിന്റെ സ്ഥിതി ആഗസ്റ്റ 23-ാംനു-വരെ തീരെ രഹസ്യമായിട്ടാണിരുന്നതു. കുതിരപ്പട്ടാളത്തെ മുന്നോട്ടയച്ചു നിരത്തിനിൎത്തിയിരുന്നതിനാൽ പിന്നിലുള്ള സൈന്യബലം ആസ്ത്രിയാസൈന്യത്തിനു കാണ്മാൻ കഴിഞ്ഞില്ല. ഇരുഭാഗക്കാരുടെയും കുതിരപ്പട്ടാളങ്ങൾ തമ്മിൽ പലെടത്തും കൂട്ടിമുട്ടി പല ചില്ലറശണ്ഠകളും നടത്തിക്കൊണ്ടുവന്നു. റഷ്യയുടെ കോസാക് കുതിരപ്പട്ടാളത്തിന്റെ ധീരത ലോകപ്രസിദ്ധമാണു. അവർ ഗലീഷ്യയിൽ ആസ്ത്രിയാകുതിരപ്പട്ടാളത്തെയും സൈന്യത്തെയും ആക്രമിച്ചു അങ്ങുമിങ്ങും ചില ദേശങ്ങളും പാതകളും കൈവശപ്പെടുത്തിക്കൊണ്ടിരുന്നു. ആഗസ്റ്റ 23-ാംനു-യാണു റഷ്യാസൈന്യം പ്രത്യക്ഷപ്പെട്ടതു. അന്നു ലംബെൎഗ്ഗപട്ടണത്തിന്റെ കിഴക്കുംവടക്കുമുള്ള അതിൎത്തിസ്ഥലം മുഴുവനും ജനറൽ റസ്കി തന്റെ സൈന്യത്തെ നിരത്തി. ഡോക്കൽ, ബ്രാഡി എന്നീ രണ്ടു ദേശങ്ങളെ റസ്കി അനായാസേന പിടിച്ചടക്കീട്ടു ആസ്ത്രിയാസൈന്യത്തെ ഡമഡോ പട്ടണത്തിലേക്കും അവിടെനിന്നു മറ്റൊരിടത്തിലേക്കും- ഇങ്ങിനെ പിന്തള്ളിവിട്ടുകൊണ്ടു മുന്നോട്ടു കടന്നു. അതിന്നനുസരിച്ചു ബ്രൂസിലാഫ് വേറെവഴിക്കും വന്നുകൊണ്ടിരുന്നു. ആഗസ്റ്റ 27-ാംനു-യോടുകൂടി ഈ രണ്ടുസൈന്യങ്ങളുടെയും അററങ്ങൾ തമ്മിൽ യോജിക്കയും പോൎക്കളമെങ്ങും നെടുനീളെ പരന്നുകൊണ്ടു ഗലീഷ്യയെ ആക്രമിച്ചു കയറുകയും ചെയ്തു.

മൂന്നു ഭാഗങ്ങളിൽ കൂടി എതിൎത്തുവരുന്ന റഷ്യാസൈന്യത്തെ തടുത്തു നില്പാൻ കഴിയാതെ ജനറൽ ആഫൻബെൎഗ്ഗ അത്യധികം കുഴങ്ങിപ്പോയി. അദ്ദേഹത്തെ സഹായിപ്പാനായി ആസ്ത്രിയയിൽനിന്നു ചില പുതിയ സൈന്യങ്ങളെ അയച്ചുകൊടുത്തു. ഇരുകക്ഷികളും തെക്കുവടക്കായി നിരന്നു നിന്നുകൊണ്ടാണു പൊരുതുന്നതു. ഇതിൽ തെക്കുഭാഗത്തു കൂടിച്ചെന്ന റഷ്യാ സൈന്യത്തെ വള

ഞെരുന്നതിക്കുവാൻ ആഫൻബെർഗ്ഗ് ഒരു സൈന്യത്തെ അയച്ചു. ഈ സൈന്യവും റഷ്യാ സൈന്യവും വിലിക്സ പട്ടണത്തിൽവെച്ചു കൂട്ടിമുട്ടി. അവർ തമ്മിലുണ്ടായ യുദ്ധത്തിൽ റഷ്യാ സൈന്യത്തിനാണു തോൽമ പാറിയതു. ഉടൻതന്നെ ബ്രൂസലാഫ് അനേകായിരം ഭടന്മാരെ ആസ്ഥലത്തു കൊണ്ടുവന്നു ആസ്ത്രിയാ സൈന്യത്തോടു ഘോരമായി എതിർത്തു. ആഗസ്റ്റ 31 ാംനു വിലിക്സപട്ടണം ബ്രൂസിലാഫിന്റെ അധീനത്തിലായി. ഇതോടുകൂടി ലംബെർഗ്ഗുപട്ടണത്തിന്റെ തെക്കായുള്ള തീവണ്ടിപ്പാതകളെല്ലാം റഷ്യാസൈന്യത്തിന്റെ അധികാരത്തിങ്കീഴിൽ വന്നു. അവർ ആവഴിക്കുതന്നെ മുന്നോട്ടു കയറി ആസ്ത്രിയാ സൈന്യത്തിന്റെ വലതുപക്ഷത്തെ പിന്തള്ളിവിട്ടു നിലയുറപ്പുവാൻ തുടങ്ങി. പോലണ്ടിൽ ജനറൽ റസ്കി അവിടെയും ഗലീഷ്യയിലുമുള്ള ആസ്ത്രിയ സൈന്യങ്ങൾക്കിടയിൽ കടന്നു അവരെ പരസ്പരമുള്ള ബന്ധത്തിൽനിന്നു പിരിച്ചുവിട്ടുകഴിഞ്ഞിരിക്കുന്നു. തന്മൂലം, ജനറൽ ആഫൻബെർഗ്ഗിന്റെ ഇടതുപക്ഷത്തിലും നിലയില്ലാതായി. ഒടുക്കം, തന്റെ സൈന്യത്തെ പിൻവലിക്കുന്നതിനുതന്നെ അദ്ദേഹം തീർച്ചപ്പെടുത്തി. ഇങ്ങിനെ പരമാറിപ്പോകുമ്പോൾ റഷ്യാസൈന്യം ഊക്കോടെ വന്നെതിർക്കുകയാൽ ആസ്ത്രിയാ സൈന്യം നാനാവിധമായി ചിതറിപ്പോയ്ക്കളഞ്ഞു. കോസാക് കുതിരപ്പട്ടാളങ്ങൾ ഓടിയോടിച്ചെന്നു പടുകൊല ചെയ്യാനും തുടങ്ങി. ആസ്ത്രിയാ പട്ടാളങ്ങൾ പീരങ്കികളെയും പടക്കോപ്പുകളെയും അങ്ങുമിങ്ങും ഇട്ടുകളഞ്ഞു ഓട്ടം പിടിച്ചു. ഭയാകുലരായി ചിതറിയോടുന്ന ഭടന്മാരെക്കൊണ്ടും, അങ്ങുമിങ്ങും വാരിവിതറിയിരിക്കുന്ന വെടിക്കോപ്പുകളെക്കൊണ്ടും മററുള്ള ആസ്ത്രിയാ സൈന്യത്തിനു പിന്മാറുവാൻ മാർഗ്ഗസൌകര്യമില്ലാതായ്‌തീന്നു; പുതിയ സൈന്യങ്ങൾക്കു വന്നുചേരുവാനും നിവൃത്തിയില്ലാതായി. ഇങ്ങിനെ, ആസ്ത്രിയാസൈന്യം ഒരു നിലയുമില്ലാതെ ചിതറിയോടുകയാൽ ലംബെർഗ്ഗ് പട്ടണത്തിൽ റഷ്യാസൈന്യം വിജയഘോ

ഷ്യത്തോടെ പ്രവേശിച്ചു. ജനറൽ ഡാങ്കൽ നാലുലക്ഷം ഭടന്മാരോടു കൂടി പോലണ്ടിൽ ശത്രുമദ്ധ്യെ കുടുങ്ങുകയുംചെയ്തു. ഈ വിഷമഘട്ടത്തിൽ ആസ്ത്രിയാ സർവ്വസൈന്യാധിപതി പ്രദർശിപ്പിച്ച ക്ഷമയും ധൈര്യവും പ്രത്യേകം അഭിനന്ദിക്കത്തക്കതാണ. ഗലീഷ്യയിൽ റഷ്യാസൈന്യത്തിന്റെ മുന്നോററത്തെ തടുക്കുവാൻ ആസ്ത്രിയയിൽനിന്ന പുതിയപുതിയ സൈന്യങ്ങളെ അയച്ചുകൊണ്ടിരുന്നു. ജനറൽ ഡാങ്കലിന സാൻനദീതീരമാണ പിന്മാറുവാനുള്ള ഒരേസ്ഥലം. ആഭാഗത്തു റഷ്യാസൈന്യം പ്രവേശിക്കാതിരിക്കാനായി ഉടൻതന്നെ അവിടെക്ക ഒരു വലിയ സൈന്യത്തെ അയച്ചു. യുദ്ധത്തിൽ ചിതറിപ്പോയ ആസ്ത്രിയാസൈന്യത്തെയെല്ലാം, അതിവേഗത്തിൽ കൂട്ടിച്ചേർത്തു ക്രമപ്പെടുത്തി യുദ്ധസന്നദ്ധരാക്കി നിൎത്തുകയുംചെയ്തു. ലംബർഗ്ഗുയുദ്ധത്തിൽ അറുപതിനായിരം ഭടന്മാർ തടവുകാരായിത്തീരുകയും എഴുപതിനായിരംപേർ പോർക്കളത്തിൽ വീഴുകയും ചെയ്തിട്ടുണ്ട. ശേഷംപേർ വീണ്ടും യുദ്ധത്തിനു തയ്യാറായി. ഈ ക്രമത്തിൽ, റഷ്യാസൈന്യത്തിന്റെ പുരോഗതിയെ കഴിയുന്നെടത്തോളം തടുത്തുനിൎത്തുവാൻ ഏർപ്പാടുകൾചെയ്തു പിന്നെ ജനറൽ ഡാങ്കൽ പിന്മാറുവാൻതുടങ്ങി. അതിന്നുമ്പായി, തന്നോടു നേരിട്ടുനില്ക്കുന്ന റഷ്യാസൈന്യത്തെ ഒന്നു ഭയപ്പെടുത്തി വിടുകയെങ്കിലും വേണമെന്നുവെച്ചു ജനറൽഡാങ്കൽ ഒരുകൈ നോക്കുവാൻ നിശ്ചയിച്ചു. വിസ്ലൂലാനദിമുതൽ ബഗ് നദിവരെ 80- നാഴിക നീളത്തിലാണ ആസ്ത്രിയാസൈന്യം അവിടെനിരന്നു നില്ക്കുന്നതു. സൈന്യനിരയിൽ എല്ലാടത്തും ഒരേസമയത്തു യുദ്ധംതുടങ്ങി. അത്യുഗ്രമായി പൊരുതുകൊണ്ടു അവർ റഷ്യാസൈന്യത്തിന്റെ നേരെപാഞ്ഞു. അതിൽ റഷ്യർ അഞ്ചുനാഴിക ദൂരത്തോളം പിന്തള്ളിവിടപ്പെട്ടുപോയി. ഇത്രയും കഴിഞ്ഞതിൽപ്പിന്നെയാണ ജനറൽ ഡാങ്കൽപിന്മാറാൻതുടങ്ങിയതു. ഇതുകണ്ടു റഷ്യാസൈന്യം അതിശക്തിയോടെ തുടൎന്നെതിൎത്തു. മുമ്പുറത്തും ഇടതുപക്ഷത്തിലും വലതുപക്ഷത്തിലും വട്ടഞ്ഞുനില്ക്കുന്ന റഷ്യാ

സൈന്യത്തെ തടുത്തുതടുത്തുകൊണ്ടു ഏററവും സാമൎത്ഥ്യത്തോടുകൂ
ടി ജനറൽ ഡാങ്കൽ പിന്മാറിക്കൊണ്ടുതന്നെ പോയി. സപ്തമ്പർ
12-ാംനു- അദ്ദേഹം സാൻ നദീതീരത്തിലെത്തി. പലെടത്തുവെ
ച്ചും റഷ്യാസൈന്യം ഘോരമായി ആക്രമിച്ചിട്ടും, മൂന്നുഭാഗത്തും
ശത്രുക്കൾ വളഞ്ഞുനിന്നിട്ടും നാലുലക്ഷം ഭടന്മാരെ പിൻവലിച്ചു
കൊണ്ടു പോയ ജനറൽ ഡാങ്കലിന്റെ യുദ്ധനൈപുണ്യം പര
ക്കെ പ്രശംസാൎഹമായിത്തീൎന്നിട്ടുണ്ടു. ഈ പിന്മാററത്തിൽ നാല്പ
തിനായിരം ഭടന്മാരാണു ആകെയുണ്ടായിട്ടുള്ള നഷ്ടം. വാസ്തവ
ത്തിൽ ഈ പിന്മാററം ഇങ്ങിനെ സാധിച്ചതിനു ജനറൽ ഡാങ്കൽ
മാത്രമല്ലാ സ്തുത്യാൎഹൻ. മററൊരു മുഖ്യസംഭവം വേറൊരിടത്തു
നടന്നിട്ടുണ്ടു. അതു ഇന്നത്തെ യുദ്ധത്തിലെ ഒരു ഗണ്യമായ സംഭ
വമാണുതാനും. ജനറൽ ഡാങ്കലിന്റെ വലത്തുപക്ഷത്തെ സംരക്ഷിക്കു
ന്നതിന്നായി ഒരു കൂട്ടം ആസ്ത്രിയാ ഭടന്മാർ തയ്യാറായി നിന്നിരുന്നു.
രവാരുസ്ക്കാ പട്ടണത്തിൽ വെച്ചു അവർ റഷ്യാസൈന്യത്തോടെതി
ൎത്തു തടുത്തു. അവിടെവെച്ചു എട്ടുദിവസം മുഴുവൻ ഒഴിവില്ലാതെ യു
ദ്ധം നടന്നു. അവിടെ ഒരു ഭാഗത്തു പത്തേക്കർ വിസ്താരമുള്ള ഒരി
ടത്തിൽ വെച്ചു ഇരുകക്ഷികളും കൂടിക്കലൎന്നു പോരാടിയതിലുണ്ടാ
യ രക്തപ്രവാഹം ആ രണ്ടു രാജ്യക്കാരും ഏതുകാലത്തും മറക്കുന്ന
തല്ല. ആസ്ത്രിയാഭടന്മാർ, അവർ ഏററിട്ടുള്ള ഭാരം മരണം വരെ
നിൎവ്വഹിക്കണമെന്ന ഉറപ്പോടുകൂടിയും റഷ്യാസൈന്യം വിജയഹ
ൎഷത്തോടുകൂടിയും ഘോരഘോരം പൊരുതുനിന്നു. ശത്രുക്കളുടെ
പീരങ്കിയുണ്ടകളെ ഭയപ്പെടാതെ, അവരുടെ കുന്തപ്രയോഗത്തി
ൽ ഉറച്ചുനിന്നെതിൎക്കയും, ആയുധങ്ങൾ തീരെ ഇല്ലാതാകയും,
കിടങ്ങു ഇടിഞ്ഞു തകൎന്നു തീരെ നിരന്നുപോകയും ചെയ്യുമ്പോൾ
മാത്രം അവിടെ വിട്ടു മററൊരു കിടങ്ങിലേക്കു പിന്മാറുകയും, ചെ
യ്തുകൊണ്ടു ആ ആസ്ത്രിയാ ഭടന്മാർ പ്രകടിപ്പിച്ച ശൌൎയ്യവും ധൈ
ൎയ്യവും ശത്രുക്കളെക്കൂടിയും അത്ഭുതപ്പെടുത്തി. ഒരു കിടങ്ങിൽനി

ന്നും മറെറാരു കിടങ്ങിലേക്കും, അവിടെ നിന്നു വേറൊന്നിലേക്കും ഇങ്ങിനെ ഏട്ടുതവണ അവർ മാറി മാറി എതിൎത്തുനിന്നു. ഈ ശണ്ഠ സപ്തമ്പർ 14-ാംനു-വരെ നടന്നു. അപ്പോഴെക്കും ജനറൽ ഡാങ്കൽ സാൻ നദീതീരത്തിലേക്ക പിന്മാറിക്കഴിയുകയാൽ, തങ്ങളുടെ ഭാരം നിൎവ്വഹിച്ചുകഴിഞ്ഞുവെന്ന സമാധാനത്തോടുകൂടി ആ ആസ്ത്രിയാ ഭടന്മാർ അവിടംവിട്ടൊഴിഞ്ഞുപോയി. ഓരോരോ ദേശങ്ങളായി പിടിച്ചടക്കിക്കൊണ്ടു 23-ാംനു-യ്ക്കു റഷ്യാസൈന്യത്തിനു സാൻ നദീതീരത്തിൽ എത്തുവാൻ കഴിഞ്ഞുള്ളു. സപ്തമ്പർ മാസാവസാനത്തിലാണല്ലൊ ജൎമ്മൻസൈന്യം ഫ്രാൻസിൽ അയിസ്ന നദീതീരം വരെ ചെന്നു നിലയുറപ്പിച്ചതു്. അതേകാലത്തേക്കും റഷ്യാസൈന്യം ഗലീഷ്യയിൽ പല മുഖ്യ പട്ടണങ്ങളേയും പിടിച്ചടക്കിക്കൊണ്ടു സാൻ നദീതീരത്തിൽ വന്നു നില്പായി. യുദ്ധം തുടങ്ങി പത്തുനാല്പതു ദിവസങ്ങൾകൊണ്ടു ഇങ്ങിനെയെല്ലാമാണു ജൎമ്മനി ഫ്രാൻസിലേക്കും റഷ്യ ഗലീഷ്യയിലേക്കും തള്ളിക്കയറിയതു.

# മൂന്നാംഖണ്ഡം.

## ചാരവൃത്തി.

---

ലോകത്തിലെ ഓരോരാജ്യവും അന്യരാജ്യവർത്തമാനങ്ങൾ ശരിക്കറിയുന്നതിനുവേണ്ടി ഗൂഢമായി പല ഏർപ്പാടുകളും ചെയ്തുവെച്ചിട്ടുണ്ടു. അതിലൊന്നാണു ചാരവൃത്തി. ഏതാണ്ടൊരുരാജ്യത്തിനു മറെറാരുരാജ്യത്തോടു ഏതവസരത്തിലാണു യുദ്ധം .നേരിടുകയെന്നതു തീർച്ചപ്പെടുത്തിവെക്കാൻ വയ്യ. പരരാജ്യത്തെപ്പററിയ സ്ഥിതിഗതികളൊന്നും അറിയാതെയാണു പോരിനുപുറപ്പെടുന്നതെങ്കിൽ അപജയത്തിനാണു അധികം അവകാശമുള്ളതു. വ്യാപാരം, വ്യവസായം എന്നിവയിൽ ഇതരരാജ്യങ്ങൾ എന്തെന്തു പ്രവർത്തിക്കുന്നുവെന്നു സൂക്ഷ്മമായി അറിവാൻ ശ്രമിക്കാതെ മറെറാരുരാജ്യം അടങ്ങിക്കിടക്കയാണെങ്കിൽ ആരാജ്യം തീർച്ചയായും പിന്നണിയിൽപ്പെട്ടുപോകും. മനുഷ്യരെപ്പോലെതന്നെ രാജ്യങ്ങളും ഞാൻ മുമ്പിൽ ഞാൻമുമ്പിൽ എന്നിങ്ങനെ മത്സരിച്ചു കയറുന്ന ഇക്കാലത്തു ഓരോവിഷയങ്ങൾ അന്യരുടെ ആലോചനയിൽ വരുമ്പോഴേക്കുംതന്നെ മററുള്ളവക്കു അതിനെപ്പററി ശരിയായറിവാൻ തിട്ടക്കമായിത്തീർന്നിട്ടുണ്ടു്. ഈവക കാരണങ്ങളാൽ, അന്യരാജ്യകാര്യങ്ങളെല്ലാം ഗൂഢമായി അന്വേഷിച്ചറിയുന്നതിലേക്കായി എല്ലാരാജ്യക്കാരും മററുരാജ്യങ്ങളിലെല്ലാം ചാരന്മാരെ നിയമിച്ചിരിക്കുന്നു. ഈ ചാരന്മാ-

ർ യുദ്ധകാലങ്ങളിൽ മാത്രമല്ലാ, സമാധാനകാലങ്ങളിലും മറഞ്ഞു പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നുണ്ടു. അന്യരാജ്യങ്ങളിലെ കോട്ടകൾ മററു ദുൎഗ്ഗങ്ങൾ, ഗതാഗതമാൎഗ്ഗങ്ങൾ, സൈന്യബലം, പടക്കോപ്പുകൾ, സൈന്യസംബന്ധമായുള്ള മററു ഗൂഢകൃത്യങ്ങൾ, എന്നിതെല്ലാം ചാരന്മാൎക്കു സ്വന്തം രാജ്യവൎത്തമാനംപോലേ അത്രയധികം സുപരിചിതമായിരിക്കും എന്നാൽ, സ്വന്തം രഹസ്യകാൎയ്യങ്ങൾ മററുള്ളവർ അറിയാതിരിക്കുന്നതിനുവേണ്ടി എല്ലാരാജ്യക്കാരും അത്യധികം മനസ്സിരുത്തുന്നുണ്ടു. എങ്കിലും ഈ ചാരന്മാരുടെ ദൃഷ്ടികളെ മറയ്ക്കുന്നതിനു പലപ്പോഴും കഴിയാതായിപ്പോകുന്നു. ഇതുനിമിത്തം, സൈന്യസംബന്ധമായ രഹസ്യങ്ങളെപ്പററി അറിവാൻ ശ്രമിക്കുന്നവരെ കഠിനമായി ദണ്ഡിപ്പിക്കുന്നതാണെന്നു ഒരു നിയമം എല്ലാരാജ്യത്തിലും നടപ്പിൽ വരുത്തേണ്ടിവന്നു. ഈ നിയമത്തിൽ പല ചാരന്മാരും പലപ്പോഴുമായി കുടുങ്ങിപ്പോകാറുണ്ടു. എന്നിട്ടും, ലോകത്തിലെങ്ങും അവരുടെ പ്രവൃത്തി മറഞ്ഞു നടന്നുകൊണ്ടുതന്നെയിരിക്കുന്നു.

യൂറോപ്പിലെ ഓരോ ഗവൎമ്മേണ്ടും ചാരന്മാൎക്കായി അനേകായിരം പവൻവീതം കൊല്ലംതോറും ചെലവുചെയ്തുവരുന്നുണ്ടു. പ്രഭുക്കന്മാരുടെയോ, വൎത്തകപ്രവരന്മാരുടേയോ, ഉയൎന്ന സൎക്കാരുദ്യോഗസ്ഥന്മാരുടേയോ, വേഷത്തിലും ഭാവത്തിലുമാണു ചാരന്മാർ സഞ്ചരിക്കുക. അവർ ഓരോരോ ദേശങ്ങളിൽ ചെന്നു സ്ഥിരമായി പാൎക്കുന്നതുമുണ്ടാകും. അവരുടെ ആഡംബരത്തിലും പ്രതാപത്തിലും ഭ്രമിച്ചു മററുള്ളവർ അവരുടെ ഇഷ്ടന്മാരായോ ദാസന്മാരായോ ചെന്നു കൂടാതിരിക്കയില്ല. ചാരന്മാർ ആരാരെല്ലാമാണെന്നു അതാതു രാജ്യത്തിലെ മന്ത്രിമാൎക്കു കൂടിയും അറികയില്ലെന്നതുകൊണ്ടു അവരുടെ സ്ഥിതി അത്ര ഗോപ്യമായിട്ടാണിരിക്കുന്നതെന്നു ഊഹിക്കാമല്ലോ. അന്യരാജ്യക്കാൎക്കു അവരെ തിരിച്ചറിവാൻ തീരെ പ്രയാസമാണു. അന്യരാജ്യങ്ങളിലെ വാണിജ്യഗതി, തുറമുഖസ്ഥിതി, സൈ

ന്യഘടന, രാജ്യതന്ത്രം, മററുരാജ്യങ്ങളുമായുള്ള ഉടമ്പടികഠം, പുതുതായുള്ള കണ്ടുപിടിത്തങ്ങഠം എന്നിതെല്ലാം ഉടനുടൻ ചാരന്മാർ ഗ്രഹിച്ചുകഴിയും. അവരിൽ ചിലർ പ്രഭുക്കന്മാരെപ്പോലെ രമ്യഹർമ്മ്യങ്ങളിൽ പാൎക്കുകയായിരിക്കും. ആ രാജ്യത്തിലെ രാജ്യഭരണാധികാരികളെയും മററു പ്രമാണികളെയും കൂടക്കൂടെ വിരുന്നിനു ക്ഷണിച്ചുവരുത്തി നിർമ്മല ഹൃദയന്മാരെപ്പോലെ അവർ അതിഥികളോടുകൂടി വിനോദിക്കയും പരസ്പരം പ്രാണസ്നേഹിതന്മാരായിത്തീരുകയും ചെയ്യും. പിന്നീടു അവരിൽ ഓരോരുത്തരോടും ഓരോ അവസരങ്ങളിൽ പലവക വിഷയങ്ങളെപ്പററി സംഭാഷണം തുടങ്ങുകയായി. അവരുടെ രാജ്യകാൎയ്യങ്ങളിൽ ഇവൎക്കു തീരെ ശ്രദ്ധയില്ലെന്നു നടിക്കുമെങ്കിലും, ആവക കാൎയ്യങ്ങഠം അവരുടെ ഭാവങ്ങളിൽ നിന്നും വാക്കുകളിൽ നിന്നും വേണ്ടേടത്തോളം ഗ്രഹിക്കുന്ന കാൎയ്യത്തിൽ ഇവർ സശ്രദ്ധരായിത്തന്നെയിരിക്കും. പണക്കൊതിയന്മാരായും, കടപ്പെട്ടവരായുമുള്ള ഉദ്യോഗസ്ഥന്മാരെയും ജനപ്രമാണികളെയും, അവൎക്കു വേണ്ടേടത്തോളം പണം സഹായിച്ചു കൊടുത്തു ഇവർ സ്വാധീനത്തിൽ വെക്കും. രാജ്യരഹസ്യങ്ങഠം അറിയുന്നതിനു ഇവൎക്കു പല മാൎഗ്ഗങ്ങളും വശമാണു. ആ മാൎഗ്ഗങ്ങഠം ഇന്നിന്നവയെന്നു കൂടിയും മററുള്ളവൎക്കറിഞ്ഞുകൂടാ.

ഫ്രാൻസിലെ ചാരപ്രമാണിയുടെ കാൎയ്യാലയം പാരീസ്സിലാണ്. മററു രാജ്യങ്ങളെപ്പററി അവരവർ ഗ്രഹിച്ചിട്ടുള്ള രഹസ്യങ്ങളെ ചാരപ്രമാണിയെ അറിയിച്ചു പ്രതിഫലം വാങ്ങിക്കൊണ്ടുപോകുവാനായി ഉദ്യോഗസ്ഥന്മാർ, ചില്ലറ ജോലിക്കാർ, സ്ത്രീകഠം എന്നിങ്ങിനെ പലതരക്കാരും ആ കാൎയ്യാലയത്തിൽ ദിവസംപ്രതി വന്നു തിരക്കുന്നതു കാണാം. ലോകത്തിലെ നാനാ ഭാഗങ്ങളിലുമുള്ള ഫ്രഞ്ചുചാരന്മാർ അന്നന്നു കിട്ടുന്ന വൎത്തമാനങ്ങഠം പ്രത്യേകഭാഷയിൽ അയച്ചുകൊണ്ടിരിക്കുന്ന കമ്പികഠം ഇടവിടാതെ ഈ കാൎയ്യാലയത്തിൽ വന്നുകൊണ്ടിരിക്കുന്നുണ്ടു. ഓരോ രാജ്യത്തിനും മററെല്ലാ

രാജ്യങ്ങളിലും പ്രത്യേകമോരോ രാജ്യകാൎയ്യദൂതന്മാരുണ്ടല്ലോ. ആ ദൂതന്മാൎക്കുകൂടിയും സ്വന്തം രാജ്യത്തിലെ ചാരന്മാർ ആരാണെന്നറികയില്ല. ചാരന്മാരെയും ചാരവൎത്തമാനങ്ങളെയും പററി അതാതു രാജ്യത്തിലെ ചാരപ്രമാണി, ഒരാൾക്കു മാത്രമേ അറിഞ്ഞുകൂടു. അന്യരാജ്യങ്ങളിലിരിക്കുന്ന സ്വന്തം രാജ്യദൂതന്മാരുടെ സ്ഥിതിഗതികളെക്കൂടിയും ചാരന്മാർ ഉററുനോക്കിക്കൊണ്ടിരിക്കും. ആ ദൂതന്മാർ അന്യരാജ്യത്തോടു ഗൂഢമായി വല്ല കരാറുകളും ചെയ്യുന്നുണ്ടോ എന്നതും അറിഞ്ഞിരിക്കേണ്ടതാണല്ലോ.

തുൎക്കിയും ബാൾക്കാൻ ദേശങ്ങളും തമ്മിൽ ഏതാനും കൊല്ലങ്ങൾക്കുമുമ്പിൽ യുദ്ധം നടക്കുകയുണ്ടായല്ലോ. ആ അവസരത്തിൽ ബൽഗേറിയയും ആസ്ത്രിയയും തമ്മിൽ ഗൂഢമായി ഒരു ഉടമ്പടി നടന്നു. ബാൾക്കാൻ ദേശങ്ങളിൽ അധികം ദേശങ്ങൾ കൈവശപ്പെടുത്തുകയും, സെർവ്വ്യയുമായുള്ള ബന്ധുത്വത്തിൽനിന്നകന്നു സെർവ്വ്യയുടെ ശക്തിയെ ക്ഷയിപ്പിക്കയും ബാൾക്കാനിൽ മററുള്ളവരെക്കാൾ പ്രാബല്യം നേടുകയും ചെയ്യേണ്ട കാൎയ്യത്തിൽ ബൾഗേറിയയെ ആസ്ത്രിയയും, സെർവ്വ്യയെ നശിപ്പിക്കേണ്ടതിൽ ആസ്ത്രിയയെ ബൾഗേറിയയും സഹായിക്കണമെന്നാണെന്നു തോന്നുന്നു ആ ഉടമ്പടി. ഇതിനെപ്പററി കുറെക്കാലത്തേക്കു ആരും അറിഞ്ഞിരുന്നില്ല. എങ്കിലും ബ്രിട്ടീഷുചാരനൊരാൾ ഈ രഹസ്യം അറിഞ്ഞുപോയി. രഹസ്യം വെളിപ്പെട്ടുവെന്ന സംഗതി ആസ്ത്രിയാചാരനും ഗ്രഹിച്ചു. അതു കൊണ്ടു ആ ഉടമ്പടിപ്രകാരം പ്രവൎത്തിക്കാതെ ആസ്ത്രിയയും ബൾഗേറിയയും അടങ്ങിയിരിക്കാറായി.

വിമാനങ്ങളെ നശിപ്പിക്കുവാൻ തക്ക ഒരു പുതിയതരം പീരങ്കി കണ്ടുപിടിക്കുവാനായി ജൎമ്മൻഗവൎമ്മേണ്ടു അവിടത്തെ ഒരു കമ്പനിയെ ഏല്പിച്ചു. അങ്ങിനെയൊന്നു ഗൂഢമായി കണ്ടുപിടിക്കുയും പരീക്ഷിച്ചു തൃപ്തിപ്പെടുകയും ചെയ്തുപിന്നെ അതിൻെറ വിവ

രം ഗോപ്യമായിത്തന്നെ വെച്ചുകൊണ്ടിരുന്നു. ഇതിനെപ്പററി അന്യരാജ്യക്കാൎക്കു വല്ല സംശയവുമുണ്ടായിട്ടുണ്ടെങ്കിൽ അതിനെ അകററുന്നതിനായി, പുതിയൊരുതരം പീരങ്കിയുണ്ടാക്കി നോക്കിയെന്നും, അതു പരീക്ഷിച്ചുനോക്കിയതിൽ ഗുണമില്ലാത്തതാണെന്നു കണ്ടുവെന്നും കളവായൊരു വൎത്തമാനം ജൎമ്മൻഗവമ്മേണ്ടുതന്നെ പരസ്യപ്പെടുത്തുകയുമുണ്ടായി. ഈ പീരങ്കി കണ്ടുപിടിച്ചതിൽപ്പിന്നെ ഒരാഴ്ച കഴിയുംമുമ്പെ ഒരു ജൎമ്മൻ ഭരണാധികാരിയുടെ ഭാൎയ്യ അതിന്റെ സ്വഭാവത്തെ ഒരു സേനാധിപനിൽ ഗ്രഹിച്ചു അതിന്റെ ഛായാപടമെടുത്തു ഫ്രാൻസിലേക്കു പോയി അവിടത്തെ ചാരപ്രമാണിയെ ചെന്നുകണ്ടു. അദ്ദേഹം ആ സ്ത്രീയെ സാദരം സ്വീകരിച്ചു. പിരങ്കിപ്പടം അദ്ദേഹത്തിന്നു കൊടുത്തുകൊണ്ടു അതിലേക്കു രണ്ടുലക്ഷം ഉറുപ്പിക പ്രതിഫലം കിട്ടേണമെന്നു ആവശ്യപ്പെട്ടു. ചാരപ്രമാണി ആ പടത്തെ സൂക്ഷിച്ചു നോക്കിയ പിന്നെ തന്റെ ഒളിമുറിയിൽച്ചെന്നു മറെറാരുപടം എടുത്തുകൊണ്ടുവന്നു ആ സ്ത്രീയെ കാണിച്ചു. അവൾ കൊണ്ടുവന്ന അതേ പീരങ്കിയുടെ പടംതന്നെയാണു; ചാരപ്രമാണിയുടെ വശം കണ്ടതും അവൾ അത്ഭുതപ്പെട്ടുപോയി. ജൎമ്മൻ യുദ്ധമന്ത്രിയുടെ ആപ്പീസ്സിൽ നിന്നു ഒരാഴ്ചക്കുമുമ്പുതന്നെ ഈ പടം ഇവിടെ എത്തിയിരിക്കുന്നുവെന്നും ഈ വസ്തുവം അവർ അറിഞ്ഞിട്ടില്ലെന്നും ചാരപ്രമാണി അവളോടു,പറഞ്ഞു. ഇനി വല്ല പുതിയ വൎത്തമാനവും കിട്ടിയാൽ കൊണ്ടുവന്നു തരികയെന്നു പറഞ്ഞു ചെറിയൊരു സംഖ്യ സമ്മാനമായി കൊടുത്തു അവളെ അയച്ചു.

അടുത്തകാലത്തു, ഒരു ഫ്രഞ്ചുചാരൻ വിദ്യാൎത്ഥിയെപ്പോലെ ഇംഗ്ലണ്ടിൽ ചെന്നു പാൎത്തിരുന്നു. അവനോടൊപ്പമുണ്ടായിരുന്ന മറെറാരു വിദ്യാൎത്ഥി അവനെപ്പററിയ രഹസ്യം ഇംഗ്ലീഷധികൃതന്മാരെ അറിയിച്ചുപോയി. ചാരൻ ഇതറിഞ്ഞ ഉടൻ, ഇംഗ്ലീഷുപോലിസ്സുകാർ തന്നെ പിടിച്ചുകൊണ്ടുപോയി തന്നിൽനിന്നു തന്റെ ര

ജ്യത്തെപ്പററിയ രഹസ്യങ്ങൾ അറിവാൻ ശ്രമിക്കുമെന്നു കരുതി ആത്മഹത്യ ചെയ്തുകളഞ്ഞു. പണംമോഹിച്ചു രാജ്യദ്രോഹികളായിത്തീൎന്നു സ്വന്തം രാജ്യരഹസ്യങ്ങളെ മററരാജ്യങ്ങളെ അറിയിച്ചുകൊടുക്കുന്നവരും ഇക്കൂട്ടത്തിലുണ്ടു. സ്വന്തം വാസ്തവം വെളിപ്പെടുത്താതിരിക്ക കാരണത്താൽ സ്വമേധയാമരണത്തെ വരിക്കുന്ന ദേശാഭിമാനികളും ഇക്കൂട്ടത്തിൽത്തന്നെയുണ്ടു. ഇന്നു ബന്ധുത്വത്തിലിരിക്കുന്ന രാജ്യം നാളെ ശത്രുത്വത്തിലാവാമെന്നതുകൊണ്ടു ചാരന്മാർ എല്ലാരാജ്യക്കാരോടും ഏതുസമയത്തും ബന്ധുശത്രുഭേദംകൂടാതെയാണു പെരുമാറുക. ചാരന്മാരുടെയിടയിൽ മുപ്പതിനായിരം ഉറപ്പികവരെ മാസപ്പടി വാങ്ങുന്നവരുമുണ്ടു. ചാരവൃത്തിക്കായി ജൎമ്മൻ ഗവൎമ്മേണ്ടു കൊല്ലംതോറും ഒന്നരക്കോടി ഉറപ്പികയിലധികം ചെലവുചെയ്തുവരുന്നു. അന്യരാജ്യചാരന്മാരെ കണ്ടുപിടിപ്പാനായി ഓരോ ഗവൎമ്മേണ്ടും സദാ ശ്രമിച്ചുകൊണ്ടുതന്നെയിരിക്കും. ചാരന്മാരുടെ ജീവൻ, വാസ്തവത്തിൽ, അവരുടെ സ്വാധീനത്തിലല്ല. എപ്പോഴാണു ജീവൻ പരാധീനപ്പെടുകയെന്നു അവൎക്കുതന്നെ അറിഞ്ഞുകൂടാ. അധികംപേർ പണത്തെ മോഹിച്ചും, ദുർല്ലഭം ചിലർ ദേശാഭിമാനംകൊണ്ടുമാണു ഈ ജോലിയിൽ ഏൎപ്പെടുന്നതു. സ്വന്തം രാജ്യക്കാരെ മാത്രമല്ലാ, അന്യരാജ്യക്കാരെയും അതാതുരാജ്യത്തിലെ ഗൂഢവൎത്തമാനങ്ങൾ അറിവാനായി നിയോഗിക്കാറുണ്ടു. സ്വന്തം വാസ്തവം വെളിപ്പെടുത്തുകയില്ലെന്നും, ദ്രോഹം ചെയ്കയില്ലെന്നും സത്യം ചെയ്യിച്ചതിൽ പിന്നീടെ ഒരുവനെ ചാരവൃത്തിയിൽ നിയമിക്കയുള്ളൂ. സത്യലംഘനം ചെയ്താൽ മരണശിക്ഷതന്നെ ഫലം സത്യപരിപാലനം നിമിത്തം മരണം നേരിട്ടാൽ അവന്റെ കുടുംബത്തെ ഗവർമ്മെണ്ടു രക്ഷിക്കുന്നതാണു.

അന്യരാജ്യങ്ങളിൽ പലെടത്തും പല ഓട്ടലുകളും ജൎമ്മൻകാർ നടത്തിവരുന്നുണ്ടു. ഭക്ഷണസമയമത്രേ ജനപ്രമാണികളോ, സൎക്കാരുദ്യോഗസ്ഥന്മാരോ മററു രാജ്യകാൎയ്യസംബന്ധമായി സംസാരിക്ക

മ്പോൾ ഹോട്ടൽജോലിക്കാർ അവിടെ അങ്ങുമിങ്ങും വേറെ കാൎയ്യങ്ങൾക്കെന്നപോലെ നടന്നു അവരുടെ സംഭാഷണം ശരിയായി കേട്ടറിയുന്നു. അത്തരം പ്രമാണികളെ പിന്തുടൎന്നു ചെന്നു അവരെപ്പററിയ വിവരങ്ങൾ അറിവാനായി വേലക്കാരെ അയയ്ക്കുന്നതുമുണ്ടു. ധനികന്മാരുടെ വീട്ടുകളിൽ ഭൃത്യന്മാരായി ചെന്നു താമസിച്ചുകൊണ്ടു രാജ്യകാൎയ്യവ്യവഹാരങ്ങൾ ഗൂഢമായി അറിഞ്ഞുകൊണ്ടിരിക്കുന്ന മറെറാരുവക ചാരന്മാരുണ്ടു. ഈ യുദ്ധാരംഭകാലത്തു ഇത്തരം ജൎമ്മൻചാരന്മാരിൽ അനേകായിരംപേരെ ഇംഗ്ലീഷുകാർ പിടിച്ചു ബന്തവസ്സിൽ വെക്കയുണ്ടായിട്ടുണ്ടു. അന്യരാജ്യങ്ങളിൽ ചെന്നു സൎക്കാർ കൺട്രാക്ടർമാരായും ബാങ്കുകാരായുമിരുന്നു ചാരവൃത്തി അനുഷ്ഠിക്കുന്ന ജൎമ്മൻകാർ വേറെചിലരുണ്ടു. അതാതു ഗവൎമ്മേണ്ടുകൾ ഇവരുമായി ഇടപെടുകയും, ആ വഴിക്കു പല രഹസ്യങ്ങൾ ഇവർ അറിയുന്നതിന്നു ഇടയാകുകയും ചെയ്യുന്നു. മററുരാജ്യങ്ങളിലെ ഉയൎന്ന ഉദ്യോഗസ്ഥന്മാരെ സ്വാധീനപ്പെടുത്തി കാൎയ്യം നേടുന്നതിലും ജൎമ്മൻചാരന്മാർ ബഹു സമൎത്ഥന്മാരാണു. അന്യരാജ്യമന്ത്രിമാർ, രാജ്യതന്ത്രജ്ഞന്മാർ, വിവിധകക്ഷിനേതാക്കന്മാർ, സേനാധിപന്മാർ എന്നിവരെ തരംപോലെ സ്വാധീനപ്പെടുത്തി അവരെക്കൊണ്ടു അവരുടെ ഗവൎമ്മേണ്ടിനെ ജൎമ്മനിക്കു അനുകൂലമായി വഴിതിരിപ്പിക്കുന്നതിനു ഇവർ പ്രയത്നിക്കുന്നു. ചാരന്മാരുടെ വലയിൽ പെട്ടുകൊണ്ടാണു തങ്ങളുടെ അഭിപ്രായഗതി മാറിയിരുന്നതെന്നു അക്കൂട്ടർ അറിയുകയില്ല. തുൎക്കി ജൎമ്മൻപക്ഷത്തിൽ ചേൎന്നതു ഈവക ചാരന്മാരുടെ പ്രയത്നഫലമാണു. മററുള്ള രാജ്യങ്ങളിലെ സൈന്യങ്ങളിലും കോട്ടകളിലും ജൎമ്മൻപീരങ്കികളെ ഉപയോഗപ്പെടുത്തുവാനായി ഈ ചാരന്മാർ അതാതു ഗവൎമ്മേണ്ടിനെ ഉത്സാഹിപ്പിക്കാറുണ്ടു. ജൎമ്മൻ ഇഞ്ചിനീയർമാർതന്നെ ചെന്നു മററുരാജ്യങ്ങളിൽ കോട്ടകളും മററും നിൎമ്മിച്ചുകൊടുക്കാറുമുണ്ടു. ഇങ്ങിനെയുള്ള രാജ്യങ്ങൾ ജൎമ്മനിക്കെതിരായി വന്നാൽ ആ രാജ്യത്തെ എളുപ്പത്തിൽ ആക്രമിക്കുവാൻ

കഴിയുമല്ലൊ. ജൎമ്മൻമുതലാളികളുടെ വക തൊഴിൽശാലകൾ ലോകത്തിലെ എല്ലാരാജ്യത്തിലും പരന്നിരിക്കുന്നു. ആ തൊഴിൽശാലകളിൽ അധികവും യുദ്ധകാലത്തു പെരുംപീരങ്കികൾ ഉറപ്പിച്ചു വെച്ചു പ്രയോഗിക്കുവാൻ തക്ക സൌകൎയ്യത്തോടുകൂടിയാണു പണിതീൎത്തിരിക്കുന്നതു. ശത്രുക്കളോടു എതിരിടുന്നതിനു വേണ്ടതാകുന്ന സൌകൎയ്യങ്ങളോടു കൂടിയ പ്രദേശങ്ങളിലാണു ഈ വക തൊഴിൽശാലകൾ നില്ക്കുന്നതു. മററാൎക്കും ഒട്ടും സംശയമുണ്ടാവാത്തവിധം ജൎമ്മൻകാർ ഈ കൃത്യം നിൎവ്വഹിച്ചിരിക്കുന്നു. യുദ്ധം തുടങ്ങിയതിൽപ്പിന്നെ, ജർമ്മൻകാർ ചെയ്ത ഈ ചതി മററു രാജ്യക്കാർ മനസ്സിലാക്കിക്കളഞ്ഞു. ഇംഗ്ലണ്ടിലും, ഫ്രാൻസിലും, ബെൽജിയത്തിലും ഈവകത്തിലുള്ള പല തൊഴിൽശാലകളും കണ്ടെത്തിയിരിക്കുന്നു. ലീജ്, നാമൂർ, എന്നീ കോട്ടകളെ ജൎമ്മൻസൈന്യത്തിനു എളുപ്പത്തിൽ തകൎത്തുകളയുവാൻ കഴിഞ്ഞതു, ഈ വക തൊഴിൽശാലകളിൽ പെരുംപീരങ്കികൾ ഉറപ്പിച്ചു ആ കോട്ടകൾക്കു നേരെ പ്രയോഗിക്കുവാൻ സൌകൎയ്യപ്പെട്ടതുകൊണ്ടാണെന്നു ഇപ്പോൾ അറികയും ചെയ്തിരിക്കുന്നു. അന്യരാജ്യങ്ങളിൽ പലെടത്തും, വെടിമരുന്നു, മണ്ണെണ്ണ, ആഹാരസാമാനങ്ങൾ എന്നിവ ഭൂമിക്കടിയിൽ ഒളിച്ചുവെച്ചിട്ടുള്ളതായും, യുദ്ധം തുടങ്ങിയ പിന്നീടു ജൎമ്മൻ സൈന്യങ്ങൾ അതാതുസ്ഥാനത്തെത്തുമ്പോൾ ആ വക സാമാനങ്ങൾ എളുപ്പത്തിൽ എടുത്തുപയോഗിച്ചുവരുന്നതായും ഒരു കിംവദന്തിയുണ്ടു.

സുന്ദരികളായ യുവതികളേയും ജൎമ്മൻ ചാരസംഘത്തിൽ ചേൎത്തിട്ടുണ്ടു. അന്യരാജ്യങ്ങളിലെ സൎക്കാരധികാരികൾ ഈ സ്ത്രീകളുടെ സൌന്ദൎയ്യത്തിൽ ഭ്രമിച്ചു ഇവരോടു പല രഹസ്യങ്ങളെപ്പററിയും സംസാരിക്കുവാൻ വഴിയുണ്ടെന്നാണു ജൎമ്മൻ ചാരപ്രമാണിയുടെ വിശ്വാസം. ഈ ചാരസ്ത്രീകൾ മററു രാജ്യങ്ങളിൽ പ്രമാണികളായുള്ളവരുടെ ഗൃഹജോലിക്കാരായിത്തീൎന്നിരിക്കുന്നു. വേറെ ചിലർ വൎത്തകശാലകളിലെ ഓരോ ഉദ്യോഗങ്ങളിൽ നിയമിതകളായിരിക്കുന്നു.

മററു ചിലർ ദാസികളായും നടികളായുമിരിക്കുന്നുണ്ടു. ഓരോ തലസ്ഥാന പട്ടണങ്ങളിൽ ആഡംബരത്തോടും പ്രതാപത്തോടും കൂടി നിവസിക്കയും, സർക്കാരധികാരികളേയും മററും അവിടേക്കു ആകർഷിച്ചുവരുത്തുകയും, അവരുടെ വക വിനോദസമ്മേളനങ്ങളിൽ പങ്കുചേരുകയും ചെയ്യുന്ന ജർമ്മൻചാരസ്ത്രീകളും ചിലരുണ്ടു. ഏതാനും കൊല്ലങ്ങൾക്കു മുമ്പു, ഒരു ബ്രിട്ടീഷു നാവികസേനാധിപൻ നാടകം കാണ്മാൻ ചെന്നിരുന്നു. അവിടെ വെച്ചു ഒരു ജർമ്മൻ യുവതിയെ കണ്ടു ആയാൾ ഭ്രമിച്ചുപോയി. ക്രമത്തിൽ അവളുടെ പ്രേമഭാവത്തോടുകൂടിയ പരിചരണങ്ങൾക്കു ഈയാൾ പാത്രമായിത്തീൎന്നു. ഇങ്ങിനെയിരിക്കുന്ന ഘട്ടത്തിൽ ഒരു ദിവസം ഈയാൾ നാവികസൈന്യത്തെ സംബന്ധിച്ച ചില രഹസ്യങ്ങൾ തന്നെത്താൻ അറിയാതെ അവളോടു പറഞ്ഞുപോയി. പിന്നീടു അതു വെളിപ്പെട്ടുകയും, ആയാളുടെ പേരിൽ കേസ്സു നടത്തി ആയാളെ നാലുകൊല്ലത്തെ കഠിനതടവിനു ശിക്ഷിക്കയും ചെയ്തു. ജർമ്മൻചാരസ്ത്രീകളുടെ സാമർത്ഥ്യത്തിനു ഉദാഹരണമായി മറെറാരു സംഭവം കൂടി പറയാം. മെഡിറററേനിയൻ കടലിനെ സംരക്ഷിക്കേണ്ടതിലേക്കായി ജിബ്രാൾട്ടർ തുറമുഖത്തു ഒരു കൂട്ടം ബ്രിട്ടീഷുസൈന്യം സ്ഥിരമായി പാൎത്തുവരുന്നുണ്ടു. അവിടത്തെ സൈന്യഘടനയും, കപ്പലുകളെപ്പററിയ വിവരങ്ങളുമെല്ലാം ജർമ്മൻ ഗവമ്മെണ്ടു എങ്ങിനെയോ ഗ്രഹിച്ചിരിക്കുന്നുവെന്നു ബ്രിട്ടീഷു ഗവർമെണ്ടിനു അറിവാനിടയായി. അതിനെപ്പററി ഗൂഢമായി അന്വേഷണം നടത്തി. ജിബ്രാൾട്ടർ പട്ടണത്തിൽ ലാവണ്യവതിയായ ഒരു ജർമ്മൻയുവതി ഉയൎന്നസ്ഥിതിയിൽ താമസിച്ചുവരുന്നതായും, അവളെ കണ്ടു ഭ്രമിച്ചു അവിടത്തെ ഉദ്യോഗസ്ഥന്മാർ പലരും അവളുമായി കൂടിക്കലൎന്നു വിനോദിച്ചുവരുന്നതായും വിവരം കിട്ടി. അവൾ വഴിക്കാണു രഹസ്യം പുറത്തായതെന്നറിഞ്ഞു അവളെ ഉടൻതന്നെ അവിടെനിന്നു സ്ഥലംമാററിവിട്ടു.

യുദ്ധം തുടങ്ങിയ ഉടനെ ഇംഗ്ലണ്ടിൽ ഒരുലക്ഷത്തി ഇരുപതിനായിരം അന്യരാജ്യക്കാരെ ബന്തവസ്സുചെയ്യുകയും അവരിൽ 342-പേരെ തടവിൽ വെക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഇരുന്നൂറുപേർ ജർമ്മൻചാരന്മാരാണെന്നു സംശയിക്കപ്പെട്ടിരിക്കുന്നു. ലോകത്തിലെ നാനാരാജ്യങ്ങളിലേക്കും ഇത്രവളരെ ചാരന്മാരെ അയച്ച് അവരെയെല്ലാം ശരിയായി കൊണ്ടുനടത്തുന്ന ജർമ്മൻ ചാരപ്രമാണി സ്റ്റീൻഹോർ എന്ന തന്ത്രകുശലനാണ്. ഇദ്ദേഹത്തിന്നു ഒരു ബ്രിട്ടീഷധികാരിയെക്കാൾ ബ്രിട്ടീഷുരാജ്യകാര്യ രഹസ്യങ്ങൾ അറിയാമെന്നു തോന്നുന്നു. ഏതാനും കൊല്ലങ്ങൾക്കു മുമ്പു ഇദ്ദേഹം ഇംഗ്ലണ്ടിൽ ചെന്നു മഹാരാജാവു തിരുമനസ്സിലെ അതിഥിയായി ഒരുദിവസം രാത്രി കൊട്ടാരത്തിൽ പാർക്കുകയുണ്ടായിട്ടുണ്ട്. ഇദ്ദേഹം ജർമ്മൻചാരപ്രമാണിയാണെന്നു അന്നു ആരും അറിഞ്ഞിരുന്നില്ല. അതറിയാതെയാണു മഹാരാജാവു തിരുമനസ്സുകൊണ്ടു അദ്ദേഹത്തെ സൽക്കരിച്ചതു. സ്റ്റീൻഹോർ ബ്രിട്ടീഷു രാജ്യകാര്യവും രാജ്യസ്ഥിതിയും മിക്കവാറും ഗ്രഹിച്ചിട്ടുണ്ടു. ജർമ്മൻ നാവികസൈന്യവും വിമാനങ്ങളും ഇംഗ്ലണ്ടിന്റെ നേരെ ചെല്ലുവാൻ തുടങ്ങുന്നുണ്ടെങ്കിൽ ഇദ്ദേഹത്തോടാണു ആദ്യമായി വേണ്ടതൊക്കെയെല്ലാം ചോദിച്ചറിയുക. സ്റ്റീൻഹോറിനെപ്പററി കേട്ടിട്ടില്ലാത്തവർ ചുരുക്കമാണെങ്കിലും കണ്ടിട്ടുള്ളവർ അധികമില്ല. ജർമ്മൻ സർക്കാരുദ്യോഗസ്ഥന്മാരിൽത്തന്നെ, എട്ടുപത്തുപേർ മാത്രമെ അദ്ദേഹത്തെ കണ്ടിട്ടുള്ളൂ. ബർലിൻപട്ടണത്തിലെ ഒരു കൊട്ടാരത്തിൽ ഒരു ഒളിമുറിയിൽ ഇരുന്നുകൊണ്ടു അദ്ദേഹം തന്റെ ചാരദൃഷ്ടിയെ ലോകം മുഴുവൻ വ്യാപിപ്പിച്ചിരിക്കുന്നു. സ്റ്റീൻഹോർ ആദ്യകാലത്തു ഒരു ജർമ്മൻ പോലീസ്സുദ്യോഗസ്ഥനായിരുന്നു. കുററക്കാരേ കണ്ടുപിടിക്കുന്നതിൽ അദ്ദേഹത്തിന്നുള്ള സാമർത്ഥ്യം കണ്ടു ഭരണാധികാരികളുടെ ബഹുമാനത്തിന്നു അദ്ദേഹം പാത്രമായി. ബ്രിട്ടീഷുരാജ്യങ്ങളെ സംബന്ധിച്ചുള്ള ഗൂഢകാര്യാന്വേഷണങ്ങൾക്കായി അദ്ദേഹത്തെ നിയമിച്ചു. 1911-ൽ ജർമ്മൻചക്രവർത്തി ഇംഗ്ലണ്ടിൽ ചെ

ന്നിരുന്നപ്പോഠം സ്റ്റീൻഹോർ കൂടെയുണ്ടായിരുന്നു. തൻെറ കൂട്ടാളികളുൽ ഒരുവനാണെന്നാണു ഇദ്ദേഹത്തെപ്പററി കൈസർ പറഞ്ഞത്തു. കൈസറിനെ സല്ക്കരിച്ചുകൊണ്ടുള്ള എല്ലാ വിരുന്നുകളിലും ഇദ്ദേഹവും സംബന്ധിക്കയും അതിലൊന്നും ശ്രദ്ധയില്ലാത്തവനെപ്പോലെ ഭാവിച്ചിരിക്കയും ചെയ്തിരുന്നു. പ്രകൃതി പ്രഭാവംകൊണ്ടാനന്ദിക്കുന്നതിലാണു തനിക്കു അധികം താല്പര്യമുള്ളതെന്നു നടിച്ചു. സ്റ്റീൻഹോർ എന്നു ഇംഗ്ലണ്ടിൽ നാനാദേശങ്ങളിലും സഞ്ചരിച്ചു അവിടങ്ങളിലെ സ്ഥിതിഗതികളെല്ലാം ഗൂഢമായി ഗ്രഹിച്ചുവെച്ചു യുദ്ധം തുടങ്ങിയതിനുശേഷം ഇംഗ്ലണ്ടിൽ ജർമ്മൻചാരന്മാരെ വിചാരണ തുടങ്ങിയതിൽ, അവരിൽ പലരിൽനിന്നും സ്റ്റീൻഹോറിൻെറ പേർ കേഠപ്പാൻ ഇടയായപ്പോഴാണു അദ്ദേഹം ജർമ്മൻ ചാരപ്രമാണിയാണെന്ന വാസ്തവം ഇംഗ്ലീഷുകാൎക്കു അറിവാൻ കഴിഞ്ഞതു. കമ്പിയില്ലാക്കമ്പിയന്ത്രം ഗോപ്യമായി കൈവശം വെച്ചു നടക്കുക, വിമാനങ്ങളുടെ ഉപയോഗത്തിന്നു ആവശ്യമായ സാമാനങ്ങഠം മലമുകളിൽ ഒളിച്ചുവെക്കുക, കടൽക്കരയിൽ ചവിട്ടുവണ്ടി വിളക്കുകളാൽ സബ്മേറീൻ കപ്പലുകഠക്കു അടയാളം കാണിക്കുക എന്നീ സൂത്രങ്ങഠം സ്റ്റീൻഹോർ കണ്ടുപിടിച്ചിട്ടുള്ളവയാണു. ഇംഗ്ലണ്ടിൽ പാൎക്കുന്ന ജർമ്മൻചാരന്മാരുമായി അസംഖ്യം എഴുത്തുകുത്തുകഠം ഇദ്ദേഹം നടത്തിയിരിക്കാമെങ്കിലും, ഇദ്ദേഹത്തിൻെറ കൈപ്പടയിൽ ഒരെഴുത്തുമാത്രമെ ഇംഗ്ലീഷുകാൎക്കു കിട്ടീട്ടുള്ളു. ആ എഴുത്തിൽ ഒരിടത്തു കൊടുത്തിരിക്കുന്ന ഉപദേശം പ്രത്യേകം രസകരമാണു.

“ ഏതാണ്ടൊരാളെപ്പററിയ വിവരങ്ങഠം അറിയേണമെങ്കിൽ ആയാളെപ്പററി ആ നാട്ടുകാരോടു ചോദിക്കുന്നതു സൂക്ഷ്മബുദ്ധിയോടുകൂടിയായിരിക്കണം. ആരെപ്പററി അറിയേണ്ടതായിരിക്കുന്നുവോ, അവൻെറ പേർ അല്പമൊന്നു മാററിവേണം ഉച്ചരിക്കുവാൻ. അപ്പോഠം അതുകേട്ടു നില്ക്കുന്നവർ അവൻെറ ശരിയായ പേർ ഇ

ന്നാതെന്നു പറയും. അവഃനാട്ടു തനിക്കു കച്ചവടകാൎയ്യത്തിൽ സംബന്ധമുണ്ടെന്നും അതുകൊണ്ടാണു അവനെപ്പറ്റിയ വിവരങ്ങൾ അന്വേഷിക്കുന്നതെന്നും പറഞ്ഞാൽ ആൎക്കും സംശയത്തിന്നു അവകാശമുണ്ടാകയില്ല. അവനെപ്പറ്റിയ വിവരങ്ങൾ മുഴുവൻ ചോദിച്ചറിഞ്ഞുകഴിഞ്ഞാൽ, അവന്നു വയസ്സു എത്രയാണെന്നും, ആകൃതി എങ്ങിനെയെന്നും സംശയിച്ചുകൊണ്ടെന്നപോലെ ചോദിക്കണം. അതിനു മറുവടി കിട്ടിയാൽ, താൻ വിചാരിച്ച ആളും ആയാളല്ലെന്നും, ഇത്രനേരത്തെ പ്രയത്നം വെറുതെയായിപ്പോയിയെന്നും ഇച്ഛാഭംഗപ്പെട്ടവനെപ്പോലേ പോയിക്കളയണം. അപ്പോൾ മററുള്ളവൎക്കു ഇക്കാൎയ്യത്തിൻ മേലിലും സംശയത്തിനിടവരികയില്ല." ഇത്തരം ഉപദേശങ്ങളോടുകൂടിയാണു സ്റ്റീൻഹോർ തന്റെ കീഴുദ്യോഗസ്ഥന്മാരെക്കൊണ്ടു കാൎയ്യം നടത്തിക്കുന്നതു.

ഇത്രയും സമാധാനകാലത്തിലെ ചാരവിദ്യകളാണു. യുദ്ധകാലങ്ങളിൽ, ചാരന്മാർ ശത്രുക്കളുടെ കയ്യിൽ അകപ്പെട്ടുപോയാൽ മരണവിധിക്കു അൎഹരാകുമെന്നതുകൊണ്ടു, അത്യധികം ഗോപ്യമായിട്ടാണു അവരുടെ പ്രയോഗങ്ങൾ നടന്നുകൊണ്ടിരിക്കുന്നതു. അന്യരുടെ ഗൂഢവൎത്തമാനങ്ങൾ അറിയുന്നതിനു സ്വന്തം വേഷഭാവങ്ങളോടുകൂടിത്തന്നെ നടക്കുന്നവരെ സൈനിക നിയമപ്രകാരം സാധാരണ തടവുകാരുടെ കൂട്ടത്തിൽ മാത്രമേ പിടിച്ചു വെക്കുകയുള്ളൂ. കൃത്രിമ വേഷഭാവങ്ങളോടുകൂടിയവരെ പിടി കിട്ടിയാൽ ഉടൻ വെടിവെച്ചു കൊന്നുകളയും. എന്നിട്ടും അസംഖ്യംപേർ ഈ ജോലിക്കു ഏൎപ്പെടുകതന്നെ ചെയ്യുന്നു, സ്ത്രീകൾ; വൃദ്ധന്മാർ, ബാലന്മാർ എന്നിവർ കൂടിയും ചാരതന്ത്രം ശീലിച്ചു ശത്രുദേശങ്ങളിൽ ചെന്നു സ്വരാജ്യസൈന്യങ്ങൾക്കു വൎത്തമാനങ്ങൾ അറിയിച്ചുകൊടുക്കുന്നുണ്ടു. കൈവശം ഒളിച്ചുവെച്ചിട്ടുള്ള കമ്പിയില്ലാക്കമ്പിവഴിക്കും പലതരം സംജ്ഞകളെക്കൊണ്ടുമാണു ഇവർ കാൎയ്യം സ

ധിക്കുന്നതു. കമ്പികളെയും കമ്പിയില്ലാക്കമ്പികളെയും ശത്രുസൈന്യം പിടിച്ചടക്കുന്നതായാലും, തപാലുദ്യോഗസ്ഥന്മാർ എല്ലാ എഴുത്തുകുത്തുകളെയും പ്രത്യേകം പരിശോധിച്ചുമാത്രമേ പുറമേ വിടുകയുള്ളുവെന്നാലും, ശത്രുസൈന്യങ്ങൾ മുമ്പുറം മുഴുവൻ പരന്നുനിന്നു യുദ്ധം ചെയ്യുകയാണെന്നാലും, രാജ്യത്തിലെ എല്ലാഭാഗത്തും കാവലുണ്ടായിരുന്നാലും ഈ ചാരന്മാർ വളരെനാഴികദൂരെ നില്ക്കുന്ന തൻെറ പക്ഷക്കാൎക്കു എങ്ങിനെയോ വൎത്തമാനങ്ങൾ അപ്പപ്പോൾ അറിയിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ഇതിൽ ഒരു ഉപകരണം പ്രാവാണു.

യൂറോപ്പിലെ എല്ലാ മഹാശക്തികളും വൃത്താന്തവാഹങ്ങളായ പ്രാവുകളെ വളൎത്തി വരുന്നുണ്ടു. ഒരിടത്തുനിന്നു മറെറാരു പ്രത്യേക സ്ഥലത്തു പറന്നു ചെന്നിരിക്കത്തക്കവണ്ണം ഈ പ്രാവുകളെ ശീലിപ്പിച്ചിരിക്കുന്നു. ശത്രുക്കൾ ചുററിവളഞ്ഞ കോട്ടകളിൽ നിന്നും ആപത്തിൽപ്പെട്ട ദേശങ്ങളിൽ നിന്നും മററും ഭടന്മാർ ഈ പ്രാവുകൾ വഴിക്കു വേണ്ടതത്രവരെ വൎത്തമാനം അറിയിക്കുന്നു. ഇവ ഒരു നിമിഷംകൊണ്ടു ഒരു നാഴികവീതം പറന്നുചെല്ലും. ഇത്തരം പക്ഷികളെക്കൊണ്ടു കാൎയ്യം നടത്തുന്നതിൽ ബെൽജിയംകാരാണു അധികം വിദഗ്ദ്ധന്മാർ. അവിടെ കൊല്ലംതോറും ഈ പ്രാവുകളുടെ വേഗത്തെ പന്തയംവെച്ചു പരീക്ഷിക്കാറുണ്ടു. ഒരിക്കൽ ഒരു പ്രാവു മൂന്നേകാൽ മണിക്കൂറുകൊണ്ടു 270 നാഴികദൂരം പറന്നുചെല്ലുകയുണ്ടായി. ഈ പ്രാവുകൾ എത്രദൂരെ ഏതു ദേശത്തു ചെന്നാലും, സ്വന്തം കൂട്ടിൽത്തന്നെ മടങ്ങിയെത്തുന്നതിനു പ്രത്യേകം സാമൎത്ഥ്യമുള്ളവയാണു. അവയെപ്പിടിച്ചു അന്യദേശങ്ങളിൽ എത്രകാലം പാൎപ്പിച്ചാലും സ്വന്തം കൂടു മരണംവരെ മറക്കുന്നില്ല. വൎത്തമാനം അറിയിക്കുന്നതിനായി ഇവയെ അയയ്ക്കുമ്പോൾ കഴുത്തിലോ ചിറകിനുള്ളിലോ എഴുത്തിനെ ഉറപ്പിച്ചുവെക്കുന്നു. ഈ എഴുത്തുകൾ അധികം കനമുള്ളതായിരുന്നാൽ പ്രാവുകൾക്കു അധികം ബു

രം ചുമന്നുകൊണ്ടു പറക്കുവാൻ കഷ്ടസാധ്യമായി വരുമല്ലൊ. വ ത്തമാനങ്ങളെല്ലാം വിസ്തരിച്ചെഴുതിയ പിന്നെ ആ കടലാസ്സി ൽ ഛായായന്ത്രം പ്രയോഗിച്ച മറെറാരു ചെറുകടലാസ്സിൽ ചുരു ക്കിയെടുക്കുന്നു; ആ കടലാസ്സിനെയാണ് പ്രാവുകളെക്കൊണ്ടു വ ഹിപ്പിക്കുന്നതു. നിർദ്ദിഷ്ടസ്ഥലത്തെത്തിയാൽ, ആ എഴുത്തിനെ ഭൂതക്കണ്ണാടിയിൽ കൂടി നോക്കി വായിച്ചറികയും ചെയ്യുന്നു. ഒരു വത്തമാനപത്രത്തിന്റെ വലിപ്പത്തിൽ പതിനാറു ഭാഗങ്ങളും നി റയെ എഴുതീട്ടുള്ള ഒരു കത്ത ഛായായന്ത്രം പ്രയോഗിച്ച മറെറാരു കടലാസ്സിൽ ചുരുക്കിയെടുത്താൽ, അതു ഒരു തൂശിയിൽ ചുരുട്ടിവെ ക്കാവുന്ന വിധം അത്ര ചെറുതായിരിക്കും. അതുകൊണ്ടു, വളരെ വിസ്തരിച്ചെഴുതിയ കത്തുകൾ കൂടിയും നന്നെച്ചെറുതാക്കി പ്രാവു കളുടെ ചിറകിന്നടിയിൽ മറച്ചുവെപ്പാനും ആ പ്രാവുകൾക്കു അ വ ഭാരം കൂടാതെ ചുമന്നു പറക്കുവാനും കഴിയുന്നതാണല്ലൊ. ഇ ത്തരം പ്രാവുകളെക്കൊണ്ടുള്ള പ്രയോഗം തുടങ്ങീട്ടു വളരെക്കാലമാ യിരിക്കുന്നു. 1870 ൽ നടന്ന പ്രഞ്ചു ജർമ്മൻ യുദ്ധത്തിൽ പാരീ സ്സുകോട്ടയെ ചുററി വളഞ്ഞിരുന്നപ്പോൾ ഈ പ്രാവുകളെ ധാരാ ളമായി ഉപയോഗപ്പെടുത്തിയിരുന്നു. അതിൽപ്പിന്നീടാണ് മററു പല രാജ്യങ്ങളും ഈ വിഷയത്തിൽ പ്രവേശിച്ചതു. പ്രാവുകളെ ക്കൊണ്ടു മറെറാരുകാര്യംകൂടി നിവ്വഹിച്ചുവരുന്നുണ്ടു. അവയുടെ മാ റിടത്തിൽ എത്രയും ചെറിയ ഒരുതരം ഛായഗ്രഹണ യന്ത്രം കെ ട്ടി, ശത്രുസൈന്യസ്ഥാനങ്ങളിലേക്കു പറക്കുവാൻ വിടുന്നു. ആ ഛായായന്ത്രം ഓരോ നിമിഷത്തിൽ ഓരോന്നുവീതം, തന്നെത്താൻ മാറിമാറി പടമെടുത്തുകൊണ്ടിരിക്കും. അവ മടങ്ങിയെത്തിയാൽ, ഛായായന്ത്രം അഴിച്ചെടുത്തു അതിലെ പടങ്ങൾ ഒന്നൊന്നായി ഭൂ തക്കണ്ണാടിയിൽ കൂടി നൊക്കി ശത്രുസൈന്യസ്ഥാനത്തിലെ സ്ഥിതിഗ തികളെല്ലാം മനസ്സിലാക്കുകയും ചെയ്യുന്നു.

ജൎമ്മൻചാരതന്ത്രങ്ങൾ പലതുമുള്ളതിൽ ഒന്നാണു യുദ്ധരാജ്യങ്ങളിൽനിന്നു ചിത്രങ്ങൾ വരച്ചുണ്ടാക്കി, അവയെ മദ്ധ്യസ്ഥരാജ്യങ്ങൾക്കു ചിറവു ആവഴിക്കു ജൎമ്മനിയിൽ എത്തിച്ചുകൊടുക്കുന്നതു. പ്രകൃതിവിഭവങ്ങളാണു ചിത്രങ്ങളിലെ വിഷയം എന്നിരുന്നാലും, അതിൽ മറവുള്ളവക്കു സംശയമുണ്ടാവാതിരിക്കുന്നതിനായി താറുമാറായിട്ടാണു വരച്ചുണ്ടാക്കുക. മനോഹരമായ ഒരു ഉദ്യാനവും, അതിൽ പലതരം വൃക്ഷലതാദികളും, ലതാഗൃഹങ്ങളും വേലികളും, അടങ്ങിയ ഒരു ചിത്രം ഒരു ജൎമ്മൻ ചാരൻ ജൎമ്മനിയിലെത്തിച്ചുകൊടുത്താൽ, അവിടെ അതിനെ ശത്രുരാജ്യത്തിലെ ഒരു പട്ടണത്തിന്റെ ചിത്രമായിട്ടാണു തീരുക. , ലതാഗൃഹങ്ങൾ കോട്ടകളും, വൃക്ഷങ്ങൾ പീരങ്കികളും, പടപ്പുകൾ പീരങ്കിസ്ഥാനങ്ങളും വേലികൾ മുൾക്കോമ്പുവേലികളുമാണു. ജൎമ്മൻസൈന്യാധിപൻ ഈ ചിത്രംവഴിക്കു ശത്രുപട്ടണത്തിന്റെ സ്ഥിതിഗതികളെല്ലാം മനസ്സിലാക്കിക്കഴിയുന്നു. തുറമുഖങ്ങളിലെ സ്ഥിതിയെയും ഇത്തരം ചിത്രങ്ങൾ വഴിക്കു അറിയിക്കുന്നുണ്ടു. ചിലപ്പോൾ, സാധാരണ വൎത്തമാനങ്ങൾ എഴുതിഅയയ്ക്കുന്ന കത്തിൽ മറുപുറത്തു അദൃശ്യമായ രീതിയിൽ ഒരുതരം ദ്രാവകം പ്രയോഗിച്ചു വിവരങ്ങൾ എഴുതി അറിയിക്കാറുമുണ്ടു. ഈ യുദ്ധം തുടങ്ങിയ ഉടനെ ബെൽജിയത്തിലും ഫ്രാൻസിലുമുള്ള ജൎമ്മൻ ചാരന്മാർ അവരുടെ സൈന്യം ഓരോദേശത്തിലെത്തുമ്പോൾ, അവിടങ്ങളിലും അതിനപ്പുറത്തുമുള്ള ശത്രുസൈന്യസ്ഥിതി അറിയിച്ചുകൊടുക്കുവാൻ 'മറെറാരു വിദ്യ പ്രയോഗിച്ചിരിക്കുന്നു. വീഥികളിലെ വീട്ടുവാതിലുകളിലും ചുമരുകളിലും മതിലുകളിലും മറവും പലതരം മൃഗങ്ങളുടെ ചിത്രങ്ങൾ തീരെ വികൃതമായി എഴുതിയിരിക്കുന്നതു കാണുകയുണ്ടായി. അതു ബാലന്മാർ കളിയായിവരച്ചവയാണെന്നാണു ആദ്യം, തോന്നിയതു. എന്നാൽ അവയെല്ലാം ജൎമ്മൻചാരന്മാർ പ്രയോഗിച്ച ഓരോതരം സംജ്ഞകളാണെന്നു പിന്നീടറിഞ്ഞു. ഫ്രാൻസിലെ ഓരോദേശങ്ങളിൽ ജൎമ്മൻ ചാരന്മാർ

വണ്ണാന്മാരുടെ ജോലിയിൽ പ്രവേശിച്ചു വസ്ത്രങ്ങൾ അലക്കികൊണ്ടു. ആവഴിക്കും അവരുടെ കൂട്ടുകാരെ ഗൂഢവൎത്തമാനങ്ങൾ അറിയക്കലുണ്ടായിയെന്നു കണ്ടുപിടിച്ചിരിക്കുന്നു. പലതരം വസ്ത്രങ്ങളെക്കൊണ്ടും അവ ഉണക്കുവാനിടുന്ന ക്രമത്തെക്കൊണ്ടും ഓരോസംഗതികൾ അടയാളപ്പെടുത്തുകയാണു ചെയ്തിരിക്കുന്നതു. സ്വന്തം സൈന്യം പ്രയോഗിക്കുന്ന പീരങ്കിയുണ്ടകൾ നിൎദ്ദിഷ്ടസ്ഥാനത്തിൽവന്നു വീഴുന്നുണ്ടോ എന്നു അറിയിക്കുന്നതിനും ശത്രുക്കളുടെ പീരങ്കിസ്ഥാനങ്ങൾ കാണിച്ചുകൊടുക്കുന്നതിനുമായി സൂൎയ്യകിരണങ്ങൾ പ്രതിഫലിക്കുന്നതായ കണ്ണാടികൾകൊണ്ടു ഓരോരോ സംജ്ഞകൾ കാണിക്കാറുണ്ടു. ഓരോവീടുകളിലിരുന്നു അടുക്കളയിലെ പുകക്കുഴൽവഴിക്കു പുക അധികമായും കുറവായും പുറത്തേക്കു വിടുന്നതുകൊണ്ടും ഓരോകാൎയ്യങ്ങൾ കൂട്ടുകാരെ ഗ്രഹിപ്പിക്കാമെന്നു വെച്ചിട്ടുണ്ടു ഒരു ഫ്രഞ്ചുപട്ടണത്തിൽ വലിയൊരു ഗോപുരത്തിന്മേൽ സ്ഥാപിച്ചിട്ടുള്ള ഘടികാരത്തിലെ മുനകളെ ഒരു ജൎമ്മൻ ചാരൻ അങ്ങുമിങ്ങുമായി ചുറ്റിത്തിരിച്ചുകൊണ്ടു ദൂരെ നില്ക്കുന്ന തന്റെ സൈന്യത്തിനു പല സംഗതികളും അറിവുകൊടുക്കയുണ്ടായി. ഫ്രഞ്ചു അതിൎത്തിയിൽ ബ്രിട്ടീഷുസൈന്യം എതിൎത്തുനില്ക്കുമ്പോൾ ഒരിക്കൽ ബ്രിട്ടീഷു വെടിക്കോപ്പുപട പോൎക്കളത്തിലേക്കു പോയിക്കൊണ്ടിരിക്കയായിരുന്നു. അപ്പോൾ വളരെ ദൂരത്തിൽനിന്നു ഒരു ബ്രിട്ടീഷുമോട്ടോർവണ്ടി പാഞ്ഞെത്തി അതിലുണ്ടായിരുന്ന ഒരു ബ്രിട്ടീഷു ഉദ്യോഗസ്ഥൻ, ആ വഴിക്കു ഒരു ജൎമ്മൻ കുതിരപ്പട്ടാളം ഗൂഢമായിവന്നെത്തുന്നുണ്ടെന്നു വെടിക്കോപ്പുപടയെ അറിയിച്ചു മറെറാരുവഴിക്കു പോയിക്കളഞ്ഞു. ആ വെടിക്കോപ്പു പടയാവട്ടെ, ജൎമ്മൻകുതിരപ്പട്ടാളത്തോടു എതിൎക്കാനായി പുറപ്പെട്ടു. അവർ വളരെ ദൂരം ചെന്നിട്ടും, അത്രയുംനേരം യാത്രതാമസപ്പെട്ടുപോയിയെന്നല്ലാതെ, ജൎമ്മൻകുതിരപ്പട്ടാളത്തെ കാണുകയുണ്ടായില്ല. ഈ വൎത്തമാനം അവരെ അറിയിച്ചയാൾ ഒരു ജൎമ്മൻ ചാരനാണെന്നു അവൎക്കു പിന്നീടു അ

റിവുകിട്ടി. ഇംഗ്ലണ്ടിലുണ്ടാക്കിയ ഒരു മൊട്ടോർവണ്ടി കൈവശപ്പെടുത്തി, ഇംഗ്ലീഷുകാരന്റെ വേഷംധരിച്ചു വണ്ടിയിൽകയറിവന്ന ജർമ്മൻചാരനാണു ആയാൾ. ആയാളെ ഒരു ബ്രിട്ടീഷു കുതിരപ്പട്ടാളം സംശയിച്ചുപിടിക്കയും സത്യം വെളിപ്പെടുകയാൽ വെടിവെച്ചുകൊല്ലുകയുംചെയ്തു.

ഇങ്ങിനെ, ചാരന്മാരുടെ വിദ്യകൾ പലതരമുണ്ടു. അതിൽ പലതും ഇന്നും പുറമേ അറിഞ്ഞിട്ടില്ലാത്തവയാണു. വെളിപ്പെട്ടിട്ടുള്ള സൂത്രങ്ങളിൽ ചിലതു മേലേ കൊടുത്തിരിക്കുന്നുവെന്നേയുള്ളൂ. ഈ യുദ്ധം തുടങ്ങിയതിൽപ്പിന്നെ അനേകം ചാരന്മാർ മരണവിധിക്കു കീഴ്പെട്ടിട്ടുണ്ടു. മരണസമയത്തു ഒട്ടും കൂസലില്ലാതെ നില്ക്കുന്ന ഇവരുടെ ഭാവം വിസ്മയകരമാൺ. സ്വന്തംരാജ്യത്തിനുവേണ്ടി ഇവർ സ്വന്തം ജീവനെ തൃണവൽകരിച്ചിരിക്കയാണു. വെടിവെച്ചുകൊല്ലുന്ന സമയത്തു ഇവരിൽ ചിലർ കണ്ണുകെട്ടുന്നതിനായും മററുചിലർ മദ്യംസേവിക്കുന്നതിനായും ആവശ്യപ്പെടാറുണ്ടു. കണ്ണുകെട്ടി ഒരു മരത്തോടുചേർത്തുനിർത്തി മാറിനുനേരേ തോക്കൊഴിച്ചാണു ഇവരെ കൊല്ലുന്നതു. ഇങ്ങിനെ മരിക്കുവാൻ തയാറായി ചാരവൃത്തിയിൽ പ്രവേശിക്കുന്നവർ ഒന്നുകിൽ മുഴുത്ത പണക്കൊതിയന്മാരോ, അല്ലെങ്കിൽ ധീരന്മാരായ ദേശാഭിമാനികളോ ആണു.

## വിമാനം.

പക്ഷികളെപ്പോലെതന്നെ മനുഷ്യർക്കും ആകാശത്തിൽ കൂടി എന്തുകൊണ്ടു പറന്നുകൂടാ എന്ന ചോദ്യം തുടങ്ങീട്ടു നൂററാണ്ടുകൾ പലതുകഴിഞ്ഞു. ഈ വിഷയത്തിൽ ഫ്രാൻസിലാണു ആദ്യമായി ശ്രമം തുടങ്ങിയതു. 1660-ലും, 1678-ലും യന്ത്രച്ചിറകുകളുണ്ടാക്കി പറക്കുന്നതിനു ഓരോ ശ്രമം നടന്നു. 1783-ൽ വായുക്കൂടം കണ്ടുപിടിച്ചപ്പോൾ, ചിറകുകളെ വിട്ടു വായുവിനെ സ്വാധീനപ്പെടുത്തുവാൻ

ശ്രമം തുടങ്ങി. വായുവിന്നു ചൂടുതട്ടുംതോറും വ്യാപകശക്തി ഏറുകയും കനം കുറയുകയും ചെയ്യും. ഭൂമിക്കു സമീപമായുള്ള വായു സൂൎയ്യനിൽനിന്നു അധികം ദൂരപ്പെട്ടതും ജലസമ്പൎക്കമുള്ളതുമാകകൊണ്ടു കനംകൂടിയാണിരിക്കുന്നതു. ആകാശത്തിൽ മേല്പോട്ടു ചെല്ലുന്തോറും സൂൎയ്യകിരണങ്ങളോടു അധികമധികം സമീപിക്കുന്നതിനാൽ വായുവിന്റെ കനം കുറഞ്ഞുകുറഞ്ഞു പോകുന്നു. കനം കുറഞ്ഞ ഒരു മരക്കഷണം വെള്ളത്തിന്നടിയിൽ വെച്ചാൽ, അതു ഉടൻ പൊങ്ങി വെള്ളത്തിന്മീതെ പാറുന്നതു നാം കാണുന്നുണ്ടല്ലോ. അതുപോലെ കനംകുറഞ്ഞ വായു കനംകൂടിയവായുവിന്റെ മീതെ ഉയൎന്നു പാറിനില്ക്കുന്നു. ചൂടുപിടിപ്പിച്ച വായുവിനെ ഒരു കൂടിൽ അടച്ചു ആ കൂടിനെ മേല്പോട്ടു വിട്ടപ്പോൾ അതു ആകാശത്തിൽ പാറിപ്പോകുന്നതായി കണ്ടു. ഇതിൽനിന്നാണു ആകാശയാനത്തിന്റെ കണ്ടുപിടിത്തം. പിന്നീടു, വായുവിൽ പലതരം വസ്തുക്കൾ കൂടികലൎന്നിരിക്കുന്നതായി പരിശോധിച്ചറിഞ്ഞു. ഇതിൽവെച്ചു എത്രയും കനംകുറഞ്ഞ വസ്തുവാണു ഹൈഡ്രജൻ. വായുവിൽനിന്നു ഹൈഡ്രജനെ പിരിച്ചെടുത്തു ഉപയോഗിക്കുന്നതായാൽ, സാക്ഷാൽ വായുവിനെ ചൂടുപിടിപ്പിക്കുക എന്ന പ്രയത്നം കൂടാതെ ആകാശത്തിൽ ഉയരുവാൻ കഴിയുമെന്നു മനസ്സിലാക്കി 1785-ൽ ഒരു ഫ്രഞ്ചുകാരൻ ഹൈഡ്രജൻ വായു നിറച്ച ഒരു കൂട്ടുണ്ടാക്കി, അതിൽ ഒരു പെട്ടി കെട്ടിത്തൂക്കി, ആ പെട്ടിയിലിരുന്നുകൊണ്ടു മേലേ പാറന്നു, 23 നാഴിക അകലമുള്ള ഇംഗ്ലീഷുകടൽ കടന്നുചെല്ലുകയുണ്ടായി. പിന്നെ, 50 കൊല്ലങ്ങൾ കഴിഞ്ഞിട്ടാണു മറെറാരുവനും അതേവിധം ചെയ്തതു. ഇത്തരം ആകാശക്കൂടങ്ങൾ കാററിന്റെ ഗതിക്കനുസരിച്ചു പറക്കുന്നതല്ലാതെ, മനുഷ്യർക്കു അതിനെ ഇഷ്ടംപോലെ കൊണ്ടുനടത്തുവാൻ കഴിഞ്ഞിരുന്നില്ല. മോട്ടോർ ആവിയന്ത്രങ്ങൾ കണ്ടുപിടിച്ചതിൽപ്പിന്നെയാണു, കാററിനെ അതിലംഘിച്ചു ചരിക്കത്തക്കവണ്ണം വിമാനങ്ങൾ നിൎമ്മിച്ചു തുടങ്ങിയതു. മോട്ടോർ ആവിയന്ത്രങ്ങൾ ശക്തികൂടിയവതന്നെയെങ്കിലും, വലിപ്പവും കനവും ഏററ കുറഞ്ഞവയാണല്ലോ. ഇത്തരം യന്ത്രങ്ങളെ പെട്രോൾ എന്ന ഒരുതരം എണ്ണകൊണ്ടു പ്രവൎത്തിപ്പിച്ചു വിമാനങ്ങളിൽ ഉപയോഗിച്ചപ്പോൾ തൃപ്തികരമായ ഫലം കണ്ടു

ഹൈഡ്രജൻവായു നിറച്ചുണ്ടാക്കിയ കൂടത്തെ വായുപ്പരപ്പിൽ ഉയത്തിവിട്ടു അതിനെ ആവിയന്ത്രംകൊണ്ടു അവരവരുടെ ഇഷ്ടംപോലെ ചരിപ്പിക്കാമെന്നു വന്നതോടുകൂടി വിമാനങ്ങളുടെ നേരേ പരിഷ്കൃതരാജ്യങ്ങളുടെയെല്ലാം ശ്രദ്ധ തിരിഞ്ഞു. ഇത്തരം വിമാനങ്ങളെ, പ്രതിപാദനസൌകൎയ്യത്തിനുവേണ്ടി ആകാശയാനം എന്നു നാം പേർവിളിക്കുക. പരുത്തിയും റബ്ബറും ചേൎത്തുണ്ടാക്കിയ ഒരു തരം തുണികൊണ്ടാണു ആകാശയാനങ്ങൾക്കുള്ള വായുകൂടം പണിതീൎക്കുന്നതു ഹൈഡ്രജൻ വായു ധാരാളമായി നിറച്ചിരിക്കേണ്ടതാകകൊണ്ടു ഈ കൂടം എത്രയും വമ്പിച്ച ഒന്നാണു. അതു ഏറെക്കുറെ ഒരുവക നീളൻ കത്തിരിക്കായുടെ ആകൃതിയിലാണിരിക്കുക. ഒരു തല കൂൎത്തുകൊണ്ടും മറുതല പരന്നുരുന്നുകൊണ്ടുമാണു എതിരിൽ അടിച്ചുവരുന്ന കാററിൽക്കൂടി തുളച്ചു മുന്നോട്ടു പായുന്നതിനു വേണ്ടിയാണു ഈ വായുകൂടത്തെ നീളത്തിൽ പണിചെയ്യുന്നതു. കൂടത്തിങ്കീഴിൽ ഒരു തൊട്ടിൽകെട്ടിത്തൂക്കി അതിൽ ആവിയന്ത്രം ഘടിപ്പിച്ചു അതിൽത്തന്നെ ആളുകൾ കയറിയിരിക്കുന്നു. ആകാശത്തിൽ ഉയൎന്നു പാറി നില്ക്കുവാൻ വേണ്ടിയാണ് കൂടം. യന്ത്രത്തെക്കൊണ്ടു വിമാനത്തെ ഓടിക്കുകയും ചെയ്യുന്നു.

വായു ഒരു മൃദുപദാൎത്ഥമാകകൊണ്ടു ശീതോഷ്ണഭാവം അതിനെ എളുപ്പത്തിൽ ബാധിക്കുമല്ലൊ. ആകാശത്തിൽ ചിലപ്പോൾ ചൂടു അധികമായും ചിലപ്പോൾ തണുപ്പു അധികമായുമിരിക്കയെന്നതു സാധാരണമാണു. ഉഷ്ണം വൎദ്ധിക്കുംതോറും കൂടത്തിലെ വായു പരന്നു പരന്നു തിങ്ങിവിങ്ങുകയും, ശീതസമയത്തു വായു ഇടുങ്ങിത്തുടങ്ങുകയും ചെയ്യുന്നു. വായു പരക്കുമ്പോൾ കൂടത്തിനു നാശമുണ്ടായിയെന്നു വന്നേക്കാം. വായു ഇടുങ്ങുകയാണെങ്കിൽ യാനത്തിന്റെ ഗതിക്കു മാന്ദ്യം ഭവിക്കും. ഈ രണ്ടു ദോഷങ്ങളും നേരിടാതിരിക്കേണമെങ്കിൽ, ശീതോഷ്ണബാധയുണ്ടാവാതിരിക്കത്തക്കവണ്ണമായിരിക്കണം കൂടം നിൎമ്മിക്കുന്നതു. ഇതിനു രണ്ടുതരം ഉപായങ്ങൾ കണ്ടുപിടിച്ചിട്ടുണ്ടു. വായുകൂടത്തിനുള്ളിൽ, സാധാരണതരം കാററു നിറച്ചു ഒരു സഞ്ചി അടക്കിവെക്കുന്നു. ആ സഞ്ചിയിൽനിന്നു ആവ

ശ്യംപോലെ കാററു ഒഴിച്ചുവിടുകയൊ, അതിൽ വീണ്ടും കാററു നിറയ്ക്കുകയൊ ചെയ്യുന്നതിനായി കൂടത്തിൻെറ വെളിയിൽ ദ്വാരം വെച്ചിട്ടുണ്ടു. ഹൈഡ്രജൻ വായു ഉഷ്ണത്താൽ പരന്നു തിങ്ങുമ്പോൾ സഞ്ചിയിലെ കാററിനെ, വേണ്ടെടത്തോളം ഒഴിച്ചുവിടുന്നു. അപ്പോൾ, പരന്നു തിങ്ങുന്ന വായുവിനു കൂടത്തിനുള്ളിൽത്തന്നെ സ്ഥലം കിട്ടുന്നു. ഹൈഡ്രജൻ വായു ശീതാധിക്യത്താൽ ഇടുങ്ങിപ്പോകുകയാണെങ്കിൽ, സഞ്ചിയിൽ അധികം കാററു നിറച്ചുകൊടുത്തു കൂടത്തിൻെറ കനവും വലിപ്പവും മുൻനിലയിൽത്തന്നെ ആകുന്നു. ഇനി മറെറാരുപായമുള്ളതു വായുക്കൂടത്തെ മരപ്പലകകൾകൊണ്ടു ഉറപ്പായി ചുററി മൂടുകയെന്നതാണു. അപ്പോൾ, ശീതോഷ്ണഭാവം അധികമായി ഉള്ളിലേക്കു കടക്കുന്നില്ല; ഒട്ടൊട്ടു കടക്കുന്നതായാൽത്തന്നെ, കൂടത്തിൻെറ വെളിപ്പുറത്തെ ബാധിക്കുന്നില്ലെന്നതിനാൽ, കാററുതന്നെ പിളൎന്നുകൊണ്ടുള്ള ഗതിക്കു മാന്ദ്യം ചേരുന്നില്ല. വേറെചില വിമാനങ്ങളിൽ അടിപ്പുറത്തിൽ മാത്രമെ ചുററി മൂടുന്നുള്ളു.

ഇങ്ങിനെ, ഇപ്പോൾ മൂന്നുതരം ആകാശയാനങ്ങൾ നടപ്പിലിരിക്കുന്നുണ്ടു. അപ്പപ്പോൾ ബാധിക്കുന്ന ശീതോഷ്ണഭാവത്തിനു തക്കവണ്ണം കൂടത്തിനുള്ളിലുള്ള വായുവിനെ കുറയ്ക്കുകയും പെരുക്കുകയും ചെയ്വാൻ തക്കവണ്ണം അതിനകത്തു കാററു നിറച്ച സഞ്ചി അടക്കിവെച്ചിട്ടുള്ള വിമാനങ്ങളെ, ആവശ്യം കഴിഞ്ഞാൽ അതിലെ വായുവിനെ ഒഴിച്ചുകളഞ്ഞു കൂടത്തെ ചുരുട്ടിമടക്കി, തോന്നുന്നിടത്തെല്ലാം കൊണ്ടുപോകുന്നതിന്നു നല്ല സൌകൎയ്യമുണ്ടു. ഇത്തരം വിമാനങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന തൊട്ടിൽ കീഴെ അധികം നീളത്തിൽ തൂങ്ങിനില്ക്കുന്നതുകൊണ്ടു ഇതിലുള്ള യന്ത്രത്തിനു വായുക്കൂടത്തെ ഒപ്പം വലിച്ചുകൊണ്ടു പോകുന്നതു ഏററ ക്ലേശകരമായിത്തീരുന്നു. അതുകൊണ്ടു ഈ വിമാനങ്ങൾക്കു വേഗം കുറയും, അടിപ്പുറത്തുമാത്രം ചട്ടംകെട്ടിയ വിമാനങ്ങളിലെ തൊട്ടിൽ അധികം തൂങ്ങിനില്ക്കുന്നില്ലെന്നതുകൊണ്ടു ആദ്യത്തേതിനേക്കാൾ വേഗത കൂടും. കൂടത്തിൻെറ മേൽപ്പുറം മൂടിക്കെട്ടീട്ടില്ലാത്തതിനാൽ, വായുവിനെ ഒഴിച്ചുകളഞ്ഞു ചുരുട്ടിമടക്കി തോന്നുന്നിടത്തെല്ലാം കൊണ്ടുപോകുന്നതിനും

അസൌകൎയ്യമില്ലതാനും. ഈ രണ്ടുതരം ആകാശയാനങ്ങളാണു ഫ്രാൻസിലും ഗ്രേറ്റബ്രിട്ടനിലും ഇപ്പോൾ ഉപയോഗത്തിലിരിക്കുന്നതു. വായുക്കൂടത്തെ മുഴുവൻ ചുററി മൂടിയ വിമാനങ്ങളിലെ തൊട്ടിൽ അതിനോടു തൊട്ടുകൊണ്ടുതന്നെയാണു കെട്ടിയിരിക്കുന്നതു. ശീതോഷ്ണഭാവബാധയാൽ അതിനു ആകൃതിഭേദമുണ്ടാകുന്നില്ലാ, എന്നതിനാൽ വായുമണ്ഡലത്തിൽ വളരെ വേഗം സഞ്ചരിപ്പാൻ കഴിയും. എന്നാൽ, ഏറെ വമ്പിച്ച ഈ വായുക്കൂടത്തെ, ഉപയോഗം കഴിഞ്ഞതിൽപ്പിന്നെയും അതേവിധം ഒരിടത്തു വെച്ചിരിക്കുകയെന്നല്ലാതെ, മറെറാരിടത്തേക്കു കൊണ്ടുപോകുകയെന്നതു കഷ്ടസാദ്ധ്യമാണു. ഈ തരത്തിൽപ്പെട്ടവയാണു ജർമ്മനിയിലെ സെപ്പലിൻ വിമാനങ്ങൾ. ഇത്രയും പറഞ്ഞതു ആകാശയാനങ്ങളെപ്പററിയാണു. നമുക്കു ചുററും അടിച്ചുകൊണ്ടിരിക്കുന്ന കാററിനെക്കാൾ കനം കുറഞ്ഞതായി, അതിന്മീതെ ഉയൎന്നു ചരിക്കുന്ന വിമാനങ്ങളെ ആകാശയാനങ്ങളെന്നും, കാററിനെക്കാൾ കനം കൂടിയതാണെങ്കിലും, യന്ത്രപ്രയോഗത്താൽ ആകാശത്തിൽ ഉയൎന്നു ചരിക്കുന്ന മറെറാരു തരം വിമാനങ്ങളെ ആകാശരഥങ്ങളെന്നും പ്രതിപാദനസൌകൎയ്യത്തിനുവേണ്ടി ഇവിടെ പേർ കൊടുത്തിരിക്കുന്നു. ഇനി, ആകാശരഥങ്ങളുടെ സ്ഥിതിഗതികൾ എന്തെന്നു നമുക്കു ചെന്നു നോക്കുക.

കാററുകാലങ്ങളിൽ കുട്ടികൾ പട്ടംപറപ്പിച്ചു കളിക്കുന്നതു നാം കാണുന്നുണ്ടല്ലോ. ഇതിനെ അനുസരിച്ചുകൊണ്ടാണു ആകാശരഥം നിർമ്മിച്ചിരിക്കുന്നതു. പട്ടം കാററിനെക്കാൾ കനം കൂടിയതാണു. അതിനെ കാററിനെതിരായി വിട്ടു, കയർകെട്ടി ഇഴുത്തുപിടിക്കുന്നതുകൊണ്ടു അതു മേലോട്ടുയരുന്നു. പട്ടത്തിന്റെ നേരെ കാററു അതിശക്തിയോടെ അടിക്കുകയും, അതേസമയത്തു ആ പട്ടത്തെകയറുകൊണ്ടു വലിച്ചുപിടിക്കയും ചെയ്യുംതോറും പട്ടം ഉയൎന്നുയൎന്നു പോകുന്നതുനാം കണ്ടിട്ടുണ്ടല്ലോ. ആകാശരഥങ്ങളുടെ വിദ്യയും ഇതുതന്നെയാണു. അതിലെ പിൻയന്ത്രങ്ങൾ രഥത്തെ പിന്നോട്ടു വലിക്കുകയും മുൻയന്ത്രങ്ങൾ കാററിനെ ഇളക്കിവിട്ടു അതിൽക്കൂടി മുന്നോട്ടു പായുകയും ചെയ്യുന്നു. ഈ തരം വിമാനങ്ങളെ ഭൂമിയിൽക്കൂടി കുറെദൂരം

ഓടിച്ചുവിട്ടു കാററിനെ ഇളക്കി വിട്ടതിൽപ്പിന്നീടുമാത്രമേ ആകാശത്തിലേക്കു ഉയൎത്തുകയുള്ളു. ഭൂമിയിൽക്കൂടി ഓടുന്നതിനു ഈ വിമാനങ്ങളിൽപ്രത്യേകം ചക്രങ്ങളുണ്ടു. വായുമണ്ഡലത്തിൽ ഉയൎന്നുകഴിഞ്ഞാൽ യന്ത്രശക്തിയാൽ കാററിനെ പിളൎന്നുകൊണ്ടു വിമാനം അതിവേഗത്തിൽ ചരിച്ചുതുടങ്ങുകയായി. കപ്പലുകൾ യന്ത്രപ്രയോഗത്താൽ വെള്ളത്തിന്മീതേ അതിവേഗം തുഴഞ്ഞു നീന്തുകയാണല്ലോ ചെയ്യുന്നതു. അതുപോലേ, ഈ വിമാനങ്ങളും വായുമണ്ഡലത്തിൽ കൂടി തുഴഞ്ഞു തുഴഞ്ഞുകൊണ്ടുതന്നെയാണു ഓടുന്നതു. ഇതിന്റെ മുമ്പുറത്തു വിശറിപോലെയുള്ള തുഴക്കോലുകൾ ഘടിപ്പിച്ചിട്ടുണ്ടു. ഏറെക്കുറെ പക്ഷികളുടെ ആകൃതിയിലാണു ആകാശരഥങ്ങൾ നിൎമ്മിച്ചിരിക്കുന്നതു. ഇതിൽ ചിലതു ഒരേനിലയോടും ചിലതു രണ്ടു നിലകളോടും കൂടിയിരിക്കും. ഒരു നില മാത്രമുള്ളതിനു മോണോപ്ലെയിൻ എന്നും രണ്ടു നിലകളുള്ളതിനു ബൈപ്ലെയിൻ എന്നുംപറയുന്നു. മോണോപ്ലെയിനിൽ വിമാനത്തിന്റെ മേൽപ്പുറത്തു ഇടനീളത്തിൽ, പക്ഷികൾ ചിറകു വിരിച്ചപോലേ നിലകെട്ടിയിരിക്കും. ബൈപ്ലെയിനിൽ മേൽത്തട്ടിനു പുറമേ, കീഴ്ത്തട്ടും കൂടിയുണ്ടു. വിമാനത്തിന്റെ ഇടതു വലതു ഭാഗങ്ങളിൽ ചിറകുപോലെ നീണ്ടുനില്ക്കുന്ന ഈ തട്ടുകളാണു വിമാനത്തിനു ആകാശത്തിൽ പാറിനില്ക്കുവാൻ ഇടയാക്കുന്നതു. അടിത്തട്ടിൽ മുമ്പുറത്തായി ആവിയന്ത്രവും തുഴക്കോലുകളും ഘടിപ്പിച്ചിരിക്കുന്നു. യന്ത്രത്തിന്റെ മുന്നിലായുള്ള ഈ തുഴക്കോലുകൾ രണ്ടോ നാലോ കവച്ചങ്ങളോടുകൂടിയാണു. യന്ത്രശക്തിയാൽ ഇവ അതിവേഗത്തിൽ ചുററിത്തിരിയുന്നു. യന്ത്രത്തിന്റെ പിന്നിൽ വാലുപോലെയൊന്നു നീണ്ടുകാണാം. ആ വാലിന്റെ അററത്തിലും ചില വിശറികളുണ്ടു. ഈ വിശറികളെക്കൊണ്ടാണു വിമാനത്തെ ഇടത്തും വലത്തും ഇഷ്ടംപോലെ തിരിച്ചു മാററുന്നതു. വാൽ വിശറികളെ യന്ത്രത്തോടു സംബന്ധിച്ചിട്ടുള്ളതുകൊണ്ടു വൈമാനികൻ യന്ത്രത്തിന്നരികിൽ ഇരുന്നുകൊണ്ടു അവിടെ ഓരോ ചക്രങ്ങളെ തിരിച്ചുകൊണ്ടു തനിക്കു ഇഷ്ടമുള്ളേടത്തേക്കെല്ലാം വിമാനത്തെ ഓടിച്ചുപോകുന്നു. മോണോപ്ലെയിനിൽ യന്ത്രം വെച്ചിരിക്കുന്നതു കൂടത്തിനുള്ളിലാണു്. ആളുകളിരിക്കുന്നതും

അതിനുള്ളിൽത്തന്നെ. ബൈപ്ലെനിൽ രണ്ടു തട്ടുകൾ മേലും കീഴുമായി ഒന്നോടൊന്നു സംബന്ധിപ്പിച്ചു വെച്ചിട്ടുള്ളതുകൊണ്ടു അങ്ങുമിങ്ങും ചായാതെതന്നെ ഓടിക്കൊണ്ടിരിക്കും. മോണോപ്ലെനിൽ ഒരേ തട്ടുമാത്രമായതുകൊണ്ടു, കാററിന്റെ ശക്തിയാൽ ആ തട്ടു ഇളകിക്കൊണ്ടിരിക്കും; അത്യുഗ്രമായ കാററത്തു ചിലപ്പോൾ ഇതു തലകീഴായി മറിഞ്ഞുവെന്നും വന്നേക്കാം. വാൽപ്പുറത്തിൽ രണ്ടു വിശറികളാണുള്ളതു. അതിൽ ഒരു വിശറിയെ ഇടത്തോട്ടോ വലത്തോട്ടോ തിരിക്കുമ്പോൾ അതിനനുസരിച്ചു വിമാനം തിരിഞ്ഞുപോകുന്നു. വിമാനം കാററിനെ വിളന്നു അതിവേഗത്തിൽ പാഞ്ഞുപോകുന്നതാകകൊണ്ടു, കാററു വിമാനത്തിന്റെ ഇരുഭാഗത്തുകൂടിയും പിമ്പിലേക്കു പാഞ്ഞുപോയിക്കൊണ്ടിരിക്കുമല്ലോ. ഏതുഭാഗത്തേക്കാണു വിശറി തിരിച്ചിരിക്കുന്നതെങ്കിൽ അവിടെ ആ വിശറിയിന്മേൽ കാററു തടയുന്നതിനാൽ വിമാനം ആഭാഗത്തേക്കു തിരിഞ്ഞുകളയുന്നു. മററൊരു വിശറിയുള്ളതു പലകപോലെയാണു. മേലോട്ടു പൊക്കുവാനും കീഴോട്ടു താഴ്ത്തുവാനും ഉതകുന്നവണ്ണമാണു ഇതിനെ ഘടിപ്പിച്ചിരിക്കുന്നതു. ഈ പലകയെ മേലേ ഉയൎത്തുമ്പോൾ വിമാനം താഴെ ഇറങ്ങുകയും, പലകയെ കീഴെ രാഴ്ത്തിയാൽ വിമാനം ഉയരുകയും ചെയ്യും. ഇത്തരം വിശറികൾ എല്ലാത്തരം വിമാനങ്ങളിലുമുണ്ടു. കപ്പലുകളിൽ വെച്ചുകൊണ്ടു പോകുന്നതിനും സമുദ്രഭാഗങ്ങളിൽ ഉപയോഗിക്കുന്നതിനുമായി കടൽ വിമാനം എന്നൊരുതരംവേറെയുണ്ടാക്കിയിരിക്കുന്നു. ഇതിൽ ചക്രങ്ങൾക്കുപകരം മരക്കട്ടകളാണു വെച്ചിരിക്കുന്നതു. ആകാശ രഥങ്ങൾക്കു ഭൂമിൽകൂടി കുറെദൂരം ഓടേണ്ടതിനായിട്ടാണല്ലോ അതിൽ ചക്രങ്ങൾ വെച്ചിരിക്കുന്നതു. കടൽവിമാനങ്ങളിൽ അവ വെള്ളത്തിന്മീതെക്കൂടി ഓടുന്നതിനും, വെള്ളത്തിൽ പാറിക്കിടക്കുന്നതിനുംവേണ്ടി അടിയിൽ മരക്കട്ടകൾ ഘടിപ്പിച്ചിരിക്കുന്നു. വെള്ളത്തിന്മേൽക്കൂടി കുറേ ഓടിയാൽ അതു ക്രമത്തിൽ ഉയൎന്നുതുടങ്ങും. ആകാശത്തിൽ പറന്നുചെന്നു

ശത്രുക്കളുടെവക കപ്പലുകളെപ്പററിയ വിവരങ്ങൾ അറിഞ്ഞതിൽ പ്പിന്നെ മടങ്ങിവന്നു ഒരുത്തു വെള്ളത്തിന്മീതെ ഇറങ്ങുന്നു. പിന്നീട്ട അതിനെഎടുത്തു കപ്പലിൽ കയററിവെക്കയുംചെയ്യുന്നു.

ഇന്നത്തെ എല്ലാത്തരം വിമാനങ്ങളിലുംവെച്ച ജർമ്മനിയിലെ സെപ്പലിൻ വിമാനങ്ങളാണ അധികം പ്രഖ്യാതമായതുകൊണ്ടു സെപ്പലിൻ എന്ന ജർമ്മൻ മഹാൻെറ പരിശ്രമഫലമായിട്ടാണ സെപ്പലിൻ വിമാനങ്ങൾ ഉണ്ടായിരിക്കുന്നതു. തൻെറ സ്വന്തത്തെയും ബലികഴിച്ച പലകൊല്ലങ്ങളായി അദ്ദേഹം ഈവിഷയത്തിൽത്തന്നെ പരിശ്രമിച്ചുകൊണ്ടിരുന്നിട്ട ഇയ്യിടെയാണ അദ്ദേഹം അതിൻെറ ഫലം അനുഭവിച്ചുതുടങ്ങിയിരിക്കുന്നതു. അദ്ദേഹം അമിതമായ പണവ്യയംചെയ്തു നിർമ്മിച്ച ആദ്യത്തെവിമാനം ദൈവഗത്യാ നശിച്ചുപോകയാലുണ്ടായ മനോവേദനയും പരപരിഹാസവും സഹിച്ചു, തനിക്കഎഴുപതുവയസ്സു പ്രായമായിട്ടും ക്ഷീണംതോന്നാതെ വീണ്ടും പരിശ്രമിച്ച മറെറാരു വിമാനം നിർമ്മിച്ചു അതിൽ കയറി ബർല്ലിൻ പട്ടണത്തിൽ ജർമ്മൻ ചക്രവത്തിയുടെ മുമ്പാകെ ചെന്നിറങ്ങിയ ക്ഷണം മുതല്ക്കു- അദ്ദേഹത്തിൻെറ കീത്തി ലോകമെങ്ങും പരക്കമാറായി. കൌണ്ടുസെപ്പലിൻെറ ധീരത ബാല്യത്തിൽത്തന്നെ വെളിപ്പെട്ടുതുടങ്ങീട്ടുണ്ടു. അമേരിക്കയിലെ ഐക്യദേശങ്ങളിൽ നടന്ന യുദ്ധകാലത്തു ഇദ്ദേഹം പോക്കളത്തിലെക്കു ഒരു വിമാനത്തിൽ കയറിച്ചെല്ലുകയുണ്ടായി. അക്കാലത്തു വിമാനം അപരിഷ്കൃതവും ആപൽകരവുമായ ഒരു യാനമായിരുന്നു, മരണഭയംകൂടാതെ അദ്ദേഹം വിമാനയാത്ര ചെയ്തതിൽ അദ്ദേഹത്തിൻെറ ധീരതയെപ്പററി അന്നുതന്നെ ജനങ്ങൾ പ്രശംസിക്കയുണ്ടായി. 1866-ൽ ജമ്മനിയും ആസ്ത്രിയയും തമ്മിൽ യുദ്ധം നടന്നപ്പോൾ കൌണ്ടുസെപ്പലിൻ ഒരു കുതിരപ്പട്ടാളത്തിൻെറ നേതാവായി ആദ്യവസാനം പൊരുതുനിന്നിരുന്നു. 1870-ൽ നടന്ന

ഫ്രഞ്ചുജർമ്മൻയുദ്ധത്തിലാണ ഇദ്ദേഹത്തിൻെറ ശൌൎയ്യവും ധൈൎയ്യവും നല്ലവണ്ണം വെളിപ്പെട്ടതു. യുദ്ധവിളംബരംചെയ്തു രണ്ടുമണിക്കൂർ കഴിയുന്നതിനു മുമ്പായി പത്തു അശ്വഭടന്മാരെമാത്രം കൂട്ടുചേൎത്തു സെപ്പലിൻ ഫ്രാൻസിലേക്കു കടന്നു. ഫ്രഞ്ചുസൈന്യങ്ങളുടെ സ്ഥിതിഗതികൾ അറിവാനായി അദ്ദേഹം ശത്രുരാജ്യത്തു കൂസൽകൂടാതെ സഞ്ചരിച്ചുതുടങ്ങി. ഫ്രാൻസിലാവട്ടെ, ജർമ്മനിയിലാവട്ടെ സൈന്യങ്ങൾ യുദ്ധത്തിനായി ഒരുങ്ങിക്കഴിയുംമുമ്പേ, പതിനൊന്നു ജർമ്മൻ അശ്വഭടന്മാർ ഫ്രാൻസിനുള്ളിൽകടന്നു വിജയഹർഷം മുഴക്കുന്നുവെന്നു കേട്ടപ്പോൾ ഫ്രഞ്ചുകാർ കോപാകുലരായിപ്പോയി. ഈ പതിനൊന്നുപേരെയും കൊന്നുകളയുകയോ കൊല്ലാതെ പിടിച്ചുകൊണ്ടുവരികയോ ചെയ്യുന്നതിനായി ഫ്രഞ്ചുസൈന്യത്തിനു കല്പനകിട്ടി. അവർ ഈ അശ്വഭടന്മാരെ തെരഞ്ഞു പുറപ്പെട്ടു. സെപ്പലിൻ ഈ വൎത്തമാനം അറിഞ്ഞു ഉടനെ സ്വരാജ്യത്തിലേക്കു മടങ്ങുവാൻ കാട്ടുകളിലും പാടങ്ങളിലുംകൂടി അതിവേഗത്തിൽ ഓടിത്തുടങ്ങി. അതിത്തിസ്ഥലത്തുവെച്ചു അദ്ദേഹവും കൂട്ടുകാരും ശത്രുസൈന്യമദ്ധ്യത്തിൽ പെട്ടുപോയി നേരിൽകണ്ടവരെയെല്ലാം വെട്ടിവെട്ടി വീഴ്ത്തിക്കൊണ്ടു ആ അശ്വഭടന്മാർ രക്ഷപ്പെടുന്നതിനുകഴിയുന്നതും ശ്രമിച്ചുവെങ്കിലും, അവരിൽ പത്തുപേരും ശത്രുക്കളുടെ ആയുധങ്ങൾക്കു ആഹാരമായിത്തീൎന്നുപോയി. സെപ്പലിൻ മാത്രം ശേഷിച്ചു. അദ്ദേഹത്തിൻെറ കുതിര വെടികൊണ്ടു വീണുപോയി. പെട്ടെന്നു അദ്ദേഹം ഒരു ഫ്രഞ്ചു അശ്വഭടനെ വെടിവെച്ചു വീഴ്ത്തുകയും അവൻെറ കുതിരപ്പുറത്തു തൽക്ഷണം ചാടിക്കയറുകയും ചെയ്തു ശത്രുമദ്ധ്യത്തിൽനിന്നു എങ്ങിനെയോ ഏതുവഴിക്കോ അദ്ദേഹം ഓടിപ്പോയിക്കളഞ്ഞു. ഫ്രഞ്ചുസൈന്യം സെപ്പലിനെ പലേടത്തും തെരഞ്ഞിട്ടും കണ്ടില്ല. ഫ്രഞ്ചുസൈന്യത്തെ സംബന്ധിച്ച സംഗതികളെല്ലാം ജർമ്മൻസൈന്യം ഗ്രഹിച്ചിരിക്കുന്നുവെന്നറിഞ്ഞതിൽപ്പിന്നെയാണ സെപ്പലിൻ രക്ഷപ്പെട്ടു ജർമ്മനിയിലെത്തീട്ടുണ്ടെന്നു ഫ്രഞ്ചുകാൎക്കു മനസ്സിലായതു. ഈ ധീരപുരുഷൻ

പിന്നെയും ഇരുപതു കൊല്ലങ്ങൾ ജർമ്മൻസൈന്യത്തിൽ ഉദ്യോഗസ്ഥനായിരുന്നിട്ട 1891- ൽ അതിൽനിന്നൊഴിഞ്ഞു. പിന്നീട തന്റെ ശ്രദ്ധമുഴവനും വിമാനനിർമ്മാണത്തിലായി. അന്നു ഒരു ആസ്ത്രിയക്കാരൻ വമ്പിച്ച നിലയിൽ പണി തീൎത്തുകൊണ്ടിരിക്കുന്ന ഒരു വിമാനത്തെ ഇദ്ദേഹം വിലയ്ക്കുകൊടുത്തു വാങ്ങി. 1892 മുതൽ 1908 വരെ ആ വിമാനനിർമ്മാണത്തിൽത്തന്നെ അദ്ദേഹം കുട്ടസ്സംകൃത്യമായിരുന്നു. വിമാനം പണിതീൎത്തതിൽപ്പിന്നെ, ഒരുദിവസം ഒരു കൊടുങ്കാററണ്ടാകുകയാൽ, വിമാനത്തെ ബന്ധിച്ചിരുന്ന കയറുകളെല്ലാം അററു ആ വിമാനം ആകാശത്തിലേക്കുയൎന്നുപോകയും, മരങ്ങളിലും മററും ചെന്നടിച്ചു നശിച്ചുപോകയും ചെയ്തു. തന്റെ പണവും തന്റെ സമയവുമെല്ലാം ഇങ്ങിനെ നശിച്ചുപോയതിൽ ആ വൃദ്ധന്നു ഒട്ടും മനശ്ചാഞ്ചല്യമുണ്ടായില്ല. അദ്ദേഹം വീണ്ടും വിമാനനിർമ്മാണത്തിൽത്തന്നെ ഏൎപ്പെട്ടു. തന്റെ സ്വത്തു മുഴുവൻ അവസാനിച്ചതിനാൽ കടംവാങ്ങിയും യാചിച്ചുമാണ അദ്ദേഹം തന്റെ ജോലി നടത്തിക്കൊണ്ടിരുന്നതു. ഇതൊരു അസാധ്യകൃത്യമാണെന്നുവെച്ചു ജനങ്ങളെല്ലാം ഇദ്ദേഹത്തെ അപഹസിച്ചു; ഗവർമ്മെണ്ടു യാതൊരു സഹായവും ചെയ്തുകൊടുത്തതുമില്ല. ഈ വിഷമഘട്ടത്തിൽ കൂടിയും അദ്ദേഹത്തിന്റെ മനസ്സ്ഥൈൎയ്യത്തിന്നു മാത്രമല്ലാ ദേശാഭിമാനത്തിന്നും ഇളക്കം തട്ടിയില്ല. സെപ്പലിൻ അനുഭവിക്കുന്ന സങ്കടങ്ങൾ കണ്ടു അനുതാപംകൊണ്ടു വേറെ ഗവർമ്മേണ്ടുകൾ ഇദ്ദേഹത്തെ അവരുടെ രാജ്യത്തിലേക്കു ക്ഷണിച്ചു. അദ്ദേഹത്തിന്റെ ഈ ഉദ്യമത്തിൽ വേണ്ടതൊക്കെ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കാമെന്നും ജർമ്മനിയിലേക്കാൾ സുഖത്തോടും ബഹുമാനത്തോടുംകൂടി നിവസിക്കുവാൻതക്ക ഏൎപ്പാടുകൾ ചെയ്തുകൊടുക്കാമെന്നും ആ ഗവർമെണ്ടുകൾ അദ്ദേഹത്തെ അറിയിച്ചു. കഷ്ടനഷ്ടങ്ങളിലും ദുഃഖത്തിലും അപമാനത്തിലും പെട്ടു കരകാണാതെ താനു ഉഴലുകയാണെങ്കിലും അതിന്റെ നിവൃത്തിക്കായി തന്റെ വി

മാനത്തെപ്പററിയ രഹസ്യങ്ങൾ അന്യഗവർമ്മെണ്ടിന വിററുകൊടുക്കുകയെന്നതു ഒരിക്കലും ചെയ്യരുതാത്തതാണെന്നാണ അദ്ദേഹത്തിന തോന്നിയതു. ഇവിടെയാണ അദ്ദേഹത്തിനുള്ള ദേശാഭിമാനം നല്ലവണ്ണം വെളിപ്പെട്ടതു. സെപ്പലിൻ ജർമ്മൻകാരനാണ. തന്റെ കർമ്മകുശലതയും ബുദ്ധിഗുണവും തന്റെ മാതൃഭൂമിയായ ജർമ്മനിക്ക ഉപയോഗപ്പെടുകയില്ലെങ്കിൽ ആ ഗുണങ്ങൾ തന്നോടൊന്നിച്ചു നശിച്ചുപോയിക്കൊള്ളട്ടെയെന്നു വെക്കുകയല്ലാതെ, തന്റെ മാതൃരാജ്യത്തെ മറന്നു തന്റെ അനുഭവങ്ങളെ സ്വന്തം സുഖത്തിനുമാത്രമായി അന്യരാജ്യത്തിലേക്ക വില്ക്കുകയെന്നതു ഒരിക്കലും ചെയ്കയില്ലെന്നു അദ്ദേഹം ആ ഗവർമ്മെണ്ടുകൾക്ക മറുപടി കൊടുത്തു. വിമാന നിർമ്മാണത്തിൽ മൂന്നുതവണ അദ്ദേഹം അപജയപ്പെട്ടുപോയി. നാലാംതവണ അദ്ദേഹം വിജയിയായി. അന്നാണ ജർമ്മൻകാരും ജർമ്മൻ ഗവർമ്മെണ്ടും നിസ്സീമമായ സന്തോഷത്തോടും അഭിമാനത്തോടുംകൂടികൊണ്ടു സെപ്പലിനെ ബഹുമാനിച്ചതു. സ്വിസർലണ്ടുരാജ്യത്തിനരികിലായി ഒരു ചെറുദേശത്തിലിരുന്നുകൊണ്ടാണ സെപ്പലിൻ തന്റെ ജോലികൾ നടത്തിക്കൊണ്ടിരുന്നതു. ആ സ്ഥലം ഇപ്പോൾ ജർമ്മൻ ഗവർമ്മെണ്ടു വകയായി വമ്പിച്ച 'സെപ്പലിൻ വിമാന നിർമ്മാണ ശാലകളായി മാറി'യിരിക്കുന്നു. സെപ്പലിന്നു ഒരേമകളാണുള്ളതു. ആ സ്ത്രീ പിതാവിന്റെ വിമാനനിർമ്മാണ ശ്രമത്തിൽ അത്യന്തം ഭാഗഭാക്കായിരുന്നിരിക്കുന്നു: ഇപ്പോൾ സെപ്പലിന്നു എഴുപതാറു വയസ്സായി. ചെറുപ്പത്തിൽ ജർമ്മൻ അതിർത്തിയിൽ വെച്ചുണ്ടായ ആ സംഭവം ഈ യുദ്ധം തുടങ്ങിയ ഉടനെ അദ്ദേഹം മനസ്സിൽ ഇളകിമറിഞ്ഞു. യുദ്ധസംബന്ധമായി മററൊന്നും ചെയ്വാൻ ഇപ്പോൾ ശക്തിയില്ലെങ്കിലും, വിമാനയുദ്ധത്തിന അദ്ദേഹം ഒരുങ്ങിയിരിക്കുന്നു.

മറെറല്ലാത്തരം വിമാനങ്ങളും പരീക്ഷാകാലത്തു അനേകം ജീവനാശത്തിന ഹേതുവായിട്ടുണ്ടു. അങ്ങിനെയുള്ളദോഷം സെപ്പലിന

വിമാനത്തിന്നുണ്ടായിട്ടില്ല. എന്നാൽ, 1913-ൽ രണ്ടു സെപ്പലിൻ വിമാനങ്ങൾ നശിച്ചുപോകയുണ്ടായിട്ടുണ്ടു. ഒരു സെപ്പലിൻ കൊട്ടം കാററിൽപ്പെട്ടു അയ്യായിരം അടി ഉയരേ പൊങ്ങിപോയിക്കളഞ്ഞു. വായുസഞ്ചികൾ നഷ്ടപ്പെട്ടുപോകയാൽ വിമാനം ക്രമത്തിൽ ചരിക്കാതായി. അതിൻെറ കേടുപാടുകൾ തീർത്തുകൊണ്ടിരിക്കുന്ന സമയത്തു വീണ്ടും കൊട്ടംകാററും മഴയുമുണ്ടായി അതിനെ കടലിൽ വീഴ്ത്തിക്കളഞ്ഞു. അതിലുണ്ടായിരുന്ന പതിനാലുപേർ മരിച്ചുപോയി അക്കൊല്ലംതന്നെ, മററൊരു സെപ്പലിൻ വിമാനം ആകാശത്തിൽ ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഹൈഡ്രജൻ വായു അതിൻെറ കൂടത്തിനിന്നു എങ്ങിനെയോ പുറത്തേക്കു വീശിത്തുടങ്ങി. അപ്പൊഴേക്കും സെപ്പലിൻെറ അടിപ്പുറത്തുള്ള ആവിയന്ത്രത്തിൽനിന്നു ചില തീപ്പൊരികൾ ഹൈഡ്രജനിൽചെന്നു വീഴുകയാൽ തീപ്പിടിച്ചു വിമാനം മുഴുവൻ കത്തിക്കരിഞ്ഞു ചാമ്പലായിപ്പോയി. അതിലുണ്ടായിരുന്ന 28-പേരും മരിച്ചു. ഇങ്ങിനെ രണ്ടു ആപത്തുകളാണു സെപ്പലിൻ വഴിക്കുണ്ടായിട്ടുള്ളതു.

സെപ്പലിൻ വിമാനത്തിനു ഏറക്കുറെ 500- അടി, അതായതു അര നാഴികയിലധികം നീളമുണ്ടു. 50- അടിയാണു വീതി. ഉയരം 157- അടിയും ഒരു മണിക്കൂറിൽ 50- നാഴിക ദൂരം ഓടും. തെക്കേ ഇന്ത്യാതീവണ്ടി മണിക്കൂറിൽ 23- നാഴികവീതമാണു ഓടുന്നതെന്നു കണക്കുനോക്കിയാൽ സെപ്പലിൻ വിമാനത്തിൻെറ വേഗം ഊഹിക്കത്തക്കതാണല്ലോ. അലൂമിനിയവും വേറേ ചില കനംകുറഞ്ഞ ലോഹങ്ങളും കൂട്ടിക്കലർത്തിയുണ്ടാക്കിയ സാധനംകൊണ്ടാണു കൂടമുണ്ടാക്കിയിരിക്കുന്നതു. ഈകൂടത്തിലേക്കു അലൂമിനിയംതന്നെ പതിനയ്യായിരം റാത്തൽ വേണം. കൂടത്തെ പല ഭാഗങ്ങളായി പിരിച്ചു ഓരോന്നിലുമായി 17- വായുസഞ്ചികൾ അടക്കിയിരിക്കുന്നു. ഓരോസഞ്ചിയും അണ്ഡാകൃതിയിലാണിരിക്കുക. ശത്രുക്കറെ പീരങ്കികളാൽ സെപ്പലിനെ ആക്രമിക്കുമ്പോൾ ഏതാനും വായുസഞ്ചികൾ നഷ്ട

പ്പെട്ടുപോയാലും ആപത്തുണ്ടാകയില്ല. മറ്റതരം വിമാനങ്ങളാണെങ്കിൽ, അവയിൽ ഒരേ വായുസഞ്ചിമാത്രമേ ഉള്ളുവെന്നതുകൊണ്ടു ഒരു ചെറുദ്വാരം ഉണ്ടായിക്കഴിയുമ്പോഴെക്കും ആ വിമാനങ്ങൾ നശിച്ചുപോയിക്കഴിയും. സെപ്പലിനിൻ ഏതാനും വായുസഞ്ചികൾക്കു കേടുപാറിയാലും വായുസഞ്ചികൾ വേറെയുമുള്ളതുകൊണ്ടു അതിന്റെ ഗതിക്കു വിഘ്നമുണ്ടാകുന്നില്ല. കേടുതട്ടിയ സഞ്ചികളെ അപ്പപ്പോൾതന്നെ നന്നാക്കിത്തീൎക്കുകയും ചെയ്യാം. സെപ്പലിൻ കൂടത്തിന്റെ കീഴിൽ രണ്ടു തൊട്ടിലുകൾ ഘടിപ്പിച്ചിട്ടുണ്ടു. ഇതുകളിൽ 500 അശ്വശക്തിയുള്ള ആവിയന്ത്രങ്ങൾ വെച്ചിരിക്കുന്നു. ഒരു തൊട്ടിൽ കൂടത്തിന്റെ മുമ്പുറത്തിലും മറ്റൊന്നു പിമ്പുറത്തിലുമാണു. പെട്രോൽ എണ്ണകൊണ്ടാണു യന്ത്രങ്ങളെ പ്രവൎത്തിപ്പിക്കുന്നതു. ഒരു സെപ്പലിനെ നടത്തുന്നതിന്നു ആകെ 30 പേർ വേണം. മുമ്പുറത്തിലെ തൊട്ടിലിലാണു വിമാനത്തെ ഓടിക്കുന്നവർ ഇരിക്കുക. അവിടെ ദിക്കു, കാലസ്ഥിതി, ഉയരം എന്നീ വിവരങ്ങൾ അറിവാൻ ഉതകുന്ന യന്ത്രങ്ങളെല്ലാമുണ്ടു. ഒരുതരം കണ്ണാടികൊണ്ടാണു തൊട്ടിലിനെ ചുററിമൂടിയിരിക്കുന്നതു. അതിൽ ഇരുന്നുകൊണ്ടു ഉദ്യോഗസ്ഥന്മാർ ചുററുഭാഗവും നോക്കിക്കൊണ്ടിരിക്കും. തൊട്ടിലുകൾ ജലത്തിന്മേൽ പാറിനില്ക്കുവാൻ തക്കവയായതുകൊണ്ടു, കരയിലെന്നപോലെ സമുദ്രത്തിലും സെപ്പലിൻ വിമാനത്തിന്നു ഇറങ്ങിനില്പാൻ കഴിയും. പിമ്പുറത്തിലെ തൊട്ടിലിലെ അവിയന്ത്രം വിമാനത്തെ ചരിപ്പിക്കുന്നതിന്നു പുറമെ വിദ്യുച്ഛക്തിയെ പുറപ്പെടുവിക്കുകയും ചെയ്യുന്നതാണു. ഹൈഡ്രജൻ വായു എളുപ്പത്തിൽ തീപ്പിടിക്കുന്നതാകയാൽ, മുമ്പൊരിക്കൽ ഇങ്ങിനെയൊരു അപകടമുണ്ടായതിൽ സെപ്പലിനിൽ എണ്ണ ഉപയോഗിക്കാതെ, വിളക്കു കത്തിക്കാനും യന്ത്രം നടത്താനുമെല്ലാം വിദ്യുച്ഛക്തിയെയാണു ഇപ്പോൾ പ്രയോഗിച്ചുവരുന്നതു. സെപ്പലിന്റെ മദ്ധ്യഭാഗത്തിൽ പല അറകളുമുണ്ടു. ഈ അറകൾ രണ്ടു തൊട്ടിലുകളുടെയും ഇടയിലാണു. സെപ്പലിനെ കാ

ഞെന്നവരൊക്കെ ഈ അറകളുടെ നിൎമ്മാണചാതുൎയ്യംകൊണ്ടു അത്ഭുതപ്പെട്ടുന്നുണ്ടു. ചന്തവും ഒതുക്കവും തികഞ്ഞവയാണിവ. വിമാനാധികാരിയും മററുദ്യോഗസ്ഥന്മാരും ഈ അറകളിലാണിരിക്കുക. കമ്പിയില്ലാക്കമ്പിയന്ത്രം പരിശോധദീപം, വെടിക്കോപ്പുകൾ പെട്രോൾ എണ്ണ, മററു പലവക സാമാനങ്ങൾ എന്നിതെല്ലാം സൂക്ഷിച്ചുവെച്ചിരിക്കുന്നതു ഈ അറകളിൽത്തന്നെ. ഇവിടെത്തന്നെയാണു ഉദ്യോഗസ്ഥന്മാരുടെ കിടപ്പും ഇരിപ്പും വെയ്പുമെല്ലാം. വായുക്കൂടത്തിന്റെ കീഴിലാണു ഈ അറകൾ. ഇവിടെനിന്നു കൂടത്തിന്റെ ഉള്ളിൽക്കൂടി മേൽപ്പുറത്തിലേക്കു ഒരു വലിയ കുഴൽ വെച്ചിട്ടുണ്ടു. കുഴലിനുള്ളിൽ ഒരു ഏണിയുമുണ്ടു. ഉദ്യോഗസ്ഥന്മാർ ആ ഏണിയിൽക്കൂടി കയറി മേൽപ്പുറത്തിലേക്കു ചെല്ലുന്നു. വിമാനത്തിന്റെ മീതെ കയറിനില്ക്കുവാൻ തക്ക സൌകൎയ്യം സെപ്പലിനിൽ മാത്രമേയുള്ളു. മേൽപ്പുറത്തിൽനിന്നു ഒരു യന്ത്രത്തോക്കു ഉറപ്പിച്ചുവെച്ചിട്ടുണ്ടു. അതിനെ അവിടെയിരുന്നു പ്രയോഗിക്കയും ചെയ്യാം. ഒരു തൊട്ടിലിൽനിന്നു അറകളിൽക്കൂടി മറേറ തൊട്ടിൽവരെ ചെല്ലുന്നതിനു വഴിയുണ്ടാക്കീട്ടുണ്ടു. വിമാനാധികാരിയുടെ അറയിൽനിന്നു ഓരോ തൊഴിലിലേക്കും 200 വാരയിലധികം ദൂരമാണുള്ളതു. വിമാനാധികാരിക്കും മററുദ്യോഗസ്ഥന്മാൎക്കും തമ്മിൽ അപ്പപ്പോൾ വൎത്തമാനം അറിഞ്ഞുകൊണ്ടിരിപ്പാനായി വിമാനത്തിന്റെ എല്ലാ ഭാഗവും ടെലിഫോൺകൊണ്ടു സംബന്ധിച്ചിരിക്കുന്നു. ഒരു സെപ്പലിൻ വിമാനം ഏറെക്കുറെ 5 തൻ ഭാരം ചുമക്കുവാൻ ശക്തിയുള്ളതാണു. അതായതു, 100 ആളുകളെ അതിനു വഹിക്കാൻ കഴിയും. അതിൽ ഉപയോഗിക്കുന്ന കമ്പിയില്ലാക്കമ്പിയന്ത്രം 150 റാത്തൽ കനമുള്ളതാണു. വൎത്തമാനം അറിയിക്കേണ്ടതായി വരുമ്പോൾ 750 അടി നിളമുള്ള ഒരു കമ്പി കീഴെ തൂക്കിവിടുന്നു. ആവശ്യം കഴിഞ്ഞാൽ ആ കമ്പിയെ ഒരു ചക്രത്തിൽ ചുററിവെക്കും. 30 ആളുകളേയും അവൎക്കു വേണ്ടുന്ന സാമാനങ്ങളേയും വെ

ട്ടിക്കോപ്പുകളേയും വഹിച്ചുകൊണ്ടു 1200 നാഴിക ഒരു സെപ്പലിൻ വിമാനത്തിനു സഞ്ചരിക്കുവാൻ കഴിയും. അത്രയുമായാൽ അതിലെ സാമാനങ്ങൾ കഴിഞ്ഞുപോകുമെന്നതുകൊണ്ടു പിന്നീടു സഞ്ചരിപ്പാൻ സാധിക്കയില്ല. ഒരിടത്തുനിന്നു പുറപ്പെട്ടു അറുനൂറുനാഴിക ദൂരെ ചെന്നു പുറപ്പെട്ട സ്ഥലത്തുതന്നെ അതിനു മടങ്ങിയെത്താവുന്നതാണു. ഇത്രയും ദൂരം ചെല്ലുവാൻ മറ്റേതുതരം വിമാനത്തിനും കഴികയില്ല. ഭൂമിയിലെന്നപോലെ ആകാശത്തിൽ, അപ്പപ്പോൾ ആവശ്യമുള്ള സാധനങ്ങൾ കിട്ടുകയില്ലെന്നതുകൊണ്ടു, യാത്രാകാലത്തു വേണ്ടതത്ര എല്ലാം സാമാനങ്ങളും വിമാനത്തിൽ ഒരുക്കിവെക്കേണ്ടതാണല്ലൊ. അധികം സാമാനങ്ങൾ വെച്ചാൽ കനം ഏറുമെന്നതുകൊണ്ടു വിമാനം വഹിക്കയില്ല. അതിനു വഹിക്കാവുന്ന സാമാനങ്ങളോടും ആളുകളോടും കൂടി സഞ്ചരിക്കുവാൻ കഴിയുന്ന ദൂരമാണു 1200 നാഴിക. സെപ്പലിനിൽ വിദ്യുൽപ്രയോഗത്തിനും കഴിയുമെന്നതിനാൽ പരിശോധനദീപത്തെയും കമ്പിയില്ലാക്കമ്പിയേയും അതിൽ ഘടിപ്പിച്ചിരിക്കുന്നു. പാരീസ്സ് നഗരത്തിനു നേരെ ആകാശത്തിൽ പതിനായിരം അടി ഉയരെ മേഘങ്ങൾക്കിടയിൽ മറഞ്ഞുകൊണ്ടു കാര്യാലോചന ചെയ്യുന്ന മുപ്പതുപേർ അവരുടെ ആലോചനകളെ ജർമ്മൻതലസ്ഥാനമായ ബർല്ലിൻപട്ടണത്തിൽ ഉടനുടൻ അറിയിച്ചുകൊണ്ടിരിക്കുക എന്നതു എത്രവലിയൊരു അത്ഭുതകർമ്മമാണു! അർദ്ധരാത്രിസമയത്തു ഗാഢനിദ്രയിൽ പെട്ടിരിക്കുന്ന ഒരു പട്ടണത്തെ പെട്ടെന്നു സൂര്യോദയമുണ്ടായാലെന്നപോലെ ഉണർത്തിവിടാമെന്നതും അത്ഭുതകർമ്മമല്ലയല്ലൊ. സെപ്പലിൻ വിമാനത്തിൽ കമ്പിയില്ലാക്കമ്പിയന്ത്രവും പരിശോധനദീപവുമുള്ളതുകൊണ്ടു അതിനു ഇതിനെല്ലാം കഴിയും. സമുദ്രമദ്ധ്യത്തിൽ നില്ക്കുന്ന കപ്പലുകളിന്മേൽ അഗ്നിഗോളങ്ങൾ എറിയുന്നതിനോ, പോർക്കളങ്ങളിൽ സ്ഥിതിഗതികളെല്ലാം ചെന്നു കണ്ടറിയുന്നതിനോ, പെട്ടെന്നു മേഘങ്ങൾക്കിടയിൽ മറഞ്ഞു ദൂരെ ദൂരെ ഓടിച്ചെല്ലുന്നതിനോ

സെപ്പലിൻ എന്ന ഈ ആകാശഭൂതത്തിന്നു ഒരു പ്രയാസവുമില്ല.

എന്നാൽ, സെപ്പലിന്നും വലിയൊരു ദോഷം കാണുന്നുണ്ടു. ആകാശത്തിൽ ഓടിക്കൊണ്ടിരിക്കുക മാത്രമല്ലാതെ, അവിടെ ഒരേടത്തും ഉറച്ചുനില്പാൻ കഴികയില്ലെന്നതാണതു. ആകാശയാനങ്ങൾക്കു മാത്രമേ ഈ ശക്തിയുള്ളു. അവ കാററിനെക്കാൾ കനം കുറഞ്ഞവയാകയാൽ കാററിന്മീതെ ചെന്നു പാറിനില്പാൻ കഴിയും. ആകാശരഥഗണത്തിൽപെട്ട മോണോപ്ലെയിൻ, ബൈപ്ലെയിൻ എന്നിവയെല്ലാമാവട്ടെ സെപ്പലിനാവട്ടെ ആകാശത്തിൽ ഓടിക്കൊണ്ടിരിപ്പാൻ മാത്രമേ കഴിവുള്ളു. സെപ്പലിനുള്ള മറെറാരു ദോഷം അതിന്റെ ഭീമാകൃതിനിമിത്തം, അതു ആകാശത്തിൽ എത്ര ദൂരെ ഉയൎന്നാലും ഭൂമിയിൽ നില്ക്കുന്നവൎക്കു അതിനെ കാണ്മാൻ കഴിയുമെന്നതാണു. ശത്രുക്കൾക്കു അതിനെ നോക്കി പീരങ്കിപ്രയോഗം ചെയ്യാൻ കഴിയും. പക്ഷേ, സെപ്പലിൻ എണ്ണായിരവും അതിലധികവും അടി ഉയരേയാണു പറന്നുകൊണ്ടിരിക്കുക. എണ്ണായിരം അടിയിലധികം ദൂരെ ചെല്ലുമായി ഉണ്ടപായിക്കുവാൻ ശക്തിയുള്ള പീരങ്കികൾ ഇപ്പോഴില്ല. എങ്കിലും, ഒരിടത്തുനിന്നു മറെറാരിടത്തേക്കു പെട്ടെന്നു മാറുവാൻ സെപ്പലിന്നു കഴികയില്ലെന്നതിനാൽ ശത്രുക്കളുടെ പീരങ്കികളെ അതു എപ്പോഴും ഭയപ്പെട്ടിരിക്കതന്നെവേണം. മറേറതരം വിമാനങ്ങൾ ഇരുപത്താറായിരം അടി ഉയരെ പറന്നുപോകുന്നതുകൊണ്ടു ഭൂമിയിൽ നില്ക്കുന്നവൎക്കു അവയെ കാണ്മാൻതന്നെ കഴികയില്ല. സെപ്പലിൻ അധികവും രാത്രിസമയങ്ങളിലാണു സഞ്ചരിക്കുക. പകൽസമയങ്ങളിൽ യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ ആകാശയാനങ്ങൾ നിൎബ്ബാധം സഞ്ചരിച്ചുകൊണ്ടിരിക്കും. അവ ഒരുമണിക്കൂറിൽ 120-നാഴിക ദൂരം ഓടുന്നു. ആകാശയാനങ്ങൾ ഒരിടത്തുനിന്നു പുറപ്പെടുവാനും, മറെറാരിടത്തു ചെന്നിറങ്ങുവാനും പ്രയാസമൊന്നുമില്ല. സെപ്പലിൻ വിമാനത്തിന്നു പുറപ്പെടുന്നതിന്നും വന്നിറങ്ങുന്നതിന്നും പത്തുനൂറുപേരുടെ സഹായം വേണം. ഏതാനുംകൊല്ലങ്ങൾക്കുമുമ്പു ആ

സ്ട്രിയാസൈന്യം യുദ്ധാഭ്യാസം ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു ആകാശരഥത്തെ സന്നദ്ധമാക്കിത്തുടങ്ങുകയുണ്ടായി. അതിൽ വായുനിറക്കുന്ന സമയത്തു അതു മേല്പോട്ടു പൊങ്ങിപ്പോകാതിരിക്കാനായി അതിനോടു കൂട്ടിക്കെട്ടിയിരുന്ന കയറുകളെ പലരുംകൂടി പിടിച്ചുവലിച്ചുകൊണ്ടിരുന്നു. പെട്ടെന്നു ഒരു ചുഴൽക്കാററടിക്കുകയാൽ വിമാനം മേല്പോട്ടുയൎന്നു. കയർ പിടിച്ചുവലിച്ചിരുന്ന ആളുകളെല്ലാം ആ കയറുകളിൽ തൂങ്ങിക്കൊണ്ടു പൊങ്ങിപ്പോയി അവരുടെ കഥ അങ്ങിനെ അവസാനിച്ചുവെന്നേ പറവാനുള്ളൂ. ഇത്തരം ആപത്തുണ്ടാവാതിരിപ്പാൻ സെപ്പലിൻ വിമാനത്തെ പുറപ്പെടുവിക്കുമ്പോൾ വളരെ സൂക്ഷിക്കേണ്ടതായുണ്ടു. ജൎമ്മനിയിലും ആസ്ട്രിയയിലും ആകാശരഥങ്ങൾ അധികമായുണ്ടു. യുദ്ധാരംഭകാലത്തു 15- വലിയ സെപ്പലിൻ വിമാനങ്ങൾ ജൎമ്മനിയിൽ പണിതീൎക്കുന്നുണ്ടായിരുന്നു. ചുരുങ്ങിയനാളയിൽ ഉണ്ടാക്കാമെന്നതുകൊണ്ടും എളുപ്പത്തിൽ ഓടിക്കാവുന്നതുകൊണ്ടും ആകാശയാനങ്ങളെയാണു എല്ലാരാജ്യക്കാരും അധികമായി നിൎമ്മിക്കുന്നതു. യുദ്ധത്തിനുമുമ്പു, ഗ്രേറ്റബ്രിട്ടനു ഇരുനൂറും, ഫ്രാൻസിനു എഴുനൂറമ്പതും. റഷ്യക്കു മുന്നൂററിഎണ്പതും, ജൎമ്മനി മുന്നൂററി അമ്പതും, ആസ്ട്രിയക്കു നൂററിഅമ്പതും, ആകാശയാനങ്ങളുണ്ടായിരുന്നു. ആകാശരഥങ്ങൾ ഒന്നാംതരവും രണ്ടാംതരവുംകൂടി ഗ്രേറ്റബ്രിട്ടനു അഞ്ചും, ഫ്രാൻസിന്നു ഇരുപത്തൊന്നും, റഷ്യക്കു എട്ടും; ജൎമ്മനിക്കു ഇരുപത്തൊന്നും, ആസ്ട്രിയക്കു ആറുമാണുണ്ടായിരുന്നതു. യുദ്ധകാലമായ ഇപ്പോഴും ഓരോരാജ്യത്തിലും വിമാനനിൎമ്മാണം മറക്കു നടക്കുന്നുണ്ടു.

## കമ്പിയില്ലാക്കമ്പി

യുദ്ധകാലങ്ങളിൽ കമ്പിയില്ലാക്കമ്പി ഒഴിച്ചുകൂടാത്ത ഒരു ഉപകരണമായിത്തീൎന്നിട്ടുണ്ടു. ഇപ്പോൾ ബ്രിട്ടീഷു കപ്പലുകൾ ജൎമ്മനിരാജ്യത്തെ ചുററി വളഞ്ഞിരുന്നിട്ടും, കമ്പിയില്ലാക്കമ്പിവഴിക്കു ജൎമ്മനിക്കും മററുരാജ്യങ്ങൾക്കും തമ്മിൽ മുറയ്ക്കു കത്തെടവാട്ടുകൾ നടന്നുകൊണ്ടുതന്നെയിരിക്കുന്നു. കപ്പൽയുദ്ധം നടക്കുമ്പോൾ കമ്പിയില്ലാക്കമ്പിയില്ലെങ്കിൽ, യുദ്ധകാൎയ്യങ്ങൾ ഉടനുടൻ അറിവാൻ തരപ്പെടാതെ, കപ്പലുകളെല്ലാം സമുദ്രമദ്ധ്യത്തിൽ ഒററപ്പെട്ടു കിടക്കേണ്ടിവരുമായിരുന്നു. പോൎക്കളത്തിൽ നൂറും ഇരുനൂറും നാഴിക ദൂരേ പിരിഞ്ഞുനില്ക്കുന്ന സേനാധിപന്മാർ തമ്മിൽ വൎത്തമാനം അറിയിച്ചുകൊണ്ടിരിക്കുന്നതു കമ്പിയില്ലാക്കമ്പി വഴിക്കാണു. യുദ്ധത്തിൽ ഇത്രയധികം ഉപയോഗപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കമ്പിയില്ലാക്കമ്പിവൎത്തമാനത്തെപ്പററി ചുരുക്കത്തിൽ ചിലതു വായനക്കാരെ അറിയിക്കുവാൻ ശ്രമിക്കാം. "കമ്പി" എന്നാൽ, വിദ്യുച്ഛക്തി പ്രയോഗത്താൽ സംജ്ഞാരൂപേണ സംഭാഷണം നടത്തുന്ന കൎമ്മം എന്നും, കമ്പിക്കമ്പിയെന്നാൽ, കമ്പിവഴിക്കു വിദ്യുച്ഛക്തി പ്രയോഗിച്ചു വൎത്തമാനമറിയിക്കുന്ന കൎമ്മമെന്നും, കമ്പിയില്ലാക്കമ്പിയെന്നാൽ, കമ്പി കൂടാതെതന്നെ ആകാശത്തിൽകൂടി അദൃശ്യമായി വിദ്യുച്ഛക്തി പ്രയോഗിച്ചു എടപാടു നടത്തുന്ന കൎമ്മമെന്നും ഇവിടെ അൎത്ഥമാക്കേണ്ടതാണു. കമ്പിക്കമ്പി നിൎമ്മിക്കുവാൻ ആലോചന നടന്നകാലത്തുതന്നെ കമ്പിയില്ലാക്കമ്പിയെപ്പററിയും ചില കാൎയ്യങ്ങൾ ആലോചനയിൽ പെട്ടിരുന്നു. കമ്പിവഴിക്കു സംജ്ഞചെയ്യാൻ കഴിയുന്നതുപോലെതന്നെ കമ്പിയില്ലാതെയും സംജ്ഞചെ

യ്യാവുന്നതാണെന്നു ചിലർ അന്നുതന്നെ അഭിപ്രായപ്പെട്ടിരുന്നു. വിദ്യുത്തിനെ ആകർഷിച്ചു കൊണ്ടുപോകുവാനുള്ള ശക്തി ഭൂമിക്കുണ്ടെന്നും, കമ്പികൂടാതെ, ഭൂമിവഴിക്കുതന്നെ കമ്പിയയക്കാമെന്നും 1838-ൽ ഒരു ജർമ്മൻ പണ്ഡിതൻ കണ്ടുപിടിച്ചു. വിദ്യുത്തിനെ ആകർഷിക്കുവാൻ വെള്ളത്തിനും ശക്തിയുണ്ടെന്നും ഒരു ജലാശയത്തിന്റെ ഇക്കരയിൽനിന്നു അക്കരയിലേക്കു കമ്പികൂടാതെ വർത്തമാനമറിയിക്കാമെന്നും 1842-ൽ ഒരു അമേരിക്കൻ പണ്ഡിതർ പരീക്ഷിച്ചറിഞ്ഞു. 1880-ൽ മറ്റൊരു പണ്ഡിതർ ഭൂമിയിൽ ഒരിടത്തുനിന്നു വിദ്യുച്ഛക്തി പ്രയോഗിക്കയും മറ്റൊരിടത്തു ഒരു ടെലിഫോൺ വെക്കയും ചെയ്തുനോക്കിയപ്പോൾ, ആ വിദ്യുച്ഛക്തി ഭൂമിയിൽക്കൂടി പാഞ്ഞുചെല്ലുന്ന സൂക്ഷ്മശബ്ദം ടെലിഫോൺ വഴിക്കു ഗ്രഹിക്കയും അതു ലോകസമക്ഷം പ്രദർശിപ്പിക്കയും ചെയ്തു. 1882ൽ ഒരു പണ്ഡിതൻ അമേരിക്കയിലെ ഒരു നദിയിൽ വെച്ചു വിദ്യുച്ഛക്തിയെ ജലത്തിൽക്കൂടി പ്രയോഗിച്ചു കമ്പികൂടാതെ ഒന്നരനാഴിക ദൂരെയുള്ള ഒരു തോണിയിലേക്കു കമ്പി കൊടുത്തു. 1887വരെ ഇങ്ങിനെ ചില്ലറ പരിശോധനകൾ ചെയ്തുകൊണ്ടുതന്നെ കഴിഞ്ഞു. കമ്പികൂടാതെയാണെങ്കിൽ, വിദ്യുച്ഛക്തിയെ കരവഴിക്കോ, വെള്ളം വഴിക്കോ, അടുത്ത സ്ഥലങ്ങളിലേക്കു പ്രയോഗിക്കാമെന്നല്ലാതെ, ദൂരദേശങ്ങളിലേക്കയക്കുവാൻ സാധിക്കുമെന്നു കണ്ടില്ല. ശാസ്ത്രീയമായി നോക്കിയാൽ കമ്പിക്കമ്പിയിലെയും കമ്പിയില്ലാക്കമ്പിയിലെയും വിദ്യ ഒന്നുതന്നെയാണു. വായുവിനെപ്പോലെ ആകാശത്തിൽ സർവ്വത്ര പരന്നിട്ടുള്ള ഒരു അദൃശ്യപദാർത്ഥമാണു വിദ്യുത്തു. പൃഥിവി, അപ്, തേജസ്, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളിൽ ആകാശഭൂതമാണു പാശ്ചാത്യരുടെ ഈ എലക്ട്രിസിററി എന്ന വിദ്യുച്ഛക്തിയെന്നു തോന്നുന്നു. വിദ്യുത്തിനെ ഒരിടത്തു നിന്നു മറെറാരിടത്തേക്കു ആകർഷിച്ചു കൊണ്ടുപോകുവാനാണു കമ്പികെട്ടിയിരിക്കുന്നതു. കമ്പിയില്ലെങ്കിൽ കൂടിയും ഇതിനെ ഭൂമിയും ജലവും

ആകർഷിക്കുന്നതായി കാണുന്നുണ്ടു. കാററടിക്കുമ്പോൾ, ഇടയ്ക്കിടെ എന്തെല്ലാം മുടക്കങ്ങളുണ്ടായാലും, അതെല്ലാം കടന്നുകൊണ്ടു ആ കാററ അതിൻെറ പോക്കിൽത്തന്നെ പോയിക്കൊണ്ടിരിക്കുന്നതുപോലെ വിദ്യുത്തും ചരിക്കുന്നതാണു. അതിൻെറ പുറപ്പാടു എത്രവളരെ ശക്തിയോടു കൂടിയിരിക്കുന്നുവോ അത്രയും ദൂരം അതു സഞ്ചരിക്കും. കാന്തം ഇരുമ്പിനെയെന്നപോലെ വിദ്യുത്തിനെ ഭൂമിക്കും ജലത്തിനും എളുപ്പത്തിൽ ആകർഷിക്കുന്നതിനു പ്രകൃത്യാ ശക്തിയുണ്ടു. വിദ്യുത്ത് ഭൂമിയിൽ കൂടിയാണെങ്കിൽ മന്ദമായും ജലത്തിൽ കൂടിയാണെങ്കിൽ അതി വേഗത്തിലും ചരിക്കുന്നു. വിദ്യുത്തിൻെറ ഈ ഭാവങ്ങളെല്ലാം മനസ്സിലായപ്പോഴാണു കമ്പികൂടാതെതന്നെ കമ്പിയയക്കാമെന്നു അഭിപ്രായം പ്രബലപ്പെട്ടതു. കമ്പിവഴിക്കായാലും കമ്പിയില്ലാതെയായാലും കമ്പിയയയ്ക്കുന്ന രീതി ഒന്നുതന്നെയാണു. വിദ്യുച്ഛക്തിയെ സംജ്ഞാരൂപേണ പ്രയോഗിക്കുക, ആ സംജ്ഞകളെ മറെറാരിടത്തു ഗ്രഹിക്കുക, ഇതുരണ്ടും കമ്പിയിലും കമ്പിയില്ലാക്കമ്പിയിലും ഒരേപ്രകാരത്തിൽത്തന്നെയാണു. എന്നാൽ, മുഖ്യമായി മറെറാരു വ്യത്യാസമുണ്ടു കമ്പിവഴിക്കു വിദ്യുച്ഛക്തിയെ പ്രയോഗിക്കുമ്പോൾ അതിനു അധികം ചേതം വരുന്നില്ല. ജലത്തിൽ കൂടി പ്രയോഗിക്കുമ്പോൾ അതു നാനാഭാഗത്തുംകൂടി വ്യാപിച്ചു ചെല്ലുന്നതിനാൽ ദൂരെദ്ദൂരെ ചെല്ലുന്തോറും ദുർബ്ബലപ്പെട്ടുപോകുന്നു. അതുകൊണ്ടു അധികം ദൂരത്തായുള്ള സംജ്ഞാഗ്രഹണയന്ത്രത്തിനു വിദ്യുച്ഛക്തിയെ ശരിയായി ഗ്രഹിക്കുവാൻ കഴിയുന്നില്ല. ഇതിനെപ്പററി പണ്ഡിതന്മാർ പല ആലോചനകളും ചെയ്തുതുടങ്ങി, ജലം മുഴുവൻ വ്യാപിക്കുകയാൽ ദൂരെദ്ദൂരെ ചെല്ലുംതോറും ദുർബ്ബലപ്പെടുന്നുണ്ടെന്നതിനാൽ, വിദ്യുച്ഛക്തിയെ അത്യധികം ശക്തിയോടെ പ്രയോഗിച്ചു ആ ദുർബ്ബലതയെ കഴിയുന്നതും കുറയ്ക്കുന്നതിനും. ദൂരേ ചെല്ലുമ്പോൾ ബലഹീനമായിത്തീർന്നാലും ആ നിലയിൽത്തന്നെ അതിനെ ഗ്രഹിക്കുവാൻതക്ക സൂക്ഷ്മശക്തി സംജ്ഞാഗ്രഹണ

യന്ത്രത്തിൽ വർദ്ധിപ്പിക്കുവാനുമാണു പണ്ഡിതന്മാർ ആലോചനതുടങ്ങിയതു. 1887-ൽ ഒരു ജർമ്മൻ പണ്ഡിതൻ, വിദ്യുത്തിൽ യന്ത്രപ്രയോഗത്താൽ തീപ്പൊരി ഉണ്ടാക്കിത്തീർത്താൽ ആ പൊരിനിമിത്തം പുറമുള്ള വായുവിന്നു കല്ലോലക്രമത്തിൽ (ഏലകൾ ചലിച്ചുപോകുന്ന രീതിയിൽ) പുറം വ്യാപിക്കുമെന്നു കണ്ടുപിടിച്ചു. അദ്ദേഹം ഒരു വീട്ടിലിരുന്നുകൊണ്ടു വിദ്യുത്തിൽ തീപ്പൊരിയുണ്ടാക്കിയപ്പൊൾ ആ വീട്ടിലെ രണ്ടു നിലകൾക്കു മുകളിൽ 30 അടി ഉയരെനില്ക്കുന്ന തൂശിയിന്മേൽ വിദ്യുച്ചലനമുണ്ടായതായികണ്ടു. ആ തൂശിയുടെ സ്ഥലത്തു ലോഹഖണ്ഡങ്ങളോടുകൂടിയ ഒരു കുഴൽവെച്ചു 500-വാരദൂരെ ഇരുന്നുകൊണ്ടു മേൽപ്രകാരം തീപ്പൊരിയുണ്ടാക്കിയപ്പൊഴും വിദ്യുച്ഛക്തി ആ കുഴലിനെ ബാധിച്ചു. ഈ പരിശോധനയിൽനിന്നു, വിദ്യുത്തിൽ തീപ്പൊരിയുണ്ടാക്കിയാൽ അതു കല്ലോലക്രമത്തിൽ വളരെ വേഗം വ്യാപിച്ചുചെല്ലുമെന്നും ലോഹഖണ്ഡങ്ങളോടുകൂടിയ ഒരു കുഴലിന്നു ആ വിദ്യുത്തിനെ എളുപ്പത്തിൽ ഗ്രഹിപ്പാൻ ശക്തിയുണ്ടെന്നും വെളിപ്പെട്ടു. ഇന്നത്തെ കമ്പിയില്ലാക്കമ്പിക്കു ആധാരം മേല്പടി കണ്ടുപിടിത്തമാണു.

കമ്പിയില്ലാക്കമ്പിയെപ്പററി കേൾക്കുമ്പോഴൊക്കെയും മാർക്കോണിയുടെ പേർ ഓർക്കാതിരിപ്പാൻ കഴികയില്ല. പ്രൊഫസ്സർ മാർക്കോണിയാണു കമ്പിയില്ലാക്കമ്പിയെ ഇന്നത്തെ രീതിയിൽ പ്രയോഗത്തിൽ കൊണ്ടുവന്നിരിക്കുന്നതു. ഇദ്ദേഹം 1875-ൽ ഇററലിയിൽ ജനിച്ചു. 1894-മുതൽ കമ്പിയില്ലാക്കമ്പിയെ അദ്ദേഹം പലവഴിക്കും അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടുവരുന്നു. വിദ്യുത്തിൽ തീപ്പൊരിയുണ്ടാക്കിയാൽ അതിൻെറ ശക്തി കല്ലോലക്രമത്തിൽ വ്യാപിക്കുമെന്നും ഒരു ലോഹക്കുഴലിന്നു ആ വിദ്യുച്ഛക്തിയെ ഗ്രഹിക്കുവാൻ ശക്തിയുണ്ടെന്നും മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. ആ കുഴൽ എത്രതന്നെ സൂക്ഷ്മശക്തിയോടുകൂടിയിരുന്നാലും ദൂരെനിന്നു പുറപ്പെടുന്ന വിദ്യുത്തിനെ ശരിയായി ഗ്രഹിപ്പാൻ അതിനു ശക്തിയുള്ളതായി കണ്ടില്ല. 1896-ൽ പ്രൊഫസ്സർ മാർക്കോണി ആ കുഴലിൽ ഘടിപ്പി

ച്ചുകൊണ്ടു ഒരു നീണ്ട കമ്പി നാട്ടി പരിശോധിച്ചപ്പോൾ വളരെ ദൂരത്തുനിന്നു പുറപ്പെടുന്ന വിദ്യുത്തിനെയും ശരിയായി ഗ്രഹിച്ചു കുഴലിലേക്കു കൊണ്ടുപോകുവാൻ ആ കമ്പിക്കു ശക്തിയുണ്ടെന്നറിഞ്ഞു. 1904-ൽ പ്രഫസ്സർ മാർക്കോണി സംജ്ഞാപ്രയോഗസ്ഥലത്തിലും സംജ്ഞാഗ്രഹണസ്ഥലത്തിലും ഓരോ നീണ്ട കമ്പികൾ നാട്ടി യന്ത്രം പ്രയോഗിച്ചു. 200 നാഴിക ദൂരെ കമ്പിയില്ലാക്കമ്പിയയക്കയും ഇതു കണ്ടു ലോകം അത്ഭുതപ്പെടുകയും ചെയ്തു. അദ്ദേഹം ഒരു ഉയൎന്ന സ്ഥലത്തിൽ ഒരു നീണ്ട കമ്പി നാട്ടി അതിനരികിൽ വിദ്യുത്തിൽ തീപ്പൊരിയുണ്ടാക്കുന്ന യന്ത്രത്തെ ഘടിപ്പിച്ചു. അതു ഭൂമിയോടു സംബന്ധിച്ചിരുന്നു. ആ വിദ്യുൽകിരണത്തിൽ നിന്നുണ്ടാകുന്ന അലകളെ ആ നീണ്ട കമ്പി ആകർഷിച്ചു അതിനെ ചുറ്റും അധികശക്തിയോടെ വ്യാപിപ്പിച്ചു. കമ്പിയുടെ നീളത്തിനനുസരിച്ചു വിദ്യുൽകല്ലോലങ്ങൾക്കു വ്യാപ്തി ഏറുന്നു. കമ്പിയുടെ നീളത്തിനെക്കാൾ അലകൾക്കു നാലിരട്ടി അധികം നീളമുണ്ടാകും. 200 അടി ഉയരമുള്ള ഒരു കമ്പി വഴിക്കു പ്രയോഗിക്കുന്ന വിദ്യുൽകല്ലോലങ്ങൾക്കു ഓരോന്നിനും ഒന്നര ഫർല്ലോങ്ങു നീളം കാണാം. ഇത്രയും നീളെ പരന്നുചെല്ലുന്ന വിദ്യുൽകല്ലോലങ്ങൾ ചുരുങ്ങിച്ചുരുങ്ങി തീരെ ഇല്ലാതായിപ്പോകുമ്പോഴേക്കും അതു വളരെവളരെ ദൂരം ചെന്നെത്തിക്കഴിയും. അതുകൊണ്ടു കമ്പിയില്ലാക്കമ്പി എത്രദൂരെ അയയ്ക്കണമോ അതിന്നനുസരിച്ചു നീളം കമ്പിക്കുണ്ടായിരിക്കണമെന്നു നിർണ്ണയിച്ചു. ആ കമ്പിയും അതിലേക്കുള്ള യന്ത്രങ്ങളും ഭൂമിയോടു സംബന്ധിച്ചിരിക്കണമെന്നും അപ്പോഴേ വിദ്യുൽകല്ലോലങ്ങൾ ഭൂമിവഴിക്കും ജലംവഴിക്കും വളരെ വേഗത്തിൽ ആകർഷിക്കപ്പെടുകയുള്ളൂവെന്നും മനസ്സിലാക്കി വെക്കയും ചെയ്തു. കമ്പിയില്ലാക്കമ്പിയിലെ സംജ്ഞാപ്രയോഗവും സംജ്ഞാഗ്രഹണവും കമ്പിക്കമ്പിയുടേതുപോലെതന്നെയാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. സംജ്ഞാഗ്രഹണസ്ഥലത്തുള്ള നീണ്ട കമ്പിയിൽ വിദ്യുൽകല്ലോലങ്ങൾ വന്നലയ്ക്കുകയും ആ കമ്പിയുടെ സൂക്ഷ്മചലനം അനുസരിച്ചു അതിനോടു സംബന്ധിച്ചുള്ള സംജ്ഞാഗ്രഹണ യന്ത്രത്തിൽ അടയാളമുണ്ടാകയും ആ അടയാളങ്ങളെ നോക്കി അക്ഷരങ്ങൾ നിർണ്ണ

യിച്ച വൎത്തമാനങ്ങൾ അറിയുകയും ചെയ്യുന്നു. 150 അടി ഉയരമുള്ള കമ്പിയിൽനിന്നു പുറപ്പെടുന്ന വിദ്യുൽകല്ലോലങ്ങൾ 200 നാഴിക ദൂരംവരെ വ്യാപിക്കും. അതിനകത്തുള്ള എല്ലാ കമ്പിയില്ലാക്കമ്പിയന്ത്രങ്ങൾക്കും ആ കല്ലോലങ്ങളെ ഗ്രഹിപ്പാൻ കഴിയുന്നതാണു. മലയാളത്തിൽ എല്ലാസ്ഥലത്തും കമ്പിയില്ലാക്കമ്പിയന്ത്രം സ്ഥാപിച്ചിട്ടുണ്ടെന്നു വിചാരിക്കുക. പാലക്കാട്ടുനിന്നു കോഴിക്കോട്ടേക്കുമാത്രമായി കമ്പിയില്ലാക്കമ്പി അയയ്ക്കുയാണെങ്കിൽ ആ വിവരം മലയാളത്തിലെ മറ്റെല്ലാ സ്ഥലത്തിലും അറിയാവുന്നതാണു. ഈ സ്ഥിതികൊണ്ടു പലേടത്തുനിന്നും പുറപ്പെടുന്ന വൎത്തമാനങ്ങൾക്കു കുഴപ്പം നേരിടുകയും വൎത്തമാനങ്ങൾ ഗോപ്യമായി വെപ്പാൻ കഴിയാതാകയും ചെയ്യുന്നു. ഇതിനു പരിഹാരമായി പ്രഫസർ മാൎക്കോണി വേറൊരു സൂത്രം കണ്ടുപിടിച്ചു. സംജ്ഞാഗ്രഹണസ്ഥലത്തിലെയും, സംജ്ഞാപ്രയോഗസ്ഥലത്തിലെയും വിദ്യുച്ഛക്തിയന്ത്രങ്ങൾ ഒരേശക്തിയോടു കൂടിയതായിരുന്നാൽ അവ തമ്മിലുള്ള ഏടവാടുകൾ ആ ശക്തിയിൽ ഏറിയോ കുറഞ്ഞോ ഇരിക്കുന്ന മററു യന്ത്രങ്ങൾക്കു ഗ്രഹിപ്പാൻ കഴികയില്ലെന്നറിഞ്ഞു. 75 അടി ഉയരമുള്ള കമ്പിവഴിക്കു പാലക്കാട്ടുനിന്നു കോഴിക്കോട്ടേക്കു കമ്പിയില്ലാക്കമ്പിയയക്കുന്നുവെന്നു വിചാരിക്കുക. കോഴിക്കോട്ടും 75 അടി ഉയരമുള്ള കമ്പിയാണു നാട്ടിയിരിക്കുന്നതെങ്കിൽ ഈ രണ്ടുദേശങ്ങളും തമ്മിൽ നടക്കുന്ന വൎത്തമാനങ്ങൾ മററുയന്ത്രങ്ങൾക്കു ഗ്രഹിക്കുവാൻ വയ്യ. കമ്പിയുടെ നിളത്തിനനുസരിച്ചുതന്നെ വിദ്യുച്ഛക്തിയന്ത്രത്തിന്റെ ശക്തിയേയും നിയമിതമാകുന്നു. ഈ രഹസ്യം മററാരെയും അറിയിക്കയില്ല. ഓരോ രാജ്യത്തിലെയും കമ്പിയില്ലാക്കമ്പിയന്ത്രങ്ങൾ എത്രമാത്രം ശക്തിയോടുകൂടിയാണു നിൎമ്മിച്ചിരിക്കുന്നതെന്ന വാസ്തവം മററു രാജ്യക്കാൎക്കു അറിവാൻ കഴിയാത്തവിധം അത്രയും ഗൂഢമായിട്ടാണു വെക്കുന്നതു. ഇപ്പോൾ കമ്പിയില്ലാക്കമ്പിവഴിക്കു ലോകത്തിലെങ്ങും കമ്പിയയക്കുന്നതിനു സാധിച്ചിരിക്കുന്നു.

സമുദ്രങ്ങളിലോ പോൎക്കളങ്ങളിലോ, കപ്പലുകളിലോ കമ്പി കെട്ടുവാൻ സാധിക്കയില്ലല്ലോ. ഈ ഭാഗങ്ങളിലാണു കമ്പിയി

ല്ലാക്കമ്പി അധികമായി ഉപയോഗപ്പെടുന്നതു. സമുദ്രമദ്ധ്യത്തിൽ അങ്ങുമിങ്ങുമായി ചിതറിക്കിടക്കുന്ന ദ്വീപുകളിൽ ലോകത്തിലെ മറ്റുഭാഗങ്ങളിൽനിന്നു കമ്പികെട്ടിക്കൊണ്ടു പോകുകയെന്നതു ഏറ്റെ ദുസ്സാദ്ധ്യമാണല്ലോ. അതിനു പുറമേ ദൂരപ്പെട്ട രാജ്യങ്ങൾ തമ്മിൽ കമ്പിക്കമ്പി അയയ്ക്കുന്നതിനു അധികമായ ചിലവുമുണ്ടു. കമ്പിയില്ലാക്കമ്പി വന്നതിൽപ്പിന്നെ ഈ ദോഷങ്ങൾ പരിഹരിക്കപ്പെട്ടിരിക്കുന്നു. വളരെനാൾ കപ്പലിൽ യാത്രചെയ്യേണ്ടി വരുന്നവർ, മുൻകാലങ്ങളിൽ ലോകവർത്തമാനങ്ങളൊന്നും അറിയാതെ അടങ്ങിയിരിക്കേണ്ടി വന്നിരുന്നു. ഇപ്പോൾ കമ്പിയില്ലാക്കമ്പിവഴിക്കു ഓരോ കപ്പലിലും അന്നന്നു വർത്തമാനം കിട്ടുമാറായിരിക്കുന്നു. പോർക്കളങ്ങളിൽ, മൂന്നുപേർക്കുകൂടി ചുമന്നുകൊണ്ടു പോകാവുന്നവിധം ചെറുതരം കമ്പിയില്ലാക്കമ്പിയന്ത്രങ്ങളും ഉണ്ടാക്കീട്ടുണ്ടു. ഈ യന്ത്രം എല്ലാംകൂടി 120 റാത്തൽ കനമുണ്ടായിരിക്കും. ഇതിൽനിന്നു 100 നാഴിക ദൂരംവരെ കമ്പിയയയ്ക്കാവുന്നതാണു. അതിലെ നീണ്ട കമ്പി, ആവശ്യം കഴിഞ്ഞാൽ ഒരു ചക്രത്തിൽ ചുരുട്ടി വെക്കയും ആവശ്യമുള്ളപ്പോൾ നെടുനീളെ നാട്ടുകയും ചെയ്യാം. കുതിരപ്പട്ടാളം ഉപയോഗിക്കുന്ന കമ്പിയില്ലാക്കമ്പിയന്ത്രം ഇതിലും വലുതായിരിക്കും. ഇങ്ങിനെ ലോകത്തിലെ അത്ഭുതങ്ങളിൽ ഒന്നായി കമ്പിയില്ലാക്കമ്പിയന്ത്രം എല്ലാരാജ്യങ്ങളിലും പരന്നിരിക്കുന്നു. ഇപ്പോൾ മദ്രാസിലും അങ്ങിനെയൊന്നു നമുക്കു കാണാറായിട്ടുണ്ടു

ഒന്നാം ഭാഗം സമാപ്തം.

21 NOV 1953